# യഥാർത്ഥ മതം

ഗ്രന്ഥകാരൻ

അബ്ദുറഹ്മാൻ ബിൻ ഹമ്മാദ് ആലു ഉമർ

വിവർത്തനം

കോയക്കുട്ടി ഫാറൂഖി

طبعت علي نفقة أحد المحسنين غفر الله له ولوالديه ولجميع المسلمين

**The Cooperative Office For Call & Guidance at Al-Badiah - Communities Section**

Under the Supervision of the Ministry of Islamic Affairs Endowment Guidance& Propagation

P.O. Box 24932 Riyadh 11456 - Tel 4330888/4330470 - Fax. 4301122 - Saudi Arabia

## താളുകളിൽ

മുഖവുര - സമർപ്പണം.

### അദ്ധ്യായം ഒന്ന്.

മഹാസ്രഷ്ടാവായ അല്ലാഹുവിനെ പരിചയപ്പെടൽ.
മനുഷ്യ, ജിന്ന് വർഗ്ഗങ്ങളുടെ സൃഷ്ടി രഹസ്യം.
മരണശേഷം - വിചാരണ, പ്രതിഫലവേദി, സ്വർഗ്ഗ, നരകങ്ങൾ.
ഉല്ലേഖിതങ്ങളാകുന്ന മനുഷ്യവചനങ്ങളും കർമ്മങ്ങളും.
സാക്ഷ്യവാക്യം.

### അദ്ധ്യായം രണ്ട്.

പ്രവാചകനെ പരിചയപ്പെടൽ.
ഖുർആൻ - ദൈവ വചനം - ബുദ്ധിയുടെ ഉരക്കല്ലിൽ.
വിശ്വാസത്തിലേക്കൊരു ക്ഷണം.

### അദ്ധ്യായം മൂന്ന്.

യഥാർത്ഥമതം - ഇസ്ലാം.
ഇസ്ലാം എന്നാൽ.
ഇസ്ലാമിക സ്തംഭങ്ങൾ.
പ്രാർത്ഥന.
രക്ഷപ്പെട്ട വിഭാഗം.
വിധിവിലക്കുകൾ, നിയമ നിർമ്മാണം - ദൈവാവകാശം.
മുഹമ്മദ് (സ.അ) ദൈവദൂതനെന്ന വാക്യത്തിൻെറ പൊരുൾ.
വിളംബരം.
നമസ്കാരം. ഇസ്ലാമിൻെറ രണ്ടാം മൂലസ്തംഭം.
അഞ്ചു നമസ്കാരങ്ങൾ.
നമസ്കാര സമയങ്ങൾ.
വുളൂഅ്.
തയമ്മും.
നമസ്കാര ക്രമം.
സകാത്ത് - നിർബ്ബന്ധ ദാനം.
വ്രതാനുഷ്ഠാനം
ഹജ്ജ്.
കർമ്മരൂപം.

ഇഹ്റാമിൻെറ രൂപം.
വിശ്വാസം.
ഇസ്ലാം സമ്പൂർണ്ണ മതം.

## അദ്ധ്യായം നാല്.

ഇസ്ലാമിൻെറ കർമ്മ മാർഗ്ഗങ്ങൾ.
1. വിജ്ഞാനം.
2. ഇസ്ലാമും വിശ്വാസവും.
3. ഇസ്ലാമിലെ സമസൃഷ്ടി ബന്ധം.
4. നിരീക്ഷണവും സത്യവിശ്വാസികളോടുള്ള ഹൃദയങ്ക ഉപദേശവും.
5. സംരക്ഷണച്ചുമതല, സാമൂഹ്യസേവനം.
6. ഇസ്ലാമും അഭ്യന്തര രാഷ്ട്രീയവും.
7. ഇസ്ലാമും വിദേശ രാഷ്ട്രീയനയവും.
8. ഇസ്ലാമിലെ സ്വാതന്ത്ര്യം.
ഇസ്ലാം ദുർബ്ബലപ്പെടുന്ന കാര്യങ്ങൾ.
9. ഇസ്ലാമിലെ കുടുംബം
10. ഇസ്ലാമും ആരോഗ്യപ്രശ്നങ്ങളും.
11. സാമ്പത്തികം, വ്യാപാരം, വ്യവസായം, കൃഷി.
12. അഭ്യന്തര ശത്രുക്കളും പ്രതിരോധ നടപടികളും.
13. ഉന്നത ലക്ഷ്യവും സൗഭാഗ്യ ജീവിതവും.

## അദ്ധ്യായം അഞ്ച്.

അസ്പഷ്ടതകളിലേക്കൊരു വെളിച്ചം വീശൽ.
1. ഇസ്ലാമിന്നു അപമാനം വരുത്തിവെക്കുന്നവർ.
2. ഇസ്ലാമിൻെറ മൂലപ്രമാണങ്ങൾ.
3. ഇസ്ലാമിലെ വ്യത്യസ്ത ചിന്താധാരകൾ - മദ്ഹബുകൾ.
4. ഇസ്ലാമിൽ നിന്നു വ്യതിചലിച്ച കക്ഷികൾ.
വിമോചനത്തിലേക്കൊരു ക്ഷണം

# മുഖവുര - സമർപ്പണം

സർവ്വസ്തുതിയും സർവ്വലോക രക്ഷിതാവിന്ന്. ദൈവ ദൂതൻമാർക്കെല്ലാം അല്ലാഹുവിൻെറ കരുണാ കടാക്ഷങ്ങൾ വർഷിക്കുമാറാകട്ടെ.

ഇതാ മോക്ഷത്തിലേക്കൊരു ക്ഷണം. ചിന്തിക്കുന്ന സർവ്വ സ്ത്രീ, പുരുഷൻമാർക്കും വേണ്ടി. ദൈവ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചു പോയവർക്ക് ഈ ഗ്രന്ഥം മോചന മാർഗ്ഗമായിത്തീരട്ടെ എന്ന് മഹോന്നതനായ അല്ലാഹുവിനോട് അപേക്ഷിച്ചുകൊണ്ട്. ഈ ഗ്രന്ഥം ദൈവ പ്രീതി കാംക്ഷിച്ച് പ്രചരിപ്പിക്കുന്നവർക്ക് മഹത്തായ പ്രതിഫലമുണ്ടായിരിക്കും. ദൈവം അനുഗ്രഹിക്കട്ടെ.

അറിയുക. ചിന്താശ്കതിയുള്ള മനുഷ്യാ. നിൻെറ ഏകനായ സ്രഷ്ടാവിനെ മനസ്സിലാക്കുക. അവനിൽ വിശ്വസിക്കുക. അവനെ മാത്രം വണങ്ങുക. നിൻെറ സംരക്ഷകനായ ദൈവം മാലോകരിലേക്ക് മുഴുവനായി നിയോഗിച്ച പ്രവാചകനെ നീയും പരിചയപ്പെടുക. അദ്ദേഹത്തിൽ വിശ്വാസമർപ്പിക്കുക. അദ്ദേഹത്തെ പിൻപറ്റുക. അങ്ങിനെ നിൻെറ രക്ഷിതാവ് നിശ്ചയിച്ച യഥാർത്ഥമതം ഗ്രഹിക്കുക. ആ മതത്തിൽ വിശ്വസിക്കുക. അതിന്നനുസൃതം പ്രവർത്തിക്കുക. ഇത്രയും ചെയ്താലല്ലാതെ ഇഹപരജീവിതത്തിൽ നിനക്കു മോക്ഷം ലഭിക്കുകയില്ല.

താങ്കളുടെ കൈകളിലിരിക്കുന്ന ' യഥാർത്ഥ മത' ത്തിൽ മഹത്തായ ചില കാര്യങ്ങൾ ഞാൻ ഉണർത്തുന്നു. അതനുസരിച്ച് പ്രവർത്തിക്കണമെന്നുപദേശിക്കുന്നു. കൂടുതൽ വ്യക്തതക്ക്, അനിവാര്യമായി ഗ്രഹിക്കേണ്ട ചില പദങ്ങൾക്കും പ്രശ്നങ്ങൾക്കും, ഞാൻ ചില അടിക്കുറിപ്പുകളും നൽകിയിട്ടുണ്ട്. ഇതിന്നാസ്പദം ദൈവ വചനമായ വിശുദ്ധഖുർആനും പ്രവാചക വചനങ്ങളുമാണ്. അതു രണ്ടുമാണല്ലോ യഥാർത്ഥമതത്തിലേക്കുള്ള വഴികാട്ടികൾ. ആ മതമല്ലാത്ത മതങ്ങളൊന്നും ദൈവത്തിങ്കൽ സ്വീകാര്യവുമല്ലല്ലോ.

ജനങ്ങളധികവും വഴിതെറ്റാൻ കാരണമായ അന്ധമായ അനുകരണം ഞാനീ പുസ്തകത്തിൽ സ്വീകരിച്ചിട്ടില്ല. മാത്രമല്ല, ഞങ്ങൾ സത്യത്തിൽ തന്നെ എന്നു സ്വയം ജൽപിക്കുകയും എന്നാൽ സത്യത്തിൽ നിന്നു ബഹുദൂരം അകന്നവരുമായ നിരവധി വിഭാഗങ്ങളുടെ വാദഗതികൾ ഞാൻ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ടിതിൽ. എന്തിനെന്നാൽ, അത്തരം വിഭാഗക്കാരുമായി ബന്ധം പുലർത്തുന്ന അജ്ഞരായവർക്കും മറ്റുള്ളവർക്കും മുന്നറിയിപ്പു നൽകുന്നതിനായി.

അല്ലാഹു എനിക്ക് ഭരമേൽപിക്കുവാൻ ഏറ്റവും യോഗ്യനായവൻ. അതിനാൽ അവനിൽ അർപ്പിച്ചു കൊള്ളട്ടെ.

**അബ്ദുൽറഹ്മാൻ ബിൻ ഹമ്മാദ് ആലുഉമർ.**

### അദ്ധ്യായം ഒന്ന്

# മഹാസ്രഷ്ടാവായ അല്ലാഹു[A] വിനെ പരിചയപ്പെടൽ

ചിന്തിക്കുന്ന മനുഷ്യാ, നിൻെറ നാഥൻ ഇല്ലായ്മയിൽനിന്ന് നിന്നെ സൃഷ്ടിച്ചു. അനുഗ്രഹം ചൊരിഞ്ഞു നിന്നെ അവൻ വളർത്തി. അവനാണ് സർവ്വലോകപരിപാലകനായ 'അല്ലാഹു' അത്യുന്നതനായ[B] അല്ലാഹുവിൽ വിശ്വസിക്കുന്ന ബുദ്ധിമാനായ സത്യവിശ്വാസി നഗ്നനേത്രങ്ങൾ കൊണ്ട് അവനെ കണ്ടിട്ടില്ല. പക്ഷെ അവൻെറ അസ്തിത്വത്തിലേക്ക് വിരൽ ചൂണ്ടുന്ന തെളിവുകൾ ദർശിക്കുന്നു. പ്രാപഞ്ചിക വസ്തുക്കളഖിലത്തേയും സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്തത് അവനാണെന്ന് അപ്പോളവൻ അതിൽ നിന്ന് ഗ്രഹിക്കുന്നു.

## ആ ദൃഷ്ടാന്തങ്ങൾ: -

1-പ്രപഞ്ചം, മനുഷ്യൻ, ജീവിതം. ഇവ ആദ്യവും അന്ത്യവും ഉള്ള പുതുതായി രൂപംകൊണ്ടിട്ടുള്ള വസ്തുക്കളും വസ്തുതകളുമാണ്. അവ മറ്റുള്ളവയെ ആശ്രയിക്കുന്നു. പുതുതായി ജന്മം കൊള്ളുകയും മറ്റുള്ളവയെ ആശ്രയിക്കു

---

A) 'അല്ലാഹു' എന്നത് ഈ പ്രപഞ്ചത്തിൻെറയും മനുഷ്യരുടെയും സർവ്വ വസ്തുക്കളുടെയും ദൈവത്തിൻെറ പ്രത്യേക പേരാണ്. അവൻ തൻെറ മഹാപരിശുദ്ധ ആസ്തിത്വത്തിന്നു സ്വയം സ്വീകരിച്ചിട്ടുള്ള നാമമാണത്. ആ പദത്തിൻെറ അർത്ഥം: "സാക്ഷാൽ ആരാധ്യൻ" എന്നാകുന്നു.

B) 'തആലാ'. അല്ലാഹുവിൻെറ മഹത്വവും പ്രശംസയും സൂചിപ്പിക്കുന്നപദം. അവൻ അത്യുന്നതനും മഹാപരിശുദ്ധനുമാണെന്ന് വിശേഷിപ്പിക്കുകയും ചെയ്യുന്നുണ്ട് ഈ പദം.

'സുബ്ഹാനഹു' എന്നപദം അല്ലാഹു മഹാ പരിശുദ്ദനാണെന്ന് വാഴ്ത്തിപ്പറയാൻ ഉപയോഗിക്കുന്നു.

കയും ചെയ്യുന്നവയെല്ലാം സൃഷ്ടികളാണല്ലോ. സൃഷ്ടികൾക്കൊരു സ്രഷ്ടാവ് അനിവാര്യമാണുതാനും. ആ സ്രഷ്ടാവാണ് 'അല്ലാഹു' അവൻ അവന്റെ തന്നെ പരിശുദ്ധതയെക്കുറിച്ചു പറയുന്നത്, 'അവനാണ് സ്രഷ്ടാവും പ്രപഞ്ചത്തിലെ അഖിലത്തേയും നിയന്ത്രിക്കുന്നവനു'മെന്നാണ്. ഈ വൃത്താന്തം അവന്റെ പ്രവാചകന്മാർക്ക് അവതരിപ്പിച്ച പരിശുദ്ധഗ്രന്ഥത്തിലൂടെ വിളംബരം ചെയ്തിരിക്കുന്നു. ദൈവദൂതന്മാർ ജനങ്ങൾക്കുള്ള അല്ലാഹുവിന്റെ ഈ വചനങ്ങൾ പ്രബോധനം ചെയ്യുകയും ചെയ്തു. അവർ ജനങ്ങളെ അവ വിശ്വസിക്കുന്നതിലേക്കും അവനെമാത്രം ആരാധിക്കുന്നതിലേക്കും ക്ഷണിച്ചു കൊണ്ടുമിരുന്നു. അല്ലാഹു പറയുന്നു :

"നിശ്ചയം, നിങ്ങളുടെ രക്ഷിതാവ് ആകാശഭൂമികളെ ആറുദിന (യുഗ,ഘട്ട) ങ്ങളിലായി സൃഷ്ടിച്ചു. പിന്നീടവൻ സിംഹാസനത്തിൽ ആസനസ്ഥനായി രാത്രിയെക്കൊണ്ടവൻ പകലിനെ മൂടുന്നു. ദ്രുതഗതിയിൽ അത് പകലിനെത്തേടിച്ചെല്ലുന്നു. അവന്റെ കൽപനക്കുവിധേയമാക്കപ്പെട്ട നിലയിലാണ് സൂര്യ, ചന്ദ്ര,താരങ്ങളും (അവൻ സൃഷ്ടിച്ചിരിക്കുന്നത്) . അറിയുക: അവനാണ് സൃഷ്ടിപ്പും ആധിപത്യവും ലോകൈകനാഥൻ അനുഗ്രഹസമ്പൂർണനല്ലോ. (വി.ഖു. 7:54)

إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ
أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ يُغْشِى ٱلَّيْلَ ٱلنَّهَارَ يَطْلُبُهُۥ حَثِيثًا
وَٱلشَّمْسَ وَٱلْقَمَرَ وَٱلنُّجُومَ مُسَخَّرَٰتٍۭ بِأَمْرِهِۦٓ ۗ أَلَا لَهُ ٱلْخَلْقُ
وَٱلْأَمْرُ ۗ تَبَارَكَ ٱللَّهُ رَبُّ ٱلْعَٰلَمِينَ ﴿٥٤﴾

മേൽ സൂക്തത്തിലൂടെ അല്ലാഹു സർവ്വരേയും അറിയിക്കുന്നു. ആറുനാളുകളി (ഘട്ടങ്ങളി) ലായിട്ടാണ്[1] ആകാശഭൂമികളെ അവൻ സൃഷ്ടിച്ചത്. അവന്റെ മഹിതഭാവങ്ങളോടും യോജിച്ച മഹനീയ ദിവ്യസിംഹാസന (അർഷ്) ത്തിൽ അവൻ ആസനസ്ഥരായിരിക്കുന്നു.[2] അർഷ് എല്ലാ ആകാശങ്ങൾക്കുമപ്പുറം ദിവ്യലോകത്തു നിലകൊള്ളുന്നു. അവൻ സൃഷ്ടിച്ച വസ്തുക്കളിൽ അത്യുന്നതവും അതിവിശാലവുമാണത്. അവൻ ആ സിംഹാസനത്തിലാണ്. സർവ്വചരാ

---

1.സൃഷ്ടിപ്പിലെ ഈ ഘട്ടം മഹാനായ അല്ലാഹുവിന്റെ തന്ത്രപരമായ ഉദ്ദേശ്യത്തിന്നനുസൃതമായി തന്നെയാണ്. എല്ലാ വസ്തുക്കളേയും ഞൊടിയിടയിൽ സൃഷ്ടിക്കാൻ കഴിവുറ്റവൻ തന്നെയാണവൻ. അവൻ എന്തൊന്നു സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുവോ അപ്പോൾ അതിനോട് 'ഉണ്ടാവുക' എന്ന് അവൻ കല്പിക്കും. അപ്പോൾ അതുണ്ടാകും. ഇക്കാര്യം അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

2. ഒരു വസ്തുവിന്മേൽ 'ഇസ്തിവാഅ്' ചെയ്തു എന്ന അറബിപ്രയോഗം.

ചാരങ്ങളും അവൻെറ ജ്ഞാനാധീനതയിലും അവൻെറ സമ്പൂർണ്ണ നിയന്ത്രണത്തിലുമാണ്. അവയുടെ കാര്യങ്ങളിലൊന്നും തന്നെ അവങ്കൽ മറഞ്ഞിരിക്കുന്നില്ല. അവൻ രാത്രിയുടെ അന്ധകാരത്തെ പകലിൻമേൽ പൊതിയുന്നു. മറിച്ചും. ഈ പ്രക്രിയ നിരന്തരം അവൻ നടത്തിക്കൊണ്ടിരിക്കുന്നു. സൂര്യ,ചന്ദ്ര, നക്ഷത്രങ്ങളെയെല്ലാം അവയ്ക്കു നിർണ്ണയിച്ചു കൽപിച്ച കൃത്യമായ ഭ്രമണപഥങ്ങളിൽ സദാ ചലിപ്പിച്ചുകൊണ്ടിരിക്കുന്നു. അവൻ ഏകനായി ഇവയെ അവൻെറ ഇംഗിതത്താൽ സൃഷ്ടിച്ചു. അവൻ അവൻെറ മഹനീയ അസ്തിത്വത്തിലും വിശേഷണങ്ങളിലും എന്നുമെന്നും നിലകൊള്ളുന്നു. നിത്യമായ നന്മകൾ സൃഷ്ടികൾക്ക് ചൊരിഞ്ഞുകൊണ്ടും പ്രപഞ്ചത്തെ ആകമാനം നിയന്ത്രിച്ചു കൊണ്ടും പരിപാലിച്ചുകൊണ്ടും അവൻ വാണരുളുന്നു. ഇവയെല്ലാം ശുദ്ധശൂന്യതയിൽ നിന്നാണവൻ ഉൽഭൂതമാക്കിയത്. അവയെ അവൻെറ കരുണയിൽ പോഷിപ്പിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു പറയുന്നു:

"അല്ലാഹുവിൻെറ (നിരവധിമഹനീയ) ദൃഷ്ടാന്തങ്ങളിൽ രാത്രിയും പകലും സൂര്യനും ചന്ദ്രനും ഉൾപെടുന്നു. സൂര്യന്നോ ചന്ദ്രന്നോ നിങ്ങൾ പ്രണമിക്കരുത്. അവയെല്ലാം സൃഷ്ടിച്ചവനെ മാത്രമേ വണങ്ങാവൂ. അവനെ മാത്രമാണ് നിങ്ങൾ ആരാധിക്കു (വാനാഗ്രഹിക്കു) ന്നതെങ്കിൽ." (വി.ഖു:41:37)

ٱلَّيْلُ وَٱلنَّهَارُ وَٱلشَّمْسُ وَٱلْقَمَرُ لَا تَسْجُدُوا۟ لِلشَّمْسِ
وَلَا لِلْقَمَرِ وَٱسْجُدُوا۟ لِلَّهِ ٱلَّذِى خَلَقَهُنَّ إِن كُنتُمْ
إِيَّاهُ تَعْبُدُونَ ﴿٣٧﴾

---

ഖുർആൻെറഭാഷയിൽ 'ഒന്നിന്മേൽ കയറി സമമായിരുന്നു; ഉയർന്നുനിന്നു എന്നൊക്കെയാണ്. അല്ലാഹു അവൻെറ സിംഹാസനത്തിൽ ആസനസ്ഥനായി എന്നത് അവൻെറ മഹനീയ അസ്തിത്വത്തിന്ന് ഉചിതമായ രൂപത്തിലാണെന്നുമനസ്സിലാക്കുക. അതിൻെറ ബാഹ്യരൂപം എങ്ങിനെയെന്ന് അവനല്ലാതെ ആർക്കും അറിയില്ല. 'ഇസ്തവാ' (ആസനസ്ഥനായി) എന്ന ഈ പദത്തിൻെൻെറ പൊരുൾ 'അധികാരത്തിലേറി' എന്നാണെന്നു ചിലർ വാദിക്കുന്നുണ്ട്. അല്ലാഹുവിൻെറ ഗുണവിശേഷങ്ങൾ അവൻ തന്നെ വിശേഷിപ്പിച്ചതിനും പ്രവാചകൻ വിവരിച്ചതിന്നും വിരുദ്ധമാണീ ആശയം. അതിൻെറ യാഥാർത്ഥ്യത്തെ നിഷേധിക്കുന്ന ചില വഴിപിഴച്ചവരുടെ വാദവുമാണിത്. അല്ലാഹുവിൻെറ വിശേഷനാമങ്ങളുടെ ആശയം അതിൻെറ തനിമയോടെ സ്ഥിരപ്പെടുത്തിയാൽ ദൈവത്തിൻെറ സൃഷ്ടികളോടുള്ള സാദൃശ്യപ്പെടുത്തലായിത്തീരുമെന്നാണവർ സമർത്ഥിക്കുന്നത്. ഇതു നിരർത്ഥകമായ ചിന്തയാണ്. സദൃശ്യപ്പെടുത്തൽ എന്നാൽ,ഇന്നപോലെയാണിത്; ഇന്നസൃഷ്ടിയുടെ രൂപത്തിലാണത് എന്നൊക്കെ ഉപമിക്കലാണ്. മറിച്ച്- അല്ലാഹുവിൻെറ മഹിതഭാവങ്ങൾക്ക് ഉചിതമായ സ്വരൂപത്തിലാണ് അതെന്ന്- ഒരു ഉപമയോ, ചിത്രീകരണമോ, രൂപസങ്കൽപമോ,

ഈ സൂക്തിലൂടെ അല്ലാഹു നമ്മെ തെര്യപ്പെടുത്തുന്നു : അവൻെറ അസ്തിത്വത്തിൻെറ ദൃഷ്ടാന്തങ്ങളിൽ പ്രകടമായതാണ് സൂര്യനും, ചന്ദ്രനും രാവും, പകലും. അതിനാൽ സൂര്യചന്ദ്രന്മാരെയെല്ല വണങ്ങേണ്ടത്. കാരണം, അവ മറ്റുള്ള വസ്തുക്കളെപ്പോലെ സൃഷ്ടികൾ മാത്രമാണ്. പ്രണാമം-വണക്കം-ആരാധനയുടെ ഭാഗമാണല്ലൊ. ആരാധന സൃഷ്ടികൾക്ക് അർപ്പിക്കൽ ഭോഷത്തവും ന്യായരഹിതവുമാണ്. മറ്റു സുക്തങ്ങളിൽ കൽപിച്ചപോലെ ഇതിലും അവൻ കൽപിക്കുന്നത്, അവനെ മാത്രമേ പ്രണമിക്കാവൂ എന്നാണ്. കാരണം സ്രഷ്ടാവും നിയന്താവുമായവൻ മാത്രമേ ആരാധനക്കർഹനായി തീരുന്നുള്ളു.

2.അല്ലാഹുവിൻെറ അസ്തിത്വത്തിൻെറ വ്യക്തമായ തെളിവായി വിശുദ്ധ ഖുർആൻ എടുത്തുകാണിക്കുന്ന മറ്റൊരു ദൃഷ്ടാന്തമാണ് സ്ത്രീ, പുരുഷ വർഗ്ഗങ്ങളുടെസൃഷ്ടിപ്പും അസ്തിത്വവും. ഒരു സ്രഷ്ടാവിൻെറ കരവിരുത് ഇതിന്നു പിന്നിലില്ലെന്ന് ധരിക്കാനാകില്ലല്ലോ.

3. മനുഷ്യരുടെ ഭാഷകളും, നിറങ്ങളും വ്യത്യസ്തമാണെന്നത് ഒരു ദൃഷ്ടാന്തമാണ്. രണ്ടുപേരുടെ ശബ്ദമോ നിറമോ ഒരിക്കലും ഒന്നല്ലതന്നെ. അതിസൂക്ഷ്മങ്ങളായ വളരെ വ്യത്യസ്തതകൾ അവർ തമ്മിൽ പുലർത്തുന്നു.

4. സൗഭാഗ്യ ദൗർഭാഗ്യങ്ങളിലുള്ള വ്യതിരിക്തതകൾ. ഒരാളതാ, ധനികൻ. മറ്റൊരുവൻ പരമദരിദ്രൻ. ഒരാൾ നേതാവ്. മറ്റെയാൾ അനുയായി. ഓരോരുത്തരും സ്വയം ബുദ്ധിയുള്ളവരും ചിന്താശീലരും ജ്ഞാനികളുമാണ്. ഇവരിൽ ഓരോരുത്തരും തങ്ങൾക്ക് ലഭിച്ചിട്ടില്ലാത്ത സമ്പത്തും പ്രശസ്തിയും സൗഭാഗ്യങ്ങളും ലഭിക്കാൻ കൊതിപൂണ്ടിരിക്കുന്നവരാണ്. പക്ഷേ, കൊതിച്ചതൊന്നും ലഭിക്കുന്നില്ല. വിധിച്ചതേലഭിക്കുന്നുള്ളൂ. ദൈവത്തിൻെറ അപാരമായ തന്ത്രജ്ഞതയാണത്. അവൻ ഇഛിച്ചവർക്കേനൽകൂ. ചിലരെ ബഹുമാനിച്ചു പദവികൾ നൽകി! മറ്റു ചിലർ ബഹുമാന്യൻെറ പാദസേവകൻ! അതേ, ആ സമൂഹത്തിൻെറ പൊതുനന്മയാണതിൻെറ പിന്നിലെ തന്ത്രജ്ഞതത! അത് താളം തെറ്റാവതല്ലല്ലോ.

അല്ലാഹു ഒരാൾക്ക് ഇഹലോകത്തിൽ സൗഭാഗ്യം കടാക്ഷിച്ചിട്ടില്ലെങ്കിൽ അതിനുപകരം അവന് അനന്ത്യമായ സൗഭാഗ്യം കരുതിവെക്കുന്നതാണ്. അതാണ് സ്വർഗ്ഗം. വിശ്വാസിയായിജീവിച്ചു മരിച്ചവന് അത് നൽകപ്പെടും. മറ്റുചിലപ്പോൾ ദൗർഭാഗ്യവാനായ ഒരു ദരിദ്രന് മാനസികമോ ശാരീരികമോ ആയ മറ്റു ചില സൗഭാഗ്യങ്ങൾ നൽകപ്പെട്ടതായി കാണാം. അതാകട്ടെ സമ്പന്നന്മാർക്ക് നൽക

---

നിരാസമോ, വ്യാഖ്യാനമോ- ഒന്നും നൽകാതെ സ്ഥാപിക്കുകയാണ് വേണ്ടത്. ആ വ്യാഖ്യാനമാണ് പ്രവാചകന്മാർ നൽകിയത്. സച്ചരിതരായ അവിടുത്തെ അനുചരന്മാരും അപ്രകാരമാണ് വിവരിച്ചിട്ടുള്ളത്. അതുതന്നെയാണ് യാഥാർത്ഥ്യവും. ജനങ്ങൾ ആരൊക്കെ ഇത് തള്ളിക്കളഞ്ഞാലും ഒരു യഥാർത്ഥവിശ്വാസിക്ക് അതു മാത്രമേ സ്വീകരിക്കുവാൻ ബാധ്യതയുള്ളു.

പ്പെട്ടിട്ടുണ്ടായിരിക്കുകയില്ല. ഇതും അല്ലാഹുവിൻെറ മഹത്തായ നയതന്ത്രജ്ഞതയും നീതിബോധവുമാണ്.

5. നിദ്ര.

6. അല്ലാഹു അല്ലാതെ മറ്റാരും യാഥാർത്ഥ്യമെന്തെന്നറിയാത്ത 'ആത്മാവ് '. അതിനെക്കുറിച്ചുള്ള ചർച്ച ഇന്നും ഒരു പ്രഹേളികയായി തുടരുന്നു.

7. മനുഷ്യൻ.അവൻെറശരീരം.പഞ്ചേന്ദ്രിയങ്ങൾ, നാഡിഞെരമ്പുകൾ, തലച്ചോറ്, ദഹനേന്ദ്രിയങ്ങൾ, മറ്റവയവങ്ങൾ. എല്ലാം ഓരോ അൽഭൂതപ്രപഞ്ചങ്ങളാണ്.

8. നിർജ്ജീവമായ ഭൂമിയിൽ വർഷിക്കുന്നമഴ! സസ്യലതാതികൾ അതിനാൽ മുളക്കുന്നു, ഫലം കായ്കുന്നു.രൂപം,നിറം,രുചി, ഉപയോഗങ്ങൾ എല്ലാം വ്യത്യസ്തം. ഭിന്ന ജാതികൾ!

ഇതെല്ലാം ഖുർആനുദ്ധരിച്ച നൂറുകണക്കായ ദൃഷ്ടാന്തങ്ങളിൽ ചിലതുമാത്രം. ഇവ പ്രപഞ്ചത്തിലെ നിത്യ പ്രമാണങ്ങളാണ്. മഹോന്നതനായ അല്ലാഹുവിൻെറ അസ്തിത്വത്തിലേക്കും ചരാചരങ്ങളുടെ സൃഷ്ടാവും നിയന്താവും അവൻ മാത്രമാണെന്നതിലേക്കുള്ള വ്യക്തമായ ചൂണ്ടുപലകകൾ!.

9. മനുഷ്യനിൽ നിലീനമാക്കപ്പെട്ടിട്ടുള്ള അല്ലാഹുവിൻെറ ' ശുദ്ധപ്രകൃതി ' ഏതൊരു മനുഷ്യനിലും അല്ലാഹുവാണ് ഏകനെന്നും പ്രപഞ്ചനിയന്താവുമെന്നുമുള്ള ' അഹംബോധം ' നിറക്കപ്പെട്ടിരിക്കുന്നു. ഈ യാഥാർത്ഥ്യം നിഷേധിക്കുന്നവൻ സ്വന്തത്തെ അപകടപ്പെടുത്തുകയും ദൗർഭാഗ്യം ഏറ്റുവാങ്ങുകയുമാണ് ചെയ്യുന്നത്.

ഉദാഹരണത്തിന്: ഒരു കമ്മ്യൂണിസ്റ്റ്കാരൻ അയാൾ ഈ ജീവിതം ക്ലേശകരമായി ജീവിച്ചോടുക്കുന്നു. മരണശേഷമാകട്ടെ അവൻ നരകത്തിലേക്ക് ആനയിക്കപ്പെടും. ഇല്ലായ്മയിൽനിന്ന് തന്നെ സൃഷ്ടിക്കുകയും അനുഗ്രഹലാളനയിലൂടെ അവനെ പോറ്റുകയും ചെയ്ത തൻെറ നാഥനെ അവിശ്വസിച്ചതിൻെറ തിക്തഫലം!*

അത്യുന്നതനായ അല്ലാഹുവിൻെറ മഹൽ വിശേഷണങ്ങളിൽപ്പെട്ടതാണ് അവൻ അനാദ്യനും നിത്യ ജീവനുള്ളവാനുള്ളവനാണെന്നതും. അവനുമരണമില്ല. അന്ത്യമില്ല. സ്വയം അസ്തിത്വത്തിൽ എന്നുമെന്നും ധന്യൻ. മറ്റൊന്നിലേക്കും ആരിലേക്കും ആശ്രയമില്ലാത്ത ആശ്രിതൻ. മറ്റാർക്കും അവൻെറ

* അവൻ അല്ലാഹുവിലേക്ക് പശ്ചാത്തപിക്കുകയും അല്ലാഹുവിലും പ്രവാചകനിലും മതത്തിലും വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താലൊഴികെ. അല്ലാഹു പശ്ചാതപിക്കുന്നവർക്ക് പൊറുത്തുകൊടുക്കുന്നവനാണല്ലോ.

യാതൊന്നിലേക്കും പങ്കാളിത്തമില്ലാത്ത ഏകസ്വരൂപൻ. അല്ലാഹു പറയുന്നു.

"പറയുക കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന് തുല്യനായി ആരും ഇല്ലതാനും." (112: 1-4)

قُلْ هُوَ ٱللَّهُ أَحَدٌ ﴿١﴾ ٱللَّهُ ٱلصَّمَدُ ﴿٢﴾ لَمْ يَلِدْ وَلَمْ يُولَدْ ﴿٣﴾ وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ﴿٤﴾

അന്ത്യപ്രവാചകനോട് അവിശ്വാസികൾ അല്ലാഹുവിൻെറ വിശേഷണങ്ങൾ ആരാഞ്ഞപ്പോഴാണീ വചനങ്ങൾ അവതീർണ്ണമായത്. അദ്ദേഹത്തോട് പ്രഖ്യാപിക്കാൻ ഈ അദ്ധ്യായത്തിലൂടെ അല്ലാഹു ആജ്ഞാപിക്കുന്നു. " അല്ലാഹു ഏകനാണ് പങ്കുകാരാരും അവനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. സർവ്വവും നിയന്ത്രിക്കുന്നവൻ. പ്രപഞ്ചമഖിലവും മനുഷ്യരുമെല്ലാം അവനെ ആശ്രയിക്കുന്നു. അവൻ ആശ്രിതനാണ്. സ്വയം ധന്യനായവൻ. അവൻ ജാതനല്ല. ജാതകനുമല്ല. അവന്നുപുത്രനോപുത്രിയോ ഉണ്ടെന്നുപറയുന്നതും ആരുടെയെങ്കിലും പിതാവോ മാതാവോ എന്നുപറയുന്നതും ഭീമാബദ്ധങ്ങളാണ്. അത്തരം ജൽപനങ്ങളഖിലം നിഷേധിക്കുകയാണ് ഈ അദ്ധ്യായത്തിലും മറ്റു പല സൂക്തങ്ങളിലൂടെയും അല്ലാഹുചെയ്യുന്നത്.

കാരണം: വംശപരമ്പരയും സന്താനോൽപാദനവും സൃഷ്ടികളുടെ അനിവാര്യതകളാണ്. സ്രഷ്ടാവിന്ന് അത് ഭൂഷണമേ അല്ല. പ്രവാചകനായ യേശു ദൈവപുത്രനാണെന്ന ക്രൈസ്തവരുടെയും, ഉസൈർ ദൈവപുത്രനാണെന്ന ജൂതരുടെയും മാലാഖമാർ ദൈവത്തിൻെറ പെൺമക്കളാണെന്ന ബഹുദൈവവിശ്വാസികളുടെയും ജൽപനങ്ങൾ ഒന്നടങ്കം അല്ലാഹു ഇവിടെ നിഷേധിക്കുകയാണ്.

മഹാനായ യേശുവിനെ പിതാവില്ലാതെ മാതാവിൽ നിന്നുമാത്രമായി ജാതനാക്കിയത് അല്ലാഹുവിൻെറ അത്യുന്നതശക്തിവിശേഷത്താലാണ്. മനുഷ്യപിതാവ് ആദമിനെ മാതാവും പിതാവുമില്ലാതെ മണ്ണിൽ നിന്ന് ഭൂജാതനാക്കിയപോലെയാണത്. ആദ്യമനുഷ്യനായ അദ്ദേഹത്തിൻെറ വാരിയെല്ലിൽ നിന്ന് ആദ്യമാതാവ് 'ഹവ്വാഇ'നെ- അപ്പോളതാ അവൾ അദ്ദേഹത്തിൻെറ ചാരത്തുനിൽക്കുന്നത് ആദം കാണുന്നു- സൃഷ്ടിച്ചപോലെ! പിന്നീട് അവർ രണ്ടുപേരിൽനിന്നുമായി-സ്ത്രീ പുരുഷ രേതസ്കരണത്തിൽനിന്ന്- മനുഷ്യപുത്രന്മാരെ ജനിപ്പിച്ചു വിട്ടതുപോലെ!

എല്ലാറ്റിൻേറയും ആരംഭം ശുദ്ധശൂന്യതയിൽനിന്നാണ്. പിന്നീട് സർവ്വ

സൃഷ്ടികൾക്കും കണിശമായപ്രകൃതിനിയമവും വ്യവസ്ഥകളും നിർണ്ണയിച്ചു. ആർക്കുമത് ലംഘിക്കാനാകാത്തവിധം തുടരുകതന്നെയാണ്.അല്ലാഹു ആ വ്യവസ്ഥകളിൽ ഏതെങ്കിലുമൊന്നിൽ മാറ്റം ഉദ്ദേശിച്ചാൽ അവൻ ഇഛിച്ചവിധം മാറ്റും. അതാണ് യേശുവിൽ കണ്ടത്. പിതാവില്ലാതെ മാതാവിൽ നിന്നുമാത്രമായി ഒരു സൃഷ്ടിയെ അവൻ ഭൂജാതനാക്കി! ആ ശിശുതൊട്ടിലിൽകിടന്നു സംസാരിച്ച അൽഭുതം പോലെ! പ്രവാചകനായ മൂസ (അ) യുടെ വടി ഇഴയുന്ന സർപ്പമാക്കി രൂപാന്തരപ്പെടുത്തിയപോലെ! ആ വടിതന്നെ മറ്റൊരിക്കൽ സമുദ്രത്തിലടിച്ചപ്പോൾ സമുദ്രംപിളർന്നു മലപോലെ മാറിനിന്നു. മൂസാക്കും തൻെറകൂടെയുള്ളവർക്കും വഴിയൊരുക്കി വമ്പിച്ച രക്ഷയും ഉജ്വലദൃഷ്ടാന്തവുമാക്കിയപോലെ! അന്ത്യപ്രവാചകൻ മുഹമ്മദ് (സ.അ) ന്ന് ചന്ദ്രൻ പിളർത്തികാട്ടിക്കൊടുത്തപ്പോലെ! അദ്ദേഹം നടന്നകലുമ്പോൾ വൃക്ഷങ്ങൾ അഭിവാദ്യവചനം (സലാം) പറഞ്ഞതുപോലെ! ജന്തുക്കൾ മനുഷ്യർ കേൾക്കേ 'അദ്ദേഹത്തിൻെറ പ്രവാചകത്വത്തിനു ഞങ്ങളും സാക്ഷികളാണെ' എന്ന് സാക്ഷിപറഞ്ഞപോലെ! അപ്പോൾ അത് കേട്ടവർ മുഹമ്മദേ, താങ്കൾ അല്ലാഹുവിൻെറ പ്രവാചകൻ തന്നെ. നിശ്ചയമായും ഞാനതിന്നു സാക്ഷി എന്നു പ്രഖ്യാപിച്ചസംഭവം പോലെ!.

മക്കായിലെ മസ്ജിദുൽഹറമിൽ നിന്ന് ഖുദ്സിലെ മസ്ജിദുൽ അഖ്സായിലേക്ക് ബുറാഖിന്മേൽ ആ പ്രവാചകൻ നിശാപ്രയാണം ചെയ്തു. ജിബ്രീൽ മാലാഖയോടൊപ്പം. അവിടെ നിന്നും ആകാശാരോഹണം ചെയ്തു. ഉപരിലേകത്തെത്തി സർവ്വാധിരാജൻെറ സന്നിധാനത്തിലെത്തുന്നു. അല്ലാഹുമായി സംഭാഷണത്തിലേർപ്പെടുന്നു. അവിടെവെച്ചു അടിമൾക്കായി നമസ്കാരം നിർബന്ധമാക്കി അല്ലാഹു വിജ്ഞാപനം ചെയ്യുന്നു. പിന്നീട് തിരിച്ചുപോരുമ്പോൾ ഓരോ ആകാശങ്ങളിലുമുള്ളവരെയും കാണുന്നു. ഭൂമിയിലേക്ക്മസ്ജിദുൽ ഹറമിലേക്ക് തന്നെ തിരിച്ചെത്തുന്നു. ഒരൊറ്റ രാത്രിയിലെ പ്രഭാത്തിൽ സൂര്യോദയത്തിന്നു മുൻപ് ഇതെല്ലാം നടക്കുന്നു! ഇസ്രാഅ് (രാപ്രയാണം) ൻേറയും മിഅ്റാജ് (ആകാശരോഹണം) ൻേറയും ഈ സംഭവങ്ങൾ സുപ്രസിദ്ധവും ഖുർആനും നബിവചനങ്ങളും ചരിത്രഗ്രന്ഥങ്ങളും റിപ്പോർട്ട് ചെയ്യുകയും ചെയ്തിരിക്കുന്നു. ഇത്തരം നിരവധി ദൃഷ്ടാന്തങ്ങളിലൊന്നാണ് യേശുവിൻെറ ജനനവും.

കേൾവി,കാഴ്ച,അറിവ്,കഴിവ്,ഉദ്ദേശ്യം എന്നിവകളെല്ലാം അല്ലാഹുവിൻെറ വിശേഷണങ്ങളാണ്. അവൻ എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നു. അവൻെറ കാഴചയേയോ കേൾവിയേയോ യാതൊന്നും തടയുകയില്ല ഗർഭാശയത്തിലുള്ളത് അവൻ അറിയുന്നു. ഹൃദയങ്ങൾ വംഗ്യമാക്കിവെക്കുന്നതും സംഭവിക്കുന്നതും സംഭവിക്കാനിരിക്കുന്നതും അവൻ അറിയുന്നു. അവനുദ്ദേശിക്കുന്നതെന്തും പ്രപർത്തിക്കുവാൻ കഴിവുറ്റവനാണ്. ഒരുവസ്തു ഉണ്ടാകാൻ അവൻ ഉദ്ദേശിച്ചാൽ 'ഉണ്ടാകുക' എന്നു ആജ്ഞാപിക്കുമ്പോഴേക്കും അതുണ്ടാകുകയായി!.

അല്ലാഹു അവൻെറ പരിശുദ്ധതയെക്കുറിച്ച് സ്വയം വിശേഷിപ്പിച്ചതും

അവൻെറ വിശേഷണഗുണത്തിൽപ്പെട്ടതാകുന്നു. അവൻ എപ്പോൾ എന്തുദ്ദേശിക്കുന്നുവോ അപ്പോളവൻ സംസാരിക്കും. മൂസ (അ) യോട് അല്ലാഹു സംസാരിച്ചു. അന്ത്യപ്രവാചകൻ മുഹമ്മദ് (സ.അ) നോടും സംസാരിച്ചു. പരിശുദ്ധ ഖുർആൻ അവൻെറ സംഭാഷണമാണ്. അതിലെ അക്ഷരങ്ങൾ, ആശയങ്ങൾ അവൻെറ വചനമാണ്. മുഹമ്മദ് (സ.അ) ന് അത് അവതരിപ്പിക്കപ്പെട്ടു. ' മുഅ്തസിലി ' കക്ഷിക്കാർ ഖുർആൻ സൃഷ്ടിയാണെന്ന് ജൽപിക്കുന്നുണ്ടെങ്കിലും അത്സൃഷ്ടിയെല്ല എന്നതാണ് സത്യം. പ്രത്യുത അത് അല്ലാഹുവിൻെറ വിശേഷണങ്ങളിൽ ഒന്നാണ്.

അപ്രകാരം മുഖം, രണ്ടു കൈകൾ,ആസനസ്ഥത, ആരോഹണാവരോഹണം[1] ,തൃപ്തി, കോപം, എന്നിങ്ങനെയുള്ള സവിശേഷതകളും അവൻെറ ഗുണങ്ങളിൽപ്പെടുന്നു. സത്യവിശ്വാസികളെ അവൻ തൃപ്തിപ്പെടുകയും നിഷേധികളോട് കോപിക്കുകയും പാപികളോട് വിദ്വേഷം വെക്കുകയും ചെയ്യുമവൻ. മേൽപറയപ്പട്ടതെല്ലാം അല്ലാഹുവിൻെറ മഹിതപ്രഭാവങ്ങൾക്ക് ഉചിതമായ രൂപത്തിലുള്ളവയാണ്. മറ്റുള്ള സൃഷ്ടികളുമായി യാതൊരുവിധത്തിലും തുല്യമായ രൂപത്തിലോ വിശേഷണത്തിലോ അല്ല ഇവ അല്ലാഹുവിൽ നിലകൊള്ളുന്നത്. സർവ്വഗുണങ്ങളും വിശേഷണങ്ങളും അല്ലാഹുവിൽ സമ്പൂർണ്ണവും അന്യൂനവും പരമാവസ്ഥയിലുമായിരിക്കും.

നിശ്ചയമായും സത്യവിശ്വാസികൾ അത്യുന്നതനായ സർവ്വധിരാജനെ അവൻെറ സമ്പൂർണ്ണ സ്വരൂപത്തിൽ അന്ത്യദിനത്തിൽ മഹ്ശറ (വിചാരണ വേദി ) യിൽവെച്ചും, സ്വർഗ്ഗത്തിൽ വെച്ചും തങ്ങളുടെ നഗ്നനേത്രങ്ങൾ കൊണ്ട് കാണുക തന്നെ ചെയ്യുമെന്ന് ഖുർആനും നബിവചനങ്ങളും അർത്ഥശങ്കക്കിടമില്ലാതെ വ്യക്തമാക്കിയിട്ടുണ്ട്. അവ അതാതിടങ്ങളിൽ പരിശോധിച്ചുകൊള്ളുക.

## മനുഷ്യ, ജിന്ന് വർഗ്ഗങ്ങളുടെ സൃഷ്ടി രഹസ്യം

സഹോദരാ, നിന്നെ സൃഷ്ടിച്ചവനാണ് പ്രപഞ്ചനാഥനായ അല്ലാഹു എന്ന് നീഗ്രഹിച്ചു കഴിഞ്ഞു. ഇനി അവൻ നിന്നെ വെറുതെയങ്ങു സൃഷ്ടിച്ചു വിട്ടതല്ല എന്ന യാഥാർത്ഥ്യം കുടി നീ മനസ്സിലാക്കുക. അവന്നുമാത്രം ആരാധനകളർപ്പിക്കുക എന്നതാണ് നിൻെറ സൃഷ്ടിപ്പിൻെറ മുഖ്യലക്ഷ്യം. അല്ലാഹു പറയുന്നു : ഞാൻ,മനുഷ്യജിന്നുവർഗ്ഗങ്ങളെ എന്നെ (മാത്രം) ആരാധിക്കാൻ വേണ്ടിയല്ലാതെ സൃഷ്ടിച്ചിട്ടില്ല. അവരിൽ നിന്നും നാം ഭക്ഷണമോ അവർ നമ്മെ തീറ്റിപോറ്റണമെന്നോ ഉദ്ദേശിക്കുന്നില്ല. നിശ്ചയം, അല്ലാഹു അന്നദാതാവും അതിശക്തനുമാണ്. (വി.ഖു.51:56-58)

---

1. ' രാത്രിയുടെ 3ാംയാമത്തിൽ അല്ലാഹു ഭൂവാനത്തിലേക്ക് ഇറങ്ങിവരും ' എന്ന നബിവചനത്തിൻെറ അടിസ്ഥാനത്തിൽ.

وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾ مَآ أُرِيدُ مِنْهُم مِّن رِّزْقٍ
وَمَآ أُرِيدُ أَن يُطْعِمُونِ ﴿٥٧﴾ إِنَّ ٱللَّهَ هُوَ ٱلرَّزَّاقُ ذُو ٱلْقُوَّةِ ٱلْمَتِينُ ﴿٥٨﴾

ഇതിൻെറ ആശയം ഇങ്ങിനെ സംഗ്രഹിക്കാം: ഒന്നാം സൂക്തത്തിൽ 'അല്ലാഹുവിനെ ആരാധിക്കുന്നതിന്നുവേണ്ടിയാണ് മനുഷ്യരേയും ജിന്നുകളേയും സൃഷ്ടിച്ചിരിക്കുന്നത്'[1]. രണ്ടാം സൂക്തത്തിൽ: അടിമകളിൽ നിന്നെല്ലാം ധന്യമായവനാണല്ലാഹു. അവന്ന് മനുഷ്യർ അന്നം നൽകണമെന്നോ അവനെ തീറ്റിപ്പോറ്റണമെന്നോ അവൻ ഉദ്ദേശിക്കുന്നില്ല. ആവശ്യപ്പെടുന്നുമില്ല; കാരണം അല്ലാഹുവാണ് സർവ്വ ചരാചരങ്ങൾക്കുമുള്ള അജയ്യനായ അന്നദാതാവ്. അവനിൽ നിന്നാണ് എല്ലാ മനുഷ്യർക്കും അന്നം വരുന്നത്. മഴവർഷിക്കുന്നതും, അതു മുഖേന ഭൂമിയിൽ നിന്ന് അന്നം ഉൽപാദിപ്പിച്ചു തരുന്നതും അവനാണല്ലോ.

ഭൂമിയിലെ മനുഷ്യരല്ലാത്ത ഇതരജീവികളെല്ലാം മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടവയാണ്. അല്ലാഹുവിൻെറ വിധിവിലക്കുകൾക്ക് വിധേയനായി ജീവിക്കുന്നതിന്നു മനുഷ്യൻെറ സഹകാരിയായി അവ വർത്തിക്കുന്നു. സർവ്വസൃഷ്ടികളേയും അവയുടെ എല്ലാ ചലനങ്ങളേയും പ്രപഞ്ചത്തിൽ ഉൽഭൂതമാക്കിക്കൊണ്ടിരിക്കുന്നത് അല്ലാഹുവാകുന്നു, ഖുർആൻ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. 'അല്ലാഹുവിൻെറ ശരീഅത്തിൽ നിന്ന് കഴിവിൻപടി എക്കാലത്തുമുള്ള പണ്ഡിതന്മാർ ഇതു മനസ്സിലാക്കി പരിചയപ്പെടുത്തിതന്നിട്ടുണ്ട്.' കാലചക്രത്തിൻെറ ഗതിവിഗതികൾ, ഋതുഭേദങ്ങൾ, അപകടസംഭവങ്ങൾ എന്നിങ്ങനെ അല്ലാഹുവിൻെറ കൽപനകൾക്കതീതമായി ഇവിടെ നടന്നുകൊണ്ടിരിക്കുന്നതിൽനിന്നെല്ലാം ബുദ്ധിമാന്മാർക്ക് നിരവധി പാഠങ്ങൾ ഉൾക്കൊള്ളാൻകഴിയും. ഏതൊരുവൻ ദൈവവിധിയിൽ തൃപ്തിപ്പെടുകയും അവ സ്വാഗതം ചെയ്ത് സൽകർമ്മനിരതനാകുകയും ചെയ്യുന്നുവോഅവനെ അല്ലാഹു ഇഹത്തിലും പരത്തിലും തൃപ്തിപ്പെടുകയും അവന്നു സൗഭാഗ്യം നൽകുകയും ചെയ്യും. ദൈവവിധിയിൽ അതൃപ്തനാകുകയും അസ്വാസ്ഥ്യത പ്രകടമാക്കുകയും അത് അംഗീകരിക്കാതെ അല്ലാഹുവിനു വിധേയത്വം കാണിക്കാതിരിക്കുകയും ചെയ്യുന്നവനോട് അവൻ കോപിക്കുകയും ഇഹത്തിലും പരത്തിലും അവനെ ദൗർഭാഗ്യവാനാക്കുകയും ചെയ്യുന്നതാണ് അല്ലാഹുവിൻെറ തൃപ്തി നമുക്കവൻ നൽകട്ടെ. അവൻെറ കോപത്തിൽ നിന്നവൻ നമ്മെരക്ഷിക്കട്ടെ.

---

1. മനുഷ്യരെപ്പോലെ അല്ലാഹുവിനു ആരാധനകളർപ്പിക്കാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ബുദ്ധിജീവികളാണ് ജിന്നുകളും. മനുഷ്യരോടൊപ്പം ഭൂമിയിൽ തന്നെയാണവർ വസിക്കുന്നത്. പക്ഷെ, നമുക്കറിയാവുന്ന രൂപത്തിലുള്ള ശരീരമില്ലാത്ത ആത്മസൃഷ്ടികളാകയാൽ മനുഷ്യർക്ക് അവരെ ദർശിക്കാൻ കഴിയുന്നില്ലെന്നു മാത്രം.

## മരണശേഷം - പുനർ ജന്മം, വിചാരണ, പ്രതിഫല വേദി, സ്വർഗ്ഗ, നരകങ്ങൾ :

അല്ലാഹുവിനെ ആരാധിക്കാൻ മാത്രമാണ് നിന്നെ സൃഷ്ടിച്ചതെന്നു നീ ഗ്രഹിച്ചുകഴിഞ്ഞു. ഇനി പ്രവാചകന്മാർക്ക് അവതരിപ്പിക്കപ്പെട്ട എല്ലാ ഗ്രന്ഥങ്ങളിലൂടെയും അല്ലാഹു അറിയിച്ച സുപ്രധാനമായ അടുത്തവിഷയം മനസ്സിലാക്കുക. മരണശേഷം നീ ഉയർത്തെഴുന്നേൽപിക്കപ്പെടും. നിൻെറ മുഴുവൻ പ്രവർത്തനങ്ങളുടെയും പ്രതിഫലം അവിടെവെച്ചു നൽകപ്പെടും. നശ്വരവും പ്രവർത്തനനിരതവുമായിരുന്ന ഇഹലോകജീവിതത്തിൽ നിന്ന് ശാശ്വതവും സമ്പൂർണ പ്രതിഫലം ലഭിക്കുന്നതുമായ മരണ ശേഷമുള്ള ഒരു ലോകത്തേക്ക് നീ മാറ്റപ്പെടാനിരിക്കുകയാണ്. അല്ലാഹുനിർണ്ണയിച്ച ഭൂമിയിലെ നിൻെറ വാസകാലാവധി അവസാനിച്ചിരിക്കുന്നു. മരണദൂതതനോട് (മലക്കുൽമൗത്ത്) നിൻെറ ആത്മാവിനെ പിടിച്ചെടുക്കാൻ അല്ലാഹു ആജ്ഞാപിക്കുന്നു. നിൻെറ ഭൗതിക ശരീരത്തിൽനിന്ന് ആ ആത്മാവ് പുറത്ത് പോകുമ്പോൾ മരണത്തിൻെറ അസഹനീയതക്കും പരിഭ്രമങ്ങൾക്കും ശേഷം മരണത്തിനു നീ കീഴടങ്ങുന്നു. അതോടെ, നീ സത്യവിശ്വാസിയും ദൈവകല്പനകൾക്ക് വിധേയനായും ജീവിച്ചവനാണെങ്കിൽ നിൻെറ ആത്മാവിനെ സ്വർഗ്ഗീയാനന്ദങ്ങളിലേക്ക് ആനയിക്കും. അതല്ല അല്ലാഹുവിനെയും പ്രതിഫലവേദിയായ പരലോകത്തേയും നിഷേധിച്ചാണ് നീ ജീവിച്ചിരുന്നതെങ്കിൽ നിൻെറ ആത്മാവിനെ നരകശിക്ഷാനുഭവങ്ങളിലേക്ക് എറിയപ്പെടും. ലോകവസാനംവരെ ഈ അവസ്ഥയിലാണ് കഴിച്ചുകൂട്ടേണ്ടത്..

അന്ത്യനാളിൽ അല്ലാഹു ഒഴികെ മറ്റെല്ലാ ചരാചരങ്ങളും നാശമടയും. പിന്നീടതാ സർവ്വരേയും- ജന്തുക്കളടക്കം- അല്ലാഹു പുനർജനിപ്പിക്കുന്നു.അപ്പോൾ ആത്മാക്കളെല്ലാം അതാതു ശരീരങ്ങളെത്തേടിയെത്തുകയായി .ആ ശരീരങ്ങളാകട്ടെ സമ്പൂർണ്ണമായി പൂർവ്വാവസ്ഥ പ്രാപിച്ചിരിക്കുന്നു. ഇനി അവിടെ മുഴുവൻ മനുഷ്യരുടേയും വിചാരണ നടക്കാൻ പോകുകയാണ്. അവരുടെ പ്രവർത്തനങ്ങൾക്കനുസൃത പ്രതിഫലം നൽകപ്പെടാൻ പോകുന്നു. അപ്പോൾ അവരിലെ പുരുഷനും, സ്ത്രീയും, നേതാവും, പ്രജയും, ധനികനും, ദരിദ്രനും, ആരും അനീതിക്കടിപ്പെടില്ല. മർദ്ദിതരുടെ അവകാശങ്ങൾ മർദ്ദകരിൽനിന്ന് പൂർണ്ണമായി അളന്നുകൊടുക്കപ്പെടുന്നു. ജന്തുക്കൾപോലും ഒഴിവാക്കപ്പെടുന്നില്ല. അവയേയും പ്രതികാരം എടുക്കപ്പെടാൻ മാത്രമായി ജീവിപ്പിക്കപ്പെടുന്നു. ശേഷം അവയെ മണ്ണിലേക്കുതന്നെ ലയിപ്പിക്കപ്പെടുന്നു. അവയ്ക്കു സ്വർഗ്ഗനരകങ്ങളില്ല. അതവർക്ക് ആവശ്യവുമില്ലല്ലോ. എന്നാൽ മനുഷ്യരും ജിന്നുകളും അവരവരുടെ പ്രവർത്തനഫലം അളന്നുവാങ്ങുന്നു. അല്ലാഹുവിന്നു കീഴടങ്ങി പ്രവാചകരെ അനുസരിച്ച് ജീവിച്ച സത്യവിശ്വാസികൾ- അവർ ഇഹലോകത്തിൽ പരമദരിദ്രരായിരുന്നാലും- സ്വർഗ്ഗത്തിലേക്ക്. ദൈവനിഷേധികളും ധിക്കാരികളുമായി ജീവിച്ച അവിശ്വാസികൾ- അവർ ഭൂമിയിലെ അധിപരും ധനാഢ്യരും ഒക്കെ ആയിരുന്നെങ്കിലും- നരകത്തിലേക്ക്. അല്ലാഹു പറയുഞ്ഞത് എത്രശരി.

إِنَّ أَكْرَمَكُمْ عِندَ ٱللَّهِ أَتْقَىٰكُمْ

"നിശ്ചയം, അല്ലാഹുവിങ്കൽ നിങ്ങളിലേറ്റവും മാന്യൻ സൂക്ഷ്മ ശാലികളാകുന്നു." (വി.ഖു: 49-13)

**സ്വർഗ്ഗം:** - ഏവർക്കും അവർണ്ണനീയമായ വിഭിന്ന അനുഗ്രഹങ്ങളുടെ ഭവന മാണ് സ്വർഗ്ഗം നൂറോളം പദവികളുണ്ട് അതിൽ. ഓരോരുത്തരുടെയും വിശ്വാ സത്തിൻേറയും അല്ലാഹുവിന്നുള്ള വിധേയത്വത്തിൻേയും തോതനുസരിച്ച സ്ഥാനമാനങ്ങൾ ലഭിക്കുന്നതാണ്. ഭൂമിയിലെ ഒരു മഹാരാജാവിൻെറ അത്യുന്ന തങ്ങളായ അനുഗ്രഹങ്ങളുടെയും പദവികളുടെയും 70ഇരട്ടിക്കുതുല്യമായ പദവി എത്രയാണോ അത്രയാണ് സ്വർഗ്ഗത്തിലെ ഏറ്റവും കുറഞ്ഞ പദവിയായിപ്പോലും നൽകപ്പെടുക!.

**നരകം:** - പരലോകത്തിലെ ഭയാനകവും കഠിനവുമായ ശിക്ഷാസങ്കേത മാണ് നരകം. വിഭിന്നങ്ങളായ ശിക്ഷകളും പ്രതികാരനടപടികളും അവിടെ യുണ്ട്. ഓർക്കുന്നതുപോലും ഹൃദയത്തെ നടുക്കുന്നതും കണ്ണുകളെ കരയി പ്പിക്കുന്നതുമാണ്. ഇഹലോകത്തെന്നപോലെ പരലോകത്തിലും മരണമെന്ന പ്രതിഭാസമുണ്ടായിരുന്നെങ്കിൽ ആ നരകം കാണുക മാത്രം മതി അവൻ ചത്തുമലയ്ക്കാൻ. പക്ഷേ, അവിടെ മരണം എന്നൊന്നില്ലല്ലോ! ഇഹലോകത്തു നിന്ന് പരലോകത്തേക്കുള്ള മാറ്റത്തോടെ അവൻ നിത്യജീവനായിത്തീർന്നു മരണമില്ലാത്തലോകം!

മരണം, പുനർജീവിതം, വിചാരണ, പ്രതിഫലം, സ്വർഗ്ഗം, നരകം എന്നിവയെക്കുറിച്ചെല്ലാം സമ്പൂർണ്ണവിശദീകരണങ്ങൾ ഖുർആൻ നമുക്ക് നൽ കുന്നു. അവയിൽ ചിലത് കാണുക.

۞ مِنْهَا خَلَقْنَٰكُمْ وَفِيهَا نُعِيدُكُمْ وَمِنْهَا نُخْرِجُكُمْ تَارَةً أُخْرَىٰ ﴿٥٥﴾

"നിങ്ങളെ നാം മണ്ണിൽ നിന്ന് സൃഷ്ടിച്ചു. അതിലേക്ക് നിങ്ങളെ നാം തിരിച്ചു കൊണ്ടുപോകും. അതിൽ നിന്ന് വീണ്ടുമൊരിക്കൽ നിങ്ങളെ പുറത്തു കൊണ്ടു വരുന്നതാണ്." (20.55)

وَضَرَبَ لَنَا مَثَلًا وَنَسِيَ خَلْقَهُۥ ۖ قَالَ مَن يُحْيِ ٱلْعِظَٰمَ وَهِيَ رَمِيمٌ ﴿٧٨﴾
قُلْ يُحْيِيهَا ٱلَّذِىٓ أَنشَأَهَآ أَوَّلَ مَرَّةٍ ۖ وَهُوَ بِكُلِّ خَلْقٍ عَلِيمٌ ﴿٧٩﴾

"നമുക്കവൻ ഉപമ പറയുന്നു. സ്വന്തം സൃഷ്ടിപ്പിനെ അവൻ വിസ്മരിക്കുകയും ചെയ്യുന്നു. എന്നിട്ട് അവൻ ചോദിക്കുന്നു. ആരാണ് ഈ ദ്രവിച്ച എല്ലുകളെയൊക്കെ വീണ്ടും ജീവിപ്പിക്കുക? (നബീ) പറയുക: ആദ്യജന്മം നൽകിയവനാരോ അവൻതന്നെ വീണ്ടും ജീവിപ്പിക്കും.അവൻ എല്ലാ സൃഷ്ടിപ്പിനെക്കുറിച്ചും വ്യക്തമായ ജ്ഞാനിയാകുന്നു" . (36.78,79)

زَعَمَ ٱلَّذِينَ كَفَرُوٓا۟ أَن لَّن يُبْعَثُوا۟ ۚ قُلْ بَلَىٰ وَرَبِّى
لَتُبْعَثُنَّ ثُمَّ لَتُنَبَّؤُنَّ بِمَا عَمِلْتُمْ ۚ وَذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿٧﴾

"സത്യനിഷേധികൾ ജൽപിക്കുന്നത്, എനിയൊരിക്കലും തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്നാണ്. (നബീ) പറയുക: അങ്ങിനെയൊന്നുമല്ല എൻെറ നാഥനാണേസത്യം. നിങ്ങൾ ഉയർത്തെഴുന്നേൽപിക്കപ്പെടുകതന്നെചെയ്യും. എന്നിട്ട് നിങ്ങൾ എന്തൊക്കെ പ്രവർത്തിച്ചുവെന്ന് നിങ്ങളെ അറിയിക്കുക തന്നെ ചെയ്യും. അത് അല്ലാഹുവിനു വളരെ എളുപ്പമാണുതാനും". (വി.ഖു-64:7)

മേൽസൂക്തങ്ങളിലെ ഒന്നാം വചനത്തിൽ അല്ലാഹുനമ്മെ ഉണർത്തുന്നത്: 'നിങ്ങളുടെ ആദ്യപിതാവ് ആദമിനെ മണ്ണിൽ നിന്ന് സൃഷ്ടിച്ചുകൊണ്ട് മനുഷ്യരെ അവൻ സജ്ജമാക്കി. മരണശേഷം അവൻ ഭൂമിയിൽ അവൻെറ മാന്യതക്കനുയോജ്യമാംവിധം മണ്ണിൽ തന്നെ ഖബറടക്കപ്പെടും. പിന്നീടൊരിക്കൽകൂടി ആ ഖബറുകളിൽ നിന്നവനെ പുറത്തുകൊണ്ടുവരും. ആദ്യമനുഷ്യൻമുതൽ അവസാനത്തെവ്യക്തിവരെ. സർവ്വരേയും അല്ലാഹു വിചാരണക്ക് വിധേയമാക്കിയശേഷം അർഹിക്കുന്ന പ്രതിഫലം അവർക്ക് നൽകുന്നതാണ്.'

രണ്ടാംവചനത്തിൽ: - നശിച്ചുപോയ ഭൗതികശരീരത്തിൻെറ പുനർജനനത്തിൽ അൽഭുതംകൂറുന്ന പരലോകനിഷേധിയുടെ വാദത്തെ ശക്തിയായി നിഷേധിക്കുന്നു. 'ശൂന്യതയിൽനിന്ന് ഒരിക്കൽ ജന്മംനൽകിയവൻ അല്ലാഹു

ആയിരിക്കെ വീണ്ടുമൊരിക്കൽ അപ്രകാരം സൃഷ്ടിക്കാൻ ആ അല്ലാഹുവിന്നു കഴിവില്ലെന്നോ?!' എന്നു ചോദിച്ചുകൊണ്ടാണ് അതിന്ന് അല്ലാഹു മറുപടി നൽകുന്നത്.

മൂന്നാം വചനത്തിൽ: മരണശേഷമുള്ള പുനർജീവിതത്തെ കള്ളമാക്കുന്ന സത്യനിഷേധിയുടെ നിരർത്ഥകചിന്തയെ എതിർക്കുന്നതോടൊപ്പം പ്രവാചകനോട് അല്ലാഹുവിൽ സത്യം ചെയ്തു പറയാൻ ആജ്ഞാപിക്കുന്നു. 'നിശ്ചയം അല്ലാഹു അവരെ ഉയർത്തെഴുന്നേൽപിക്കുക തന്നെ ചെയ്യും. അവരുടെ പ്രവർത്തനത്തിൻെറ പര്യവസാനത്തെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തും. അതിന്നനുസൃത പ്രതിഫലം- ശിക്ഷ- നൽകുകയും ചെയ്യും. ഇത് അല്ലാഹുവിന് ഒരിക്കലും പ്രയാസകരമേ അല്ല എന്ന് അവരെ അറിയിക്കാനും ഉണർത്തുന്നു.'.

നരകത്തേയും പുനർജീവിതത്തേയും നിഷേധിച്ച് കളിയാക്കിത്തള്ളിയ സത്യനിഷേധികളെ നരകത്തിൽ പ്രവേശിപ്പിച്ച് കഠിനമായി ശിക്ഷിക്കുമെന്ന് മറ്റൊരു വചനത്തിൽ ഖുർആൻ താക്കീതു ചെയ്യുന്നുണ്ട്. ആ ശിക്ഷ അവർ അനുഭവിക്കുമ്പോൾ അവരോട് പറയപ്പെടും "നിങ്ങൾ നിഷേധിച്ചിരുന്ന നരക ശിക്ഷയുടെ രുചി ശരിക്കും നിങ്ങൾ ഒന്ന് ആസ്വദിക്കുക".

## ഉല്ലേഖിതങ്ങളാകുന്ന മനുഷ്യവചനങ്ങളും കർമ്മങ്ങളും

മനുഷ്യരുടെ രഹസ്യപരസ്യങ്ങളും, നന്മതിന്മകളും, വാക്കുകളും കർമ്മങ്ങളുമായി എന്തെല്ലാം ഉണ്ടോ അവയെല്ലാം വ്യക്തമായി അല്ലാഹു അറിയുന്നുവെന്നു നമ്മെ അറിയിച്ചിരിക്കുന്നു. ആകാശഭൂമികളേയും മനുഷ്യരെയും സൃഷ്ടിക്കും മുമ്പുതന്നെ അല്ലാഹുവിങ്കൽ സുരക്ഷിതമായ ഒരു 'ദിവ്യലിഖിത'[1]ത്തിൽ ഇവയെല്ലാം രേഖപ്പെടുത്തിവെച്ചിരിക്കുന്നു.

എല്ലാ മനുഷ്യരോടുമൊപ്പം രണ്ടു മാലാഖമാരെയും അല്ലാഹു നിയമിച്ചിരിക്കുന്നുവെന്നും അല്ലാഹു നമ്മെ അറിയിക്കുന്നു. വലതുവശമിരിക്കുന്ന മലക്ക് അവൻെറ നന്മകളേയും ഇടതു വശമിരിക്കുന്നയാൾ അവൻെറ തിന്മകളേയും സദാരേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഒന്നും വിട്ടുപോകാതെ വിചാരണ നാളിൽ ഇതിൻെറ സമാഹാരഗ്രന്ഥം ഓരോരുത്തരുടേയും കൈകളിൽ നൽകപ്പെടും. സ്വയം സംസാരിക്കുന്ന അനിഷേധ്യ തെളിവുകൾ! അതിൽ ഏതെങ്കിലുമൊന്ന് നിഷേധിക്കാനൊരുങ്ങിയാൽ അവൻെറ കാതുകളും കണ്ണുകളും കൈകാലുകളും തൊലികൾവരെ അവയുടെ പങ്ക് വിളിച്ചു പറഞ്ഞ് അവന്നെതിരിൽ സാക്ഷി പറയും. സംശയലേസമന്യേ ഖുർആൻ ഇക്കാര്യം ഉണർത്തിയിരിക്കുന്നു. അല്ലാഹു പറയുന്നു :

---

1. ലൗഹുൽ മഹ്ഫൂള്.

مَا يَلْفِظُ مِن قَوْلٍ إِلَّا لَدَيْهِ رَقِيبٌ عَتِيدٌ ﴿١٨﴾

"വാക്കുകളിൽ അവൻ ഉരിയാടുന്നതെന്തും 'റഖീബി' ൻേറയും അതീദിൻേറയും (രണ്ടു മലക്കുകൾ) പക്കൽ ഇല്ലാതിരിക്കില്ല."(50:18)

وَإِنَّ عَلَيْكُمْ لَحَافِظِينَ ﴿١٠﴾ كِرَامًا كَاتِبِينَ ﴿١١﴾ يَعْلَمُونَ مَا تَفْعَلُونَ ﴿١٢﴾

"നിശ്ചയം, നിങ്ങളിൽ ചില പാറാവുകാർ നിയമിതരായിരിക്കുന്നു. മാന്യന്മാരായ എഴുത്തുകാർ. നിങ്ങൾ പ്രവർത്തിക്കുന്നത് അവർക്കറിയാം".(82:10-12)

അപ്പോൾ എല്ലാ മനുഷ്യരിലും രണ്ടു മലക്കുകൾ നിയമിക്കപ്പെട്ടിരക്കും. വലതു ഭാഗത്തിരിക്കുന്ന 'റഖീബ്' നന്മകൾ രേഖപ്പെടുത്തുന്നു. ഇടതുഭാഗത്ത് 'അതീദ് ' തിന്മകളും. ആ പാറാവുകാരായ രണ്ടുപേരും മഹാമാന്യന്മാർ. സത്യസന്ധരായ എഴുത്തുകാർ. മനുഷ്യപ്രവർത്തനങ്ങൾ കാണാനും കേൾക്കാനും വൈഭവം നൽകപ്പെട്ടവർ. അതാതുസമയം ഒന്നും വിട്ടുപോകാതെ അവർ ലിഖിതം ചെയ്തുകൊണ്ടിരിക്കും. ഇത് ഒരു ഗ്രന്ഥമായി പരലോകത്തു നിന്റെ കൈകളിൽ നൽകപ്പെടും. ഈ ഗ്രന്ഥം അല്ലാഹുവിങ്കൽ സൂക്ഷിച്ചിട്ടുള്ള 'ദിവ്യലേഖാഫലക'ത്തിൽ അവരെ സൃഷ്ടിക്കും മുൻപ് രേഖപ്പെടുത്തപ്പെട്ടതുമായി ഒത്തു വന്നിരിക്കുകയും ചെയ്യും..

## സാക്ഷ്യവാക്യം:

ആരാധ്യനായി അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ് (സ.അ) അല്ലാഹുവിന്റെ തിരുദൂതരുമാണെന്നും സ്വർഗ്ഗ, നരകങ്ങൾ യാഥാർത്ഥ്യമാണെന്നും ഞാനിതാ സാക്ഷ്യപ്പെടുത്തുന്നു. അന്ത്യനാൾ വരികതന്നെ ചെയ്യും. അതിൽ സന്ദേഹമില്ല. ഖബറുകളിലടക്കം ചെയ്യപ്പെട്ടവർ അന്ന് ഉയർത്തെഴുന്നേൽപിക്കപ്പെടും. അതിനുശേഷം വിചാരണയും പ്രതിഫലം നൽകപ്പെടലും ഉണ്ടായിരിക്കും. ഇക്കാര്യങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥത്തിലും പ്രവാചകവചനങ്ങളിലും പ്രഖ്യാപിച്ചിട്ടുണ്ടെന്നത് സത്യമാണെന്നു ഞാനിതാ സാക്ഷ്യപ്പെടുത്തുന്നു. ബുദ്ധിമാനും വിവേകിയുമായ താങ്കളേയും ഞാനിതാ ഈ സത്യസാക്ഷ്യത്തിലേക്കു ആത്മാർത്ഥമായി ക്ഷണിച്ചുകൊള്ളുന്നു. ഇത് പ്രഖ്യാപിക്കലും പ്രവൃത്തിയിലൂടെ സാക്ഷാൽകരിക്കലുമാണ് മോക്ഷത്തിന്റെ മാർഗ്ഗം.

## അദ്ധ്യായം രണ്ട്

# പ്രവാചകനെ പരിചയപ്പെടൽ

സ്രഷ്ടാവായ അല്ലാഹുവാണ് നിന്റെ നാഥനെന്നും കർമ്മങ്ങൾക്കുചിതമായ പ്രതിഫലം നൽകാൻ നിന്നെ പുനർജീവിപ്പിക്കുമെന്നും നീ ഗ്രഹിച്ചു കഴിഞ്ഞു. എനി നിന്നിലേക്കും അഖിലജനത്തിലേക്കുമായി അല്ലാഹു പ്രവാചകനെ നിയോഗിച്ചിരിക്കുന്നു എന്നുകൂടി ഗ്രഹിക്കുക. അദ്ദേഹത്തിന്റെ കൽപനകൾക്കു വിധേയനാകുവാനും അദ്ദേഹത്തെ പിന്തുടരുവാനും അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നു. ആ പ്രവാചകനെ പിന്തുടർന്നാലല്ലാതെ യഥാർത്ഥ രൂപത്തിലുള്ള ആരാധനകളും, അല്ലാഹുവിന്റെ ശരീഅത്തും (വിശ്വാസ, നിയമ, ജീവിത വ്യവസ്ഥ) ഗ്രഹിക്കാൻ മറ്റു മാർഗ്ഗമില്ലെന്നും അല്ലാഹു നമ്മെ ഉണർത്തിയിട്ടുണ്ട്. ആ മഹാനായ പ്രവാചകനിൽ വിശ്വസിക്കുകയും പിന്തുടരുകയും ചെയ്യൽ സർവ്വ മനുഷ്യരുടേയും ബാധ്യതയാണ്. അദ്ദേഹം അന്ത്യപ്രവാചകനാണ്. മൂസ(അ) യും ഈസാ(അ)യും സുവാർത്ത അറിയിച്ച, നിരക്ഷരനായ മുഹമ്മദ് (സ.അ) എന്ന സർവ്വ ജനത്തിലേക്കുമുള്ള പ്രവാചകനാണദ്ദേഹം. ജൂതരും, ക്രൈസ്തവരും പാരായണം ചെയ്തിരുന്ന മാറ്റത്തിരുത്തുകളും[1] കൃത്രിമങ്ങളും നടത്തപ്പെടും മുമ്പുണ്ടായിരുന്ന തൗറാത്തിലും ഇഞ്ചീലിലും (ബൈബിൾ പഴയ നിയമവും പുതിയ നിയമവും) നാൽപതിലധികം സ്ഥലങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മാന്യദേഹമാണദ്ദേഹം.

ആ മഹാനായ പ്രവാചകനോടെ പ്രവാചകത്വ ശൃംഖല അല്ലാഹു അവസാനിപ്പിച്ചു.അദ്ദേഹം ലോകജനതക്കാകമാനം നിയോഗിതനായി. ഭൂമുഖത്തെ

---

1.ബൈബിൾ പുതിയ, പഴയ നിയമങ്ങളിൽ വന്നിട്ടുള്ള മുഹമ്മദ് നബി(സ.അ) യെക്കുറിച്ച സുവാർത്തകൾ മഹാനായ ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ തന്റെ "ക്രിസ്തു മതം മാറ്റിമറച്ചവർക്കു വ്യക്തമായ മറുപടി "എന്ന ഗ്രന്ഥത്തിലെ 1-ാം വാള്യത്തിൽ വിശദമാക്കിയിട്ടുണ്ട്. ഇബ്നുൽ ഖയ്യിമിന്റെ 'ഹിദായത്തുൽ ഹയാറാ, ഇബ്നു ഹിശാമിന്റെ 'നബിചരിതം', ഇബ്നു കസീറിന്റെ 'പ്രവാചകത്വത്തിന്റെ അമാനുഷികത' എന്നീ ഗ്രന്ഥങ്ങളും പരിശോധിക്കുക.

ഏറ്റവും മാന്യ ഗോത്രമായ ഖുറൈശിയിൽ ഹാശിം വംശജനായി അബ്ദുൽ മുത്ത്വലിബിൻെറ മകൻ അബ്ദുല്ലയുടെ മകനായി ഭൂജാതനായ മാന്യനും സത്യസന്ധനുമായ മുഹമ്മദ്(സ.അ) ആണ് ആ പ്രവാചകൻ. അവിടുത്തെ വംശ പരമ്പര പ്രവാചകനായ ഇസ്മായിൽ(അ)ലൂടെ മഹാനായ ഇബ്രാഹിം(അ) ലെത്തിച്ചേരുന്നു. ക്രിസ്താബ്ദം 571ൽ മക്കായിലാണ് ആ അന്ത്യദൂതൻ ജനിച്ചു വളർന്നത്. "തൻെറ മാതാവിൻെറ ഗർഭാശയത്തിൽ നിന്ന് പുറത്തു വന്ന അതേ രാത്രിയിൽ മാലോകരെ അൽഭുതപ്പെടുത്തുമാർ ഒരു പ്രകാശ ജ്വാല പ്രപഞ്ച ത്തിലാകെ പടർന്നു.ചരിത്ര ഗ്രന്ഥങ്ങളിൽ മറ്റു പല സംഭവങ്ങളും അന്നുണ്ടായ തായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അതിപ്രകാരമാണ്. കഅബാലയത്തിലെ ഖുറൈശികളുടെപൂജാ വിഗ്രഹങ്ങൾ തലകുത്തിവീണു. പേർഷ്യൻ ചക്രവർത്തി യായ കിസ്റായുടെകൊട്ടാരം കുലുങ്ങി വിറച്ചു. പത്തോളം രാജപ്രധാനികൾ ബോധരഹിതരായി നിലംപൊത്തി. രണ്ടായിരം വർഷങ്ങളായി അനുസ്യൂതം അണയാതെ കത്തുകയായിരുന്ന പേർഷ്യക്കാർ പൂജിച്ചിരുന്ന അഗ്നിപെട്ടെന്നു പൊലിഞ്ഞുപോയത്രെ. ഇതെല്ലാം അല്ലാഹുവിങ്കൽ നിന്ന് ഭൂവാസികളോടുള്ള മുൻ വിളംബരമായിരുന്നിരിക്കാം."(അൽപം അതിശയോക്തിപരമായ ഈ റിപ്പോർട്ടുകൾ കുറ്റമറ്റ പരമ്പരകളിലൂടെ ഉദ്ധരിക്കപ്പെട്ടവയെല്ലെങ്കിലും പൊതുവെ "ചരിത്രകാരൻമാർ" ഉദ്ധരിക്കാറുണ്ട്. വിവർത്തകൻ)

അല്ലാഹുവിന്നു പുറമെ ആരാധിക്കപ്പെട്ടിരുന്ന വിഗ്രഹങ്ങളിതാ തുടച്ചു നീക്കപ്പെടാൻ പോകുന്നു. ഏകനായ അല്ലാഹുവിന്നു മാത്രമുള്ള ആരാധനയി ലേക്കും യഥാർത്ഥ മതത്തിലേക്കും റോമയും പേർഷ്യയും ക്ഷണിക്കപ്പെടാനി രിക്കുന്നു. അവരതിന്നു മുമ്പിൽവിലങ്ങു നിന്നാൽ ആ പ്രവാചകനും അനുയാ യികളും അവരുമായി പടപൊരുതുമെന്നും അപ്പോൾ അല്ലാഹുവിൻെറ സഹായം അവരെ തുണക്കുമെന്നും അങ്ങിനെ ആ മതം സർവ്വ പ്രദേശങ്ങളി ലേക്കും വ്യാപിക്കുമെന്നുമാണ് പ്രപഞ്ചമാസകലം പൊട്ടിവിടർന്ന പ്രകാശം നൽകുന്ന സൂചന. പിന്നീട് അപ്രകാരമെല്ലാം സംഭവിക്കുകയും ചെയ്തുവല്ലോ!

മുൻകാലങ്ങളിൽ അല്ലാഹു നിയോഗിച്ച ഇതര പ്രവാചകൻമാരിൽ നിന്ന് മുഹമ്മദ് നബി(സ.അ)ക്കുള്ള പ്രത്യേകതകൾ നമുക്ക് പരിശോ ധിക്കാം.

എനി ഒരു പ്രവാചക നിയോഗം ആവശ്യമില്ലാത്തവിധം അദ്ദേഹം അന്ത്യപ്ര വാചകനായി നിയോഗിക്കപ്പെട്ടു.

അദ്ദേഹത്തിൻെറ പ്രബോധനം മുഴുവൻ ജനതക്കും ബാധകമാക്കപ്പെട്ടിരി ക്കുന്നു. ലോകജനത മുഴുവൻ അദ്ദേഹത്തിൻെറ പ്രബോധിതരാണ്.

അദ്ദേഹത്തെ അനുസരിക്കുകയും പിന്തുടരുകയും ചെയ്തവർക്ക് സ്വർഗ്ഗവും ധിക്കരിച്ചവർക്ക് നരകവും നിശ്ചയിച്ചിരിക്കുന്നു. ജൂതരും ക്രൈസ്തവരും

അദ്ദേഹത്തെ പിന്തുടരാൻ ബാധ്യസ്ഥരാണ്. അവർ അദ്ദേഹത്തിൽ വിശ്വസിക്കാതിരിക്കുകയും പിന്തുടരാതിരിക്കുകയും ചെയ്താൽ മൂസാ(അ)യിലും ഈസാ(അ)യിലും മറ്റു മുൻ പ്രവാചകൻമാരിലെല്ലാവരിലും ഒന്നടങ്കം അവിശ്വസിച്ചവരായിത്തീരും. മൂസാ(അ)യും ഈസാ(അ)യും മറ്റു പ്രവാചകൻമാരും, മുഹമ്മദ് നബി (സ.അ)യെ പിന്തുടരാത്ത മുഴുവൻ മനുഷ്യരിൽനിന്നും ഒഴിവായവരാണ്. കാരണം, ആ പ്രവാചകൻമാരെല്ലാം മുഹമ്മദ് നബി(സ.അ)യുടെ നിയോഗത്തെക്കുറിച്ച് സുവാർത്ത നേരത്തെ അറിയിച്ചിട്ടുണ്ട്. അദ്ദേഹത്തെ നിയോഗിച്ചാൽ പൂർണ്ണമായും പിന്തുടരാൻ അവർ അവരുടെ അനുയായികളെ ഉൽബോധിപ്പിച്ചിട്ടുമുണ്ട്.

അദ്ദേഹം കൊണ്ടുവന്നിട്ടുള്ള മതം തന്നെയാണ് എല്ലാ പ്രവാചകൻമാരിലൂടെയും അല്ലാഹു പ്രബോധനം ചെയ്തിട്ടുള്ളത്. ആ മതത്തിൻെറ പൂർത്തീകരണ കർമ്മം അന്ത്യപ്രവാചകനിലൂടെ അല്ലാഹു നിറവേറ്റിയിരിക്കുകയാണ്.

മുഹമ്മദ് (സ.അ) യുടെ നിയോഗത്തോടെ മറ്റൊരു മതവും സ്വീകരിക്കാൻ ആർക്കും അവകാശമില്ലാതായിത്തീർന്നു. സമ്പൂർണ്ണമായ ഈ മതം മുൻകാല മതങ്ങളെയെല്ലാം ദുർബ്ബലപ്പെടുത്തിയിരിക്കയാൽ മറ്റു മതങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു. യഥാർത്ഥമതം സുരക്ഷിതമായി നിലകൊള്ളുകയും ചെയ്യുന്നു.

യഹൂത, ക്രൈസ്തവ മതങ്ങൾ അല്ലാഹു അവതരിപ്പിച്ച തനി രൂപത്തിൽ നിന്ന് എന്നോ വ്യതിചലിച്ചു പോയിരിക്കുന്നു. അതിനാൽ മുഹമ്മദ് നബി(സ.അ) യെ പിന്തുടർന്ന മുഴുവൻ പേരും മൂസ(അ)യേയും ഈസ(അ)യേയും മറ്റു പ്രവാചകൻമാരേയും പിൻപറ്റിയവരായി പരിഗണിക്കുന്നതാണ്. ഇസ്ലാമിന്നു പുറത്തുള്ളവർ മുഴുവനും മൂസായിലും ഈസായിലും മറ്റു നബിമാരിലും അവിശ്വസിച്ചവരായും പരിഗണിക്കപ്പെടും. അവർ സ്വയം ഞങ്ങൾ മൂസയേയും ഈസയേയും പിന്തുടർന്നവരാണെന്നവകാശപ്പെട്ടാലും ശരി. ഈ യാഥാർത്ഥ്യം ഗ്രഹിക്കുന്നതുകൊണ്ടാണ് ജൂത പുരോഹിതൻമാരിലേയും ക്രൈസ്തവ പണ്ഡിതൻമാരിലേയും ചിന്തകരും നിഷ്പക്ഷമതികളുമായ നല്ലവരെല്ലാം മുഹമ്മദ് നബി(സ.അ) യിൽ വിശ്വസിക്കുന്നതിലേക്കും ഇസ്‌ലാം സ്വീകരിക്കുന്നതിലേക്കും ധൃതിയിൽ കടന്നുവരുന്നത്.

മുഹമ്മദ് നബി (സ.അ) യുടെ പ്രവാചകത്വത്തിൻെറ സത്യസന്ധതക്കുള്ള ദൃഷ്ടാന്തങ്ങളായി ആയിരത്തിലധികം അമാനുഷിക സംഭവങ്ങൾ പ്രവാചക ചരിത്ര പണ്ഡിതൻമാർ ഉദ്ധരിച്ചിട്ടുണ്ട്. ചിലത് ഇവിടെ പ്രതിപാദിക്കാം.

'അദ്ദേഹത്തിൻെറ തോളെല്ലുകൾക്കിടിയിൽ "മുഹമ്മദ് റസൂലുല്ലാ" എന്ന് വ്യക്തമായി മുദ്രചെയ്യപ്പെട്ടിട്ടുള്ള-പാലുണ്ണി- പോലെമുഴച്ചുനിൽക്കുന്ന പ്രവാചക മുദ്ര'

ഉഷ്ണക്കാലത്ത് ചുട്ടുപൊള്ളുന്ന വെയിലിൽ പ്രവാചകൻ നടന്നു നീങ്ങുമ്പോൾ അദ്ദേഹത്തിനു തണലേകി കൂടെ നീങ്ങിക്കൊണ്ടിരുന്ന 'മേഘക്കുട'!

അദ്ദേഹത്തിന്റെ ഇരു കരങ്ങളിൽ കിടന്നു ചരൽക്കല്ലുകൾ ദൈവസ്തോത്രം ചെയ്തതും, വൃക്ഷങ്ങൾ പ്രവാചകന്നു സലാം ചൊല്ലിയതും.

അന്ത്യനാളടുക്കുമ്പോൾ സംഭവിക്കാനിരിക്കുന്ന ചില അടയാളങ്ങളെക്കുറിച്ച് മുൻ പ്രവചനങ്ങൾ. അവയിൽ പലതും ഇന്നു പുലർന്നുകൊണ്ടിരിക്കുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇത്തരം പ്രവചനങ്ങളിൽ സംഭവിച്ചു കഴിഞ്ഞത് പ്രവാചകന്റെ മരണശേഷം ഇന്നുവരെയുള്ള പണ്ഡിതന്മാർ അവരുടെ കൃതികളിൽ രേഖപ്പെടുത്തിരയിരിക്കുനനു (ഇബ്നുകസീറിന്റെ അന്നിഹായയിലും ഹദീസുഗ്രന്ഥങ്ങളിലെ കിതാബുൽ അഖ്ബാർ പോലുള്ള അദ്ധ്യായങ്ങളിലുമുള്ള പ്രതിപാദനങ്ങൾ.)

ഈ അമാനുഷിക സംഭവങ്ങൾ മുൻ കാലപ്രവാചകന്മാർക്കുണ്ടായിരുന്നവ പോലെയുള്ളതായിരുന്നു. എന്നാൽ മറ്റു പ്രവാചകന്മാർക്കൊന്നും നൽകപ്പെട്ടിട്ടില്ലാത്ത,ലോകാന്ത്യം വരെ കാലഘട്ടത്തിന്റെ താളുകളിൽ എന്നെന്നും നിലകൊള്ളുന്ന, കാലാതിവർത്തിയും ശാശ്വതവുമായ ഒരു മഹാ അമാനുഷികത കൊണ്ട് അല്ലാഹു അദ്ദേഹത്തെ പ്രത്യേകമായി തിരഞ്ഞെടുത്തിരിക്കുന്നു. ദൈവവചനമായ വിശുദ്ധ ഖുർആനാണത് കൃത്രിമക്കാരുടെ കയ്യേറ്റങ്ങൾക്കൊരിക്കലും വിധേയമായിട്ടില്ലാത്ത , ഒരക്ഷരമെങ്കിലും അതിൽ ഭേദഗതി വരുത്താൻ ആർക്കും ഇന്നോളം കഴിഞ്ഞിട്ടില്ലാത്ത, അതിന്റെ സംരക്ഷണംതന്നെ അല്ലാഹു നേരിട്ടേറ്റെടുത്തിട്ടുള്ള മഹത്തായ ഒരു ഗ്രന്ഥം. ലോകമുസ്ലിംകളുടെ കൈകളിലായി മില്യൻ കണക്കിൽ ഖുർആനിന്റെ പതിപ്പുകൾ നിലകൊള്ളുന്നു. അവയിൽ ഏതെങ്കിലുമൊന്നിൽ ഒരക്ഷരമെങ്കിലും പരസ്പരം വ്യത്യാസമില്ല. എന്നാൽ തൗറാത്തിന്റേയും ഇഞ്ചീലിന്റെയും കോപ്പികൾ തമ്മിൽ അജഗജാന്തരമാണുള്ളത് എന്നത് ഒരു സത്യം മാത്രമാണ്. കാരണം ജൂതരും ക്രൈസ്തവരും അവരുടെ ഗ്രന്ഥങ്ങളുമായി പന്താടുകയാണല്ലോ.

കോട്ടിമാട്ടലുകൾ എത്രയാണതിൽ സംഭവിച്ചിരിക്കുന്നത്. വാസ്തവത്തിൽ അതുസംരക്ഷിക്കാൻ അല്ലാഹു അവരെ ഏൽപിച്ചതായിരുന്നു. എന്നാൽ.......... പരിശുദ്ധ ഖുർആനിന്റെ സംരക്ഷണം അല്ലാഹു സ്വയം ഏറ്റു. മറ്റാർക്കും വിട്ടുകൊടുത്തില്ല. അക്കാര്യം ഖുർആനിൽ തന്നെ പ്രഖ്യാപിക്കുന്നു.

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ ﴿٩﴾

"നാമാണീ ഉൽബോധനം അവതരിപ്പിച്ചത്. നിശ്ചയം, നാം തന്നെ അതിനെ സംരക്ഷിക്കുന്നതുമാണ്.."(15:9)

## ഖുർആൻ - ദൈവ വചനം, മുഹമ്മദ് - അല്ലാഹുവിൻെറ ദൂതൻ. ബുദ്ധിയുടെ ഉരക്കല്ലിൽ

മുഹമ്മദ് നബി(സ.അ) അല്ലാഹുവിൻെറ പ്രവാചകനും പരിശുദ്ധ ഖുർആൻ ദൈവവചനവുമാണെന്നതിൻെറ യുക്തിപരവും പ്രമാണപരവുമായ തെളിവുകൾ:-

മുൻകാല ജനത അവരിലേക്ക് നിയോഗിതരായ പ്രവാചകന്മാരെനിരാകരിച്ചിരുന്നു. അപ്രകാരം മക്കയിലെ ഖുറൈശീ ബഹുദൈവവിശ്വാസികൾ മുഹമ്മദ് നബി(സ.അ)യേയും തള്ളിപ്പറഞ്ഞു. ഖുർആൻ ദൈവ വചനമല്ലെന്നവർ പറഞ്ഞു. അപ്പോൾ അല്ലാഹു അവരെ ശക്തിയായി വെല്ലുവിളിച്ചു ഈ ഖുർആനിനു തുല്യമായി നിങ്ങളുടെ ഭാഷയിൽതന്നെമറ്റൊന്നു കൊണ്ടു വരിക! നിങ്ങളാകട്ടെ ജനങ്ങളിലേറ്റവും ഉന്നതസാഹിത്യപ്രതിഭകൾ ഉജ്ജ്വല വാഗ്മികളും കൂറ്റൻ കവികളും നിങ്ങളിൽ നിരവധിയുണ്ടല്ലോ! അവരോടൊന്നടങ്കം ഖുർആൻ ഈ വെല്ലുവിളികൾ ഉയർത്തി. അവരുടെ പാളയത്തിൽ നിന്ന് പ്രതികരണങ്ങളില്ലെന്നു കണ്ടപ്പോൾ ഖുർആനിനുതുല്യമായി പത്ത് അദ്ധ്യായങ്ങൾ കൊണ്ടുവരാമോ എന്നായി അല്ലാഹു. അതിന്നും പ്രതികരണമുണ്ടായില്ല. എന്നാൽ ഒരു അദ്ധ്യായമെങ്കിലും സാധിക്കുമോ? അതിന്നും അവർ അസാധ്യരായിരുന്നു അപ്പോൾ ഖുർആൻ ശക്തമായ ഭാഷയിൽ ലോകത്തോട് വിളംബരം ചെയ്തു.

"(നബീ)പറയുക: മനുഷ്യരും ജിന്നുകളും ഈ ഖുർആനിന്നു തുല്യമായെന്നു(അക്ഷരാർത്ഥത്തിലും നിയമസംഹിതയിലുമെല്ലാം) കൊണ്ടുവരാനായി പരസ്പരം സഹായിച്ചു ഒരുങ്ങിപ്പുറപ്പെട്ടാലും അവർക്കൊരിക്കലും അതിന്നു സാധ്യമല്ല."(17:88)

قُل لَّئِنِ اجْتَمَعَتِ الْإِنسُ وَالْجِنُّ عَلَىٰ أَن يَأْتُوا بِمِثْلِ هَٰذَا الْقُرْآنِ
لَا يَأْتُونَ بِمِثْلِهِ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا ﴿٨٨﴾

ഖുർആൻ മുഹമ്മദിൻേറയോ മറ്റാരുടേയോ വചനങ്ങളായിരുന്നുവെങ്കിൽ ആ ഉന്നതസാഹിത്യകാരന്മാരിൽ ആർക്കെങ്കിലുമൊക്കെ ഖുർആനിനു തുല്യമായത് കൊണ്ടുവരാൻ ശ്രമിക്കാമായിരുന്നു പക്ഷെ, അവരിൽ ആർക്കും അതുകഴിഞ്ഞില്ല കാരണം അത്സാക്ഷാൽ ദൈവഭാഷണം തന്നെയായിരുന്നു. മനുഷ്യരുടെ മേൽ അല്ലാഹുവിന്നുള്ള ഔന്നിത്യസ്ഥാനം പോലെ മനുഷ്യസംഭാഷണങ്ങളുടെ മേൽ ഖുർആൻ വചനം അത്യുന്നതമായിത്തന്നെ നിലകൊള്ളുന്നു.

അല്ലാഹുവിന്നു തുല്യരായി ആരുമില്ലാത്തുപോലെ അവന്റെ വചനമായ ഖുർആനിന്നുതുല്യമായി മറ്റൊന്നുമില്ലതന്നെ. അതിനാൽ അല്ലാഹു വളരെ വ്യക്തമായി ഉൽഘോഷിക്കുന്നു.

"നിശ്ചയം ഖുർആൻ അല്ലാഹുവിന്റെ വചനങ്ങളും മുഹമ്മദ് അല്ലാഹുവിന്റെ തിരദൂതനുമാണ് അല്ലാഹുവിന്റെ ദൂതനല്ലാതെ അല്ലാഹുവിന്റെ വചനങ്ങൾ അവതരിപ്പിക്കുവാൻ കഴിയുകയില്ല."

مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن
رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ ۗ وَكَانَ ٱللَّهُ بِكُلِّ شَىْءٍ عَلِيمًا ﴿٤٠﴾

"മുഹമ്മദ് നിങ്ങളിലെ പുരുഷന്മാരിലാരുടെയെങ്കിലും പിതാവെല്ല. അദ്ദേഹം ദൈവദൂതനും അന്ത്യപ്രവാചകനുമാകുന്നു. അല്ലാഹു എല്ലാ കര്യങ്ങളും അറിയുന്നവനാകുന്നു".(33:40)

وَمَآ أَرْسَلْنَـٰكَ إِلَّا كَآفَّةً لِّلنَّاسِ
بَشِيرًا وَنَذِيرًا وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٢٨﴾

"(ഓ പ്രവാചകരെ) താങ്കളെ നാം സുവാർത്തകനും മുന്നറിയിപ്പുകാരനുമായിമുഴുവൻ ജനങ്ങളിലേക്കുമായിട്ട് നിയോഗിച്ചിരിക്കുന്നു. പക്ഷെ ജനങ്ങളിലധികവും കാര്യം അറിയുന്നില്ല".(34:28)

"താങ്കളെ ലോകർക്കുമുഴുവനും അനുഗ്രഹീതനായിട്ടല്ലാതെ അയച്ചിട്ടില്ല".(21:107)

وَمَآ أَرْسَلْنَـٰكَ إِلَّا رَحْمَةً لِّلْعَـٰلَمِينَ ﴿١٠٧﴾

മേൽസൂക്തങ്ങളുടെ ആശയം ഇങ്ങനെ സംഗ്രഹിക്കാം:-

നിശ്ചയമായും മുഹമ്മദ് (സ.അ) മുഴുവൻ മനുഷ്യരിലേക്കുമുള്ള അല്ലാ

ഹുവിൻെറ ദൂതനാകുന്നു. അദ്ദേഹം അന്ത്യപ്രവാചകനാണ്. എനി ഒരു പ്രവാചകനിയോഗമില്ല. അല്ലാഹുവിന്നു ജനങ്ങളെ ഉൽബോധിപ്പിക്കേണ്ട വൃത്താന്തങ്ങൾക്ക് (റിസാലത്തിന്ന്) അദ്ദേഹത്തെ തിരഞ്ഞെടുത്ത് അയച്ചിരിക്കുകയാണ്. ജനനൻമ നന്നായി അറിയുന്ന അല്ലാഹു അദ്ദേഹത്തെ പ്രവാചക ശൃംഖലകളിലെ അവസാനക്കണ്ണിയാക്കി. മാലോകരിലേക്കുമുഴുവനും കറുത്തവനും, വെളുത്തവനും അറബിക്കും അനറബിക്കുമെല്ലാം ബാധകമായ ദൗത്യവുമായി ജനങ്ങളധികവും ഈ യാഥാർത്ഥ്യം ഗ്രഹിക്കാൻ തുനിയാതെ വ്യതിചലിക്കുകയും പ്രവാചകനെ പിന്തുടരാതെ അവിശ്വാസികളായിത്തീരുകയും ചെയ്യുന്നു. എന്നാൽ അദ്ദേഹം ലോകത്തിന്നു തന്നെ ഒരു അനുഗ്രഹീതനായിട്ടാണ് നിയോഗിക്കപ്പെട്ടിട്ടുള്ളത്. അതാകട്ടെ മനുഷ്യരോടുള്ള സ്രഷ്ടാവിൻെറ കരുണയാലും ആദരവിനാലും. അതിനാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും പിന്തുടരുകയും ചെയ്തവൻ അല്ലാഹുവിൻെറ കാരുണ്യം ഏറ്റുവാങ്ങുന്നു. സ്വർഗ്ഗവും നേടുന്നു. അവിശ്വസിക്കുകയും പിന്തിരിയുകയും ചെയ്തവൻ അല്ലാഹുവിൻെറ കരുണ വേണ്ടെന്ന് വെക്കുകയും നരകത്തിന്നർഹത നേടുകയും ചെയ്യുന്നു. അങ്ങിനെ ശാശ്വത ശിക്ഷ സ്വയം സ്വീകരിക്കുകയും ചെയ്യുന്നു.

## വിശ്വാസത്തിലേക്കൊരു ക്ഷണം.

വിവേകിയായ താങ്കളെ, നാഥനായ അല്ലാഹുവിലേക്കും, മുഹമ്മദ് നബി(സ.അ) താങ്കളുടെ പ്രവാചകനാണെന്നുമുള്ള വിശ്വാസത്തിലേക്കും ക്ഷണിച്ചു കൊള്ളുന്നു. ആ പ്രവാചകനെ പിന്തുടരുന്നതിലേക്കും അല്ലാഹു നിശ്ചയിച്ചനുഗ്രഹിച്ച അവൻെറ ശരീഅത്തിലേക്കും-അതാണ് ഇസ്ലാം - അതിൻെറ ഉറവിടം ഖുർആനും നബിചര്യയുമാണ് - ക്ഷണിച്ചുകൊള്ളുന്നു. ആ പ്രവാചകൻ പാപസുരക്ഷിതനായിരുന്നു. ദൈവ കൽപന കൂടാതെ അദ്ദേഹം ഒന്നും കൽപിച്ചിട്ടില്ല. അല്ലാഹു നിരോധിക്കാത്തതൊന്നും അദ്ദേഹം നിരോധിച്ചിട്ടില്ല. നിൻെറ തുറന്ന, നിഷ്കളങ്ക ഹൃദയത്തോടെ പ്രഖ്യാപിച്ചു കൊള്ളുക.

> "എൻെറ രക്ഷിതാവ് ആരാധനക്കർഹനായ ഏകനായ അല്ലാഹു മാത്രമാകുന്നു. നിശ്ചയം, മുഹമ്മദ് നബി(സ.അ) എൻെറ മാതൃകാപുരുഷനായ അല്ലാഹുവിൻെറ ദൂതനാകുന്നുഎന്നും ഞാനിതാ സാക്ഷ്യം വഹിക്കുന്നു ഞാനദ്ദേഹത്തെ പിന്തുടരുന്നതാണെന്നും ഇതാ അടിയുറച്ചു പ്രഖ്യാപിക്കുന്നു."

ഈ വിശ്വാസ പ്രഖ്യാപനവും അതിന്നനുസൃത പ്രവർത്തനവുമില്ലെങ്കിൽ നിനക്കൊരിക്കലും മോക്ഷം ലഭിക്കുകയില്ലെന്നു ഞാനുണർത്തട്ടെ. എനിക്കും നിങ്ങൾക്കും അല്ലാഹു മോചനവും വിജയവും നൽകുമാറാകട്ടെ.

O

## അദ്ധ്യായം മൂന്ന്

# യഥാർത്ഥ മതം - ഇസ്‌ലാം

നിൻെറ രക്ഷിതാവ് ഏകനും പങ്കുകാരാരുമില്ലാത്ത സ്രഷ്ടാവായ അല്ലാഹുവാണെന്നും അവനെ മാത്രമേ ആരാധിക്കാവൂ എന്നും നീ മനസ്സിലാക്കി. മുഹമ്മദ് (സ.അ) നിനക്കും മനുഷ്യവംശത്തിനും ആകമാനമായുള്ള പ്രവാചകനാണെന്നും നീ ഉൾക്കൊണ്ടു കഴിഞ്ഞു. അടുത്തതായി, ഇസ്ലാം മതത്തിലുള്ള നിൻെറ അടിയുറച്ച വിശ്വാസം കൊണ്ടും അതിന്നനുസൃത കർമ്മങ്ങൾ കൊണ്ടുമല്ലാതെ അല്ലാഹുവിലും പ്രവാചകനിലുമുള്ള നിൻെറ ഈ വിശ്വാസം സാക്ഷാൽകൃതമാകുകയില്ല എന്നുകൂടി ഗ്രഹിക്കുക. കാരണം ഇസ്‌ലാം, അല്ലാഹു തൃപ്തിപ്പെട്ട അവൻെറ പ്രവാചകൻമാരോട് അനുവർത്തിക്കാൻ കൽപിച്ച, അന്ത്യപ്രവാചകനിലൂടെ പൂർത്തിയാക്കിയ, മുഴുവൻ മനുഷ്യർക്കുമുള്ള മതമാണ് എന്നതുതന്നെ.

## ഇസ്‌ലാം എന്നാൽ

അന്ത്യ പ്രവാചകൻ മുഹമ്മദ് (സ.അ) പറഞ്ഞു: ഇസ്ലാമെന്നാൽ - ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ് (സ.അ) അവൻെറ ദൂതനാണെന്നും നീ സാക്ഷ്യം വഹിക്കലും നമസ്കാരം നിലനിർത്തലും, സക്കാത്തു നൽകലും, റമളാനിൽ നോമ്പനുഷ്ഠിക്കലും സാധ്യമായാൽ ഹജ്ജ് കർമ്മം ചെയ്യലുമാകുന്നു. (ബുഖാരി, മുസ്ലിം).

ഇസ്‌ലാം അഖിലലോകമതമാണ്. ദൈവപ്രവാചകൻമാർ എല്ലാവരുടേയും അവരുടെ ജനതയുടേയും മതം അതായിരുന്നു. ആ ദൂതൻമാരെല്ലാം ഇതംഗീകരിക്കുകയും ദൈവാജ്ഞയോടെ അവരുടെ ജനതയോട് ഇക്കാര്യം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇത് മാത്രമാണ് യഥാർത്ഥ മതം (ദീൻ) എന്നും ഇതെല്ലാത്തതെല്ലാം അല്ലാഹുവിങ്കൽ സ്വീകാര്യമല്ലെന്നും അല്ലാഹു ഖുർആനിലും ഉണർത്തിയിട്ടുണ്ട്. (3:19)

"ഇസ്ലാമല്ലാത്ത മതം ആരാഗ്രഹിക്കുന്നുവോ അവനിൽനിന്ന്

അതൊരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. അവൻ പരലോകത്തിൽ നഷ്ടക്കാരിൽ പെട്ടവനായിരിക്കുകയും ചെയ്യും"(വി. ഖു:3:85).

وَمَن يَبْتَغِ غَيْرَ ٱلْإِسْلَٰمِ
دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِى ٱلْءَاخِرَةِ مِنَ ٱلْخَٰسِرِينَ ﴿٨٥﴾

മുസ്ലിമായി ജീവിച്ചവനുമാത്രമേ മരണാനന്തരം മോക്ഷം ലഭിക്കുകയുള്ളൂ. അല്ലാത്തവർ പരലോകത്തു നഷ്ടക്കാരും നരകശിക്ഷ ഏൽക്കേണ്ടി വരുന്നതുമാണ്. ഇക്കാരണത്താലാണ് എല്ലാ പ്രവാചകൻമാരും ഇസ്ലാമിനോടുള്ള വിധേയത്വം പ്രഖ്യാപിച്ചതും അത് അംഗീകരിക്കാത്തവരിൽ നിന്ന് അവർ ഒഴിഞ്ഞതും. അതിനാൽ ജൂതരോ ക്രൈസ്തവരോ മോക്ഷം ആഗ്രഹിക്കുന്നുവെങ്കിൽ ഇസ്ലാം അവർ സ്വീകരിക്കുകയും മുഹമ്മദ് നബി(സ.അ) യെ പിന്തുടരുകയും ചെയ്തുകൊള്ളട്ടെ. എങ്കിൽ അവർക്ക് മൂസാ (അ)യുടേയും ഈസാ(അ)യുടേയും യഥാർത്ഥ അനുയായികളാകാം. മൂസയും ഈസയും മുഹമ്മദും മറ്റു പ്രവാചകൻമാരും (അ)ജനങ്ങളെ ക്ഷണിച്ചതും ഇസ്ലാമിലേക്കുതന്നെയായിരുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള മതം അതു മാത്രമായിരുന്നു. മുഹമ്മദ് (സ.അ) അന്ത്യപ്രവാചകനായാൽ അദ്ദേഹത്തിന്റെ ദൗത്യത്തിനുശേഷം ലോകാന്ത്യംവരെയുള്ള എല്ലാ മനുഷ്യർക്കും ഇതെല്ലാതെ മതമില്ല. ഞാൻ ഒരു മുസ്ലിമാണെന്നു സ്വയം വാദിക്കുകയും എന്നിട്ട് മുഹമ്മദ് നബി (സ.അ) യെ വിശ്വസിക്കുകയോ അദ്ദേഹത്തെ പിന്തുടരുകയോ ഖുർആൻ സ്വീകരിക്കുകയോ ചെയ്യാതിരിക്കുകയോ ചെയ്യാതിരിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിയും അവിശ്വാസിയായിരിക്കുമെന്നു ഖുർആൻ പ്രഖ്യാപിച്ചിട്ടുണ്ട്.

"(പ്രവാചകരെ,)പറയൂ. നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്ന പക്ഷം എന്നെ പിന്തുടരുക. അല്ലാഹു നിങ്ങളെ സ്നേഹിക്കും. നിങ്ങളുടെ പാപങ്ങൾ അവൻ പൊറുത്തുതരും. അല്ലാഹു പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു." (3:31)

قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ
فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ

അല്ലാഹുവിനെ സ്നേഹിക്കുന്നുവെന്ന് വാദിക്കുന്നവരോട് ഉണർത്തുവാൻ അല്ലാഹു നബിയോട് ആജ്ഞാപിക്കുന്നു. യഥാർത്ഥത്തിൽ നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ പിൻ പറ്റുകകയാണ് വേ

ണ്ടത്. എങ്കിൽ നിങ്ങളെ അല്ലാഹു സ്നേഹിക്കുകയും നിങ്ങൾക്കു പൊറുത്തു തരികയും ചെയ്യും. മുഹമ്മദ് (സ.അ.)ൽ വിശ്വസിക്കുകയും ഇസ്ലാം അംഗീകരിക്കലുമാണ് ദൈവ സ്നേഹം ലഭിക്കാൻ ചെയ്യേണ്ടത്. ഇസ്ലാം സമ്പൂർണ്ണവും തൻെറ ദാസൻമാർക്ക് അല്ലാഹു അംഗീകരിച്ചു തൃപ്തിപ്പെട്ടിട്ടുളളതുമായ മതമാണ്. മറ്റു മതങ്ങൾക്ക് അവൻെറയടുത്തു അംഗീകാരമില്ല. ഈ പ്രവാചകനെ സ്വീകരിക്കാൻ മറ്റു പ്രവാചകൻമാരിലൂടെ മുമ്പേ വിളംബരപ്പെടുത്തിയതുമാണ്.

"ഇന്നു നിങ്ങളുടെ മതം നിങ്ങൾക്കു സമ്പൂർണ്ണമാക്കിത്തന്നിരിക്കുന്നു. എൻെറ അനുഗ്രഹം നിങ്ങളിൽ നിവർത്തിച്ചിരിക്കുന്നു. ഇസ്ലാമിനെ മതമായി നിങ്ങൾക്കു നാം തൃപ്തിപ്പെട്ടിരിക്കുന്നു."(5:3)

ٱلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ
عَلَيْكُمْ نِعْمَتِى وَرَضِيتُ لَكُمُ ٱلْإِسْلَٰمَ دِينًا

ഈ വിശുദ്ധ വചനം മുഹമ്മദി (സ.അ)ന്ന് അവതരിപ്പിക്കപ്പെട്ടത്, അദ്ദേഹം മക്കായിലെ അറഫാ മൈതാനിയിൽ തൻെറ അവസാനത്തെ ഹജ്ജ് കർമ്മവേളയിൽ മുസ്ലിംകളോടൊപ്പം നിന്നുകൊണ്ട് പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുമ്പോഴായിരുന്നു. നബിയുടെ ജീവിത കാലാന്ത്യമായിരുന്നു അത്. അല്ലാഹുവിൻെറ അനുഗ്രഹത്താൽ ഇസ്ലാം വ്യാപകമായശേഷം ഖുർആനിൻെറ അവതരണ സമാപ്തി കുറിച്ചുകൊണ്ട് ഈ മതം സമ്പൂർണ്ണമായിക്കഴിഞ്ഞു. അല്ലാഹു അവൻെറ അടിമകളോടുളള അനുഗ്രഹം പൂർത്തീകരിച്ചു. മറ്റു മതങ്ങൾക്കൊന്നുമില്ലാത്ത ഉൽകൃഷ്ടത ഈ മതം പ്രാപിച്ചു കഴിഞ്ഞു.ഈ മതമല്ലാത്തതൊന്നും അല്ലാഹുവിങ്കൽ എനി സ്വീകാര്യമല്ല. എന്നെല്ലാം വിളംബരപ്പെടുത്തുകയാണീ സൂക്തം.

കാലദേശാ, ഭാഷാതിവർത്തിയായി ഇത് എന്നെന്നും നിലകൊളളുമെന്നും എക്കാലത്തുമുളള ജനതക്കും ഇത് സമ്പൂർണ്ണ നന്മ മാത്രമേ ചൊരിയുകയുളളൂവെന്നും ഉണർത്തുകയാണ് അല്ലാഹു. വിജ്ഞാനം, ലാളിത്യം, സമത്വം, നന്മ എന്നിവ ഇതിൻെറ മുഖമുദ്രയാകുന്നു. വ്യക്തവും സമ്പൂർണ്ണവുമായ, ജീവിതത്തിൻെറ നിഖിലമേഖലകളിലേക്കുമുളള സുരക്ഷിത പാതയൊരുക്കുന മതം! സാമ്പത്തികവും, സാമൂഹ്യവും, സാംസ്കാരികവും, വ്യക്തിഗതവും, മതപരവും, രാഷ്ട്രീയപരവുമായ മുഴുവൻ കാര്യങ്ങൾക്കും അതു വ്യക്തമായി വഴിതെളിയിച്ചു തരുന്നു. ഇഹലോകത്തു മനുഷ്യൻെറ മുഴുവൻ പ്രശ്നങ്ങൾക്കും അടിസ്ഥാന പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിന്നു പുറമേ പരലോകത്തിലെ സമ്പൂർണ്ണ മോക്ഷത്തിന്നാവശ്യമായതും ഈ മതം സംഭാവന ചെയ്തിരിക്കുന്നു.

**ഇസ്‌ലാമിക സ്തംഭങ്ങൾ:** ഈ സമ്പൂർണ്ണ മതം അഞ്ചു സ്തംഭങ്ങളിലാണ് പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. ഒരാൾ യഥാർത്ഥ മുസ്ലി മാകാൻ ഇത് വിശ്വസിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ട താണ്.

1. ആരാധ്യനായി അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്നും, മുഹ മ്മദ് (സ.അ) അല്ലാഹുവിൻെറ തിരുദൂതനാണെന്നും സ്വയം സാക്ഷി നിൽക്കൽ.

2. നമസ്കാരം മുറപ്രകാരം നില നിർത്തൽ.

3. സകാത്തു നൽകൽ.

4. റമളാൻ മാസത്തിൽ നോമ്പനുഷ്ഠിക്കൽ.

5. മാർഗ്ഗങ്ങളെല്ലാം ഒത്തവൻ കഅബായിൽ പോയി ഹജ്ജ് ചെയ്യൽ [1]

ഒരു മുസ്‌ലിം അനിവാര്യമായും മനസ്സിലാക്കേണ്ടതും പ്രവർത്തന പദത്തിൽ കൊണ്ടുവരേണ്ടതുമായ കാര്യമാണ് - സാക്ഷ്യവാക്യത്തിലെ 'ലാഇലാഹ ഇല്ലല്ലാഹ്' എന്നതും 'മുഹമ്മദ് റസൂലുല്ലാ' എന്നതും. ആശയ മറിയാതെ ഇവ നാവുകൊണ്ട് ഉരുവിടലും പ്രവർത്തനത്തിൽ അതില്ലാതി രിക്കലും യാതൊരു ഫലവും ചെയ്യുകയില്ല. 'ലാഇലാഹ ഇല്ലല്ലാഹ് 'എന്നതിൻെറ യഥാർത്ഥ ആശയം ഇങ്ങിനെ സംഗ്രഹിക്കാം.

ഭൂമിയിലോ ആകാശങ്ങളിലോ അല്ലാഹു അല്ലാതെ ആരാധനക്കർഹ നായി മറ്റാരുമില്ല. അവൻ മാത്രമാണ് യഥാർത്ഥ ആരാധ്യൻ. മറ്റെല്ലാ ദൈവങ്ങളും മിഥ്യയാണ്. 'ഇലാഹ്' എന്ന വാക്കിനർത്ഥം - 'ആരാധ്യൻ' (മഅബൂദ്) എന്നാണ്. അല്ലാഹുവിനെയെല്ലാതെ ആരാധിക്കുന്നവൻ ദൈവ നിഷേധിയും അല്ലാഹുവിൽ പങ്കാളിയെ നിശ്ചയിക്കുന്നവനുമാണ്. ആരാ

---

1. നബി (സ.അ) പറഞ്ഞു: ഇസ്ലാം അഞ്ചു സ്തംഭങ്ങളിൽ പടുത്തുയർത്തപ്പെട്ടിരി ക്കുന്നു. ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും, മുഹമ്മദ് (സ.അ) അല്ലാഹുവിൻെറ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക. നമസ്കാരം നില നിർത്തുക. സകാത്ത് നൽകുക. റമളാനിൽ വ്രതമനുഷ്ഠിക്കുക. ഹജ്ജ് കർമ്മം നിർവ്വഹിക്കുക എന്നിവയാണവ. (ബുഖാരി മുസ്ലിം) വിശുദ്ധ ഖുർആനിൽ നിന്നുളള രേഖകൾ വഴിയെ ഉദ്ധരിക്കാം.

ധിക്കപ്പെടുന്നത് പ്രവാചകനോ പുണ്യപുരുഷനോ ആയാലും ശരി. അല്ലാഹുവിലേക്കടുപ്പിക്കുന്നവരെന്നോ അല്ലാഹുവിൻേറയും അവൻെറയുമിടയിൽ മധ്യവർത്തിയെന്ന നിലക്കോ ആയാലും ശരി. പ്രവാചകൻ പടപൊരുതിയ ബഹുദൈവ വിശ്വാസികൾ പ്രവാചകൻമാരെയും പുണ്യവാളൻമാരെയും നേരിട്ട് ആരാധിച്ചിരുന്നില്ല. മേൽ പറഞ്ഞ തലതിരിഞ്ഞ തള്ളപ്പെടേണ്ട തെളിവ് മാത്രമാണവരുടെ പക്കലുണ്ടായിരുന്നത്.

അല്ലാഹുവിലേക്കടുക്കുവാനുള്ള മാർഗ്ഗം അല്ലാഹു അല്ലാത്തവരെ ആരാധിക്കലല്ല. മറിച്ച്, അല്ലാഹുവിൻെറ ഉൽകൃഷ്ടനാമങ്ങൾ, വിശേഷങ്ങൾ, നമസ്കാരം, ദാന ധർമ്മങ്ങൾ, ദൈവസ്തോത്രങ്ങൾ, വ്രതാനുഷ്ഠാനം, ജിഹാദ്, ഹജ്ജ് കർമ്മം, മാതാപിതാക്കൾക്ക് നന്മ ചെയ്യൽ, ജീവിച്ചിരിക്കുന്ന സത്യ വിശ്വാസി പ്രാർത്ഥിക്കുമ്പോൾ തൻെറ കൂട്ടുകാരനു വേണ്ടിയും പ്രാർത്ഥിക്കൽ മുതലായവയിലൂടെയാണ് അല്ലാഹുവുമായി അടുക്കേണ്ടത്. ആരാധനക്ക് നിരവധി വിഭാഗങ്ങളുണ്ട്. അതിൽ ചിലത് പറയട്ടെ.

**പ്രാർത്ഥന:** അല്ലാഹുവിന്നല്ലാതെ മറ്റാർക്കും ചെയ്തുതരാൻ സാധിക്കാത്ത കാര്യങ്ങൾ ആവശ്യപ്പെടലാണല്ലോ പ്രധാനമായും പ്രാർത്ഥന. ഉദാഹരണം: മഴ വർഷിപ്പിക്കൽ, രോഗസൗഖ്യം. സൃഷ്ടികൾക്ക് രക്ഷപ്പെടുത്താൻ കഴിയാത്ത വിപത്തുകളിൽ നിന്നുള്ള രക്ഷ, സ്വർഗ്ഗം നൽകൽ, നരകമോചനം, സന്താന സൗഭാഗ്യം, ജീവിതമോക്ഷം എന്നിത്യാദികാര്യങ്ങൾ. ഇവ അല്ലാഹുവിനോടല്ലാതെ ആവശ്യപ്പെടാവതല്ല. ജീവിച്ചിരിക്കുന്നവരോടോ ഇവ ചോദിക്കൽ അവർക്കുള്ള ആരാധനയായി മാറും. അല്ലാഹുവിനെ മാത്രമേ വിളിച്ചു പ്രാർത്ഥിക്കാവൂ എന്നു അല്ലാഹു തന്നെ തൻെറ അടിമകളോട് കല്പിച്ചിരിക്കുന്നു. പ്രാർത്ഥന ആരാധനയാണെന്നും അത് മറ്റുള്ളവർക്ക് അർപ്പിച്ചവൻ നരകാവകാശിയാണെന്നും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു.

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു. നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായി നരകത്തിൽ പ്രവേശിക്കുന്നതാണ്." (40:60)

وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ
إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ

അല്ലാഹുവിന്നു പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർക്ക്

ഉപകാരം ചെയ്തുതരുവാനോ ഉപദ്രവം തടുക്കുവാനോ കഴിയില്ല. അവർ പ്രവാചകൻമാരോ പുണ്യപുരുഷൻമാരോ ആയാലും ശരി. അല്ലാഹു പറയുന്നു.

(നബിയേ) പറയുക, അല്ലാഹുവിന്നു പുറമേ നിങ്ങൾ (ദൈവങ്ങളെന്നു) വാദിച്ചു പോന്നവരെ നിങ്ങൾ വിളിച്ചു നോക്കൂ. നിങ്ങളിൽ നിന്ന് ഉപദ്രവം നീക്കുവാനോ (നിങ്ങളുടെ സ്ഥിതിക്കു) മാറ്റം വരുത്തുവാനോ ഉള്ള കഴിവ്, അവരുടെ അധീനത്തിലില്ല. (17:56)

قُلِ ٱدْعُوا۟ ٱلَّذِينَ زَعَمْتُم مِّن دُونِهِۦ فَلَا
يَمْلِكُونَ كَشْفَ ٱلضُّرِّ عَنكُمْ وَلَا تَحْوِيلًا ﴿٥٦﴾

"നിശ്ചയം, പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ചു പ്രാർത്ഥിക്കരുത്." (72:18)

وَأَنَّ ٱلْمَسَٰجِدَ لِلَّهِ فَلَا تَدْعُوا۟ مَعَ ٱللَّهِ أَحَدًا ﴿١٨﴾

ബലി, നേർച്ച, വഴിപാടുകൾ, ഖുർബാൻ എന്നിവയും ആരാധനയിൽ പെടുന്നവയാണ്. അതിനാൽ ബലി കർമ്മങ്ങൾ, ഖുർബാനുകൾ, നേർച്ച വഴിപാടുകൾ മുതലായ ദൈവസാമീപ്യത്തിന്നു മനുഷ്യർ സ്വീകരിക്കാറുള്ള കർമ്മങ്ങളെല്ലാം അല്ലാഹുവിന്നു വേണ്ടിയല്ലാതെ നിർവ്വഹിക്കാവതല്ല. ഏതെങ്കിലും ശവകുടീരത്തിലുള്ളവർക്കോ, ജിന്നുകൾക്കോ മറ്റോ ഒരാൾ ബലി നടത്തിയാൽ അല്ലാഹു അല്ലാത്തവനെ അവൻ ആരാധിച്ചവനായി ത്തീർന്നു. അല്ലാഹുവിൻെറ ശാപം അവനിലുണ്ടാകും.

"പറയുക: നിശ്ചയം, എൻെറ പ്രാർത്ഥനയും ബലി കർമ്മങ്ങളും, എൻെറ ജീവിതവും എൻെറ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുവേണ്ടിയാകുന്നു. അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പ്പെടുന്നതിൽ ഞാൻ ഒന്നാമനാണ്. " (6:162, 163)

قُلْ إِنَّ صَلَاتِى وَنُسُكِى وَمَحْيَاىَ وَمَمَاتِى لِلَّهِ
رَبِّ ٱلْعَٰلَمِينَ ﴿١٦٢﴾ لَا شَرِيكَ لَهُۥ ۖ وَبِذَٰلِكَ أُمِرْتُ وَأَنَا۠ أَوَّلُ ٱلْمُسْلِمِينَ ﴿١٦٣﴾

നബി (സ.അ)പറഞ്ഞു: ( لعن الله من ذبح لغير الله ) ، رواه مسلم

"അല്ലാഹു അല്ലാത്തവർക്ക് ബലി നടത്തിവനെ അല്ലാഹു ശപിച്ചിരിക്കുന്നു. " (മുസ്ലിം).

എനിക്ക് ഇന്ന കാര്യം ലഭിച്ചാൽ ഇന്ന വ്യക്തിക്കുവേണ്ടി നേർച്ചയായി ഞാൻ ഇത്ര ധർമ്മം ചെയ്യുന്നതാണ്. അല്ലെങ്കിൽ ഇന്ന കാര്യം പ്രവർത്തിക്കുന്നതാണ്. എന്നിങ്ങനെ ഒരാൾ നേർച്ചനേർന്നാൽ അത് ശിർക്കി(ബഹുദൈവത്വം)ൻെറ ഗണത്തിൽ പെടുന്നതാണ്. കാരണംആ നേർച്ച സൃഷ്ടികൾക്കുളളതാണ്. നേർച്ചയാകട്ടെ ആരാധനയും. ആരാധന അല്ലാഹുവിന്നല്ലാതെ മറ്റാർക്കും അർഹിക്കുന്നില്ല.

എനിക്ക് ഇന്ന കാര്യം സാധ്യമായാൽ അല്ലാഹുവിന്നുവേണ്ടി ഞാൻ ധർമ്മം ചെയ്യും. അല്ലെങ്കിൽ അല്ലാഹു അനുവദിച്ച കാര്യങ്ങളിൽ ഇന്ന കാര്യം ഞാൻ പ്രവർത്തിക്കുന്നതാണ് എന്നു ഞാൻ നേർന്നിരിക്കുന്നു എന്ന രൂപമാണ് നിയമവിധേയമായ ഇസ്ലാമിക നേർച്ച.

ശരണം തേടൽ, സഹായാഭ്യർത്ഥന, കാവൽ ചോദിക്കൽ എന്നിവയും ആരാധന(ഇബാദത്ത്)യിൽ പ്പെടുന്നു. അതിനാൽ ഇവകളും അല്ലാഹുവിന്നല്ലാതെ(ആത്യന്തികമായി) പാടില്ല. അല്ലാഹു പറയുന്നു:

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ

"നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോടുമാത്രം ഞങ്ങൾ സഹായമർത്ഥിക്കുന്നു."(1:4)

قُلْ أَعُوذُ بِرَبِّ ٱلْفَلَقِ ﴿١﴾ مِن شَرِّ مَا خَلَقَ ﴿٢﴾

"(നബീ)പറയുക: പ്രഭാതത്തിൻെറ നാഥനിൽ ഞാൻ ശരണം തേടുന്നു. അവൻ സൃഷ്ടിച്ചിട്ടുളളവയുടെ കെടുതിയിൽ നിന്ന്. "(113:1,2)

നബി(സ.അ) പറയുന്നതും കാണുക:

( إنه لا يستغاث بي وإنما يستغاث بالله ) حديث رواه الطبراني

"നിശ്ചയം, എന്നെക്കൊണ്ടല്ലാ സഹായഭ്യർത്ഥന ചെയ്യപ്പെടേണ്ടത്. അല്ലാഹുവിനെ കൊണ്ട് മാത്രമേ സഹായാഭ്യർത്ഥന ചെയ്യപ്പെടുകയുള്ളൂ. " (ത്വബ്റാനി)

وقال صلى الله عليه وسلم : ( إذا سألت فاسأل الله وإذا استعنت فاستعن بالله ) حديث صحيح رواه الترمذي

"നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിച്ചു കൊള്ളുക. നീ സഹായഭ്യർത്ഥന നടത്തുന്നുവെങ്കിൽ അല്ലാഹുവിനോട് സഹായഭ്യർത്ഥന നടത്തുക." (തിർമുദി)

ജീവിച്ചിരിക്കുന്ന, ഹാജറുള്ളവരോട് അയാളുടെ പരിധിയിലും കഴിവിലും പെട്ട കാര്യങ്ങൾ ചോദിക്കുന്നതും സഹായഭ്യർത്ഥന നടത്തുന്നതും അനുവദനീയവും വിരോധിക്കപ്പെടാത്തതുമാണ്. എന്നാൽ അദൃശ്യരീതിയിൽ കാവൽ - ശരണം - ചോദിക്കൽ അല്ലാഹുവിനോട് മാത്രമല്ലാതെ പാടില്ല. മയ്യിത്തോ അദൃശ്യമായവരോ സഹായഭ്യർത്ഥന ചെയ്യപ്പെടുന്നവരല്ല. കാരണം അവർ ഒന്നും ഉടമയാക്കുന്നില്ല. അവർ വലിയ്യോ മലക്കോ ആയാലും ശരി. അദൃശ്യം അല്ലാഹു അല്ലാതെ ആരും അറിയുകയില്ല. ഒരാൾ അദൃശ്യം അറിയുമെന്നു വാദിച്ചാൽ അയാൾ കാഫിർ (അവിശ്വാസി) ആയിത്തീരുന്നതാണ്. അവൻെറ വാക്കുകൾ സ്വീകാര്യവുമല്ല. ഒരാൾ ജോൽസ്യം നടത്തി പ്രവചിച്ചു. അത്പോലെ സംഭവിച്ചെന്നിരുന്നാലും അത് യാദൃശ്ചികമെന്നു നിനക്കാനെ തരമുള്ളൂ. മുഹമ്മദ് നബി(സ.അ) പറഞ്ഞു.:

"ആരെങ്കിലും ജോൽസ്യനേയോ ശകുനം നോക്കുന്നവനേയോ സമീപിക്കുകയും അയാൾ പറയുന്നതു വിശ്വസിക്കുകയുംചെയ്താൽ മുഹമ്മദിന്നവതരിപ്പിക്കപ്പെട്ടതിൽ അവൻ അവിശ്വസിച്ചിരിക്കുന്നു" (അഹ്മദ്, ഹാകിം.)

ഭരമേൽപനം, പ്രതീക്ഷ, ഭക്തി എന്നിവയും ആരാധനയിൽ പെടുന്നു. മനുഷ്യൻെറ ഭരമേൽപിക്കലും പ്രതീക്ഷകളർപ്പിക്കലും ഭക്ത്യാദരവ് പ്രകടിപ്പിക്കലും അല്ലാഹുവിനോടല്ലാതെ മറ്റാരോടും പാടുള്ളതല്ല. ഖേദകരമെന്നു പറയട്ടെ. മുസ്ലിം നാമധാരികളിൽ ഗണ്യമായൊരു വിഭാഗം അല്ലാഹു അല്ലാത്ത, മഹാന്മാരേയും ഖബറാളികളേയും വിളിച്ചു പ്രാർത്ഥിക്കുകയും അവരുടെ ഖബറുകളെ പ്രദക്ഷിണം വെക്കുകയും അവരോട് ആവശ്യങ്ങൾ തേടുകയും ചെയ്തുകൊണ്ട് അല്ലാഹുവിൽ പങ്കു ചേർത്തു കൊണ്ടിരിക്കുന്നു. ഇതെല്ലാം അല്ലാഹു അല്ലാത്തവർക്കുള്ള ആരാധനതന്നെയാണ്. ഇത് ചെയ്യുന്നവൻ മുസ്ലിമാണെന്നു വാദിക്കുകയും ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദു റസൂലുല്ലാഹ് എന്നുരുവിടുകയും, നമസ്കരിക്കുകയും, നോമ്പനുഷ്ഠി

ക്കുകയും ഹജ്ജ് ചെയ്യുകയുമൊക്കെ ചെയ്താലും അവൻ മുസ്ലിമേ അല്ല എന്നതിൽ സംശയമില്ല. അല്ലാഹു പറയുന്നു:

وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِن قَبْلِكَ لَئِنْ
أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ ﴿٦٥﴾

"തീർച്ചയായും നിനക്കും നിൻെറ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ ; 'അല്ലാഹുവിന്നു നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിൻെറ കർമ്മം നിഷ്ഫലമാകുകയും, നിശ്ചയം, നീ നഷ്ടക്കാരിൽ പെടുകയും ചെയ്യും." (വി.ഖു. 39:65)

إِنَّهُ مَن يُشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيْهِ
الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ ﴿٧٢﴾

"നിശ്ചയം, അല്ലാഹുവോട് ഒരാൾ പങ്കുചേർത്താൽ അവന്ന് അല്ലാഹു സ്വർഗ്ഗം നിഷിദ്ധമാക്കിയിരിക്കുന്നു. പിന്നീടവൻെറ വാസസ്ഥലം നരകമായിരിക്കും. അക്രമികൾക്ക് സഹായികളായി ആരുമില്ല." (5:72)

ജനങ്ങളോടൊന്നടങ്കം പ്രഖ്യാപിക്കുവാനായി അല്ലാഹു നബി (സ. അ)യോട് ആജ്ഞാപിക്കുന്നതു കൂടി കാണുക:

قُلْ إِنَّمَا أَنَا بَشَرٌ مِّثْلُكُمْ يُوحَىٰ إِلَيَّ أَنَّمَا إِلَٰهُكُمْ إِلَٰهٌ وَاحِدٌ فَمَن كَانَ يَرْجُو
لِقَاءَ رَبِّهِ فَلْيَعْمَلْ عَمَلًا صَالِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِ أَحَدًا ﴿١١٠﴾

"(നബിയേ) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രം. നിങ്ങളുടെ ആരാധ്യൻ ഏക ദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. അതിനാൽ വല്ലവനും തൻെറ രക്ഷിതാവിനെ കണ്ടുമുട്ടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സ

ൽകർമ്മനിരതനാകുകയും തൻെറ നാഥന്നുള്ള ആരാധനയിൽ ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ." (വി.ഖു:**18:110**)

മതത്തിലെ ശാഖാപരമായ കാര്യങ്ങൾ മാത്രം മനസ്സിലാക്കുകയും തൗഹീദാകുന്ന അടിസ്ഥാന തത്വത്തിൻെറ വിശദാംശങ്ങൾ പഠിക്കാതിരിക്കുകയും ചെയ്തിട്ടുള്ള സ്വാർത്ഥൻമാരും വഴിതെറ്റിയവരുമായ, നീചരായ ചില പണ്ഢിതൻമാരാൽ വഞ്ചിക്കപ്പെട്ടിരിക്കുകയാണ് അജ്ഞാനികളായ മേൽവിവരിക്കപ്പെട്ടവർ. ഈ പണ്ഡിതൻമാർ ആ പാവപ്പെട്ടവരുടെ അജ്ഞതയിൽ അവരെ ശിർക്കിലേക്കു ആനയിക്കുകയാണ്. ശഫാഅത്തി (ശുപാർശ)ൻേറയും, തവസ്സുലി(ഇടതേട്ടം)ൻേറയുമൊക്കെ പേര് പറഞ്ഞു യഥാർത്ഥ പ്രമാണങ്ങളെ അവർ ദുർവ്യാഖ്യാനം ചെയ്യുന്നു. വ്യാജഹദീസുകൾ ഉദ്ധരിച്ചും കള്ളക്കഥകളും പിശാച് നെയ്തെടുത്ത് ബോധനം നൽകുന്ന ദിവാസ്വപ്നങ്ങളും എഴുന്നെള്ളിച്ച് പാമരൻമാരെ അവർ വഴിതെറ്റിക്കുന്നു.

ഇത്തരം വാദങ്ങൾ അവരുടെ "വാറോല"കളിൽ ഉദ്ധരിച്ച് അല്ലാഹു അല്ലാത്തവർക്ക് ആരാധനകളർപ്പിക്കുന്നതിനെ പ്രോൽസാഹിപ്പിക്കത്തക്ക വിധം വ്യാഖ്യാനിക്കുന്നു. പൂർവ്വികരെ അന്ധമായി അനുകരിച്ചും ബഹുദൈവവിശ്വാസികളെപ്പോലെ സ്വാർത്ഥതയും പിശാച് സേവയുമായി നടക്കുകയാണിവർ. യഥാർത്ഥത്തിൽ അല്ലാഹു നമ്മോട് ആജ്ഞാപിച്ചിട്ടുള്ള നാം തേടേണ്ട വസീലത്തിനെക്കുറിച്ച് സൂറ:മാഇദ: 35-ാം വചനത്തിൽ പറയുന്നത് കൊണ്ട് ലക്ഷ്യമാക്കുന്നത്., 'അല്ലാഹു കൽപിച്ച സൽകർമ്മങ്ങളും, നമസ്കാരം, ദാനധർമ്മങ്ങൾ, വ്രതാനുഷ്ഠാനം, ഹജ്ജ് കർമ്മം, ജിഹാദ്, നന്മ കല്പിക്കൽ, തിന്മനിരോധവനം, രക്ത - കുടുംബബന്ധങ്ങൾ ചേർക്കൽ മുതലായവയിലൂടെ ആയിരിക്കണമെന്നാണ്. എന്നാൽ മരിച്ചവരോട് സഹായം തേടുകയും അത്യാപത്തുകളും കഷ്ടനഷ്ടങ്ങളും സംഭവിക്കുമ്പോൾ അവരോട് സഹായഭ്യർത്ഥന നടത്തുന്നതും അല്ലാഹുവിനു പുറമെയുള്ളവർക്കു അർപ്പിക്കുന്ന ആരാധന തന്നെയാണ്.

അല്ലാഹുവിൻെറ അനുമതിക്കുശേഷം പ്രവാചകൻമാരും പുണ്യപുരുഷൻമാരും സത്യവിശ്വാസികളിൽ ചിലരും നടത്തുന്ന ശുപാർശ സത്യം തന്നെയാണ്. അതിൽ നാം വിശ്വസിക്കുന്നു. പക്ഷെ, അതൊരിക്കലും മരിച്ചവരോട് തേടപ്പെടുന്നതല്ല. അത് അല്ലാഹുവിൻെറ പ്രത്യേക അവകാശത്തിൽ പെട്ടതാണ്. അല്ലാഹുവിൻെറ അനുമതി ലഭിച്ചവർക്കല്ലാതെ ആ അവസരം ലഭിക്കുകയില്ല. ഏകദൈവവിശ്വാസി അത് അല്ലാഹുവിനോടാണ് ചോദിക്കേണ്ടത്. 'അല്ലാഹുവേ, നിൻെറ പ്രവാചകൻേറയും സൽജനങ്ങളുടേയും ശുപാർശയിൽ എന്നേയും ഉൾപ്പെടുത്തേണമേ: എന്നു ചോദിച്ചുകൊണ്ട്. മറിച്ച് 'ഓ, ഇന്നവരെ, എനിക്കുവേണ്ടി അങ്ങ് ശുപാർശ ചെയ്യണേ! എന്നൊരിക്കലും ആവശ്യപ്പെടാവതല്ല. കാരണം ആ ചോദ്യം മരിച്ചവരോടാണല്ലോ. മരിച്ചവരോട് ഒന്നും ഒരിക്കലും തേടുവാൻ പാടുള്ളതല്ല. അല്ലാഹു പറയുന്നു:

"പറയുക: അല്ലാഹുവിന്നാകുന്നു ശുപാർശകളഖിലവും. ആകാശങ്ങളുടേയും ഭൂമിയുടേയും ആധിപത്യവും അവന്നാകുന്നു. അവങ്കലേക്കുതന്നെ പിന്നീട് നിങ്ങൾ മടക്കപ്പെടും." (39:44).

قُل لِّلَّهِ ٱلشَّفَٰعَةُ جَمِيعًا لَّهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ثُمَّ
إِلَيْهِ تُرْجَعُونَ ﴿٤٤﴾

ഇസ്ലാമിക വിരുദ്ധവും നിഷിദ്ധവുമായ ബിദ്അത്ത് (മതത്തിലെ പുതു നിർമ്മിതാചാരം)കളിൽപെട്ട ചില കാര്യങ്ങൾകൂടി ഉണർത്തട്ടെ.

ഖബറിന്മേൽ പള്ളികളും കെട്ടിടങ്ങളും നിർമ്മിക്കുക, വിളക്കു കത്തിക്കുക, സിമൻറിട്ടു പ്രത്യേകപ്പെടുത്തുക, എഴുതിവെക്കുക, വിരികളിട്ടു അലങ്കരിക്കുക, മഖ്ബറകളിൽ നമസ്കരിക്കുക മുതലായവ പ്രവാചകൻ (സ) നിരോധിച്ച കാര്യങ്ങളാണ്. (ബുഖാരി, മുസ്ലിം, സുനൻ മുതലായ ഹദീസു ഗ്രന്ഥങ്ങളിൽ നിന്ന് ). ഇവയെല്ലാം ആ ഖബറാളികൾക്കുള്ള ആരാധനയിൽ മുഖ്യമായതാണ്. പല പ്രദേശങ്ങളിലേയും ശവകുടീരിങ്ങളിൽ അജ്ഞരായ ആളുകൾ ഇത്തരം പ്രവൃത്തികൾ നടത്തുന്നതുകൊണ്ടാണ് ഇത്രയും വിശദീകരിക്കുന്നത്. ഇവ ശിർക്കിൽ പെട്ടതായതിനാലും.

ഈജിപ്തിലെ ബദവി, മഹതിയായ സൈനബ എന്നിവരുടെ ഖബറിടങ്ങളിലും, ഇറാഖിലെ ജീലാനിയുടെ മഖ്ബറയിലും, നജ്ഫിലെ നബി കുടുംബത്തിൽ പെട്ട തങ്ങൻമാരുടെ ഖബറിടങ്ങളിലും, ഇറാഖിലെ കർബലായിലും മറ്റു നിരവധി പ്രദേശങ്ങളിലും ഇപ്രകാരം പലതും നടന്നു വരുന്നു. ആ ഖബറുകൾക്ക് ചുറ്റും പ്രദക്ഷിണം വെച്ചും മറമാടപ്പെട്ടവരോട് ആവശ്യങ്ങൾ ചോദിച്ചും ഉപകാരോപദ്രവങ്ങൾക്ക് പരിഹാരം തേടിയും 'ഭക്തജനങ്ങൾ' അങ്ങോട്ട് ഒഴുകുകയാണ്. അവരോടെല്ലാം നാം ഉപദേശിക്കുക. നിശ്ചയം, ഇസ്ലാമിലെ ആചാരങ്ങൾ (നമസ്കാരം, വ്രതം, ഹജ്ജ്) ചെയ്യുകയും ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദു റസൂലുല്ലാഹ് എന്ന് ഉരുവിടുകയും മുസ്ലിമാണെന്നു സ്വയം വാദിക്കുകയും ചെയ്തുകൊണ്ടായാലും മേൽപറഞ്ഞവ ചെയ്താൽ അവൻ ബഹുദൈവ വാദി (മുശ്രിക്കു)കളും വഴികെട്ടവരും തന്നെയായിരിക്കും. 'ലാഇലാഹഇല്ലല്ലാഹ്' ചൊല്ലിയതുകൊണ്ടു മാത്രം ഒരാൾ ഏകദൈവ വിശ്വാസിയായി എന്നുറപ്പിക്കാൻ നിർവ്വാഹമില്ല. അതിൻെറ വിശദാംശങ്ങളും പൊരുളും ഗ്രഹിക്കുകയും അതിന്നനുസൃതമായി പ്രവൃത്തിക്കേണ്ടതുമുണ്ട്.

എന്നാൽ, ഒരു അമുസ്ലിം ഇസ്ലാമിലേക്കു കടന്നുവരുമ്പോൾ ഈ സാക്ഷ്യവാക്യം നിർബന്ധമായും ഉരുവിടേണ്ടതുണ്ട്. അപ്പോൾ മാത്രമാണല്ലോ മുസ്ലിമായിത്തീരുക. അതോടൊപ്പം അതിൻെറ ആശയം കൃത്യമായി ഗ്രഹിക്കുകയും അതിന്നു വിരുദ്ധമായി വരുന്ന മുഴുവൻ കാര്യങ്ങളും

മനസ്സിലാക്കുകയും ചെയ്യണം. അജ്ഞരെപ്പോലെ ഇസ്ലാമിൻെറ നിർബന്ധ കാര്യങ്ങളിൽ ഒന്നിനോടും നിഷേധം പുലർത്തരുത്. ഇസ്ലാമും മറ്റിതരമതങ്ങളും തമ്മിലുള്ള വ്യത്യാസം അവനെ ഗ്രഹിപ്പിക്കേണ്ടത് നമ്മുടെ ബാധ്യതയുമാണ്.

പ്രവാചകൻമാരും മഹത്തുക്കളും [1] ഈ ബഹുദൈവവാദികളുടെ പ്രാർത്ഥനകളിൽ നിന്നും, ശരണം തേടുന്നതിൽ നിന്നും ഒഴിവായവരാണ്. അല്ലാഹു മഹാൻമാരായ പ്രവാചകൻമാരെ നിയോഗിച്ചുതന്നെ അവൻെറ ഏകത്വത്തെ ജനതതികൾക്ക് വ്യക്തമാക്കിക്കൊടുക്കുവാനും അവർ അല്ലാഹു അല്ലാത്തവർക്ക് അർപ്പിക്കുന്ന ആരാധനകൾ ഉപേക്ഷിക്കാൻ അവരെ ഉൽബോധിപ്പിക്കുവാനുമായിരുന്നു.

പ്രവാചകനോടും മാതൃകാപുരുഷൻമാരായ മഹാത്മാക്കളോടുമുള്ള സ്നേഹം അവരെ പൂജിക്കുന്നതിലല്ല. അവരെ അവ്വിധം ആരാധിക്കൽ അവരോടുള്ള ശത്രുതയാണ്. അവരുടെ ഉത്തമമായ മാർഗ്ഗ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ജീവിതത്തിൽ ആ മാതൃക പകർത്തലുമാണ് അവരോടുള്ള യഥാർത്ഥ സ്നേഹ പ്രകടനം. ഒരു യഥാർത്ഥ വിശ്വാസി പ്രവാചകൻമാരേയും മഹത്തുക്കളേയും ആത്മാർത്ഥമായി സ്നേഹിക്കും. എന്നാൽ അവരെ ആരാധിക്കുകയില്ല. സ്വന്തത്തേക്കാളും കുടുംബത്തേക്കാളും സന്തതികളേക്കാളും ജനങ്ങൾ എല്ലാവരേക്കാളും മുഹമ്മദ് നബി (സ.അ) സ്നേഹിക്കൽ നിർബന്ധമാണെന്നു വിശ്വസിക്കുന്നവരാണ് നാം.

---

1. അല്ലാഹുവിൻെറ 'മൗലിയാക്കൾ' (മഹത്തുക്കൾ) യഥാർത്ഥ ഏകദൈവവാദികളും അല്ലാഹുവിനെ അനുസരിക്കുന്നവരും പ്രവാചകനെ അനുധാവനം ചെയ്യുന്നവ രുമായിരിക്കും. തങ്ങളുടെ അഗാധ പാണ്ഡിത്യത്താലും ത്യാഗജീവിതത്താലും അവരിൽ പലരും പ്രസിദ്ധരായിട്ടുണ്ട്. ചിലർ അറിയപ്പെടാത്തവരുമാണ്. ജനങ്ങൾ തങ്ങളെ വാഴ്ത്തുന്നത് ആ പ്രസിദ്ധൻമാർ ആഗ്രഹിച്ചിട്ടില്ല. തങ്ങൾ ദൈവത്തിൻെറ ഔലിയാക്കൾ ആണെന്നു വാദിക്കാറുമില്ല. മറിച്ച് അവർ അക്കാര്യം കൊട്ടിപ്പാടുന്നത് സ്വീകരിച്ചില്ല. പ്രവാചകനെ പൂർണ്ണമായി പിന്തുടരുകമാത്രമാണ് അവർ ചെയ്തത്. എല്ലാ മുസ്ലിമും ഏകദൈവവിശ്വാസിയാണ്. ദൈവാർപ്പണത്തിലും തനിക്കാവുന്നത്ര നന്മ പ്രവർത്തിച്ചും അല്ലാഹുവിൻെറ വിനീതനായ ദാസനായി പ്രവാചകനെ അനുസരിച്ച് ജീവിക്കുന്നവനാണ്. അതിനാൽ തന്നെ അവർ അല്ലാഹുവിങ്കൽ നിന്നുള്ള സംരക്ഷണം ലഭിച്ച(വിലായത്ത് കിട്ടിയ )വനുമായിരിക്കും. തങ്ങൾ ഔലിയാക്കളാണെന്നു വാദിക്കുകയും പ്രത്യേകം വേഷംകെട്ടി നടക്കുകയും ജനങ്ങൾ തങ്ങളെ വാഴ്ത്താനും വിശുദ്ധരെന്നു വിളിക്കുവാനും ഇഷ്ടപ്പെടുകയും ചെയ്യുന്നവർ യഥാർത്ഥത്തിൽ ഔലിയാക്കളല്ല. കള്ളൻമാരാണ്.

**രക്ഷപ്പെട്ട വിഭാഗം:** മുസ്ലിംകളുടെ എണ്ണം വളരെ അധികമാണ്. പക്ഷെ, യഥാർത്ഥത്തിൽ അവർ കുറവാണ്. ഇസ്ലാമിലേക്ക് ചേർത്തു പറയുന്ന മുസ്ലിം വിഭാഗങ്ങൾ 73ലധികമുണ്ടത്രെ. എണ്ണമാകട്ടെ നൂറോളം മില്യൻ തന്നെയുണ്ട്. പക്ഷെ, ഇവരിൽ യഥാർത്ഥ മുസ്ലിം വിഭാഗം ഒന്നേയുള്ളൂ. അവർ ഏകദൈവത്വത്തിൽ അടിയുറച്ചവരായിരിക്കും. സൽകർമ്മങ്ങളിലും വിശ്വാസകാര്യങ്ങളിലും മുഹമ്മദ് നബി (സ.അ) യേയും അവിടുത്തെ ശിഷ്യഗണങ്ങളുടേയും പാതയിൽ മാത്രം സഞ്ചരിക്കുന്നവരുമായിരിക്കും. അക്കാര്യം നബി (സ.അ) തന്നെ പ്രവചിച്ചിരിക്കുന്നു"ജൂതർ 71 വിഭാഗമായി പിരിഞ്ഞു. ക്രിസ്ത്യാനികൾ 72 ആയും ഭിന്നിച്ചു. എന്റെ അനുയായികൾ (ഭാവിയിൽ) 73 ആയി പിളർന്നേക്കും. ഒന്നൊഴികെ മറ്റെല്ലാവിഭാഗവും നരകത്തിലായിരിക്കും. അപ്പോൾ ശിഷ്യൻമാർ ചോദിച്ചു: ആ വിഭാഗം ആരായിരിക്കും.!

അദ്ദേഹം പറഞ്ഞു ഞാനും എന്റെ സഖാക്കളും ഏതൊന്നിൽ ഇന്ന് നിലകൊള്ളുന്നുവോ അപ്രകാരം ജീവിക്കുന്നവർ. (തിർമുദി)

അതെ, പ്രവാചകനും സഹാബാക്കളും അനുവർത്തിച്ച മാർഗ്ഗം. അത്: ഏകനായ അല്ലാഹു മാത്രമാണ് ആരാധനക്കർഹനായവനെന്നും മുഹമ്മദ് (സ.അ) അല്ലാഹുവിന്റെ ദൂതനാണെന്നും ഗ്രഹിക്കുകയും അതിന്നനുസൃതം പ്രവർത്തിക്കുകയും ചെയ്തവർ. പ്രാർത്ഥന, നേർച്ച, വഴിപാടുകൾ എല്ലാം അല്ലാഹുവിന്ന് മാത്രം അർപ്പിച്ചവർ. ശരണവും സഹായഭ്യർത്ഥനകളും അല്ലാഹുവിനോടുമാത്രം നടത്തിയവർ. ഉപകാരോപദ്രവങ്ങൾ അവനാണ് നിയന്ത്രിക്കുന്നതെന്നു വിശ്വസിച്ചവർ. ഇസ്ലാമിലെ നിർബന്ധ കർമ്മങ്ങളെല്ലാം നിർവ്വഹിച്ചവർ. അല്ലാഹുവിലും അവന്റെ മലക്കുകളിലും, ഗ്രന്ഥങ്ങളിലും പ്രവാചകൻമാരിലും അന്ത്യദിനത്തിലും പരലോകവിചാരണ, സ്വർഗ്ഗ, നരകങ്ങൾ എന്നിവയിലും നന്മതിന്മകൾ അല്ലാഹുവിങ്കൽ നിന്നാണെന്ന വിധി വിശ്വാസത്തിലും അടിയുറച്ചു ആത്മാർത്ഥമായി വിശ്വസിച്ചവർ. എല്ലാ രംഗങ്ങളിലും ഖുർആനിന്റേയും പ്രവാചകചര്യയുടേയും വിധി അവർ സ്വീകരിച്ചു. സൽജനങ്ങളുമായി ബന്ധം പുലർത്തുകയും ദൈവധിക്കാരികളോട് വെറുപ്പുപുലർത്തുകയും ചെയ്തു. അല്ലാഹുവിന്റെ മതത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും അതിന്നായി ജിഹാദ് നടത്തുകയും ചെയ്തു. നന്മ കല്പിക്കുന്ന ഭരണാധിപൻമാരെ അനുസരിക്കുകയും, എവിടെയും സത്യം മാത്രം ഉൾക്കൊള്ളുകയും ചെയ്തു. പ്രവാചക പത്നിമാരേയും കുടുംബത്തേയും അവരുമായി ആദർശബന്ധം പുലർത്തിയ പ്രവാചക ശിഷ്യൻമാരെ എല്ലാവരേയും ഒരുപോലെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തു. അവർക്കു വേണ്ടി നന്മക്കായി അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അവർ വെറുത്ത കാര്യങ്ങൾ ഉപേക്ഷിക്കുകയും അവർക്കിടയിലുടലെടുത്ത അഭിപ്രായാന്തരങ്ങളിൽ ഇടപെടാതിരിക്കുകയും ചെയ്തു.

മുസ്ലിം സമൂഹത്തെ ഭിന്നിപ്പിക്കുന്നതിന്നു കൂട്ടുനിന്ന കപടൻമാർ പ്രവാചക ശിഷ്യൻമാരെക്കുറിച്ചു പറഞ്ഞുണ്ടാക്കിയ ആരോപണങ്ങൾ അവർ അവിശ്വസിച്ച് തള്ളിക്കളഞ്ഞു. ശുദ്ധഗതിക്കാരായ നിരവധി പണ്ഡിതരും ചരിത്രകാരൻമാരും അവരറിയാതെ പ്രവാചക ശിഷ്യരെക്കുറിച്ചുള്ള വ്യാജാരോപണങ്ങളിൽ കുടുങ്ങിപ്പോകുകയും അവരുടെ ഗ്രന്ഥങ്ങളിൽ അത് ഉദ്ധരിക്കാനിടയാകുകയും ചെയ്തത് അബദ്ധമാണെന്ന് മനസ്സിലാക്കുകയും ചെയ്തവരാണവർ.

തങ്ങൾ പ്രവാചക സന്തതീ പരമ്പരയിൽപെട്ടവരാണെന്നും ഞങ്ങളാണ് എന്നും അധികാരിവർഗ്ഗമെന്നും വാദിക്കുന്നവർ അവരുടെ പരമ്പര പറഞ്ഞൊപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. സ്വന്തം പിതാക്കളിലേക്കല്ലാതെ വംശപരമ്പര ചേർക്കുന്നവർ ദൈവശാപത്തിന് വിധേയരാണെന്നതിൽ സംശയമില്ലല്ലോ. യഥാർത്ഥത്തിൽ, അവരുടെ പരമ്പരക്ക് സ്ഥിരീകരണം ആവശ്യമെങ്കിൽ അവർ പ്രവാചകനേയും അവിടുത്തെ കുടുംബത്തേയും ആത്മാർത്ഥമായി പിൻപറ്റുകയാണ് വേണ്ടത്. പാപങ്ങൾ വെടിഞ്ഞു അല്ലാഹുവിലുള്ള ഏകത്വം ഉറപ്പിക്കണം. ജനങ്ങൾ തങ്ങളെ വണങ്ങി തോളിലേറ്റിനടക്കുന്നതിലും കൈകാലുകൾ ചുംബിച്ചു ഭക്തരായി നിൽക്കുന്നതിലും മറ്റുള്ളവരേക്കാൾ പ്രത്യേക പദവി തങ്ങൾക്കു കല്പിക്കുന്നതിലും അതൃപ്തി രേഖപ്പെടുത്തുകയുമാണ് വേണ്ടത്. കാരണം ഈ വക ജാടകളെല്ലാം പ്രവാചകചര്യക്ക് എതിരാണ്. നബി (സ.അ) ഈ വക കോപ്രായങ്ങളിൽ നിന്നെല്ലാം മുക്തനായിരുന്നു. അദ്ദേഹം അല്ലാഹുവിങ്കൽ അത്യുത്തമനും ജനങ്ങളിൽവെച്ചു ഏറ്റവും ഉൽകൃഷ്ടനുമായിരുന്നുവല്ലോ..!

അല്ലാഹുവിൻെറ കരുണാ കടാക്ഷങ്ങൾ അദ്ദേഹത്തിൽ വർഷിക്കട്ടെ.

## വിധിവിലക്കുകൾ, നിയമ നിർമ്മാണം - ദൈവാവകാശം

വിശ്വസിക്കാനും, പ്രവർത്തിക്കാനും നിർവന്ധമായ `ലാഇലാഹ ഇല്ലല്ലാ'യുടെ വിശാലാർത്ഥത്തിൽ താഴെ പറയുന്ന കാര്യങ്ങളും ഉൾപ്പെടും:

നിശ്ചയം, വിധിക്കലും മത നിയമനിർമ്മാണവും അല്ലാഹുവിൻെറ മാത്രം അവകാശത്തിൽപെട്ടതാണ്. ഏതു കാര്യങ്ങളിലും ദൈവത്തിൻെറ നിയമ വ്യവസ്ഥക്കു(ശരീഅത്തിന്നു)വിരുദ്ധമായ വിധികൾ നിർമ്മിക്കൽ ഒരു മുസ്ലിമിന്നും അനുവദനീയമല്ല. അല്ലാഹു അവതരിപ്പിച്ച നിയമങ്ങൾ കൊണ്ടല്ലാതെ വിധിക്കാൻ ഒരാളും ബാധ്യസ്ഥനുമല്ല. അല്ലാഹുവിൻെറ ശരീഅത്തിനു വിരുദ്ധമായ വിധിയിൽ പൂർണ്ണ തൃപ്തി അടയലും അനുവദനീയമല്ല. അല്ലാഹു നിഷിദ്ധമാക്കിയവയെ അനുവദനീയവും അനുവദനീ

യമാക്കിയവയെ നിഷിദ്ധവുമാക്കാനും പാടില്ല. ആരെങ്കിലും മനഃപൂർവ്വം ഇവ പ്രവൃത്തിക്കുകയും അതിൽ സായൂജ്യമടയുകയും ചെയ്താൽ അ വിശ്വാസിയായി(കാഫിർ) ത്തീരുന്നതാണ്. അല്ലാഹു പറയുന്നു:

وَمَن لَّمْ يَحْكُم بِمَآ أَنزَلَ ٱللَّهُ فَأُو۟لَـٰٓئِكَ هُمُ ٱلْكَـٰفِرُونَ ﴿٤٤﴾

"അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു അവിശ്വാസികൾ." **(5:44).**

അല്ലാഹു നിയോഗിച്ച പ്രവാചകൻമാരുടെ സുപ്രധാന ദൗത്യം ഏക ദൈവത്വത്തിലേക്ക്(ലാഇലാഹ ഇല്ലല്ലാഹ്) ജനതയെ ക്ഷണിക്കലും പ്രമാണങ്ങൾക്കനുസൃതം അതു പ്രായോഗികമാക്കലുമാണല്ലോ. അതായത് - സൃഷ്ടിപൂജയിൽ നിന്നും മനുഷ്യ നിർമ്മിത ശരീഅത്തിൽ നിന്നും പങ്കുകാരാരുമില്ലാത്ത സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്നതിലേക്കുംആ ദൈവത്തിൻെറ ശരീഅത്തിലേക്കും മനുഷ്യനെ നയിക്കുക എന്നതാണ് പ്രവാചക ദൗത്യം.

അന്ധമായ അനുകരണമില്ലാതെയും ഉൾക്കാഴ്ചയോടെയും ഒരാൾ പരിശുദ്ധ ഖുർആൻ പാരായണം ചെയ്താൽ, നാം മേൽവിവരിച്ചതു തന്നെയാണ് സത്യമെന്നു കണ്ടെത്താൻ പ്രയാസമില്ല. അതിൽ അല്ലാഹുവും സൃഷ്ടികളും തമ്മിലുള്ള ശക്തമായ ഒരു ബന്ധം അവൻ നിശ്ചയിച്ചതായി കാണാം. തൻെറ വിശ്വാസിയായ ഒരടിമ ആരാധനയുടെ മുഴുവൻ അംശങ്ങളും മറ്റാർക്കുമർപ്പിക്കാതെ അല്ലാഹുവായ തനിക്കുമാത്രം അർപ്പിക്കുക എന്നതാണാബന്ധം. പ്രവാചകൻമാരേയും മഹാൻമാരേയും പിന്തുടരലും അവരെ സ്നേഹിക്കലും അല്ലാഹുമായുള്ള സ്നേഹവുമായാണ് ബന്ധപ്പെടുത്തിയിട്ടുള്ളത് എന്നും കാണാം. അല്ലാഹു കോപിച്ചതുകൊണ്ടാണ് ദൈവ ശത്രുക്കളായ അവിശ്വാസികളോട് നിങ്ങളും കോപിതരാകേണ്ടതെന്നും നിശ്ചയിച്ചിരിക്കുന്നത്. അതോടൊപ്പം അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും സൻമാർഗ്ഗം സ്വീകരിക്കത്തക്കവിധം അവർക്ക് ഇസ്‌ലാമിനെ വിശദീകരിച്ചു കൊടുക്കുവാനും നിർദ്ദേശിച്ചു. അത് നിരസിച്ചവരോട് ദൈവ വിധിക്കു കീഴടങ്ങി കുഴപ്പം ഇല്ലാതാകുകയും മതം മുഴുവൻ (പുരോഹിത, പ്രമാണിമാരുടെ കയ്യേറ്റത്തിൽ നിന്ന് മുക്തമായി)അല്ലാഹുവിന്നുവേണ്ടി മാത്രമായിത്തീരുകയും ചെയ്യുന്നതുവരെ പടപൊരുതാനും നിർദ്ദേശിച്ചു. ഒരു മുസ്‌ലിം നിർബന്ധമായും ഉൾക്കൊള്ളേണ്ട 'ലാഇലാഹ ഇല്ലല്ലാ'യുടെ ആശയത്തിൽപെട്ടതാണിവയെല്ലാം. ഒരു യഥാർത്ഥ മുസ്‌ലിമായിത്തീരുവാൻ ഇതിന്നനുസൃതം പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

# മുഹമ്മദ് (സ.അ) ദൈവ ദൂതനെന്ന വാക്യത്തിൻെറ പൊരുൾ

നിശ്ചയം, പ്രവാചകനായ മുഹമ്മദ് (സ.അ) മുഴുവൻ ജനതക്കുമുള്ള ദൈവദൂതനാണെന്നു ഗ്രഹിക്കുകയും വിശ്വസിക്കുകയും ചെയ്യുകയാണ് അദ്ദേഹം ദൈവദൂതനാണെന്ന സാക്ഷ്യ വാക്യത്തിൻെറ പൊരുൾ. അദ്ദേഹം ആരാധിക്കപ്പെടാൻ പാടില്ലാത്ത ദൈവദാസനും, അവിശ്വസിക്കപ്പെടാൻ പാടില്ലാത്ത ദൈവദൂതനുമാണ്. മാത്രമല്ല അദ്ദേഹത്തെ പിന്തുടരുകയും അനുസരിക്കുകയും ചെയ്തവർക്കു സ്വർഗ്ഗവും അദ്ദേഹത്തെ നിരാകരിക്കുന്നവർക്കു നരകവുമാണെന്നും വിശ്വസിക്കലാണ്. ദൈവം നിർണ്ണയിച്ച ആരാധനാ കർമ്മങ്ങളിലെ നിയമങ്ങളോ, ഭരണ വ്യവസ്ഥകളോ, വിവിധ വ്യവഹാരങ്ങളിലെ നിയമനിർമ്മാണങ്ങളോ, ഹറാം ഹലാലുകളുടെ വിധികളിലോ, ഇവകളിലൊന്നിലും അല്ലാഹുവിൻെറ മഹാനായ പ്രവാചകൻ മുഹമ്മദ് (സ.അ) യുടെ വിധികൾക്ക് വിരുദ്ധമായ നിയമങ്ങൾ ഉണ്ടാക്കാൻ പാടില്ലെന്നു വിശ്വസിക്കുകയും ഗ്രഹിക്കുകയും ചെയ്യേണ്ടതാണ്. കാരണം ആ പ്രവാചകനാണ് അല്ലാഹുവിൻെറ ശരീഅത്തിൻെറ പ്രബോധകൻ. ഒരു മുസ്ലിമിനും പ്രവാചകൻെറ സരണിയല്ലാതെ മറ്റൊന്നും സ്വീകാര്യയോഗ്യമാകാൻ പാടില്ല. അല്ലാഹു പറയുന്നു.

وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا نَهَىٰكُمْ عَنْهُ فَٱنتَهُوا۟

"പ്രവാചകൻ നിങ്ങൾക്കു നൽകിയതെന്തോ അത് സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് ഒഴിഞ്ഞു നിൽക്കുക."(വി.**59**:**7**)

فَلَا وَرَبِّكَ لَا يُؤْمِنُونَ

حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا۟

فِىٓ أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا۟ تَسْلِيمًا ٦٥

"ഇല്ല. നിൻെറ രക്ഷിതാവാണേ സത്യം. അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ താങ്കളെ അവർ വിധികർത്താവാക്കുകയും താങ്കളുടെ വിധിയിൽ പിന്നീടവർക്ക് മനസ്സാക്ഷിക്കുത്തനുഭവപ്പെടാതിരിക്കുകയും നിരുപാധികം അവരത് അനുസരിക്കുകയും ചെയ്യുവോളം

അവർ വിശ്വാസികളാകുകയില്ല. തീർച്ച." (വി.ഖു:4:65)

മേൽപറഞ്ഞ രണ്ടു സൂക്തങ്ങളിൽ ഒന്നാമത്തേതിൽ: മുഹമ്മദ് (സ.അ)അവരോട് കൽപിച്ച മുഴുവൻ കാര്യങ്ങളും പ്രാവർത്തികമാക്കാനും നിരോധിച്ചവയിൽ നിന്നെല്ലാം അകന്നു നിൽക്കാനും സർവ്വ മുസ്ലിംകളോടും അല്ലാഹു ആജ്ഞാപിക്കുകയാണ്. കാരണം അദ്ദേഹം അല്ലാഹു കൽപിച്ചതു മാത്രമേ ആജ്ഞാപിക്കുന്നുള്ളു. അല്ലാഹു നിരോധിച്ചതാണ് തടയുന്നത്. രണ്ടാമത്തേതിൽ:അല്ലാഹു അവൻെറ പരമ പരിശുദ്ധ അസ്തിത്വത്തെത്തന്നെ സാക്ഷി നിർത്തി ആണയിടുന്നു. ആ പ്രവാചകൻെറ തീരുമാനങ്ങളായിരിക്കണം അവർക്കിടയിലെ പ്രശ്നങ്ങളിൽ വിധി പ്രസ്താവത്തിന്നാധാരമായി വർത്തിക്കേണ്ടതെന്നും,ആ വിധിയിൽ അവർ പൂർണ്ണ തൃപ്തിയടയുകയും നിരുപാധികമായി അത് അനുസരിക്കുകയും ചെയ്താലല്ലാതെ ഏതൊരുവൻേറയും അല്ലാഹുവിലും അവൻെറ് പ്രവാചകനിലുമുള്ള വിശ്വാസം കുറ്റമറ്റതാകുകയില്ല എന്നു പ്രഖ്യാപിക്കുകയാണ്. പ്രവാചകൻ (സ.അ)തന്നെ പ്രസ്താവിച്ചു: وقال الرسول صلى الله عليه وسلم ( من عمل عملا ليس عليه أمرنا فهو رد ) رواه مسلم وغيره .

"നമ്മുടെ കൽപനയില്ലാത്ത ഒരു (മത) കർമ്മവും ആർ ചെയ്താലും അതു തള്ളേണ്ടതാകുന്നു." (മുസ്ലിം)

വിളംബരം: 'ലാഇലാഹ ഇല്ലല്ലാഹ്, മുഹമ്മദു റസൂലുല്ലാഹ്'എന്ന ആശയത്തിൻെറ പൊരുൾ ഗ്രഹിച്ചു കഴിഞ്ഞ സഹോദരാ:ഈ സാക്ഷ്യവാക്യമാണ് ഇസ്ലാമിൻെറ മൂലം. അതിൻമേലാണിസ്ലാം പടുത്തുയർത്തിയിരിക്കുന്നത്. അതിനാൽ ദൈവത്തിന്നായി നിഷ്കളങ്ക മനസ്സോടെ പറയുക: 'അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ് വഅശ്ഹദു അന്ന മുഹമ്മദറസൂലുല്ലാഹ്.' ഇഹപര വിജയത്തിനും മരണശേഷമുള്ള ദൈവ ശിക്ഷയിൽ നിന്നുമുള്ള ശ്വാശ്വത മോചനത്തിന്നായി ഈ സാക്ഷ്യ വാക്യത്തിന്നനുസൃതം നീ കർമ്മനിരതനായിത്തീരുക. ഈ സാക്ഷ്യവാക്യമാണ് ഇസ്ലാമിൻെറ മറ്റു മൂല സിദ്ധാന്തങ്ങളുടെക്കൂടി പ്രയോഗവൽക്കരണത്തിനു നിതാനമാകുന്നത് എന്നും നീ മനസ്സിലാക്കുക. ഈ സിദ്ധാന്തങ്ങൾ അല്ലാഹു ഒരു മുസ്ലിമിൽ നിർബന്ധമാക്കിയിരിക്കുന്നത് അവനെ യഥാവിധി നിസ്വാർത്ഥമായി ആരാധിക്കാനുമാണ്. ഈ സ്തംഭങ്ങളിൽ ഏതെങ്കിലുമൊന്നു അകാരണമായി ഉപേക്ഷിച്ചാൽ 'ലാഇലാഹ ഇല്ലല്ലാ' യുടെ മുഴുവൻ ആശയത്തേയും നിരാകരിച്ചവനായിത്തീരുകയും നിൻെറ സാക്ഷ്യം അഗണ്യവും അപ്രസക്തവുമായിത്തീരുന്നതുമാണ്.

# നമസ്കാരം - ഇസ്ലാമിന്റെ രണ്ടാം മൂലസ്തംഭം

സഹോദരാ. ഇസ്ലാമിന്റെ മൂലസ്തംഭങ്ങളിൽ രണ്ടാമത്തേതാണ് നമസ്കാരം. രാപ്പകലുകളിലായി അഞ്ചു പ്രാവശ്യമാണിത്. ഇത് അല്ലാഹുവിന്റെ നിയമമാണ്. അവന്റേയും ഒരു മുസ്ലിമിന്റേയുമിടയിലുള്ള സുശക്തബന്ധമാണിത്. അവനെ പ്രാർത്ഥിക്കുവാനും അവനുമായി കുടിക്കാഴ്ചക്കുമുളള വേദിയുമാണ് നമസ്കാരം. നീചവും നികൃഷ്ടവുമായ എല്ലാറ്റിൽ നിന്നും ഇത് ഒരു മുസ്ലിമിനെ അകറ്റുന്നു. ഇഹപര സൗഭാഗ്യത്തിന്നായി മാനസികവും ശാരീരികവുമായ ആശ്വാസം ലഭ്യമാക്കുന്നു. നമസ്കാരത്തിനൊരുങ്ങുമ്പോൾ ശരീരം, വസ്ത്രം, നമസ്കാരസ്ഥലം എന്നിവ ശുദ്ധമാക്കിയിരിക്കണമെന്ന് അല്ലാഹു വ്യവസ്ഥ ചെയ്തിരിക്കുന്നു. മലമൂത്ര വിസർജ്ജ്യാനന്തരം വെള്ളം കൊണ്ടവ സമ്പൂർണ്ണമായി ശുദ്ധീകരിക്കുന്ന ഒരു മുസ്ലിം ഇവ മുഖേന മാനസികമായ ആത്മ വിശുദ്ധിയും ശാരീരികമായ ബാഹ്യശുദ്ധിയും ഒരു പോലെ കരഗതമാക്കുന്നു.

മതത്തിന്റെ നെടുംതൂണാണ് നമസ്കാരം. രണ്ടു സാക്ഷ്യവാക്യങ്ങൾക്കുശേഷം സുപ്രധാനമായതും ബോധമുദിച്ചകാലം മുതൽ മരണം വരെ ഓരോ മുസ്ലിമും കൃത്യമായി അനുഷ്ഠിക്കാൻ വിധിക്കപ്പെട്ടതുമായ കർമ്മമാണിത്. തന്റെ കുടുംബത്തേയും ഏഴു വയസ്സുമുതൽ തങ്ങളുടെ മക്കളേയും ഇതു നിർവ്വഹിക്കുന്നതിന്ന് പരിശീലിപ്പിക്കാൻ കുടുംബനാഥൻ ബാധ്യസ്ഥനാണ്. അല്ലാഹു പറയുന്നു.

"നിശ്ചയം നമസ്കാരം സത്യവിശ്വാസികളുടെമേൽ നിർബന്ധവും സമയബന്ധിതവുമാക്കിയിരിക്കുന്നു." (വി.ഖു:**4**:**103**)

إِنَّ ٱلصَّلَوٰةَ كَانَتْ عَلَى ٱلْمُؤْمِنِينَ كِتَٰبًا مَّوْقُوتًا ﴿١٠٣﴾

അല്ലാഹു വീണ്ടും പറയുന്നു:

"കീഴ്വണക്കം അല്ലാഹുവിന്നു മാത്രമാക്കി ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കാനും, നമസ്കാരം മുറപ്രകാരമനുഷ്ഠിക്കാനും, സകാത്തു നൽകുവാനുമല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല. അതാണ് വക്രതയില്ലാത്ത സുദൃഢമതം." (വി.ഖു. **98**:**5**)

وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُوا۟ ٱلصَّلَوٰةَ

وَيُؤْتُوا۟ ٱلزَّكَوٰةَ ۚ وَذَٰلِكَ دِينُ ٱلْقَيِّمَةِ ﴿٥﴾

മേൽസൂക്തങ്ങളുടെ പൊതു ആശയം: ഒന്നാം വചനത്തിൽ നമസ്കാരം സത്യവിശ്വാസികളിൽ ഒരിക്കലും ഉപേക്ഷിക്കാൻ പാടില്ലാത്ത നിർബന്ധ കർമ്മമാക്കിയിരിക്കുന്നു. അതിന്നായി നിർണ്ണയിക്കപ്പെട്ട കൃത്യസമയങ്ങൾക്കുള്ളിൽ തന്നെ അവരത് നിർവ്വഹിച്ചിരിക്കണം എന്നാണ്. രണ്ടാം വചനത്തിൽ മനുഷ്യർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുതന്നെ അല്ലാഹുവിനെ മാത്രം ആരാധിക്കുവാനാണ്. ആ ആരാധനയിൽ നിസ്വാർത്ഥനുമായിരിക്കണമവൻ. നമസ്കാരം കണിശമായി നിർവ്വഹിക്കണം. സകാത്ത് കൃത്യമായി അതിന്റെ അവകാശികൾക്കെത്തിക്കണം. അതാണു വക്രതയില്ലാത്ത വ്യക്തമായ മതനിർദ്ദേശം എന്നുമാണ്.

ഏതവസ്ഥയിലും ഒരു മുസ്‌ലിം, നമസ്കാരം നിർവ്വഹിക്കാൻ നിർബന്ധിതനാണ്. ഭയന്നോടുമ്പോഴായാലും രോഗാവസ്ഥയിലായാലും ശരി. നിന്നുകൊണ്ടോ, ഇരുന്നോ, കിടന്നോ സാധ്യമായ രൂപത്തിൽ അതു നിർവ്വഹിക്കണം. കണ്ണുകൊണ്ടോ മനസ്സുകൊണ്ടോ ആംഗ്യരൂപത്തിൽ ചെയ്യാനേ ഒരാൾക്കു കഴിയുന്നുള്ളൂവെങ്കിൽ അപ്രകാരമായാലും അതു നിർവ്വഹിച്ചേ തീരൂ. പുരുഷനായാലും സ്ത്രീയായാലും നമസ്കാരമുപേക്ഷിക്കുന്നവൻ മുസ്ലിമല്ല. നബി (സ.അ) വ്യക്തമാക്കുന്നു.

فقال الرسول صلى الله عليه وسلم

: ( العهد الذي بيننا وبينهم الصلاة فمن تركها فقد كفر ) حديث صحيح

"നമുക്കും (മുസ്ലിംകൾ) അവർക്കും (അമുസ്ലിംകൾ) ഇടയിലുള്ള (വ്യത്യാസത്തിന്റെ)ഏക കരാർ നമസ്കാരമാകുന്നു. ആർ അതു ഉപേക്ഷിച്ചുവോ അവൻ കാഫിർ (അവിശ്വാസി) ആണ്. (ഈ നബി വചനം കുറ്റമറ്റതാണ്) .

## അഞ്ചു നമസ്കാരങ്ങൾ:

**ഫജ്ർ, ളുഹ്ർ, അസ്ർ, മഗ്‌രിബ്, ഇശാഅ്** എന്നിവയാണവ.

**ഫജ്ർ** നമസ്കാര സമയം: ഉൺമ പ്രഭാതം മുതൽ സൂര്യോദയം സംഭവിക്കുന്നതിനിടയിലുള്ള സമയം. അതിന്റെ അവസാന നിമിഷത്തിലേക്ക് പിന്തിക്കൽ ശരിയല്ല.

**ളുഹ്ർ**: സൂര്യൻ ഉച്ചിയിൽനിന്ന് തെറ്റിയാൽ സമയമാരംഭിച്ചു. ശേഷം ഒരു വസ്തുവിൻെറ നിഴൽ അത്രതന്നെ നീളമാകുംവരെ നീണ്ടുനിൽക്കും.

**അസ്വർ**: ളുഹ്ർ സമയം തീരുകയും സൂര്യന് ചെങ്കതിർ വർണ്ണമാകുന്ന സമയംവരെയാകുന്നു. അവസാന സമയത്തേക്കു പിന്തിപ്പിക്കാതെ സൂര്യൻ വ്യക്തമായ ശോഭയിൽ നിൽക്കുന്ന സമയത്തിനുള്ളിൽ തന്നെ നിർവഹിക്കുക.

**മഗ്രിബ്** : സൂര്യാസ്തമനത്തോടെ ആരംഭിച്ച് അസ്തമയ ശോഭ മായുന്നതോടെ മഗ്രിബിൻെറ സമയം അവസാനിക്കുന്നതാണ്.

**ഇശാഅ്** : മഗ്രിബിൻെറ സമയം അവസാനിക്കുമ്പോഴാരംഭിക്കുകയും അർദ്ധരാത്രിവരെ നീണ്ടു നിൽക്കുകയും ചെയ്യുന്ന സമയം. അതിന്നപ്പുറത്തേക്ക് ഈ നമസ്കാരം വൈകിക്കരുത്.

ഏതെങ്കിലുമൊരു നമസ്കാരം ഒരു മുസ്ലിം അതിൻെറ നിശ്ചിത സമയങ്ങളിൽ നിന്ന് മതപരമോ തൻെറ ഉദ്ദേശ്യത്തിന്ന് അധീതമോ ആയ കാരണം കൂടാതെ തെറ്റിച്ചാൽ അവൻ വലിയൊരു തെറ്റുകാരനായി. പിന്നീടവൻ പശ്ചാത്തപിക്കുകയും ആ തെറ്റ് പിന്നീടാവർത്തിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു പറയുന്നു:

"തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് ശ്രദ്ധയില്ലാത്തവർക്കാകുന്നു നാശം" **(107:4,5)**

فَوَيْلٌ لِّلْمُصَلِّينَ ﴿٤﴾ ٱلَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ ﴿٥﴾

## നമസ്കാര നിയമങ്ങൾ:

**ഒന്ന്** : **ശുദ്ധീകരണം**: ഒരു മുസ്ലിം നമസ്കാരത്തിനൊരുങ്ങുമ്പോൾ ശുദ്ധിയുള്ളവനായിരിക്കണം. തൻെറ ഗുഹ്യാവയവങ്ങൾ മലമൂത്ര വിസർജ്ജ്യ പദാർത്ഥങ്ങളിൽ നിന്ന് ശുദ്ധിയാക്കിയിരിക്കണം. പിന്നീട് വുളൂഅ (അംഗശുദ്ധി) ചെയ്യണം.

**വുളൂഅ്** : വുളൂഅ് ചെയ്യുന്നുവെന്നു മനസ്സിൽ കരുതുക - അതൊരിക്കലും വാക്കുകളിലുച്ചരിക്കേണ്ടതില്ല. കാരണം അല്ലാഹുവിന്നത് അറിയാമല്ലോ. നബി(സ.അ)അങ്ങിനെ അക്ഷരങ്ങളുച്ചരിച്ചത് പഠിപ്പിച്ചിട്ടുമില്ല - രണ്ടു

കൈപ്പടങ്ങളും കഴുകുക. പിന്നീട് വായിൽ വെള്ളമെടുക്കുകയും മൂക്കിൽ അൽപം കയറ്റി ചീറ്റുകയും ചെയ്യുക. ശേഷം മുഖം മുഴുവൻ കഴുകുക. പിന്നീട് മുട്ടുവരെ രണ്ടു കൈകളും - വലതുകൈ ആദ്യം - കഴുകി ആ കൈകൾ കൊണ്ടുതന്നെ തല മുഴുവനും തടവുക. അതോടൊപ്പം ഇരു ചെവികളും തടവുക. പിന്നീട് രണ്ട് കാലുകളും - വലത്തേത് ആദ്യം- ഞെരിയാണിവരെ കഴുകുക.

ഇങ്ങിനെ ശുദ്ധീകരണം ചെയ്തശേഷം മലമൂത്ര വിസർജ്ജനം നടത്തുകയോ കീഴ്ശ്വാസമുണ്ടാകുകയോ, അല്ലെങ്കിൽ ഉറക്കത്താൽ ബോധം നീങ്ങുകയോ, ബോധക്ഷയം സംഭവിക്കുകയോ ചെയ്താൽ ഈ വുളുഅ ദുർബലപ്പെടുന്നതാണ്. ശേഷം വീണ്ടും നമസ്കരിക്കാനുദ്ദേശിച്ചാൽ ശുദ്ധീകരണം വീണ്ടും നടത്തണം. ഒരു മുസ്ലിം സ്ത്രീക്കോ പുരുഷനോ വികാരത്തോടെ ഇന്ദ്രിയ സ്ഖലനം ഉറക്കത്തിലായാലും ശരി - സംഭവിച്ച് വലിയ അശുദ്ധി ഉണ്ടായാൽ ശരീരം മുഴുവൻ നന്നായി കഴുകിക്കൊണ്ടുള്ള കുളിനടത്തണം. സ്ത്രീകൾ ആർത്തവത്തിൽ നിന്നും പ്രസവ രക്തത്തിൽ നിന്നും ശുദ്ധിയായാൽ അവരും കുളിക്കാൻ നിർബന്ധമാണ്. ആർത്തവകാരിയുടേയും പ്രസവിച്ചവളുടേയും ആ അശുദ്ധികാലത്തെ നമസ്കാരം സ്വീകാര്യമല്ല. ശുദ്ധിയാകുവോളം അവർക്കു നമസ്കാരം നിർബന്ധവുമില്ല. അല്ലാഹു അവർക്കു വിട്ടുവീഴ്ച ചെയ്തിരിക്കയാൽ അത്രയും ദിനങ്ങളിൽ നഷ്ടപ്പെട്ട നമസ്കാരങ്ങൾ അവർ നിർവ്വഹിക്കേണ്ടതുമില്ല. എന്നാൽ മറ്റുള്ള കർമ്മങ്ങൾ പുരുഷൻമാരെപ്പോലെ പിന്നീട് അനുഷ്ഠിക്കേണ്ടതാണ്. എനി വെള്ളം ലഭിക്കാതിരിക്കുകയോ രോഗികളെപ്പോലെ ഉപയോഗിക്കൽ അസാധ്യമാകുകയോ ചെയ്താൽ 'തയമ്മും' ചെയ്ത് ശുദ്ധിവരുത്തേണ്ടതാണ്.

തയമ്മും: ശുദ്ധിവരുത്തുന്നു എന്ന ഉദ്ദേശ്യത്തോടെ രണ്ടു കൈകളും ശുദ്ധമണ്ണിലടിക്കുക.ആ കൈകൾ കൊണ്ട് മുഖവും വലതു കൈപ്പത്തി കൊണ്ട് ഇടതു കൈപ്പത്തിയുടെ പുറഭാഗവും ഇടതുകൈകൊണ്ട് വലതിന്റെ പുറഭാഗവും ഓരോ പ്രാവശ്യം തടവുക. അങ്ങിനെയാണ് തയമ്മും ചെയ്തുള്ള ശുദ്ധീകരണം.

ആർത്തവകാരികളും പ്രസവിച്ചവളും അശുദ്ധി അവസാനിപ്പിച്ചാലും, ജനാബത്തുകാരനും (വലിയ അശുദ്ധി സംഭവിച്ചവൻ) വെള്ളം ലഭിക്കാതിരിക്കുകയോ ഉള്ളത് ഉപയോഗിക്കുന്നതിൽ ഭയം തോന്നുകയോ ചെയ്യുമ്പോഴെല്ലാം ഇപ്രകാരമാണ് ശുദ്ധീകരണം വരുത്തേണ്ടത്.

## നമസ്കാര ക്രമം:

'ഫജ്ർ' നമസ്കാരം രണ്ടു റക്അത്തുകളാണ്. സ്ത്രീയും പുരുഷനുമെല്ലാം മക്കയിലെ മസ്ജിദുൽ ഹറമിലെ കഅബാലയത്തിലേക്ക് അഭിമു

ഖമായി നിൽക്കുക. മനസ്സിൽ ഫജ്ർ(സുബ്ഹ്) നമസ്കരിക്കുന്നുവെന്ന നിയ്യത്തോടെ - പദങ്ങൾ ഉച്ചരിക്കേണ്ടതില്ല - 'അല്ലാഹു അക്ബർ' എന്നു തക്ബീർ ചൊല്ലികൊണ്ട് (വലതു കൈ ഇടതു കയ്യിൻമേൽവച്ച് നെഞ്ചിൽവെക്കുക) നമസ്കാരത്തിൽ പ്രവേശിക്കുക. ശേഷം പ്രാരംഭ പ്രാർത്ഥനയായി ഇപ്രകാരം പറയുക.

"സുബ്ഹാനകല്ലാഹുമ്മ വബിഹംദിക വതബാറകസ്മുക വതാലാ ജദ്ദുക വലാഇലാഹ ഗൈറുക."

سُبْحَانَكَ اللَّهُمَّ رَبَّنَا وَبِحَمْدِكَ اللَّهُمَّ اغْفِرْ لِي

"അല്ലാഹുവേ നീ മഹാപരിശുദ്ധൻ. നിന്നെ വാഴ്ത്തീടട്ടെ. നിൻെറ നാമം അനുഗ്രഹീതം. നിൻെറ കഴിവുകൾ അത്യുന്നതം. നീയല്ലാതെ ആരാധ്യനില്ല. " എന്നു പറയുക. തുടർന്ന്-

അഊദുബില്ലാഹി മിനശൈത്താനിർറജീം

أَعُوذُ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ

"ശപിക്കപ്പെട്ട പിശാചി(ൻെറ ഉപദ്രവങ്ങളി)ൽ നിന്ന് അല്ലാഹുവിൽ ഞാൻ രക്ഷതേടുന്നു."

ശേഷം ഖുർആനിലെ സൂറ:ഫാതിഹ (ഒന്നാം അദ്ധ്യായം) പാരായണം ചെയ്യുക. അതിപ്രകാരമാണ്.

1. ബിസ്മില്ലാഹിൻ റഹ്മാനിർറഹീം.

പരമ കാരുണികനും കരുണാനിധിയുമായവൻെറ നാമത്തിൽ.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

2. അൽഹംദുലില്ലാഹിറബ്ബിൽ ആലമീൻ.

സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു.

ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ٢

3. അർറഹ്മാനിർ റഹീം.

പരമ കാരുണികനും കരുണാനിധിയുമായവൻ.

ٱلرَّحْمَٰنِ ٱلرَّحِيمِ ٣

4. മാലികി യൗമിദ്ദീൻ.

പ്രതിഫല നാളിൻെറ ഉടമസ്ഥനായവൻ.

مَٰلِكِ يَوْمِ ٱلدِّينِ ٤

5. ഇയ്യാകനഅബുദു വഇയ്യാക നസ്തഈൻ.

നിന്നെ മാത്രമാണ് ഞങ്ങൾ ആരാധിക്കുന്നത്. നിന്നോട് മാത്രമാണ് ഞങ്ങൾ സഹായം തേടുന്നത്.

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ٥

6. ഇഹ്ദിനാ സ്സ്വിറാത്വൽ മുസ്തഖീം.

ഞങ്ങളെ നീ നേർമാർഗത്തിൽ ചേർക്കേണമേ.

ٱهْدِنَا ٱلصِّرَٰطَ ٱلْمُسْتَقِيمَ ٦

7. സ്വിറാത്വല്ലദീന അൻഅംത അലൈഹിം,

صِرَٰطَ ٱلَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ ٱلْمَغْضُوبِ عَلَيْهِمْ

ഗൈറിൽ മഗ്ളൂബി അലൈഹിം

വലള്ളാ ല്ലീൻ. وَلَا ٱلضَّآلِّينَ ۝٧

നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ; കോപത്തിന്നിരയായവരുടെ മാർഗ്ഗത്തിലല്ല; പിഴച്ചു പോയവരുടെ മാരഗ്ഗത്തിലുമല്ല.

കഴിവനുസരിച്ച് അറബി ഭാഷയിൽ തന്നെയായിരിക്കണം ഈ ഖുർആൻ പാരായണം നടത്തേണ്ടത് *ശേഷം ഖുർആനിലെ മറ്റേതെങ്കിലും ഭാഗമോ ചെറിയ അദ്ധ്യായങ്ങളോ - അറിയുമെങ്കിൽ - പാരായണം ചെയ്യാം. അതിന്നു ശേഷം 'അല്ലാഹു അക്ബർ' എന്നു പറഞ്ഞുകൊണ്ട് മുതുക് വളച്ച് ഉള്ളം കൈകൾ കാൽ മുട്ടിൽവെച്ച് തലകുനിച്ച് സമനിരപ്പായി - കുനിഞ്ഞു - നിന്നുള്ള 'റുകുഅ്' ചെയ്യുക. അപ്പോൾ ഇപ്രകാരം പറയുക:

"സുബ്ഹാന റബ്ബിയൽ അളീം." سُبْحَانَ رَبِّيَ الْعَظِيمِ

"മഹത്വസമ്പൂർണ്ണനായ എൻെറ നാഥൻ പരമപരിശുദ്ധനാകുന്നു."

ശേഷം സമിഅല്ലാഹു ലിമൻ ഹമിദഹ്. سَمِعَ اللهُ لِمَنْ حَمِدَهُ ۝

"സ്തുതിച്ചവൻെറ കീർത്തനം അല്ലാഹു കേട്ടിരിക്കുന്നു." എന്നു പറഞ്ഞു നിവർന്നു നിന്ന ശേഷം "റബ്ബനാ വലകൽ ഹംദ്"

رَبَّنَا لَكَ الْحَمْدُ ۝

"ഞങ്ങളുടെ നാഥാ. നിനക്കാണ് സർവ്വത്ര സ്തുതിയും."എന്നു പറഞ്ഞശേഷം 'അല്ലാഹു അക്ബർ' എന്നു ചൊല്ലി സുജൂദ്(നമ്രശിരസ്കനായി)ചെയ്യുക. കാൽവിരൽ തലപ്പുകളും രണ്ടുകാൽമുട്ടുകളും

---

*അറബിഭാഷയിലല്ലാതെ ഖുർആൻ പാരായണം നടത്തിയാൽ അതു വിശുദ്ധ ഖുർആനാകുകയില്ല. കാരണം ഖുർആനിൻെറ പദങ്ങൾക്കു പരിഭാഷയില്ല. അതിൻെറ ആശയങ്ങളുടെ പരിഭാഷയേ അതാകുകയുള്ളു. ഖുർആനിൻെറ അക്ഷരങ്ങളും പദങ്ങളും പരിഭാഷപ്പെടുത്തിയാൽ അതിൻെറ സാഹിത്യവും അലങ്കാര ഭംഗിയും അമാനുഷികതയും നഷ്ടമാകും. അക്ഷരങ്ങൾ തന്നെ മാറിപ്പോകും. അപ്പോൾ അതു ഖുർആനെന്നു പറയാൻ കഴിയുകയില്ലല്ലോ.

രണ്ടു ഉള്ളം കൈകളും മൂക്കോടുകൂടി നെറ്റിത്തട്ടവും ഭൂമിയിൽ വെച്ചുകൊണ്ടുള്ള നമിക്കലാണ് സുജൂദ്. അതിൽ ഇപ്രകാരം പറയുക: "സുബ്ഹാന റബ്ബിയൽ അഅ്ലാ"

سُبْحَانَ رَبِّيَ الأَعْلَى

"അത്യുന്നതനായ എൻെറ നാഥൻ മഹാപരിശുദ്ധനല്ലോ."

പിന്നീട് സുജൂദിൽ നിന്ന് നിവർന്ന് അല്ലാഹു അക്ബർ എന്നു പറഞ്ഞു കൊണ്ട് ഇരിക്കുക. അപ്പോൾ: റബ്ബിഗ്ഫിർ ലീ 'എൻെറ നാഥാ എനിക്കു പൊറുത്തു തരേണമേ' എന്നു പറഞ്ഞു വീണ്ടും അല്ലാഹു അക്ബർ എന്നു ചൊല്ലി രണ്ടാമതും സുജൂദ് ചെയ്യുകയും അതിൽ ആദ്യ സുജൂദിൽ പറഞ്ഞ പ്രകാരം പറയുകയും ചെയ്യുക. രണ്ടാമത്തെ സുജൂദിൽ നിന്ന്അല്ലാഹു അക്ബർ ' എന്നു പറഞ്ഞു നേരെ വീണ്ടും നിറുത്തത്തിലേക്കു വരിക. (ഇപ്പോൾ ഒരു റക്അത്ത് പൂർത്തിയായി) . ആദ്യ റക്അത്തിൽ ചെയ്തപോലെ ഫാതിഹ ഓതുക. ശേഷം തക്ബീർ ചൊല്ലി റുകൂഅ ചെയ്ത് വീണ്ടും നിവർന്നു നിന്നു ആദ്യ സുജൂദും ചെയ്ത് ഇരുന്ന ശേഷം രണ്ടാമതും സുജൂദ് ചെയ്ത് ഇരിക്കുക. (ഇവയ്ക്കിടയിലെല്ലാം ഒന്നാം റക്അത്തിൽ ചൊല്ലിയതെല്ലാം അങ്ങിനെത്തന്നെ ആവർത്തിക്കുക) ഈ ഇരുത്തത്തിൽ ഇപ്രകാരം പറയുക:

അത്തഹിയ്യാത്തു ലില്ലാഹ്. വസ്സ്വലവാത്തു വത്ത്വയ്യിബാതു അസ്സലാമു അലൈക അയ്യുഹന്നബിയ്യു വറഹ്മതുള്ളാഹി വബറകാതുഹു അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹിസ്സ്വാലിഹീൻ. അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ, കമാ സ്വല്ലെെത അലാ ഇബ്രാഹീമ വഅലാ ആലിഇബ്രാഹീമ ഇന്നക ഹമീദുൻ മജീദ്.

اَلتَّحِيَّاتُ لِلّٰهِ وَالصَّلَوَاتُ وَالطَّيِّبَاتُ اَلسَّلَامُ عَلَيْكَ
اَيُّهَا النَّبِيُّ وَرَحْمَةُ اللهِ وَبَرَكَاتُهُ اَلسَّلَامُ عَلَيْنَا وَعَلٰى عِبَادِ
اللهِ الصَّالِحِينَ ○ اَشْهَدُ اَنْ لَا إِلٰهَ إِلَّا اللهُ وَاَشْهَدُ اَنَّ مُحَمَّدًا
عَبْدُهُ وَرَسُولُهُ . اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَعَلٰى آلِ مُحَمَّدٍ

"എല്ലാ അഭിവാദ്യങ്ങളും പ്രാർത്ഥനകളും നന്മയുറ്റ സർവ്വവും അല്ലാഹുവിന്നാകുന്നു. പ്രവാചകന്ന് അല്ലഹുവിൻെറ കരുണാകടാക്ഷ

كَمَا صَلَّيْتَ عَلَىٰ إِبْرَاهِيمَ وَعَلَىٰ آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ.

ങ്ങൾ വർഷിക്കട്ടെ. ഞങ്ങളിലും അല്ലാഹുവിൻെറ നല്ലവരായ ദാസൻമാരിലും അല്ലാഹുവിൻെറ രക്ഷ ഉണ്ടാകുമാറാകണേ. ആരാധനക്കർഹൻ അല്ലഹുവല്ലാതെ മറ്റൊരുമില്ലെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു. നിശ്ചയം മുഹമ്മദ് (സ.അ) അല്ലാഹുവിൻെറ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷി നിൽക്കുന്നു. അല്ലാഹുവേ മുഹമ്മദിന്നും അദ്ദേഹത്തിൻെറ കുടുംബത്തിന്നും നീ അനുഗ്രഹം ചെയ്യണേ. ഇബ്രാഹീമിന്നും അദ്ദേഹത്തിൻെറ കുടുംബത്തിന്നും അനുഗ്രഹം വർഷിച്ചതുപോലെ. നിശ്ചയം നീ സതുത്യർഹനും അത്യുദാരനുമാണല്ലോ."

ശേഷം 'അസ്സലാമുഅലൈക്കും വറഹ്മതുല്ലാഹ് '

എന്നു പറഞ്ഞുകൊണ്ട് വലത്തോട്ടും അപ്രകാരം വീണ്ടും പറഞ്ഞുകൊണ്ട് ഇടത്തോട്ടും മുഖം തിരിക്കുക. ഇതോടെ ഫജ്ർ നമസ്കാരം കഴിഞ്ഞു.

ളുഹ്ർ, അസ്വർ, അസ്വ്ർ, ഇശാഅ് എന്നിവ നാലു റക്അത്തുകളാണ്. ഫജ്ർ നമസ്കരിച്ച പ്രകാരം ആദ്യം രണ്ടു റക്അത്തുകൾ ഇവയിൽ നിർവ്വഹിച്ചശേഷം 'അത്തഹിയ്യാത്തു' വിന്നായി ഇരിക്കുകയും അതിലെ പ്രാർത്ഥന ചൊല്ലുകയും ചെയ്തശേഷം 'സലാം' മൂന്നാമത്തെ റക്അത്തിന്നായി എഴുന്നേറ്റു നിൽക്കുക. എന്നിട്ട് ആദ്യ റക്അത്തുകൾ നിർവ്വഹിച്ചപോലെ രണ്ട് എണ്ണം കൂടി നിർവ്വഹിക്കുക. അവസാനം (നാലാം റക്അത്തിൽ) രണ്ടാമത്തേതിൻെറ പൂർത്തീകരണത്തിൽ ഇരുന്നപോലെ 'അത്തഹിയ്യാത്തു' വിന്നുവേണ്ടി ഇരിക്കുക. അതിൽപറഞ്ഞ പ്രാർത്ഥനകൾക്കു ശേഷം 'സലാം' ചൊല്ലി ഫജ്ർ നമസ്കാരത്തിൽ ചെയ്തപോലെ ഇടത്തോട്ടും വലത്തോട്ടും മുഖം തിരിക്കുക.

'മഗ്രിബ്' നമസ്കാരം മൂന്നു റക്അത്തുകളാണ്. മേൽ വിവരിച്ച പ്രകാരമുളള രണ്ട് റക്അത്തുകൾക്കുശേഷം 'സലാം' വീട്ടാതെ മൂന്നാമത്തേതിലേക്കെഴുന്നൽക്കുകയും ആ മൂന്നാം റക്അത്തു പൂർത്തീകരിച്ച് ഇരിക്കുകയും ചെയ്യുക. അതിൽ 'അത്തഹിയ്യാത്തു' പാരായണം ചെയ്തശേഷം സലാം വീട്ടുക.

നമസ്കരിക്കുന്നവൻ തൻെറ റുകൂഇലും സുജൂദുകളിലും നിർദ്ദേശിക്കപ്പെട്ട പ്രാർത്ഥനകൾ ഒന്നിലധികം പ്രാവശ്യം ആവർത്തിക്കലാണുത്തമം. പുരുഷൻമാർ ഈ അഞ്ചു പ്രാവശ്യത്തെ നിർബന്ധ നമസ്കാരങ്ങളും പളളിയിൽവെച്ച് നമസ്കരിക്കൽ അനിവാര്യമാണ്. ഖുർആൻ നന്നായി പാരായണം ചെയ്യാനറിയുന്ന, നമസ്കാരത്തെക്കുറിച്ച് നല്ല ജ്ഞാനമുളള, മതനിഷ്ഠയുളള ആളായിരിക്കണം നമസ്കാരത്തിന്നു നേതൃത്വം (ഇമാം)

നൽകേണ്ടത്. ഫജ്ർ, മഗ്‌രിബ്, ഇശാഅ് എന്നിവയിലെ ആദ്യ രണ്ടു റക്അത്തുകളിലും 'ഇമാം' റുകുഇന്നു മുൻപുള്ള നിറുത്തത്തിലെ ഖുർആൻ പാരായണം ഉച്ചത്തിലാണ് നിർവ്വഹിക്കേണ്ടത്. പിന്നിൽ ഇമാമിനെ തുടരുന്നവർ (മഅ്മൂമുകൾ) അതപ്പോൾ ശ്രദ്ധിച്ചു കേട്ടുനിൽക്കുകയും ചെയ്യണം.

സ്ത്രീകൾക്ക് നമസ്കാരം അവരുടെ വീടുകളിൽവെച്ചും നിർവ്വഹിക്കാം. അവർ മുഖമൊഴികെ - കാൽപാദങ്ങൾ ഉൾപ്പെടെ - ബാക്കി ശരീര ഭാഗങ്ങളെല്ലാം പൂർണ്ണമായി വസ്ത്രം കൊണ്ട് മറച്ച് - കാരണം, സ്ത്രീകൾക്ക് അതെല്ലാം നഗ്നതയാണ് - വേണം നമസ്കരിക്കാൻ. പുരുഷൻമാരിൽ നിന്നവർ മറ സ്വീകരിക്കൽ നിർബന്ധമാണ്. സ്ത്രീ പുരുഷ സമ്പർക്കം പലവിധ കുഴപ്പങ്ങൾക്കും കാരണമായിത്തീരാറുണ്ടല്ലോ.

വനിതകൾ പള്ളിയിൽ വന്നു നമസ്കരിക്കാനാഗ്രഹിക്കുന്നുവെങ്കിൽ അവരെ തടയുവാൻ പാടില്ല. ഇസ്‌ലാമിക വേഷവിധാനം സ്വീകരിക്കുകയും സുഗന്ധം പൂശാതിരിക്കുകയും ചെയ്തുകൊണ്ടവർക്ക് പള്ളിയിൽ ഹാജറാകുകയും പുരുഷൻമാരുടെ പിന്നിൽ നിന്നു നമസ്കരിക്കുകയും ചെയ്യാം. അവരുടെ ആഗമനം പുരുഷൻമാർക്കോ അവർക്ക് തന്നെയോ യാതൊരു പ്രശ്നങ്ങളും സൃഷ്ടിക്കാത്തവിധം ആയിരിക്കണമെന്നുമാത്രം.

നമസ്കാരം ഭയഭക്തിയോടെയാണ് ഒരു മുസ്ലിം നിർവ്വഹിക്കേണ്ടത്. നിറുത്തത്തിലും റുകൂഇലും സുജൂദിലും മറ്റെല്ലാ ചലനങ്ങളിലും അടക്കവും ഒതുക്കവും പാലിക്കണം. ധൃതിയിലും അലസമായും ആകരുത്. ആകാശത്തേക്ക് കണ്ണുകളുയർത്തരുത്. ഖുർആൻ പാരായണവും അതാതിടങ്ങളിലെ പ്രാർത്ഥനകളുമല്ലാതെ സാധാരണ സംഭാഷണങ്ങളൊന്നും നമസ്കാനമസ്കാരത്തിൽ പാടില്ല. [1] കാരണം നമസ്കാരം ദൈവസ്മരണക്കുവേണ്ടിയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

വെള്ളിയാഴ്ച മുസ്‌ലിംകളെല്ലാം 'ജുമുഅ' മണ്ട് റക്അത്തു നിർവ്വഹിക്കണം ഇമാം ആ നമസ്കാരത്തിലെ ഖുർആൻ പാരായണം ഫജ്ർ സമസ്കാരത്തിലെപ്പോലെയാണ് നടത്തേണ്ടത്. ഈ നമസ്കാരത്തിനു മുൻപ് ഇമാം രണ്ട് പ്രസംഗങ്ങൾ നടത്തണം. അതിൽ മുസ്‌ലിംകളെ ഉൽബോധിപ്പിക്കുകയും മതകാര്യങ്ങൾ പഠിപ്പിക്കുകയും ചെയ്യണം. പുരുഷരുഷൻമാർക്കല്ലാം ഇമാമോടൊപ്പം അതിൽ പങ്കെടുക്കൽ നിർബന്ധമാണ്. വെള്ളിയാഴ്ചത്തെ 'ളുഹർ'നമസ്കാരമാണിതെന്നുസാരം.

---

1. നമസ്കാരത്തിൽ ആരെയെങ്കിലും എന്തെങ്കിലും ഉണർത്തണമെന്നുണ്ടെങ്കിൽ (ഉദാ. ഒരാൾ വിളിച്ചാൽ) 'സുബ്ഹാനല്ല' എന്നു മാത്രം പറയുക. ഇമാമിന് അബദ്ധവശാൽ കർമ്മങ്ങൾ കൂടിപ്പോകുകയോ മറക്കുകയോ ചെയ്താൽ മഅ്മൂമുകൾ അദ്ദേഹത്തെ ഉണർത്തേണ്ടതും അങ്ങിനെ. 'പറഞ്ഞുകൊണ്ടാണ്. എന്നാൽ സ്ത്രീകൾ ശബ്ദം പുറപ്പെടുവിക്കാതെ കൈമുട്ടുക മാത്രം ചെയ്താൽ മതി.

## സകാത്ത് - നിർബന്ധ ദാനം.

ഇസ്‌ലാമിൻെറ മൂലസ്തംഭങ്ങളിൽ മൂന്നാമത്തേത് സകാത്ത് ആണ്. നിശ്ചിത പരിധിയെത്തിയ ഏതു ധനത്തിൻേറയും ഉടമയായ ഒരു മുസ്ലീം വർഷം തികയുമ്പോൾ സകാത്ത് നൽകണമെന്നത് അല്ലാഹു കൽപിച്ച താണ്. ദരിദ്രരിൽനിന്നും സകാത്ത് നൽകൽ അനുവദനീയമായ മറ്റുള്ളവരി ൽ നിന്നും അതിൻെറ അവകാശികൾക്കാണത് നൽകേണ്ടത്.ആ അവകാശി കളെ ഖുർആൻ വിശദീകരിച്ചിട്ടുണ്ട്.

സ്വർണ്ണത്തിൻെറ നിശ്ചിതപരിധി(നിസ്വാബ്) 20 മിസ്ഖാൽ ആണ്.(92 ഗ്രാമിന്നു തുല്യം). വെള്ളിയുടേത് 200 ദിർഹം-(1/2 കിലോ ഗ്രാമിലും സ്വൽപം കൂടുതൽ)-ആണ് ഇവയ്ക്ക് തുല്യപ്പടുത്തിയാണ് നോട്ടുകൾ, നാണയങ്ങൾ , വിവിധ കച്ചവടച്ചരക്കുകൾ എന്നിവകൾക്കൊക്കെ സകാത്ത് കണക്കാക്കേണ്ടത്. ഇതിൻെറ സകാത്തുപരിധിയും, വർഷം പൂർത്തിയാകു കയും ചെയ്താൽ അതിൻെറ ഉടമ സകാത്ത് നൽകണം. ധാന്യങ്ങളും പഴവർഗ്ഗങ്ങളും മറ്റും 300 സ്വാഅ് (600 കിലോക്ക് തുല്യം) അതിൻെറ പരിധിയായി നിശ്ചയിച്ചിട്ടുള്ളത്. കച്ചവടത്തിനൊരുക്കിയ വാടക സാധന ങ്ങൾ അവയുടെ മൂല്യ(വും ലാഭവും) കൂടി കണക്കാക്കി സകാത്തു കൊടുക്കണം. വാടകയിൽ നിന്നുമുള്ള വരുമാനത്തിനും സകാത്ത് നൽകേ ണ്ടതുണ്ട്.

സ്വർണ്ണം, വെള്ളി , കച്ചവടച്ചരക്കുകൾ എന്നിവയ്ക്കെല്ലാം വർഷം തോറും 2.5% സകാത്തു നൽകേണ്ടതാണ്. കാർഷിക സമ്പത്തിൻേറത് കഠിനാദ്ധ്വാനത്തിലൂടെയല്ലാതെ കൃഷിചെയ്തുണ്ടാക്കിയതെങ്കിൽ(പുഴ,നദി, ഉറവ, മഴ എന്നീ പ്രകൃതിയെ മാത്രം ആശ്രയിച്ചു) . 10% ഉം, തേവി നനച്ചും കഠിനാദ്ധ്വാനം നടത്തിയും ഉൽപാദിപ്പിച്ചവർക്ക് 5% മാത്രമേ സകാത്തു നൽകേണ്ടതുള്ളു. ഒരു വർഷത്തിൽ എപ്പോഴെല്ലാം കൊയ്തു നടക്കുന്നു വോ അപ്പോഴാണതിൻെറ സകാത്ത് നിർവ്വഹിക്കേണ്ടത്.

ആടുമാടുഒട്ടകങ്ങൾക്കെല്ലാം ഇപ്രകാരമുള്ള സകാത്തിൻെറ തോതും വ്യവസ്ഥകളും ഇസ്ലാം നിഷ്കർച്ചിട്ടുണ്ട്. ഇസ്ലാമിക പ്രമാണങ്ങളിൽ അവ പരിശോധിക്കാവുന്നതാണ്. അല്ലാഹു പറയുന്നു." കീഴ്‌വണക്കം അല്ലാഹുവി ന്നുമാത്രമാക്കി ഋജുമനസ്കരായ നിലയിൽ അല്ലാഹുവിനെ ആരാധിക്കുവാ നും നമസ്കാരം നില നിർത്താനും സകാത്തു നൽകാനുമല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല. അതാണ് വക്രതയില്ലാത്ത സുദൃഢമതം"(98:5)

സകാത്ത്, ദരിദ്രരുടെ മനസ്സുകൾക്കാശ്വാസവും അവരുടെ ആവശ്യ ങ്ങൾക്ക് പരിഹാരവും ധനാഢ്യരും ദരിദ്രരും തമ്മിലുള്ള സ്നേഹവും ബന്ധവും സുശക്തമാക്കുന്നതുമാണ്. ധനപരമായ പരസ്പരസഹായത്തി

ൻേറയും സാമൂഹ്യസംരക്ഷണച്ചുമതലയിലൂടെയും പ്രശ്നം വെറുമൊരു സകാത്തിൽ മാത്രം പരിമിതമാക്കുകയല്ല ഇസ്ലാം ചെയ്തിട്ടുള്ളത്. പ്രസ്തുത ധനികരുടെ മേൽ മറ്റു കനത്ത ഉത്തരവാദിത്വങ്ങളും ഇസ്ലാം ചുമത്തിയിട്ടുണ്ട്. പട്ടിണിയും ക്ഷാമവും നിലനിൽക്കുമ്പോൾ ദരിദ്രരുടെ സംരക്ഷണച്ചുമതല ധനികർ ഏൽക്കേണ്ടതാണ് എന്ന് ഇസ്ലാം നിഷ്കർഷിച്ചിട്ടുണ്ട്. അയൽവാസി പട്ടിണികിടക്കുമ്പോൾ വയർ നിറച്ചുണ്ണുന്നവനെ ഒരു മുസ്ലീമായി ഇസ്ലാം കാണുന്നില്ല.

സകാത്തുൽ ഫിത്വർ, ഇസ്ലാം മുസ്ലിംകളിൽ നിർബന്ധമാക്കിയിട്ടുണ്ട്. ചെറിയ പെരുന്നാൾ ദിനത്തിലാണിത് നൽകേണ്ടത്. ഓരോ കുടുംബനാഥനും തനിക്കും തൻെറ കുട്ടികൾ, ഭൃത്യർ, തൻെറ സംരക്ഷണച്ചുമതലയിലുള്ള എല്ലാ ഓരോരുത്തർക്കുമായി ഒരു സ്വാഅ് (2കിലോയിലല്പം കൂടുതൽ) വീതം കണക്കാക്കി നാട്ടിലെ മുഖ്യാഹാരം പാവങ്ങൾക്ക് നൽകുവാനായി തിരഞ്ഞെടുക്കണം. അപ്രകാരം തന്നെ സത്യലംഘനം ഒരു മുസ്ലീമിൽ നിന്നുമുണ്ടായാൽ അതിനു പ്രായശ്ചിത്തം നൽകേണ്ടതുണ്ട്.[1] താനൊരു കാര്യം ചെയ്യുമെന്ന് അല്ലാഹുവിനെ സാക്ഷി നിർത്തി സത്യം ചെയ്താൽ അതു പാലിക്കാതെ അതിനു ലംഘനം കാണിക്കുകയാണിതുകൊണ്ടുദ്ദേശിക്കുന്നത്. നിയമവിധേയമായ കാര്യങ്ങൾക്കു ഒരു മുസ്ലീം നേർച്ച നേർന്നാൽ അതവൻ നിർബന്ധമായും പാലിക്കണം.

ഐഛികദാനം അല്ലാഹു വളരെയധികം പ്രോൽസാഹിപ്പിച്ചിരിക്കുന്നു. ചെലവഴിക്കുന്ന ഔദാര്യവാന്മാർക്കു വമ്പിച്ച പ്രതിഫലവും പതിന്മടങ്ങു പുണ്യവും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഓരോ നന്മക്കും പത്തിരട്ടിമുതൽ എഴുന്നൂറിരട്ടിവരെയും അവയേക്കാളിരട്ടിയും പ്രതിഫലമുണ്ടാകുമെന്നും അറിയിച്ചിരിക്കുന്നു.

## വ്രതാനുഷ്ഠാനം

ഇസ്ലാമിൻെറ നാലാമത്തെ മൂലസ്തംഭം റമളാൻ മാസത്തിൽ വ്രതമനുഷ്ഠിക്കലാണ്. ചന്ദ്രവർഷത്തിലെ 9-ാം മാസമാണിത്. എല്ലാ രാത്രികളിലും പ്രഭാതമാകും മുൻപ് നാളെ നോമ്പനുഷ്ഠിക്കുന്നുവെന്ന് മനസ്സിൽ കരുതുക. പിന്നീട് പ്രഭാതോദയം മുതൽ സൂര്യാസ്തമന സമയം വരെ ലൈംഗികബന്ധങ്ങളും അന്നപാനീയങ്ങളും വെടിയുക. സൂര്യാസ്തമനത്തോടെ നോമ്പവസാനിപ്പിക്കുക. ഇപ്രകാരം റമളാൻ മുഴുവൻ നോമ്പ് പിടിക്കുക. ഇതുകൊണ്ട് ദൈവപ്രീതിയും അല്ലാഹുവിനുള്ള ആരാധനയുമാണ് ഉദ്ദേശിക്കപ്പെടുന്നത്. മറ്റ് എണ്ണമറ്റനേട്ടങ്ങളും വ്രതാനുഷ്ഠാനത്തിലുണ്ട്.

---

1. സത്യലംഘനം നടത്തിയാൽ പ്രായശ്ചിത്തമായി ഒരടിമയെ മോചിപ്പിക്കലാണ്. അല്ലെങ്കിൽ 10 ദരിദ്രർക്ക് അന്നം നൽകുകയോ വസ്ത്രം നൽകുകയോ ചെയ്യുക. ഇതിനൊന്നും കഴിവില്ലാത്തവർ മൂന്നു ദിവസം നോമ്പനുഷ്ഠിക്കുക.

അതിൽ പ്രധാനമായവ:

ദൈവാജ്ഞക്ക് പൂർണ്ണമായി വഴങ്ങുക. തൻെറ വികാരവിചാരങ്ങളും അന്നപാനീയങ്ങളും അല്ലാഹു കൽപിച്ചു എന്ന കാരണത്താൽ മാത്രം വെടിഞ്ഞുനിന്ന് തൻെറ ഈ കർമ്മം ആരോഗ്യപരവും സാമ്പത്തികപരവുമായ സാമൂഹ്യനേട്ടങ്ങൾ കൈവരിക്കുക. വിശ്വാസിയായ ഒരു വിനീത നോമ്പുകാരന്നെല്ലാത അതു കരഗതമാകുകയില്ലല്ലോ. അല്ലാഹു പറയുന്നു.

"സത്യ വിശ്വാസികളെ, നിങ്ങളുടെ മുൻഗാമികളോട് കല്പിക്കപ്പെട്ട പോലെ നിങ്ങളിലും വ്രതം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ സൂക്ഷ്മതയുള്ളവരായേക്കാം" (വി.ഖു:2:183)

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُتِبَ
عَلَيْكُمُ ٱلصِّيَامُ كَمَا كُتِبَ عَلَى ٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ١٨٣

"ജനങ്ങൾക്ക് മാർഗ്ഗദർശനമായും നേർവഴിയുടെ സുവ്യക്ത തെളിവുകളായും സത്യാസത്യ വിവേചനമായും വിശുദ്ധ ഖുർആൻ അവതരണീയമായ മാസമാകുന്നു റമളാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. ആരെങ്കിലും രോഗിയാകുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം നോമ്പെടു(ത്തു തിക)യ്ക്കേണ്ടതാണ്. നിങ്ങളിൽ ആശ്വാസമാണല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങളിൽ ഞെരുക്കമുണ്ടാക്കുവാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം തികയ്ക്കുവാനും, നിങ്ങൾക്ക് നേർവഴി കാണിച്ചു തന്നതിനാലും, അല്ലാഹുവിൻെറ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും, നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ ഇത്." (വി.ഖു:2:185)

شَهْرُ رَمَضَانَ ٱلَّذِىٓ أُنزِلَ فِيهِ ٱلْقُرْءَانُ هُدًى لِّلنَّاسِ وَبَيِّنَٰتٍ مِّنَ ٱلْهُدَىٰ
وَٱلْفُرْقَانِ ۚ فَمَن شَهِدَ مِنكُمُ ٱلشَّهْرَ فَلْيَصُمْهُ ۖ وَمَن كَانَ مَرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ
أَيَّامٍ أُخَرَ ۗ يُرِيدُ ٱللَّهُ بِكُمُ ٱلْيُسْرَ وَلَا يُرِيدُ بِكُمُ ٱلْعُسْرَ وَلِتُكْمِلُوا۟ ٱلْعِدَّةَ
وَلِتُكَبِّرُوا۟ ٱللَّهَ عَلَىٰ مَا هَدَىٰكُمْ وَلَعَلَّكُمْ تَشْكُرُونَ ١٨٥

വിശുദ്ധ ഖുർആനിൽ അല്ലാഹുവും തിരുവചനങ്ങളിൽ പ്രവാചകൻ (സ.അ) യും വിശദീകരിച്ച നിയമത്തിൽ പെട്ടവയാണ്: രോഗികളും

യാത്രക്കാരും നോമ്പൊഴിവാക്കാം. എന്നാലവർ റമളാനിന്നുശേഷം നഷ്ടപ്പെട്ട എണ്ണമനുസരിച്ച് നോറ്റു വീട്ടണം. അപ്രകാരം തന്നെയാണ് ആർത്തവകാരികളുടേയും പ്രസവ രക്തമുള്ളവളുടേയും നിയമവും. ആ അശുദ്ധി കാലങ്ങളിൽ നോമ്പവർക്ക് അനുവദനീയമല്ല. അവർ എണ്ണം തികച്ച് പിന്നീട് അനുഷ്ഠിച്ചാൽ മതി. ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും സ്വശരീരത്തിലോ അവരുടെ കുഞ്ഞുങ്ങളിലോ നോനപനുഷ്ഠാനം അപകടം വരുത്തുമെന്നു കണ്ടാലും അവർക്ക് നോമ്പു തൽക്കാലം ഉപേക്ഷിച്ച് പിന്നീട് നോറ്റു വീട്ടിയാൽ മതിയാകുന്നതാണ്.

നോമ്പുകാരനായിരിക്കെ മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്തു പോയാൽ അവന്റെ നോമ്പു നഷ്ടപ്പെടുന്നതല്ല. - (ഓർമ്മവന്നയുടൻ വായിലുള്ളത് തുപ്പിക്കളയുകയും സമയം പൂർത്തിയാകുംവരെ പിന്നീട് നോമ്പുകാരനായി കഴിയുകയും ചെയ്യണം.) – കാരണം അബദ്ധത്താലും മറവിയാലും ഭീഷണിക്കു വിധേയനായും സംഭവിക്കുന്നത് അല്ലാഹു മുഹമ്മദ് (സ.അ) യുടെ സമുദായത്തിന്നു പൊറുത്തുകൊടുക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## ഹജ്ജ്

ഇസ്ലാമിന്റെ അഞ്ചാമത്തെ മൂലസ്തംഭം, ജീവിതത്തിലൊരിക്കൽ ദൈവഭവനമായ മക്കയിലെ മസ്ജിദുൽഹറമിൽ വന്നു ഹജ്ജ് കർമ്മം നിർവ്വഹിക്കുക എന്നതാണ്. ഒന്നിലധികം പ്രാവശ്യം നിർവ്വഹിക്കുന്നത് കൂടുതൽ പുണ്യകരമാണ്. എണ്ണമറ്റ നേട്ടങ്ങൾ ഹജ്ജ് നൽകുന്നുണ്ട്. അതിൽ ഒന്നാമത്തേത്: ആത്മാവ്, ധനം, ശരീരം എന്നിവകൊണ്ടെല്ലാം കൂടി ഒന്നിച്ച് അല്ലാഹുവിന്നു മഹത്തായ ഒരാരാധനാ കർമ്മം നിർവ്വഹിക്കുന്നു എന്നതാണ്.,

രണ്ട്: മുസ്ലിംകളുടെ ഒരു മഹാസമ്മേളനമാണത്. ലോകത്തിന്റെ നാനാ ഭാഗത്തുനിന്നും എത്തിച്ചേർന്നവർ ഒരു സ്ഥലത്തു ഒരുമിച്ചു കൂടുന്നു. ഒരേ വസ്ത്രം. ഒരേ ലക്ഷ്യം. ഒരേ ഒരു ദൈവത്തിനു മാത്രമുള്ള ആരാധന. ഒരേ സമയത്തു തന്നെ എല്ലാവരും ഒത്തൊരുമിച്ചു ചെയ്യുന്ന ആരാധനാകർമ്മങ്ങൾ. നേതാവും അനുയായിയും, കറുത്തവനും വെളുത്തവനും, ധനികനും ദരിദ്രനും എല്ലാം ഒരുപോലെയാണവിടെ. സർവ്വരും ഒരു ദൈവത്തിന്റെ ദാസൻമാർ! അപ്പോൾ മുസ്ലിംകൾക്ക് പരസ്പരം മനസ്സിലാക്കാൻ, അന്യോന്യം സേവനങ്ങളർപ്പിക്കാൻ ഒരവസരം കൈവരുന്നു. നാളെ അന്ത്യ ദിനത്തിൽ മനുഷ്യരെയെല്ലാം വിചാരണക്ക് ഒരുമിച്ചു കൂട്ടുന്ന ആ നാളിനെ ദ്യോതിപ്പിക്കുന്ന ഒരു മഹാസദസ്സ് ! ദൈവവിധേയത്തത്തോടെ മരണശേഷമുള്ള ആ ജീവതത്തിന്നായി ഒരുങ്ങുന്നതിന് ഉപകരിക്കുന്ന ഒരു കൂടിച്ചേരൽ!

എല്ലാ നമസ്കാരവസരത്തിലും എവിടെയായിരുന്നാലും മുസ്ലിംകൾ അഭിമുഖകേന്ദ്രമായി സ്വീകരിക്കാനാജ്ഞാപിക്കപ്പെട്ടിട്ടുള്ള കഅബാലയം. അതിന്നു ചുറ്റുമുള്ള വലംവെക്കൽ(ത്വവാഫ്). നിർണ്ണിത സമയങ്ങളിൽ മക്കായിലെ വിവിധ സ്ഥലങ്ങളിൽ - അറഫ, മുസ്ദലിഫ, മിനാ - താമസിക്കൽ. ഇവയുടെയെല്ലാം ലക്ഷ്യം, അല്ലാഹു കൽപിച്ച രൂപത്തിൽ ആ പരിശുദ്ധ സ്ഥലങ്ങളിൽവെച്ച് അവന്നുമാത്രം അർപ്പിക്കപ്പെടുന്ന ആരാധനകളുണ്ടാക്കുക എന്നതാണ്. കഅബാ കെട്ടിടമോ ആ പ്രദേശങ്ങളോ മറ്റെന്തു സൃഷ്ടവസ്തുക്കളോ ഒരിക്കലും ആരാധിക്കപ്പെടരുത്. അവയ്ക്കൊന്നും ഉപകാരോപദ്രവങ്ങൾ ഏൽപിക്കാൻ കഴിയില്ല. - മറിച്ച് ഇവയുടെയെല്ലാം സ്രഷ്ടാവായ ഏകനായ അല്ലാഹുവിന്നു പൂർണ്ണവിധേയനായി അവന്നു മാത്രം ആരാധനകൾ നിർവ്വഹിക്കുക എന്നതുമാത്രമാണ് ഇതുകൊണ്ടെല്ലാം ലക്ഷ്യമാക്കുന്നത്. ഉപകാരവും ഉപദ്രവവും ഏൽപിക്കുന്നതും അല്ലാഹു മാത്രമാണ്. ആ ദേവാലയത്തിലെത്തി ഹജ്ജ് കർമ്മം ചെയ്യണമെന്ന് അല്ലാഹു കൽപിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഒരു മുസ്ലിമിന്നും അവിടം സന്ദർശിക്കൽ അനുവദനീയമാകുമായിരുന്നില്ല. കാരണം ആരാധനാ കർമ്മങ്ങൾ യുക്തിക്കനുസൃതമോ താൽപര്യങ്ങൾക്കനുസരിച്ചോ ആകാവതല്ല. പ്രത്യുത ദൈവഗ്രന്ഥത്തിലെ ആജ്ഞപ്രകാരമോ പ്രവാചകൻെറ ചര്യയുടെ അടിസ്ഥാനത്തിലോ മാത്രമായിരിക്കണം. അല്ലാഹു പറയുന്നു:

"ആ മന്ദിരത്തിലെത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്ന പക്ഷം അല്ലാഹു ലോകരിൽ ആരുടെയും ആശ്രയമില്ലാത്തവനാകുന്നു." [1] (വി.ഖു:3:97)

وَلِلَّهِ عَلَى ٱلنَّاسِ حِجُّ ٱلْبَيْتِ
مَنِ ٱسْتَطَاعَ إِلَيْهِ سَبِيلًا ۚ وَمَن كَفَرَ فَإِنَّ ٱللَّهَ غَنِىٌّ عَنِ ٱلْعَٰلَمِينَ ﴿٩٧﴾

ജീവിതത്തിലൊരിക്കലെങ്കിലും 'ഉംറ' കർമ്മം നിർവ്വഹിക്കലും ഒരു മുസ്ലിമിന്നു ബാധ്യതയുണ്ട്. അത് തൻെറ ഹജ്ജിനോടൊപ്പമൊ മറ്റേതെങ്കിലും അവസരത്തിലോ ആകാം. എന്നാൽ മദീനായിലെ മുഹമ്മദ് നബി(സ.അ)യുടെ പള്ളിയിലേക്കുള്ള തീർത്ഥാടനം ഹജ്ജിനോടനുബന്ധിച്ചോ മറ്റവസരത്തിലോ (ഹജ്ജ്, ഉംറ എന്നിവപോലെ) നിർബന്ധമായ ഒരു കർമ്മമല്ല. പ്രതിഫലമർഹിക്കാനുള്ള ഒരു പുണ്യകർമ്മം എന്നു മാത്രമേയു

1.രക്തസാക്ഷികളുടേയോ മഹാത്മാക്കളുടെയോ ശവകുടീരങ്ങളിലേക്ക് തീർത്ഥയാത്ര പോകുന്ന അജ്ഞാനികൾ നിശ്ചയം, വഴികേടിൽ തന്നെയാണ്. അല്ലാഹുവിൻെറയും പ്രവാചകൻേറയും കൽപനക്കു വിരുദ്ധമായ പ്രവർത്തികളുമാണ്. നബി(സ.അ) പറഞ്ഞു: മൂന്നു പള്ളികളിലേക്കല്ലാതെ തീർത്ഥയാത്ര പോകരുത്. (മക്കയിലെ) മസ്ജിദുൽഹറം.(മദീനയിലെ)എൻെറ പള്ളി. (ഖുദ്സിലെ) മസ്ജിദുൽ അക്സാ. ഇവയാണവ.

ളളൂ. അതുപേക്ഷിച്ചതിനാൽ ശിക്ഷിക്കപ്പെടുകയില്ല. എന്നാൽ "ആർ ഹജ്ജ് ചെയ്തു. എന്നെ സന്ദർശിച്ചില്ല. അവനെന്നോട് പിണങ്ങിയിരിക്കുന്നു." എന്ന് ഉദ്ധരിക്കാറുള്ള ഒരു വചനമുണ്ട്. യഥാർത്ഥത്തിൽ അത് പ്രവാചകൻെറ പേരിൽ വ്യാജമായി നിർമ്മിച്ച ഹദീസാണ്. [2]

ആ പള്ളിയിലേക്കു സന്ദർശനമുദ്ദേശിച്ച് യാത്രപോകലാണ് നിയമവിധേയമായത്. അങ്ങിനെ അവിടെ എത്തിച്ചേർന്നാൽ ആ പള്ളിയിൽ രണ്ട് റക്അത്തു 'തഹിയ്യത്തുൽ മസ്ജിദ്'നിർവ്വഹിക്കുക. അതിന്നുശേഷം 'അസ്സലാമുഅലൈക യാറസൂലല്ലാഹ്' എന്നു പറഞ്ഞുകൊണ്ട് നബി(സ.അ)യുടെ ഖബർ സന്ദർശിക്കാം. ശബ്ദം താഴ്ത്തിയും മര്യാദകൾ ലംഘിക്കാതേയും ആവശ്യങ്ങളൊന്നും പ്രവാചകനോട് ചോദിക്കാതേയും ആയിരിക്കണംഈ സലാം പറയൽ. അവിടുന്നു ഈ സമുദായത്തോട് അത്രമാത്രം ചെയ്യുവാനേ നിർദ്ദേശിച്ചിട്ടുള്ളൂ. അങ്ങിനെമാത്രമേ അവിടുത്തെ ഉത്തമ ശിഷ്യഗണങ്ങളും ചെയ്തിട്ടുള്ളൂ. എന്നാൽ പ്രവാചക ഖബറിന്നടുത്തു നിന്നുകൊണ്ട് നമസ്കാരത്തിലെന്നപോലെ ഭയഭക്തി ബഹുമാനത്തോടെ അവിടുത്തോട് തൻെറ ആവശ്യങ്ങൾ തേടുകയും സഹായാഭ്യർത്ഥന നടത്തുകയും അല്ലാഹുവിങ്കലേക്കുള്ള ഇടയാളനായി ചിത്രീകരിക്കുകയും ചെയ്യൽ നിഷിദ്ധമാണ്. അത്തരക്കാർ അല്ലാഹുവിൽ പ്രവാചകനെ പങ്കു ചേർക്കുകയാണ്. പ്രവാചകൻ അവരിൽ നിന്നു മുക്തനാണ്. അതിനാൽ നബി (സ.അ)യോടോ മറ്റുള്ളവരോടോ ഇവ്വിധം ചെയ്യുന്നതിൽ സൂക്ഷ്മത പുലർത്തിക്കൊള്ളുക.

പിന്നീട് ബഖീഇലെ (മദീനപള്ളിക്കടുത്ത പൊതുശ്മശാനം രക്തസാക്ഷികളുടെയും മറ്റും ഖബറുകളും സംരക്ഷിക്കാം. അവിടെ സന്ദർശിക്കുമ്പോഴും ഇസ്ലാം നിയമമാക്കിയിട്ടുള്ള സലാം ആശിർവദിക്കലും ഖബറാളികൾക്ക് നന്മക്കുവേണ്ടിയുള്ള അല്ലാഹുവിനോടുള്ള പ്രാർത്ഥനയും മരണത്തെക്കുറിച്ചുള്ള സ്വയം ഓർമ്മപുതുക്കലുമാണ് അനുവദനീയമാക്കപ്പെട്ടിട്ടുള്ളതെന്ന് പ്രത്യേകം ഉണർത്തട്ടെ.

## ഹജ്ജ്, ഉംറ, കർമ്മരൂപം:

ഹജ്ജ് ചെയ്യാനുദ്ദേശിക്കുന്നയാൾ പരിശുദ്ധമായി നേടിയ(ഹലാലായ) ധനമാണ് ചിലവഴിക്കാൻ ഒരുക്കേണ്ടത്. ഒരു മുസ്ലിം എപ്പോഴും നിഷിദ്ധമായ യാതൊരു സമ്പാദ്യവും നേടാൻ പാടില്ലല്ലോ - കാരണം ഹറാം വഴിയിൽ സമ്പാദിച്ച ധനം ചിലവഴിച്ചുള്ള ഹജ്ജ് കർമ്മവും പ്രാർത്ഥനകളും അല്ലാഹുവിങ്കൽ അസ്വീകാര്യമാണ്. നബി(സ.അ) പറയുന്നു:

---

2.അപ്രകാരം 'നിങ്ങൾ എൻെറ സ്ഥാനപദവി (ജാഹ്)കൊണ്ട് സഹായം തേടുക. അല്ലാഹുവിങ്കൽ എൻെറ ജാഹ് വളരെ മഹത്വമേറിയതാണ്. എന്ന ഹദീസും ഒരു കല്ലിനെക്കുറിച്ച് ആർ നല്ലതു ധരിച്ചുവോ അവനത് ഉപകരപ്പെട്ടു. എന്ന വചനവും ഇതുപോലുള്ള നിരവധി വ്യാജ ഹദീസുകളും യാതൊരു അടിസ്ഥാനവുമില്ലാത്ത

"നിഷിദ്ധം ഭക്ഷിച്ചുണ്ടായ ശരീരം നരകത്തിലേക്കാണേറ്റവും യോജിച്ചത്" وقد جاء في حديث الرسول صلى الله عليه وسلم
( لحم نبت من سحت النار أولى به )

അതുപോലെ, വിശ്വാസവും കർമ്മവും നല്ലവരായ കൂട്ടുകാരെ തിരഞ്ഞെടുക്കുക. അങ്ങിനെ 'മീഖാത്തി'ലെത്തിയാൽ - [1](ബസ്സ് പോലെയുള്ള വാഹനങ്ങളിൽ വരുന്നവരാണെങ്കിൽ - ഇഹ്റാം. [2]ചെയ്യണം. എന്നാൽ വിമാന യാത്രികർ ആ അതൃത്തിവിട്ടുകടക്കും മുമ്പ് ഇഹ്റാം ചെയ്യണം.

വിവിധ പ്രദേശങ്ങളിൽ നിന്ന് എത്തിച്ചേരുന്ന ജനങ്ങൾക്കായി പ്രവാചകൻ (സ.അ) നിർണ്ണയിച്ചിട്ടുള്ള 'മീഖാത്തു'കൾ അഞ്ചെണ്ണമാകുന്നു.

1. മദീനക്കാർക്കുള്ള ദുൽഹുലൈഫ. (അബയാർ അലി എന്ന സ്ഥലം)

2. ഇറാൻ, ഈജിപ്ത്, മൊറാക്കാ മുതലായവർക്കുള്ള അൻജഅഫ: (റാബിഗിന്നടുത്തുള്ള)

3. നജ്ദ്, ത്വാഇഫ് ഭാഗക്കാരുടെ ഖർനുൽമനാസിൽ (അൽ-സൈൽ - വാദിമുഹ്റിം)

4. ഇറാഖു ഭാഗത്തുനിന്നുള്ളവർക്ക് ദാത്ത് ഇർഖ്.

5. യമൻകാർക്കുള്ള് യലംലം

ഈ പ്രദേശങ്ങളിലൂടെ കടന്നു വരുന്ന മറ്റുദേശക്കാർ ചെയ്യേണ്ട അതൃത്തിയാണ് മീഖാത്ത് എന്നത്.

മക്കക്കാരും മറ്റുമായ മീഖാത്തിന്നുള്ളിലുള്ളവർ അവരവരുടെ വീടുകൾ തന്നെ മീഖാത്തായി നിർണ്ണയിച്ച് അവിടെ നിന്നു തന്നെ ഇഹ്റാം ചെയ്യേണ്ടതാകുന്നു.

---

പൊയ്വചനങ്ങളാകുന്നു. പ്രാമാണിക ഹദീസ് ഗ്രന്ഥങ്ങളിലൊന്നിലുമില്ല. വഴികെട്ട പണ്ഡിതൻമാരുടെ വാറോലകളിലെ ജൽപനങ്ങളാണ്. അവരറിയാതെ ഇതു മുഖേന ജനങ്ങളെ ബഹുദൈവത്വത്തിലേക്കും അനാചാരത്തിലേക്കും ക്ഷണിക്കുകയാണ്.

1. ഹജ്ജിന്നു വരുന്നവരുടെ പ്രവേശനാതൃത്തി.

2. ഹജ്ജിന്നോ ഉംറക്കോ പ്രവേശിക്കുന്നു എന്ന പ്രഖ്യാപനവും വസ്ത്രമാറ്റവും.

# ഇഹ്റാമിൻെറ രൂപം

ഇഹ്റാമിന്നൊരുങ്ങിയാൽ ശരീരം ശുദ്ധിയാക്കി (കുളി) വുളു ചെയ്യുക. സുഗന്ധം പൂശുക. പിന്നീട് മീഖാത്തിൽ നിന്നു തന്നെ ഹജ്ജ് വസ്ത്രം അണിയുക.(വിമാനയാത്രക്കാരൻ നാട്ടിൽ നിന്നു തന്നെ ഒരുങ്ങുകയും മീഖാത്തിനോടടുക്കുകയോ അതിൻെറ നേരെയെത്തുകയോ ചെയ്യുമ്പോൾ നിയ്യത്ത് ചെയ്യുകയും തൽബിയത് ഉരുവിടുകയും ചെയ്യുക.)പുരുഷൻമാരുടെ വസ്ത്രം ഒരു ഉടുതുണിയും പുതക്കുന്ന ഒരു വസ്ത്രവുമാണ്. തുന്നപ്പെട്ട വസ്ത്രങ്ങളാകരുത്. തലമറക്കരുത്. സ്ത്രീകൾക്ക് ഇഹ്റാമിൽ പ്രത്യേക നിർമ്മിത വസ്ത്രമില്ല. ഏതു വസ്ത്രവും ധരിക്കാം. )എന്നാൽ അവൾ ഇഹ്റാമിൽ പ്രവേശിച്ചാൽ മുഖവും മുൻകൈകളും തുന്നപ്പെട്ട വസ്ത്രം കൊണ്ട് (കയ്യുറ, ബുർഖ പോലെ) പൊതിയരുത്. പുരുഷൻമാർ അവരെ കാണാനിടവരുമ്പോൾ മുഖമക്കനയുടെ തലകൊണ്ട് മുഖം മറയ്ക്കണം. അങ്ങിനെയായിരുന്നു പ്രവാചകൻേറയും സഹാബിമാരുടേയും പത്നിമാർ നിർദ്ദേശിക്കപ്പെട്ടിരുന്നത്.

ഇഹ്റാം വസ്ത്രം അണിഞ്ഞു കഴിഞ്ഞാൽ മനസ്സിൽ ഉംറ ചെയ്യുന്നുവെന്നുറപ്പിക്കുകയും 'അല്ലാഹുമ്മ ലബ്ബൈക ഉംറത്തൻ' എന്നു പറയുകയും ചെയ്യുക. ഹജ്ജിന്നാണെങ്കിൽ 'തമത്തുഅ' രൂപമാണ് ഏറ്റവും ശ്രേഷ്ഠകരം. കാരണം പ്രവാചകൻ (സ.അ) തൻെറ ശിഷ്യരോട് അപ്രകാരമാണ് നിർദ്ദേശിച്ചതും നിർബ്ബന്ധിച്ചതും. അറച്ചു നിന്നവരോട് വെറുപ്പ് പ്രകടമാക്കുകയും ചെയ്തു. എന്നാൽ ബലിമൃഗം കൂടെ കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അവർ (തമത്തുഇന്നു പകരം) ഖിറാൻ' രൂപത്തിലാണ് ഹജ്ജ് നിർവ്വഹിക്കേണ്ടത്. നബി(സ.അ) അപ്രകാരമാണ് ചെയ്തത്. 'ഖാറിനായി' ഹജ്ജിൽ പ്രവേശിക്കുന്നവൻ 'അല്ലാഹുമ്മ ലബ്ബൈക ഉംറത്തൻ വഹജ്ജൻ ' എന്നാണ് പറയേണ്ടത്. അവൻ ഇഹ്റാമിൽ നിന്ന് പെരുന്നാൾ ദിവസം ബലി നടത്തും വരെ മോചിതനാകാനും പാടില്ല.

ഇഹ്റാമിൽ പ്രവേശിച്ചാൽ താഴെ പറയുന്നവ നിഷിദ്ധമാണ്.

1. സംയോഗം. ലൈംഗീകത ജ്വലിപ്പിക്കുന്ന ചുംബനം, സ്പർശനം, അശ്ലീല സംസാരം എന്നിവയെല്ലാം ഉപേക്ഷിക്കേണ്ടതാണ്. വിവാഹാലോചന, നികാഹ് നടത്തൽ മുതലായവയും ഇഹ്റാമിൽ പ്രവേശിച്ചു കഴിഞ്ഞാൽ അനുവദനീയമല്ല.

2. ശരീരത്തിൽ നിന്ന് രോമം (തലമുടി) അൽപമോ മുഴുവനോ നീക്കം ചെയ്യൽ.

3. നഖം മുറിക്കൽ

4. പുരുഷൻ തലമറക്കൽ. നിഴൽകൊള്ളുന്നതിനോ തണലിൽ ഇരിക്കുന്നതിനോ ടെൻറുകളുടെ ചുവട്ടിൽ താമസിക്കുന്നതിന്നോ വാഹന ത്തിലിരിക്കുന്നതിനോ ഒന്നും വിരോധമില്ല.

5. സുഗന്ധം അണിയലും അവ ശ്വസിക്കലും.

6. വേട്ടയാടുക. തനിക്കു വേണ്ടി മറ്റുള്ളവരോ, അതിന്ന് നിർദ്ദേശം കൊടുക്കുവാനോ പാടില്ല.

7. പുരുഷൻ തുന്നപ്പെട്ട വസ്ത്രമണിയുക. സ്ത്രീകൾ തുന്നപ്പെട്ടതു കൊണ്ട് മുഖവും മുൻകൈകളും മറക്കരുത്. പുരുഷന് ചെരിപ്പണിയാം. അതു ലഭിച്ചില്ലെങ്കിൽ കാലുറ ധരിക്കാം.

ഇഹ്റാമിൽ പ്രവേശിച്ചവൻ 'കഅബ'യിലെത്തിയാൽ പ്രാരംഭ ത്വ വാഫ്(ത്വവാഫുൽഖുദൂം) ഏഴു ചുറ്റ് നടത്തണം. ഹജറുൽ അസ്വദിൻെറ നേരെ ഭാഗത്തുനിന്നാണ് ത്വവാഫ് ആരംഭിക്കേണ്ടത്. ഇത് അവൻെറ 'ഉംറ' യുടെ ത്വവാഫാണ്. ത്വവാഫിൽ പ്രത്യേകമായ പ്രാർത്ഥനകളില്ല. സാധ്യ മായത്ര ദിക്റുകളും പ്രാർത്ഥനകളും ഏതുമാകാം.[1] ഏഴു ചുറ്റു ത്വവാഫ് പൂർത്തിയായാൽ, സാധ്യമായാൽ ഇബ്രാഹിം മഖാമിൽ നിന്നു കൊണ്ട് രണ്ടു റക്അത്ത് നമസ്കാരം നിർവ്വഹിക്കണം. ( ഹറം പള്ളിയിൽ എവിടെ വെച്ചും ഈ നമസ്കാരമാകാം) ശേഷം'സഅ്യ് നടത്താനായി പോകണം. സ്വഫയിൽ കയറി ഖിബ്ലക്കഭിമുഖമായി നിൽക്കുകയും തക്ബീർ (അല്ലാ ഹു അക്ബർ) തഹ്ലീൽ (ലാഇലാഹ ഇല്ലല്ലാഹ്)എന്നിവയും മറ്റു പ്രാർത്ഥ നയും സ്വൽപം സമയം നടത്തിക്കൊണ്ട്സഅ്യ് ആരംഭിക്കുക. മർവയിലെ ത്തി സ്വഫയിൽ ചെയ്തപോലെ നടത്തി വീണ്ടും സ്വഫയിലേക്കു പോകുക. ഇപ്രകാരം ഏഴു ചുറ്റ് പൂർത്തിയായാൽ (ഒന്നിൽ നിന്ന് മറ്റേതിലേക്കുള്ള പോക്ക് ഒന്നും തിരിച്ചു പോക്ക് രണ്ടാമത്തേതായും, അങ്ങിനെയാണ് 7 എണ്ണം കണക്കാക്കുന്നത് ) തലമുടി വെട്ടുക. സ്ത്രീകൾ മുടിയുടെ അറ്റത്തു നിന്ന് അൽപം വെട്ടിക്കളഞ്ഞാൽ മതി. ഇപ്പോൾ 'തമത്തുഅ്' ആയി ഹജ്ജ് ചെയ്യുന്നവൻെറ ഉംറ പൂർത്തിയായി. അതോടെ അവൻ ഇഹ്റാമിൽ നിന്ന് മോചിതനാകുകയും ഇഹ്റാം കൊണ്ട് നിഷിദ്ധമായ എല്ലാം അനുവദനീയ മാകുകയും ചെയ്യുന്നതാണ്.

ഇഹ്റാമിന്നു മുമ്പോ പിമ്പോ സ്ത്രീക്ക് ആർത്തവമുണ്ടാകുകയോ പ്രസവിക്കുകയോ ചെയ്താൽ അവൾ, 'ഖാറിൻ' ആയി ഉംറക്കും ഹജ്ജിന്നും കൂടി ഇഹ്റാം ചെയ്തു മറ്റു ഹാജികളെപ്പോലെ ആയിത്തീരുന്നതാണ്. കാരണം ആർത്തവവും പ്രസവവും ഇഹ്റാമിന്നും മശ്അറുകളിലെ താമ സങ്ങൾക്കും തടസ്സമല്ല. കഅബ ത്വവാഫ് മാത്രമേ അവർക്ക് തടസ്സമുള്ളൂ.

---

1. രണ്ടു റുക്നുകൾക്കിടയിൽ 'റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ വഫിൽ ആഖിറതി ഹസനതൻ വഖിനാ അദാബന്നാർ' എന്നുള്ള പ്രാർത്ഥന ഒഴികെ.

അതിനാൽ ത്വവാഫ് ഒഴികെ മറ്റെല്ലാം അവൾ മറ്റുള്ളവരെപ്പോലെ നിർവ്വഹിക്കണം. ശുദ്ധിയായ ശേഷത്തേക്ക് ത്വവാഫ് മാറ്റിവക്കണം. ജനങ്ങൾ ഹജ്ജിന്നു ഇഹ്റാം ചെയ്യുകയും മിനായിലേക്കു പുറപ്പെടുകയും ചെയ്യുന്നതിന്നു മുമ്പ് അവൾക്ക് ശുദ്ധി സംഭവിക്കുകയാണെങ്കിൽ കുളിക്കുകയും ത്വവാഫും സഅ്യും നടത്തി മുടി മുറിച്ച് ഉംറയുടെ ഇഹ്റാമിൽ നിന്ന് മോചിതയാകണം. അന്ന് ദിൽഹിജ്ജ മാസം 8 ആണെങ്കിൽ ജനങ്ങളോടൊപ്പം ഹജ്ജിന്നായി ഇഹ്റാം ചെയ്തു ഹജ്ജിൽ പ്രവേശിക്കണം. എനി അവൾ ശുദ്ധിയാകും മുൻപ് ജനങ്ങൾ ഹജ്ജിന്നായി ഇഹ്റാം ചെയ്തിട്ടുണ്ടെങ്കിൽ ആളുകളോടൊപ്പം അവളും 'ഖാറി'നെപ്പോലെ ഇഹ്റാമിൽ തുടരുകയും ഹജ്ജിൽ പ്രവേശിച്ച് മിനായിലേക്കു പുറപ്പെടുകയും, അറഫയിലും മുസ്ദലിഫയിലും നിൽക്കുകയും, കല്ലേറ് നടത്തുകയും, ബലി നടത്തുകയും, പെരുന്നാൾ ദിവസം മുടിവെട്ടുകയുംചെയ്യണം.

ശുദ്ധിയായാൽ കുളിക്കുകയും ഹജ്ജിൻെറ ത്വവാഫും (ത്വാവാഫുൽ ഇഫാള) സഅ്യും നടത്തുകയും ചെയ്യേണ്ടതാണ്. ഈ ത്വവാഫും സഅ്യും അവളുടെ ഉംറക്കും ഹജ്ജിനും കൂടി മതിയാകുന്നതാണ്. നബി പത്നി ആയിഷ (റ.അ)ക്ക് അശുദ്ധിയുണ്ടായപ്പോൾ അവർ നബി (സ.അ)യെ വിവരം ധരിപ്പിച്ചപ്പോൾ അവിടന്നരുളി: ശുദ്ധിക്ക് ശേഷമുള്ള ത്വവാഫും സഅ്യും അവരുടെ ഹജ്ജിനും ഉംറക്കും കൂടിയുള്ളതാണ്. അത് മാത്രം അവർക്കു മതിയാകുന്നതാണ്. കാരണം അവർ ജനങ്ങളോടൊന്നിച്ചുള്ള ത്വവാഫിലും സഅ്യിലും ചേരുന്നുണ്ടല്ലോ.'ഖാറിൻ' ആയി ഹജ്ജ് ചെയ്യുന്നവന് ഉംറയുടേയും ഹജ്ജിൻെറയുമിടയിൽ ഒരു ത്വവാഫും സഅ്യുമല്ലാതെയില്ല എന്ന നബി (സ.അ) യുടെ അവർക്കു നൽകിയ അംഗീകാരവും നബി (സ.അ) യുടെത്തന്നെ അപ്രകാരമുള്ള പ്രവർത്തനവും വ്യക്തമാക്കുന്നുവല്ലോ. അതിൻെറ അവസാനത്തിൽ ഇപ്രകാരം പറയുകയും ചെയ്തു: അനത്യനാൾ വരെ (അവരുടെ)ഉംറ ഹജ്ജിൽ ഉൾപ്പെട്ടല്ലോ."

ദുൽഹിജ്ജ 8 ന്നു എല്ലാ ഹാജിമാരും മക്കയിലെ അവരവരുടെ വീടുകളിൽ നിന്നു തന്നെ മുമ്പ് മീഖാത്തിൽ നിന്ന് ഇഹ്റാം ചെയ്തപോലെ, കുളിച്ചു ഇഹ്റാമിൻെറ വസ്ത്രങ്ങളണിഞ്ഞു "അല്ലാഹുമ്മ ലബ്ബൈക ഹജ്ജൻ :എന്നു പറഞ്ഞു ഇഹ്റാമിൽ പ്രവേശിക്കുക. അതുമുതൽ ബലി ദിനത്തിൽ മിനായിലേക്ക് മുസ്ദലിഫയിൽ നിന്ന് വരികയും അഖബയിലെ ഏറ് നടത്തുകയും പുരുഷൻമാർ മുടി കളയുകയും സ്ത്രീകൾ മുടിവെട്ടുകയും ചെയ്യുന്നതുവരെ ഇഹ്റാമിൽ നിഷിദ്ധമായ മുഴുവൻ കാര്യങ്ങളിൽ നിന്ന് അകന്നു നിൽക്കുകയും ചെയ്യണം. മേൽപറഞ്ഞ പ്രകാരം 8-ാംദിനം ഹാജിമാർ മിനായിലേക്ക് പുറപ്പെടണം. രാത്രി അവിടെ താമസിക്കണം. അന്നത്തെ നമസ്കാരങ്ങൾ അതതിൻെറ നിശ്ചിത സമയങ്ങളിൽ തന്നെ 'ജംഅ്' ചെയ്യാതെ 'ഖസ്ർ' മാത്രമാക്കി നിർവ്വഹിക്കണം. അറഫാദിനം (ദു:ഹി.9ന്) പുലർച്ചെ സൂര്യോദയം നടന്ന ഉടനെ ഹാജിമാർ 'നമിറ' (അറഫയിലെ പള്ളി)യിൽ എത്തിച്ചേരണം. ളുഹ്ർ, അസ്വർ എന്നീ നമസ്കാരങ്ങൾ ഒരുമിച്ച് ജംഉം ഖസ്റുമാക്കി ഇമാമോടൊന്നിച്ച് ളുഹർ സമയത്തു

തന്നെ നിർവ്വഹിക്കണം. ശേഷം അറഫാ മൈതാനിയിലേക്കു പോകണം. (മിനായിൽ നിന്ന് നേരെ അറഫയിലേക്ക് നമിറയിൽ തങ്ങാതെ പോകുന്നതും അനുവദനീയമാണ് ) ദൈവസ്മരണയിലും പ്രാർത്ഥനയിലും പാപമോചനത്തിലുമായി ഖിബ്‌ലക്കഭിമുഖമായി അറഫയിലെവിടേയും നിൽക്കാവുന്നതാണ്. (ജബലുർറഹമയെ അഭിമുഖീകരിച്ചു ചിലർ നിൽക്കാറുണ്ട്. അതാവശ്യമില്ല. അറഫ മുഴുവനും ഇതിൻെറ വേദിതന്നെ. ആ മലയിലേക്ക് ആരാധനാ ഭാവത്തിൽ കയറുകയോ, പാറകൾ മൊത്തുകയും ചുംബിക്കുകയുമൊക്കെ ചെയ്യുകയോ പാടില്ല. അവ തികച്ചും നിഷിദ്ധമാണ്. അനാചാരവുമാണ്. എന്ന് പ്രത്യേകം ഉണർത്തട്ടെ)

അറഫയിലെ സൂര്യാസ്തമനം പൂർണ്ണമാകാതെ ആരും പുറപ്പെടാൻ പാടില്ല. അസ്തമനത്തിന്നുശേഷം മുസ്ദലിഫയിലേക്ക് പുറപ്പെടുക. അവിടെയെത്തിച്ചേർന്നയുടൻ മഗ്‌രിബും ഇശാഉം ഖസ്റും ജംഉമായി നിർവ്വഹിക്കുക. ദിക്റുകൾ ധാരാളമായി നടത്തുക. പിന്നീട് സൂര്യോദയത്തിനു മുൻപ് മിനായിലേക്ക് പുറപ്പെടുക. മിനായിലെത്തിച്ചേർന്നാൽ - സൂര്യോദയത്തിന് ശേഷം - അഖബയിൽ ഏഴു കല്ലുകൾ കൊണ്ട് ഏറ് നടത്തുക. അവയ്ക്ക് കടലമണിയോളം വലുപ്പമേ ഉണ്ടാകാവൂ. ചിലർ കയ്യിൽ കിട്ടിയതെല്ലാം - ചെരിപ്പുകളടക്കം- എടുത്തെറിയാറുണ്ട്. അത് തികച്ചും പിശാചിനെ സന്തോഷിപ്പിക്കുന്നവേലയാണ്. നബി (സ.അ)യുടെ കൽപനക്കും മാതൃകക്കും വിരുദ്ധവും പിശാചിൻെറ ചെയ്തികൾക്കനുകൂലവുമാണത്.

ഈ കല്ലേറിനു ശേഷം ഹാജിമാർ ബലികർമ്മം നടത്തണം. ശേഷം പുരുഷൻമാർ തലമുണ്ഡനം ചെയ്യുകയും സ്ത്രീകൾ മുടിവെട്ടുകയും ചെയ്യണം.(പുരഷൻമാർക്കും മുടിവെട്ടുന്നത് അനുവദനീയമാണെങ്കിലും മുണ്ഡനം ചെയ്യലാണുത്തമം). പിന്നീട് ഇഹ്റാം വസ്ത്രം മാറി സാധാരണ വസ്ത്രം അണിയുക. അതുമുതൽ 'ഭാര്യാസമ്പർക്ക'മൊഴികെ ഇഹ്റാം കൊണ്ട് നിഷിദ്ധമായതൊക്കെ അനുവദനീയമായിത്തീരുന്നതാണ്. പിന്നീട് ഹാജിമാർ ഒന്നാകെ മക്കയിലേക്കൊഴുകണം. അവിടെയെത്തി ഹജ്ജിൻെറ ത്വവാഫും സഅ്‌യും നടത്തണം. ഇതുകൂടി നടത്തിക്കഴിഞ്ഞാൽ ഭാര്യയടക്കം ഇഹ്റാമിൽ നിഷിദ്ധമായിരുന്നതെല്ലാം പൂർണ്ണമായും അനുവദനീയമാകുന്നതാണ്. പിന്നീട് മിനായിലേക്ക് തിരിച്ചു വരിക. പെരുന്നാൾ ദിവസ (ദുൽഹിജ്ജ 10 ലെ)ത്തെ ബാക്കി സമയവും ശേഷമുള്ള രണ്ടു ദിവസങ്ങളും മിനായിൽ രാപ്പകലുകൾ താമസിക്കുക. രാത്രിയിൽ നിർബന്ധമായും മിനയിലുണ്ടായിരിക്കണം. ഈ താമസദിവസങ്ങളിൽ(ദിൽഹിജ്ജ 11,12) ഉച്ചക്കുശേഷം മൂന്നു നിശ്ചിത സ്ഥലങ്ങളിൽ കല്ലേറുകൾ നടത്തണം. മിനായോടടുത്ത 'ജംറത്തുസ്സുഗ്റാ' യിലാണാദ്യം. പിന്നീട് 'ജംറത്തുൽ വുസ്ഥാ' യിലും, അവസാനമായി 'ജംറത്തുൽ അഖബ' യിലും ഏഴുപ്രാവശ്യം വീതം കല്ലുകൾ എറിയണം. ഓരോന്ന് എറിയുമ്പോഴും 'അല്ലാഹു അക്ബർ' എന്നു പറയണം. കല്ലുകൾ താൻ താമസിക്കുന്ന മിനായിലെ പരിസരത്തു നിന്നുതന്നെ പെറുക്കാവുന്നതാണ്. ദിൽഹിജ്ജ 12ലെ ഏറ് കഴിഞ്ഞാൽ അവിടെനിന്ന് തിരിച്ചു പോകാവുന്നതാണ്. പക്ഷെ 13-ാം

ദിവസവും പകൽ അവിടെ നിൽക്കുകയും അന്നുംകൂടി ഉച്ചക്കുശേഷം ഏറു നടത്തുകയും ചെയ്യുന്നതാണ് ശ്രേഷ്ടകരം. ഇതോടെ ഹജ്ജിൻെറ മുഴുവൻ കർമ്മങ്ങളും പൂർത്തിയായി. എനി സ്വദേശങ്ങളിലേക്കു തിരിക്കാൻ ഉദ്ദേശി ച്ചാൽ കഅ്ബയിലെത്തുകയും വിടവാങ്ങൽ ത്വവാഫ് (തവവാഫുൽ വി ദാഅ്)നടത്തുകയും ചെയ്യുക. ആർത്തവകാരിയും പ്രസവിച്ചവളും ഹജ്ജി ൻെറ ത്വവാഫ് നടത്തിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ അവർ ഈ വിദാഇൻെറ ത്വാവഫ് ചെയ്യേണ്ടതില്ല.

ഹാജിമാർ തങ്ങളുടെ മൃഗബലി ദുൽഹിജ്ജ (പത്തിന്നു പകരം) **11ലോ 12 ലോ 13ലോ** നടത്താനുദ്ദേശിച്ചാൽ അതവർക്ക് അനുവദനീയ മാണ്. അപ്രകാരം മിനായിൽ നിന്ന് യാത്ര പിരിയും മുമ്പ് ഹജ്ജിൻെറ ത്വാവഫ് (ത്വവാഫുൽ ഇഫാള) ഉം ഈ ദിവസങ്ങളിലേതെങ്കിലും ദിവസ ത്തേക്ക് പിന്തിപ്പിക്കുന്നതിന്നും വിരോധമില്ല. എന്നാൽ ആദ്യം നാം വിവരി ച്ച ക്രമമാണ് ഏറ്റവും ശ്രേഷ്ഠകരമായത്. അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.

## വിശ്വാസം

അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കലും ഇസ്‌ലാമി ൻെറ മൂലസ്തംഭങ്ങൾ പാലിക്കലും ഓരോ മുസ്ലിമിന്നും അല്ലാഹു നിർബന്ധമാക്കിയപോലെ അവൻെറ മലക്കുകളിലും (1) അവൻെറ ദൂത ൻമാർ അവതരിപ്പിച്ച ഗ്രന്ഥങ്ങളിലും (2) വിശ്വാസമർപ്പിക്കലും നിർബന്ധ മാകുന്നു. ആദം മുതൽ അന്ത്യപ്രവാചകനായ മുഹമ്മദ് (സ.അ) വരെയുള്ള അല്ലാഹുവിൻെറ എല്ലാ പ്രവാചകൻമാരിലും വിശ്വസിക്കേണ്ടതാണ്. ആ പ്രവാചകൻമാരുടെയെല്ലാം ദൗത്യവും മതവും ഒന്നായിരുന്നു. ഇസ്ലാമായി രുന്നു അവരുടെയെല്ലാം മതം. അവരെ നിയോഗിച്ചത് പ്രപഞ്ചനാഥനായ അല്ലാഹുവും. കഴിഞ്ഞു പോയ തലമുറകളിലേക്ക് അല്ലാഹു നിയാഗിച്ച, വിശുദ്ധ ഖുർആനിൽ പറഞ്ഞ ആ പ്രവാചകൻമാരിലെല്ലാം നിർബ്ബന്ധമാ യും ഒരു മുസ്ലിം വിശ്വസിച്ചിരിക്കണം. മുഹമ്മദ് (സ.അ) ആ ശൃംഖലയിലെ

---

1. മലക്കുകൾ: പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട അല്ലാഹുവിൻെറ സൃഷ്ടികൾ. അവരുടെ എണ്ണം എത്രയാണെന്നും അല്ലാഹുവിന്നല്ലാതെ മറ്റാർക്കും അറിയില്ല. അവരിൽ, ആകാശങ്ങളിലും ഭൂമിയിൽ മനുഷ്യരുടെ കാര്യങ്ങളിലും ഏൽപിക്കപ്പെട്ടവരുണ്ട്.

2. അതായത് മുൻ പ്രവാചകൻമാർക്ക് അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥങ്ങ ളെല്ലാം സത്യസന്ധമാണെന്നു വിശ്വസിക്കണം. ഖുർആനല്ലാതെ മറ്റൊന്നും അവയിൽ പൂർണ്ണമായി അവശേഷിക്കുന്നില്ല. ഇന്നു ജൂത, ക്രൈസ്തവ വിഭാഗ ക്കാരുടെ പക്കലുള്ള ഇഞ്ചീലിലും തൗറാത്തിലുമുള്ള പരസ്പര വൈരുദ്ധ്യങ്ങൾ തെളിയിക്കുന്നത് അത് അവരുടെ തന്നെ രചനകളാണ് എന്നാണ്. ഉദാ: ത്രിഏക ത്വം, യേശു ദൈവപുത്രനാണ് എന്നത്. യഥാർത്ഥത്തിൽ അല്ലാഹു മാത്രമേ

അവസാനക്കണ്ണിയും ലോക ജനതക്ക് ആകമാനമായി നിയോഗിക്കപ്പെട്ട പ്രവാചകനുമാണ്. ജൂത ക്രൈസ്തവ സമൂഹങ്ങളടക്കം മറ്റെല്ലാ മത ക്കാർക്കും എല്ലാ സമൂഹങ്ങൾക്കും അദ്ദേഹത്തിന്റെ ദൗത്യം ബാധകവും അവരെല്ലാം അദ്ദേഹത്തിന്റെ അനുയായി വൃന്ദത്തിൽ വരേണ്ടവരുമാണ്. കാരണം ഭൂവാസികൾ ഒന്നടങ്കം ആ പ്രവാചകന്റെ സമൂഹമാണ്. അദ്ദേഹ ത്തെ പിന്തുടരണമെന്നത് ദൈവം അരുളി ചെയ്തതുമാണ്. ഇസ്ലാമാകു കയും എന്നിട്ട് മുഹമ്മദ് (സ.അ) യെ പിന്തുടരാതിരിക്കുകയും ചെയ്യുന്ന മൂസ്സയുടേയോ യേശുവിന്റേയോ മറ്റ് ഏതെങ്കിലും പ്രാവചകൻമാരുടേ യോ അനുയായികളിൽ നിന്നം ആ പ്രവാചകൻമാർ ഒഴിവാണ്. ഒരു മുസ്ലിം, മുഴുവൻ പ്രവാചകൻമാരിലും വിശ്വസിക്കേണ്ടതും അവരെ പിന്തുടരേണ്ടതുമാണ്. ഏതൊരുവൻ മുഹമ്മദിൽ അവിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുടരാതിരിക്കുകയും ചെയ്തുവോ, അവർ എല്ലാ പ്രവാച കൻമാരിലും പൂർണ്ണനായ അവിശ്വാസിയായിത്തീർന്നു. അവരിൽ ഏതെങ്കി ലുമൊരു പ്രവാചകനെ ഞാൻ പിൻപറ്റുന്നുവെന്നു അവകാശപ്പെട്ടാലും ശരി. രണ്ടാം അദ്ധ്യായത്തിൽ നാമിക്കാര്യം തെളിവുകളുദ്ധരിച്ച് സമർത്ഥി ച്ചിട്ടുണ്ട്.

മുഹമ്മദ് നബി (സ.അ.)പറയുന്നു:

"എന്റെ ആത്മാവ് ഏതൊരുവന്റെ കയ്യിലാണോ അവനെത്ത ന്നെയാണേ. ഈ സമൂഹത്തിൽ ഏതൊരു ജൂതനോ ക്രൈസ്തവനോ എന്നെക്കുറിച്ചു കേൾക്കുകയും എന്നിട്ട് എന്റെ നിയോഗത്തിൽ വിശ്വസിക്കാതിരിക്കുകയും അങ്ങിനെ മരണമടയുകയും ചെയ്തുവോ അവൻ നരകാവകാശി ആകാതിരിക്കില്ല." (മുസ്ലിം).

അപ്രകാരം തന്നെ മരണശേഷമുള്ള ഉയർത്തെഴുന്നേൽപിലും, അവി ടത്തെ വിചാരണ, സ്വർഗം, നരകം, പ്രതിഫലം ലഭിക്കൽ എന്നിവയിലും നന്മ തിന്മകളുടെ വിധി അല്ലാഹുവിന്റെതാണെന്നതിലും ഓരോ മുസ്ലി മും നിർബന്ധമായും വിശ്വസിക്കേണ്ടതാണ്.

---

ആരാധ്യനായുള്ളൂ. ഈസ അല്ലാഹുവിന്റെ ദാസനും ദൂതനുമാണ്. ഖുർആനി ന്റെ അവതരണത്തോടെ ദുർബ്ബലപ്പെട്ടുപോയ ആ ഗ്രന്ഥങ്ങളിലും ഖുർആനിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മുഹമ്മദ് നബി (സ.അ) ഒരിക്കൽ തന്റെ ശിഷ്യൻ ഉമർ(റ.അ) ന്റെ കയ്യിൽ തൗറാത്തിന്റെ ചില പേജുകൾ കാണാനി ടവന്നു. അപ്പോൾ അവിടുന്നു ഗൗരവത്തോടെ പറഞ്ഞു: ഓ, ഖത്താബിന്റെ മകൻ ഉമർ! താങ്കൾ സംശയത്തിലാണോ? ദൈവമാണേ സത്യം. എന്റെ സഹോദരൻ മൂസ ജീവിച്ചിരിപ്പുണ്ടെങ്കിൽ എന്നെ പിന്തുടരുകയല്ലാതെ അദ്ദേഹത്തിനുപോലും മറ്റു മാർഗ്ഗങ്ങളില്ലതന്നെ. അപ്പോൾ ഉമർ അവ ഉപേക്ഷിച്ചു. അദ്ദേഹം പ്രവാചകനോടപേക്ഷിച്ചു: എനിക്കു പൊറുത്തു തരാൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും പ്രവാചകരെ:

വിധിവിശ്വാസത്തിൻെറ സാരം:- എല്ലാ വസ്തുക്കളെക്കുറിച്ചും പൂർണ്ണജ്ഞാനി അല്ലാഹുവാണ്. അവൻെറ അടിമകളുടെ സർവ്വ പ്രവർത്തനങ്ങളും ആകാശഭൂമികൾ സൃഷ്ടിക്കും മുമ്പുതന്നെ അവൻ മനസ്സിലാക്കിയിരിക്കുന്നു. അതെല്ലാം അവങ്കലുള്ള ഒരു ലിഖിത രേഖയിൽ അവൻ രേഖപ്പെടുത്തിയിരിക്കുന്നു. അവനുദ്ദേശിച്ചതെന്തോ അതുണ്ടാകുന്നു. അവന്ന് അസാധ്യമായി ഒന്നുമില്ല. അവന്നു കീഴടങ്ങാനായി സൃഷ്ടികളെ അവൻ പടച്ചു. അക്കാര്യം അവർക്ക് അവൻ വിവരിച്ചു കൊടുത്തു. അപ്രകാരം പ്രവർത്തിക്കാനവൻ കൽപിച്ചു. അവനെ ധിക്കരിക്കരുതെന്നു ശാസിച്ചു. ദൈവാജ്ഞകൾ പ്രവർത്തിക്കാൻ സാധ്യമാകുംവിധം കഴിവും ശക്തിയും അവർക്കവൻ നൽകി. ആ പ്രവർത്തികൾക്കനുസരിച്ചായിരിക്കും നിങ്ങൾക്ക് പ്രതിഫലവും ശിക്ഷയും നൽകുകയെന്നും അവരെ തെര്യപ്പെടുത്തി.അപ്പോൾ അടിമകളുടെ ഉദ്ദേശ്യം നടക്കുന്നത് സ്രഷ്ടാവിൻെറ ഇംഗിതാനുസൃതമാണെന്നുവന്നു. തൻെറ ദാസൻമാർക്ക് അവൻ നിർണ്ണയിച്ചിട്ടില്ലാത്തവയിൽ അല്ലാഹുവിൻെറ ഉദ്ദേശമാണ് സംഭവിക്കുക. അവർക്കതിൽ യാതൊരു സ്വാതന്ത്ര്യവുമുണ്ടാകുകയില്ല. അപ്പോൾ അവർക്കു മറവിയോ അബദ്ധമോ ചെലുത്താൻ അവർക്ക് കഴിയുകയില്ല. ദാരിദ്ര്യം, രോഗം, ആപത്തുകൾ എന്നിവപോലെയുള്ളതിൻെറ പേരിൽ മനുഷ്യനെ പിടികൂടുകയോ ശിക്ഷിക്കുകയോ ചെയ്യുകയില്ല. ആപത്തുകളിലും ദാരിദ്ര്യത്തിൻെറ രംഗത്തിലുംഅവർ ക്ഷമിക്കുകയും ദൈവവിധിയിൽ സമാശ്വസിക്കുകയും ചെയ്താൽ അതിന്ന് അല്ലാഹു മഹത്തായ പ്രതിഫലം നൽകുന്നതാണ്. ഇപ്പറഞ്ഞ കാര്യങ്ങൾ ഒരു മുസ്ലിം നിർബന്ധമായും വിശ്വസിച്ചിരിക്കണം.

അല്ലാഹുവിൽ അചഞ്ചല വിശ്വാസിയും അവനോട് ഏറ്റവും സാമീപ്യം നേടിയവരും സ്വർഗ്ഗത്തിൽ ഉന്നത പദവിയിലെത്തുന്നവരുമായ സജ്ജനമാണ് ഉൽകൃഷ്ട മുസ്ലിംകൾ. അല്ലാഹുവിൻെറ ആജ്ഞകളൊന്നും ലംഘിക്കാതെ, രഹസ്യത്തിലും പരസ്യത്തിലും അവനെ കാണുന്ന പോലെ ആരാധിക്കുകയും അവനെ സദാ മഹത്വപ്പെടുത്തുകയും അവനെ മാത്രം ഭയപ്പെടുകയും ചെയ്യുന്നവരാണവർ. അവർ എവിടെയായിരുന്നാലും തങ്ങളെ കണ്ടുകൊണ്ടിരിക്കുന്ന, തങ്ങളുടെ പ്രവർത്തനങ്ങളും വാക്കുകളും മനോഗതികളും വ്യക്തമായി അറിയുന്ന, ഒന്നും അവ്യക്തമായിരിക്കാത്ത ഒരു നാഥനെയാണ് ഞങ്ങൾ വണങ്ങുന്നതെന്ന് അവർ ഉറച്ചു വിശ്വസിക്കും. അതിനാൽ അവൻെറ കൽപനകൾ പാലിക്കുകയും നിരോധനങ്ങൾ വെടിയുകയും ചെയ്യുമവർ. ദൈവാജ്ഞക്കു വിരുദ്ധമായി വല്ല അബദ്ധവും അവരിൽ സംഭവിച്ചാൽ അല്ലാഹുവിനോട് നിഷ്കളങ്കമായി പശ്ചാത്തപിക്കുകയും ഖേദവും സങ്കടവും അവൻെറ മുമ്പിൽ ഏറ്റു ചൊല്ലുകയും വന്നുപോയ അബദ്ധം പിന്നീട് ആവർത്തിക്കാതിരിക്കുകയും ചെയ്യുന്നവരായിരിക്കും അവർ. അല്ലാഹു പറയുന്നു:

"നിശ്ചയം അല്ലാഹു സൂക്ഷ്മശാലികളോടും സൽകർമ്മികളോടും ഒപ്പമാകുന്നു".(16:128)

إِنَّ ٱللَّهَ مَعَ ٱلَّذِينَ ٱتَّقَوا۟ وَّٱلَّذِينَ هُم مُّحْسِنُونَ ﴿١٢٨﴾

## ഇസ്‌ലാം സമ്പൂർണ്ണ മതം

അല്ലാഹു വിശുദ്ധഖുർആനിൽ വ്യക്തമാക്കുന്നു:

ٱلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ
عَلَيْكُمْ نِعْمَتِى وَرَضِيتُ لَكُمُ ٱلْإِسْلَٰمَ دِينًا

"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തന്നിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടിരിക്കുന്നു." (വി.ഖു:5:3)

വീണ്ടും അല്ലാഹു ഉണർത്തുന്നു:

إِنَّ هَٰذَا ٱلْقُرْءَانَ يَهْدِى لِلَّتِى هِىَ أَقْوَمُ وَيُبَشِّرُ
ٱلْمُؤْمِنِينَ ٱلَّذِينَ يَعْمَلُونَ ٱلصَّٰلِحَٰتِ أَنَّ لَهُمْ أَجْرًا كَبِيرًا ﴿٩﴾

"നിശ്ചയം ഈ ഖുർആൻ ഏറ്റവും നേരായ വഴികാണിക്കുകയും സൽക്കർമ്മികളായ സത്യവിശ്വാസികൾക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് സദ്‌വാർത്ത അറിയിക്കുകയും ചെയ്യുന്നു.(17:9)

വിശുദ്ധ ഖുർആനിനെക്കുറിച്ച് അല്ലാഹു പറയുന്നു:

وَنَزَّلْنَا عَلَيْكَ ٱلْكِتَٰبَ تِبْيَٰنًا لِّكُلِّ شَىْءٍ وَهُدًى
وَرَحْمَةً وَبُشْرَىٰ لِلْمُسْلِمِينَ ﴿٨٩﴾

"ഈ വേദഗ്രന്ഥം എല്ലാകാര്യത്തിന്നും വിശദീകരണമായും

മാർഗ്ഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയായും നിനക്ക് നാം അവതരിപ്പിച്ചിരിക്കുന്നു." (16:89)

പരമ്പര കുറ്റമറ്റ ഒരു തിരുവചനത്തിൽ നബി(സ.അ) പറയുന്നു:

"രാത്രിയും പകൽപോലെ പ്രശോഭിതമായ വ്യക്തമായ തെളിവാണ് നിങ്ങൾക്ക് നൽകിയിരിക്കുന്നത്. മഹാനാശം പിടിച്ചവനല്ലാതെ അതിൽ നിന്ന് തെന്നിമാറുകയില്ല."

വീണ്ടും പ്രവാചകൻ അരുളുന്നു:

"മുറുകെപിടിച്ചാൽ നിങ്ങളൊരിക്കലും വഴികെട്ടുപോകാനിടവരാത്ത കാര്യത്തിലാണ് നിങ്ങളെ ഞാൻ വിട്ടേക്കുന്നത്. അല്ലാഹുവിൻെറ ഗ്രന്ഥവും എൻെറ ചര്യയുമാണത്."

മേൽപറഞ്ഞ ഖുർആൻ സൂക്തങ്ങളിൽ ഒന്നാമത്തേതിൽ അല്ലാഹു തെര്യപ്പെടുത്തുന്നത് ഇസ്ലാം ഏറ്റവും സമ്പൂർണ്ണമതമാണ്. അതിലൊരിക്കലും യാതൊരു പോരായ്മയുമില്ല. അതിലേക്കൊന്നും കൂട്ടിച്ചേർക്കേണ്ടതില്ല. സ്ഥലകാലഭേദമന്യേ എല്ലാ സമൂഹത്തിന്നും അതുബാധകമാണ്. അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കാനാഗ്രഹിക്കുന്ന സർവ്വർക്കും ഇത് മഹത്തും സമ്പൂർണ്ണവുമായ അനുഗ്രഹമാണ്. അന്ത്യപ്രവാചകൻെറ ദൈത്യം മുഖേന ഇസ്ലാം സർവ്വവ്യാപകമാവുകയും അതിൻെറ ശത്രുക്കൾക്കെതിരിൽ മുസ്ലീംകളെ അല്ലാഹു സഹായിക്കുകയും ചെയ്തിരിക്കുന്നു. ജനങ്ങൾക്കെല്ലാം മതമായി ഇസ്ലാമിനെ അവരുടെ നാഥൻ തൃപ്തിപ്പെട്ടു കനിഞ്ഞേകിയിരിക്കുന്നു. അതിനോട് ഒരിക്കലും ആരും വൈരാഗ്യം പുലർത്തേണ്ടതില്ല. ഇതല്ലാതെ മറ്റൊരു മതവും അല്ലാഹുവിങ്കൽ എനി സ്വീകാര്യമല്ലെന്നും ഉണർത്തുകയാണ്.

രണ്ടാം വചനത്തിൽ: നിശ്ചയമായും വിശുദ്ധ ഖുർആൻ ഭൗതികവും ആത്മീയവുമായ മുഴുവൻ പ്രശ്നങ്ങൾക്കും സമ്പൂർണ്ണ പ്രതിവിധിയാണ്. സത്യമാർഗ്ഗത്തിൻെറ വിശദാംശങ്ങളാണ്. നന്മ ഏതുണ്ടോ അതെല്ലാം ചൂണ്ടിക്കാണിച്ചിരിക്കുന്നു. തിന്മകളേതാണോ അതേക്കുറിച്ച് കനത്ത മുന്നറിയിപ്പുകൾ നൽകിയിരിക്കുന്നു. ഭൂത, വർത്തമാന, ഭാവി കാലങ്ങളിലെ മുഴുവൻ പ്രശ്നങ്ങൾക്കും അതിൽ പരിഹാര നിർദ്ദേശങ്ങളുണ്ട്. ഖുർആനിൽ മാത്രമാണ് ഏറ്റവും ശരിയായ നീതിനിഷ്ഠമായ പരിഹാരമാർഗ്ഗമുള്ളത്. ഖുർആൻ നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾക്ക് വിരുദ്ധമായവ തികച്ചും അജ്ഞതയും അക്രമവും മാത്രമായിരിക്കും. വിശ്വാസപ്രമാണങ്ങൾ, രാഷ്ട്രീയകാര്യങ്ങൾ, ഭരണവ്യവസ്ഥകൾ, വിധിവിലക്കുകൾ, മനഃശാസ്ത്രം, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക, ശിക്ഷാവിധികൾ എന്നിവകളെല്ലാം അതിൽ പ്രതിപാദിച്ചിരിക്കുന്നു. ചുരുക്കത്തിൽ മനുഷ്യജീവിതത്തിനാവശ്യ

മായ മുഴുവൻ കാര്യങ്ങളും വിശുദ്ധഖുർആനിലൂടെ അതിന്റെ പ്രയോക്താവായ മുഹമ്മദ് നബി(സ)യുടെ വചനങ്ങളിലും പ്രവർത്തനങ്ങളിലൂടെയുമായി വിശദീകരിക്കപ്പെട്ടിരിക്കുന്നു. അതാണ് ഈ വേദഗ്രന്ഥം എല്ലാകാര്യത്തിനും വിശദീകരണമായും എന്ന പ്രയോഗത്തിലൂടെ അല്ലാഹു ഉണർത്തുന്നത്. ഇസ്ലാമിന്റെ സമ്പൂർണ്ണവും ഭദ്രവുമായ വ്യവസ്ഥകളും കർമ്മ മാർഗ്ഗ രേഖകളും വരുന്ന അദ്ധ്യായങ്ങളിൽ സംക്ഷിപ്തമായി വിവരിക്കുന്നുണ്ട്.

O

## അദ്ധ്യായം നാല്.

# ഇസ്ലാമിൻെറ കർമ്മ മാർഗ്ഗങ്ങൾ

### 1. വിജ്ഞാനം

അല്ലാഹു കൽപിച്ച ഒന്നാമത്തെ ആജ്ഞ 'വിദ്യനേടൽ നിർബന്ധമാണ്' എന്നതാകുന്നു. അല്ലാഹു പറയുന്നു:

فَاعْلَمْ أَنَّهُ لَا إِلَٰهَ إِلَّا اللَّهُ وَاسْتَغْفِرْ لِذَنبِكَ
وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ ۗ وَاللَّهُ يَعْلَمُ مُتَقَلَّبَكُمْ وَمَثْوَاكُمْ ﴿١٩﴾

'ആകയാൽ അറിയുക. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല. നിൻെറ കുറ്റങ്ങൾക്കു നീ മാപ്പു തേടുക. സത്യവിശ്വാസികളുടെയും വിശ്വാസിനികളുടെയും പാപങ്ങൾക്കും. നിങ്ങളുടെ പോക്കുവരവുകളും നിങ്ങളുടെ താമസ സ്ഥലവും അവൻ നന്നായി അറിയുന്നു.'(47:19).

يَرْفَعِ اللَّهُ الَّذِينَ آمَنُوا

വീണ്ടും അല്ലാഹു പറയുന്നു:

مِنكُمْ وَالَّذِينَ أُوتُوا الْعِلْمَ دَرَجَاتٍ ۚ وَاللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١١﴾
فَاسْأَلُوا أَهْلَ الذِّكْرِ إِن كُنتُمْ لَا تَعْلَمُونَ ﴿٤٣﴾

'നിങ്ങളിൽ നിന്ന് വിശ്വസിച്ചവരേയും വിജ്ഞാനം നൽകപ്പെട്ടവരേയും അല്ലാഹു പദവികൾ നൽകി ഉയർത്തുന്നതാണ്.'(58:11)

'നാഥാ, എനിക്കു നീ ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ, എന്നു പറയുകയും ചെയ്യുക.'(20:114) ﴿وَقُل رَّبِّ زِدْنِي عِلْمًا ١١٤﴾

"അതിനാൽ, നിങ്ങൾ അറിവില്ലാത്തവരാണെങ്കിൽ, ജ്ഞാനികളോട് ചോദിച്ചു നോക്കുക."(16:43)

നബി (സ.അ) പറഞ്ഞതായി ചില ഹദീസുകളിൽ ഉദ്ധരിക്കപ്പെടുന്നു.

'അറിവില്ലാത്തവനേക്കാൾ പണ്ഡിതൻെറ ശ്രേഷ്ഠത (കാഴ്ചയിൽ) നക്ഷത്രങ്ങളേക്കാൾ പൗർണ്ണമിക്കുള്ള സ്ഥാനം പോലെയാണ്." വിജ്ഞാനം തേടൽ എല്ലാമുസ്ലിമിനും നിർബന്ധബാധ്യതയാകുന്നു.'

വിജ്ഞാനം ഇസ്ലാമിക വീക്ഷണത്തിൽ രണ്ടു വിഭാഗമുണ്ട്.

1- എല്ലാ മനുഷ്യരും സ്ത്രീയും പുരുഷനും അറിഞ്ഞിരിക്കൽ ബാധ്യതയുള്ളത്. ഒരൊറ്റവ്യക്തിക്കും അതിൽനിന്ന് ഒഴികഴിവില്ല. അല്ലാഹു, പ്രവാചകൻ, ഇസ്ലാം എന്നിവയെക്കുറിച്ചുള്ള ജ്ഞാനമാണത്.

2- സാമൂഹ്യബാധ്യതമാത്രമുള്ളത്. സമൂഹത്തിൽ യോഗ്യതയുള്ളവർ അതുനേടിയാൽ ബാക്കിയുള്ളവർ ബാധ്യതയിൽ നിന്നു രക്ഷപ്പെട്ടു. എല്ലാവരും ഇതു നേടുന്നത് ഐഛികം മാത്രമായേ വരൂ. ഇസ്ലാമിക ശരിഅത്തിനെക്കുറിച്ചുള്ള അറിവാണത്. വിധി പ്രസ്താവിക്കാനും കല്പിക്കുവാനും അർഹതയുള്ളവർക്കേ ഇതാവശ്യമുള്ളൂ. ജീവിത വ്യവഹാരങ്ങളിലും വ്യവസായിക രംഗത്തും മറ്റുമുള്ള സാങ്കേതിക ജ്ഞാനം നേടിയവർ ഇതിൽ പെടുന്നു. ജീവിതത്തിൻെറ വിവധ തുറകളിലേക്കാവശ്യമായ ഈ ഗണത്തിൽ പെട്ടവരുടെ അഭാവം മുസ്ലിം ഭരണാധിപൻമാർ നികത്തി അത്തരക്കാരെ വളർത്തിയെടുക്കേണ്ടതാണ്.

## 2. ഇസ്ലാമും വിശ്വാസവും:

മുഹമ്മദ് നബി (സ.അ) യോട് സർവ്വ മനുഷ്യരോടുമായി പ്രഖ്യാപിക്കാൻ അല്ലാഹു ആജ്ഞാപിച്ചിട്ടുള്ള കാര്യമാണ്, മനുഷ്യരെല്ലാം അല്ലാഹുവിൻെറ ദാസൻമാരാണ്.അവനെ മാത്രമേ ആരാധിക്കാവൂ; ആരാധന, മറ്റാരേയും പങ്കുചേർക്കാതെ, മധ്യസ്ഥരെ സ്വീകരിക്കാതെ അല്ലാഹുവുമായി മാത്രം ബന്ധപ്പെടുത്തുക എന്നത്. (ലാഇലാഹഇല്ലല്ലായുടെ വിശദീക

രണത്തിൽ നാമിത് വിശദീകരിച്ചിട്ടുണ്ട്.) ഭരമേൽപനം അല്ലാഹുവിൽ മാത്രം. അവനെ മാത്രം ഭയപ്പെടുക. പ്രതീക്ഷകൾ അല്ലാഹുവിൽ മാത്രം അർപ്പിക്കുക. കാരണം ഉപകാരോപദ്രവങ്ങളുടെ ഉടമ അല്ലാഹുവാണ്. അല്ലാഹു അവനെക്കുറിച്ച് വിശേഷിപ്പിച്ചിട്ടുള്ള വിശേഷണങ്ങൾ കൊണ്ടും പ്രവാചകൻ പറഞ്ഞു തന്ന വിശേഷണങ്ങൾ കൊണ്ടുമല്ലാതെ അല്ലാഹുവിനെ വിശേഷിപ്പിക്കാതിരിക്കുക. ഇതെല്ലാം വിശ്വാസ പ്രമാണങ്ങളുമായി ബന്ധപ്പെട്ടവയാണ്. (മുമ്പ് വിശദീകരിച്ചപോലെ)

## 3. ഇസ്‌ലാമിലെ സമസൃഷ്ടിബന്ധം.

ഒരു നല്ല മനുഷ്യനായി ജീവിക്കാൻ ഒരു മുസ്ലിമിനോട് അല്ലാഹു കൽപിക്കുന്നു. അവിശ്വാസത്തിൻെറ അന്ധകാരത്തിൽ നിന്ന് വിശ്വാസത്തിൻെറ പ്രകാശത്തിലേക്ക് മനുഷ്യരെ ആനയിക്കാൻ കഠിന ശ്രമം നടത്തണമെന്നും ഇസ്‌ലാം നിർദ്ദേശിക്കുന്നു. ഈ ബാധ്യതാബോധമാണ് എന്നെ ഈ ഗ്രന്ഥരചനക്കും ഇതിൻെറ വിതരണത്തിന്നും പ്രേരിപ്പിച്ചത്. ഒരു മുസ്ലിം മറ്റൊരുവനെ വിശ്വാസത്തിൻെറ കണ്ണിയിൽ കോർത്തിണക്കുവാനാണ് അല്ലാഹു നിർദ്ദേശിക്കുന്നത്. അപ്പോൾ ആ മുസ്ലിം അല്ലാഹുവിനേയും പ്രവാചകനേയും അനുസരിച്ച് ജീവിക്കുന്ന സദ്‌വൃത്തൻമാരെയും സ്നേഹിക്കും. അവർ എത്ര അകന്നവരായാലും ശരി. ദൈവത്തേയും ദൈവദൂതനേയും ധിക്കരിക്കുന്ന സത്യനിഷേധികളോട് വെറുപ്പും_അവൻ എത്ര അടുത്തവനായാലും_പുലർത്തുന്നതാണ്. വ്യത്യസ്ത ചേരിയിലായിഅകന്നു നിൽക്കുന്ന രണ്ടു പേരെ ഇണക്കിച്ചേർക്കുന്ന ശക്തമായ ബന്ധവുമാണിത്. കുലമഹിമയുടേയും ദേശസ്നേഹത്തിൻെറയും ഭൗതിക നന്മകളുടേയും ബന്ധങ്ങൾ, അറ്റു പോകുന്ന നൈമിഷിക ബന്ധങ്ങളാണല്ലോ. അതിനാൽ അല്ലാഹു പറയുന്നു :

لَا تَجِدُ قَوْمًا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ يُوَادُّونَ مَنْ
حَادَّ اللَّهَ وَرَسُولَهُ وَلَوْ كَانُوا آبَاءَهُمْ أَوْ أَبْنَاءَهُمْ
أَوْ إِخْوَانَهُمْ أَوْ عَشِيرَتَهُمْ

'അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത., അല്ലാഹുവിനോടും അവൻെറ ദൂതനോടും വിരോധം പുലർത്തുന്നവരുമായി സ്നേഹബന്ധത്തിലേർപ്പെടുന്നത് താങ്കൾ കണ്ടെത്തുകയില്ല. ആ വിരോധികൾ തങ്ങളുടെ പിതാക്കളോ പുത്രൻമാരോ സഹോദരൻമാരോ ബന്ധുക്കളോ ആയിരുന്നാലും ശരി.' (58 : 22)

إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ

'നിശ്ചയം, അല്ലാഹുവിങ്കൽ നിങ്ങളിലേറ്റവും ആദരണീയൻ നിങ്ങളിലെ ഏറ്റവും ധർമ്മനിഷ്ടയുള്ളവരാകുന്നു.'(49:13) .

ഇവയിലെ ഒന്നാം സൂക്തത്തിൽ: ഒരു ദൈവ വിശ്വാസി അല്ലാഹുവിൻെറ ശത്രുക്കളെ ഒരിക്കലും സ്നേഹിക്കുകയില്ല,. അവർ മനുഷ്യരിൽ തന്നോട് ഏറ്റവും അടുത്തബന്ധുവായാലും ശരി എന്നു അല്ലാഹു അറിയിക്കുന്നു.

രണ്ടാമത്തേതിൽ: ഏതുവർഗ്ഗത്തിൽ പെട്ടവനായാലും ഏതു വർണ്ണമുള്ളവനായാലും അല്ലാഹുവിന്നിഷ്ടപ്പെട്ട, അവങ്കൽ ഏറ്റവും സ്ഥാനമുള്ള മനുഷ്യൻ അവിരിലെ ദൈവ കൽപന അനുസരിക്കുന്ന വ്യക്തിയായിരിക്കും എന്നും അല്ലാഹു വ്യക്തമാക്കുന്നു.

ശത്രുവിനോടും മിത്രത്തോടും നീതിപുലർത്താൻ അല്ലാഹു ആജ്ഞാപിക്കുന്നു. അല്ലാഹു സ്വയം അക്രമം നിഷിദ്ധമാക്കിയിരിക്കയാൽ മനുഷ്യർക്കിടയിലും അക്രമം നിഷിദ്ധമാക്കിയിരിക്കുന്നു. വിശ്വസ്തതയും സത്യസന്ധതയും പുലർത്തുക. വഞ്ചന നിഷിദ്ധമാണ്. മാതാപിതാക്കൾക്ക് നന്മ ചെയ്തുകൊടുക്കുക. രക്ത, കുടുംബ ബന്ധങ്ങൾ ചേർക്കുക. ദരിദ്രരെ സഹായിക്കുക. നന്മയുറ്റ പ്രവർത്തനങ്ങളിലേർപ്പെടുക. സർവ്വരോടും - മൃഗങ്ങളോടു പോലും - കരുണ കാണിക്കുക ആ മിണ്ടാ പ്രാണികളെ ദ്രോഹിക്കൽ [1] നിഷിദ്ധമാണ്. എന്നാൽ ഉപദ്രവകാരികളായ പേപ്പട്ടി, വിഷപ്പാമ്പുകൾ, തേൾ, എലി, കഴുകൻ, ഗൗളി മുതലായവയുടെ ഉപദ്രവങ്ങളുണ്ടായാൽ പീഡിപ്പിക്കാതെ അവയെ കൊന്നുകളയുന്നത് അനുവദനീയമാണ്.

## 4. നിരീക്ഷണവും സത്യവിശ്വാസികളോടുള്ള ഹൃദയങ്കം ഉപദേശവും.

തീർച്ചയായും അല്ലാഹു മനുഷ്യരുടെ _ അവർ എവിടെ ആയിരുന്നാലും_ മുഴുവൻ പ്രവർത്തനങ്ങളും കാണുന്നുണ്ട്. അവരുടെ മനോഗ

1. മാംസം ഭുജിക്കൽ അനുവദനീയമായ മൃഗങ്ങളെ അറുക്കുമ്പോൾ ആയുധം മൂർച്ചകൂട്ടാൻ പ്രവാചകൻ നിർദ്ദേശിച്ചിട്ടുണ്ട്. അറവിന്ന് ആശ്വാസവും ആയാസവുമുള്ള സ്ഥലം തിരഞ്ഞെടുക്കാനും ഉരുവിൻെറ പ്രധാന രക്തധമനിയും ശ്വാസനാളവും നന്നായി വേഗത്തിൽ മുറിക്കുക. രക്തം പെട്ടെന്നു വാർന്നു പോകാനും ജീവൻ വേഗത്തിൽ വെടിയാനും അതു സഹായകമാണല്ലോ. ഒട്ടകത്തിൻെറ കഴുത്തറ്റത്ത് പിരടിയിൽ കുത്തിവീഴ്ത്തിയാണറുക്കേണ്ടത്. എലക്ട്രിക് ഷോക്ക് കൊടുത്തും തലക്കടിച്ചും മറ്റും മൃഗത്തെ കൊല്ലുന്നത് നിഷിദ്ധവും അനനുവദനീയവുമാണ്.

തികൾ സമ്പൂർണ്ണമായി അറിയുന്നു. അവരുടെ പ്രവൃത്തികളും വാക്കുകളുമെല്ലാം അവർക്കുവേണ്ടിത്തന്നെ ക്ലിപ്തപ്പെടുത്തിവെക്കുന്നു. അതിന്നായി മലക്കുകളെ ഏർപ്പെടുത്തിയിരിക്കുന്നു. അവരുടെ രഹസ്യപരസ്യങ്ങൾ ഒന്നൊഴിയാതെ ആ മലക്കുകൾ എഴുതിക്കൊണ്ടിരിക്കുന്നു. അവരുടെ മുഴുവൻ പ്രവർത്തനങ്ങളും വിലയിരുത്തി അതിന്നനുസൃത പ്രതിഫലം നൽകുന്നതിന് ഇതെല്ലാം വിശുദ്ധ ഖുർആൻ സ്പഷ്ടമാക്കിയിരിക്കുന്നു. ഈ ജീവിതത്തിൽ ദൈവാജ്ഞ ലംഘിച്ചവർക്ക് അല്ലാഹുവിൻെറ കഠിന ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പും നൽകിയിരിക്കുന്നു.

എന്നാൽ മനുഷ്യരിൽ അല്ലാഹുവിനെ ഭയപ്പെടാതിരിക്കുകയും അവസരങ്ങൾ ഒത്തിണങ്ങിയാൽ പാപങ്ങൾ ചെയ്യുന്നവരുമുണ്ട്. അത്തരക്കാരെ അതിൽനിന്നു പിന്തിരിപ്പിക്കാൻ ഈ ലോകത്ത് ചില ക്രമങ്ങൾ അല്ലാഹു നിർണ്ണയിച്ചിരിക്കുന്നു. അതിനാണ് സത്യവിശ്വാസികളോട് നന്മ കല്പിക്കാനും തിന്മ നിരോധിക്കാനുമുള്ള അല്ലാഹുവിൻെറ ആജ്ഞ. എല്ലാ ഓരോ മുസ്ലിമും മറ്റുള്ളവരുടെ തെറ്റുകൾക്കു കൂടി താൻ അല്ലാഹുവിങ്കൽ ചോദ്യം ചെയ്യപ്പെടുമെന്നു മനസ്സിലാക്കുന്നു. തൻെറ ദൃഷ്ടിയിൽ പെടുന്ന ആ തിൻമകൾ കൈകൊണ്ട് തടുക്കാനാകുന്നില്ലെങ്കിൽ നാവുകൊണ്ടെങ്കിലും പ്രതിരോധിക്കാൻ അവൻ തയ്യാറാകണമെന്ന് അല്ലാഹു ഉപദേശിക്കുന്നു. ഇതിന്നുംപുറമെ മുസ്ലിം ഭരണാധികാരികളോട് നിയമലംഘകരുടെമേൽ അല്ലാഹുവിൻെറ പ്രതിക്രിയാ നടപടികൾ നടപ്പിലാക്കാനും അല്ലാഹു ആജ്ഞാപിക്കുന്നു. അവരുടെ കുറ്റങ്ങൾക്ക് അനുസൃത ശിക്ഷാ നടപടിയും അതിക്രമികളെ പാഠം പഠിപ്പിക്കലുമാണതുകൊണ്ടുദ്ദേശിക്കുന്നത്. ഇവയുടെ വിശദാംശങ്ങൾ വി.ഖുർആനും പ്രവാചകചര്യയും വ്യക്തമാക്കിയിട്ടുണ്ട്.

## 5. സംരക്ഷണച്ചുമതല സാമൂഹ്യസേവനം.

സകാത്തിൻെറ അദ്ധ്യായത്തിൽ നാം വിവരിച്ചപോലെ, ധാർമ്മികമായും ഭൗതികമായും മുസ്ലിംകൾ പരസ്പര സഹായികളായി വർത്തിക്കണമെന്നും അല്ലാഹു കൽപിക്കുന്നു. ജനങ്ങളിൽ ആരേയും ഏതുവിധത്തിൽ ദ്രോഹിക്കുന്നതും അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നു. ജനങ്ങൾ നടന്നുപോകുന്ന വഴിയിലും വിശ്രമിക്കാതിരിക്കുന്ന തണലുകളിൽ പോലും ഉപദ്രവകരമായ യാതൊന്നും ചെയ്തുവെക്കാൻ പാടില്ല. അത്തരം വല്ല തടസ്സവുമുണ്ടെങ്കിൽ ഉടനെ അതു നീക്കം ചെയ്യുന്നവർക്ക് പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. ഉപദ്രവിച്ചവന്നു ശിക്ഷയും.

ഒരു സത്യവിശ്വാസി തനിക്കായി ഇഷ്ടപ്പെട്ടത് തൻെറ സഹോദരന്നു കൂടി ഇഷ്ടപ്പെടണം. താൻ വെറുക്കുന്നത് അപരന്നും വെറുക്കപ്പെട്ടതായിരിക്കണം.അല്ലാഹു പറയുന്നു :

وَتَعَاوَنُوا۟ عَلَى ٱلْبِرِّ وَٱلتَّقْوَىٰ ۖ وَلَا تَعَاوَنُوا۟ عَلَى ٱلْإِثْمِ وَٱلْعُدْوَٰنِ ۚ

'പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങളന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങളന്യോന്യം സഹായിക്കരുത്.'(5:2)

إِنَّمَا ٱلْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا۟ بَيْنَ أَخَوَيْكُمْ ۚ وَٱتَّقُوا۟ ٱللَّهَ لَعَلَّكُمْ تُرْحَمُونَ ﴿١٠﴾

'സത്യവിശ്വാസികൾ സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക.'(49:10)

۞ لَّا خَيْرَ فِى كَثِيرٍ مِّن نَّجْوَىٰهُمْ إِلَّا مَنْ أَمَرَ بِصَدَقَةٍ أَوْ مَعْرُوفٍ أَوْ إِصْلَٰحٍۭ بَيْنَ ٱلنَّاسِ ۚ وَمَن يَفْعَلْ ذَٰلِكَ ٱبْتِغَآءَ مَرْضَاتِ ٱللَّهِ فَسَوْفَ نُؤْتِيهِ أَجْرًا عَظِيمًا ﴿١١٤﴾

'അവരുടെ രഹസ്യാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. വല്ല ദാന ധർമ്മവും ചെയ്യാനോ, സദാചാരം കൈക്കൊള്ളാനോ, ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കാനോ കൽപിക്കുന്ന ആളുടെ വാക്കുകളിലൊഴികെ. അല്ലാഹുവിൻെറതൃപ്തി കാംക്ഷിച്ച് അപ്രകാരം ചെയ്യുന്നതിന്നു നാം മഹത്തായ പ്രതിഫലം നൽകുന്നതാണ്.'(4:114)

പ്രവാചകൻ (സ.അ) പറയുന്നു: 'തനിക്കിഷ്ടപ്പെട്ടത് തൻെറ സഹോദരന്നുകൂടി ഇഷ്ടപ്പെടുവോളം ഒരാളും സത്യവിശ്വാസിയാവുകയില്ല.'

അവിടുത്തെ ജീവിതാന്ത്യത്തിലെ ചരിത്ര പ്രസിദ്ധമായ വിടവാങ്ങൽ പ്രസംഗത്തിൽഅദ്ദേഹം പ്രഖ്യാപിച്ചു: 'മനുഷ്യരെ, നിങ്ങളുടെ നാഥൻ ഒന്ന്. നിങ്ങളുടെയെല്ലാം പിതാവ് ഒന്ന്. അറിഞ്ഞുകൊൾക. ഒരറബിക്ക് അനറബിയേക്കാളോ ഒരനറബിക്ക് അറബിയാക്കാളോ കറുത്തവന്നു വെളുത്തവനേക്കാളോ വെളുത്തവനു കറുത്തവനേക്കാളോ, ധാർമ്മിക നിഷ്ഠയില്ലാതെ യാതൊരു ശ്രേഷ്ടതയുമില്ല.....ഞാൻ എൻെറ ദൗത്യം നിർവ്വഹിച്ചില്ലയോ? അപ്പോൾ അവിടെ കൂടിയവരൊന്നടങ്കം പ്രതികരിച്ചു: അല്ലാഹുവിൻെറ ദൂതരേ, അതേ, താങ്കൾ ദൗത്യം നിർവ്വഹിച്ചു കഴിഞ്ഞിരിക്കുന്നു.' വീണ്ടും അവിടുന്ന് അരുളി: നിശ്ചയം, നിങ്ങളുടെ രക്തവും ധനവും അഭിമാനവും പവിത്രമാണ്. അത് ഭംഗം വരുത്തുന്നത് നിഷിദ്ധമാണ്. ഇന്നത്തെ ഈ ദിവസവും ഈ മാസവും, ഈ നാടും പാവനമായപോലെ. അറിയുക: ഞാൻ എൻെറ കടമ നിർവ്വഹിച്ചിരിക്കുന്നു. അവർ വിളിച്ചുപറഞ്ഞു:

അതേ പ്രവാചകരേ. അപ്പോൾ അവിടുന്നു തന്റെ വിരലുകൾ ആകാശത്തേക്കു ചൂണ്ടിപ്പറഞ്ഞു:'അല്ലാഹുവേ, നീ സാക്ഷി![1]

## 6. ഇസ്ലാമും അഭ്യന്തര രാഷ്ട്രീയവും

മുസ്ലിംകൾ അവരുടെ ഭരണ കാര്യങ്ങൾ നോക്കിനടത്താൻ അർഹതയുളള ഭരണാധിപനെ തെരഞ്ഞെടുത്തു അവർക്ക് പ്രതിജ്ഞ അർപ്പിക്കാൻ അല്ലാഹു നിർദ്ദേശിച്ചിരിക്കുന്നു. അക്കാര്യത്തിൽ ഐക്യപ്പെടാനും ഒരു സമുദായമായി നിന്ന് ആ ഭരണാധിപൻമാർക്ക് അനുസരണം പ്രഖ്യാപിക്കാനും കൽപിച്ചിരിക്കുന്നു. കുറ്റകരവും ദൈവാജ്ഞക്കു വിരുദ്ധവുമല്ലാത്ത എല്ലാ കാര്യങ്ങളിലും അവരെ അനുസരിക്കാൻ അവർ ബാദ്ധ്യസ്ഥരാണ്. കാരണം, സ്രഷ്ടാവിനെ ധിക്കരിച്ച് സൃഷ്ടികൾക്ക് അനുസരണമില്ലല്ലോ.

ഒരു നാട്ടിൽ അല്ലാഹുവിന്റെ നിയമങ്ങൾ പാലിച്ചു ജീവിക്കാനും മതം പ്രബോധനംചെയ്യാനും സാധ്യമാകാത്തപക്ഷം ആ നാട്ടിൽ നിന്ന് ദൈവ ഗ്രന്ഥവും ഇസ്ലാമിക ശരീഅത്തും അനുസരിച്ച് ഭരണം നടക്കുന്ന നാട്ടിലേക്ക് പാലായനം ചെയ്യാൻ അല്ലാഹു നിർദ്ദേശിക്കുന്നു. സ്റ്റേറ്റുകളുടെ വിഭജനവും വർഗ്ഗപരമായ തരം തിരിവുകളും ഭിന്നപൗരത്വവും ഇസ്ലാമിന്ന് അപരിചതമാണ്. മുസ്ലിമിന്റെപൗരത്വം ഇസ്ലാം എന്നതുതന്നെ. മനുഷ്യർ അല്ലാഹുവിന്റെ മാത്രം അടിമകളാണ്. ഭൂമിയെല്ലാം അല്ലാഹുവിൻേറതും. ദൈവത്തിന്റെ നിയമ വ്യവസ്ഥയനുസരിച്ച് നിബന്ധനകൾക്കധീതമായി ഒരു മുസ്ലിമിന്ന് എങ്ങോട്ടും സഞ്ചരിക്കുവാൻ കഴിയണം. ഏതെങ്കിലും കാര്യത്തിൽ അതിന്നു വിരുദ്ധമായി പ്രവൃത്തിച്ചാൽ ശരീഅത്തനുസരിച്ചുളള ശിക്ഷാവിധി അവരിൽ നടപ്പിലാക്കണം. ശരീഅത്തു വ്യവസ്ഥ പ്രകാരം ജനങ്ങളുടെ രക്തത്തിനും സമ്പത്തിനും അഭിമാനത്തിനും പൂർണ്ണ സുരക്ഷിതത്വവും സമാധാനവും നൽകാൻ ഭരണാധിപൻമാർ ബാധ്യസ്ഥരുമാണ്.അതിൽ മാത്രമേ നന്മയുളളു. എല്ലാ അരക്ഷിതാവസ്ഥയും ഇല്ലാതാകുമ്പോഴേ യഥാർത്ഥ നീതി സ്ഥാപിതമാകൂ.

മനുഷ്യരുടെ ബുദ്ധിശക്തി സ്ഥിരമായി നിലനിർത്തുന്നതിന്നു അല്ലാഹു സംരക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു. ലഹരി പദാർത്ഥങ്ങളും മദ്യവും സമ്പൂർണ്ണമായി നിഷിദ്ധമാക്കി. മദ്യപാനിക്ക് 40 മുതൽ 80 വരെ അടി ശിക്ഷ വിധിച്ചിരിക്കുന്നു. അതുമുഖേന എല്ലാവർക്കും മോചനവും സംരക്ഷണവും ലഭിക്കുമല്ലോ. അതാവർത്തിക്കുമ്പോഴൊക്കെയും ശിക്ഷയും

1. ഇത് സുപ്രധാനമായ ഒരു പ്രസംഗമായിരുന്നു. മുഴുവനും ഭാഗികമായും, പ്രവാചക വചനങ്ങൾ ഉദ്ധരിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ നിന്ന് മഹാപണ്ഡിതനായ 'ശൈഖ് അബ്ദുല്ലാഹിബ്നു മുഹമ്മദ്ബ്നു ഹുമൈദ്' തന്റെ 'അൽഇബ്ദാഅ്' എന്ന ഗ്രന്ഥത്തിലുദ്ധരിച്ചതിൽ നിന്നാണ് ഞാനിവിടെ റിപ്പോർട്ട് ചെയ്യുന്നത്.

ആവർത്തിക്കേണ്ടിവരും.

മുസ്ലിംകളുടെ ജീവന്നു പൂർണ്ണ സംരക്ഷണം ഇസ്ലാം ഉറപ്പു നൽകുന്നു. കൊലയാളിയെ പിടികൂടി പ്രതിക്രിയ നടത്തുക. മുറിവുകളേൽപിച്ചാൽ സമാനശിക്ഷ നൽകുക. തൻെറ ജീവനും സമ്പത്തും അഭിമാനവും പ്രതിരോധിക്കാൻ ഒരു മുസ്ലിമിന്നു ഇസ്ലാം അവകാശം നൽകുന്നു. അല്ലാഹു പറയുന്നു:

"അല്ലയോ ബുദ്ധികൻമാരേ, പ്രതിക്രിയാ നടപടിയിലാണ് നിങ്ങളുടെ ജീവിതത്തിതൻെറ നിലനിൽപ്. നിങ്ങളുടെ സൂക്ഷ്മത പാലിക്കുന്നതിന്നു വേണ്ടിയാണിത്"(2:179) . നബി (സ.അ) പറഞ്ഞു.:

وَلَكُمْ فِي الْقِصَاصِ حَيَوٰةٌ يَٰٓأُولِي الْأَلْبَٰبِ لَعَلَّكُمْ تَتَّقُونَ ﴿١٧٩﴾

"തൻെറ ജീവന്നുവേണ്ടി (പൊരുതി) കൊല്ലപ്പെട്ടവൻ രക്തസാക്ഷിയാകുന്നു.തൻെറ കുടുംബത്തിന്നുവേണ്ടി (പൊരുതി) കൊല്ലപ്പെട്ടവൻ രക്തസാക്ഷിയാകുന്നുതൻെറ ധനം സംരക്ഷിക്കാൻ (പൊരുതി) കൊല്ലപ്പെട്ടവൻ രക്തസാക്ഷിയാകുന്നു."

മുസ്ലിംകളുടെ ആത്മാഭിമാനം കാത്തുരക്ഷിക്കാൻ അല്ലാഹു വ്യവസ്ഥ ചെയ്തിരിക്കുന്നു. അന്യായമായി മറ്റുള്ളവരെക്കുറിച്ച് ഏഷണി പ്രചരിപ്പിക്കുന്നത് നിഷിദ്ധമാക്കിയിരിക്കുന്നു. പതിവ്രതകളെക്കുറിച്ചും പരിശുദ്ധരെപ്പറ്റിയും അപവാദം പറയുന്നവർക്ക് അടിശിക്ഷ നൽകേണ്ടതാണ്. വ്യഭിചാരം, അനാശാസ്യപ്രവൃത്തികൾ എന്നിവ ആരോപിക്കപ്പെടുകയും നിയമപ്രകാരമുള്ള തെളിവുകൾ ഹാജരാക്കുന്നതിൽ പരാജയപ്പെടുകയും ചെയ്താൽ അതു പ്രചരിപ്പിച്ചവരെ ശിക്ഷിക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു.

നിയമവിധേയമല്ലാത്ത വിധം കൂത്തഴിഞ്ഞ ഇടകലർന്നുള്ള കുടുംബബന്ധങ്ങളിൽനിന്ന് സമൂഹത്തിന്നു സംരക്ഷണം ലഭിക്കാൻ അല്ലാഹു വ്യവസ്ഥകൾ വെച്ചിരിക്കുന്നു. അധാർമ്മികതയിൽ നിന്നുള്ള സംരക്ഷണാർത്ഥം വ്യഭിചാരം കർശനമായി നിരോധിച്ചു. വൻപാപമായാണ് ഇസ്‌ലാം അതിനെ കാണുന്നത്. അതു പ്രവർത്തിക്കുന്നവർക്കെതിരിൽ കുറ്റമറ്റ തെളിവുകളുണ്ടായാൽ കർശന ശിക്ഷ നൽകാൻ ശരീഅത്തിൽ വ്യവസ്ഥയുണ്ട്.

സമ്പത്തിന്ന് അല്ലാഹു സംരക്ഷണം വാഗ്ദാനം ചെയ്യുന്നു. അതിനാൽ കള്ളത്തരങ്ങൾ,വഞ്ചന, ചൂതാട്ടം, കൈക്കൂലി മുതലായ സർവ്വ നിഷിദ്ധവഴിയിലുടെയുമുള്ള സമ്പാദ്യങ്ങളും നിഷിദ്ധമായി പ്രഖ്യാപിച്ചിരിക്കുന്നു. കട്ടവൻെറ കൈമുറിക്കണം. തെളിവുകൾ സ്ഥാപിക്കപ്പെട്ടാൽ കൊള്ളക്കാരുടെ കഴുത്തുവെട്ടണം. അല്ലാത്തപക്ഷം ഉചിതമായ മറ്റു ശിക്ഷകൾ നൽകണം.

ഈ ശിക്ഷാനിയമങ്ങളും പ്രതിക്രിയാ നടപടികളും സർവ്വതന്ത്രജ്ഞനായ അല്ലാഹുവിൻെറ നിയമങ്ങളാണ്. സ്രഷ്ടാവാണല്ലോ സൃഷ്ടികളുടെ അവസ്ഥ നന്നായറിയുന്നവൻ. അവരോടുള്ള അവൻെറ കരുണയുടെ നിദർശനമാണീ നിയമങ്ങൾ. മുസ്ലിംകളിലെ കുറ്റവാളികളുടെ പാപങ്ങൾക്കു പ്രായശ്ചിത്തവും സ്വഭാവസംസ്കരണത്തിനുമുള്ളതാണീ ശിക്ഷാവിധികൾ. സാമൂഹ്യദ്രോഹികളെ നിലക്കു നിർത്താനും അവരിൽ നിന്നു സമൂഹത്തെ രക്ഷിക്കാനുമുള്ള വ്യവസ്ഥ. ഇസ്ലാമിൻെറ ശത്രുക്കളും അവരുടെ പിണിയാളുകളും കൊലയാളിയെ കൊല്ലുന്നതും കട്ടവൻെറ കൈവെട്ടുന്നതും അപമാനകരമായാണ് ചിത്രീകരിക്കുന്നത്. ഒരു രോഗിയുടെ പഴുത്തുപോയ ശരീരാവയം, അയാളുടെ മറ്റു ശരീരഭാഗങ്ങളും ജീവനും രക്ഷിക്കാൻ ഓപ്പറേഷൻ ചെയ്തുമുറിച്ചു നീക്കുന്നത് അപമാനകരമാണെന്നു പറയുന്നതുപോലുള്ള ഒരു ജൽപനം മാത്രമാണിത്. അക്രമികളുടെ ക്രൂരതക്കു വശംവദരായിത്തീരുന്ന നിരപരാധികളുടെ ദുരന്തങ്ങൾ ഇത്തരക്കാരുടെ വീക്ഷണത്തിൽ നന്മയുറ്റ പ്രവർത്തിയാണെന്നതാണ് അതിവിചിത്രമായി തോന്നുന്നത്! യഥാർത്ഥത്തിൽ സമൂഹത്തിൻെറ ചീഞ്ഞഭാഗംമുറിച്ചു മാറ്റുന്നില്ലെങ്കിൽ സമൂഹം മുഴുവൻ തകർന്നു പോകും.[1]

## 7. ഇസ്ലാമും വിദേശരാഷ്ട്രീയനയവും.

അമുസ്ലിംകളെ ഇസ്ലാമിലേക്കു ക്ഷണിക്കുക. ദൈവവിശ്വാസമാകുന്ന പ്രകാശത്തിലേക്ക് അവിശ്വാസത്തിൻെറ അന്ധകാരങ്ങളിൽ നിന്ന് ജനപഥങ്ങളെ രക്ഷപ്പെടുത്തിയെടുക്കുക. ഭൗതിക ജീവിതത്തിൻെറ നൈമിഷികതയിൽ ആമന്തംമുങ്ങി ദൗർഭാഗ്യം ഏറ്റു വാങ്ങുന്നതിൽ നിന്ന് യഥാർത്ഥ വിശ്വാസികൾക്കു ലഭിച്ച ആത്മീയ സൗഭാഗ്യത്തിലേക്ക് അവരെയും കരകയറ്റിയെടുക്കുക, ഇതെല്ലാം മുസ്ലിംകളോടും അവരുടെ ഭരണാധിപൻമാരോടും അല്ലാഹു കൽപിച്ചതാകുന്നു മനുഷ്യരെയെല്ലാം മോചിപ്പിക്കുന്ന ഉപകാരപ്രദനായ ഒരു സദ്വൃത്തനായി ഓരോമുസ്ലിമും നിലകൊള്ളണം. എന്നാൽ മററു മനുഷ്യനിർമ്മിത വ്യവസ്ഥകളെല്ലാം ആവശ്യപ്പെടുന്നത് അവരവരുടെ നാട് മാത്രം നന്നാക്കുക എന്നാണ്. അതുതന്നെയാണ് അവയുടെ തകർച്ചക്കും അപര്യാപ്തതകൾക്കും കാരണഭൂതമായിത്തീരുന്നത്. എന്നാൽ ഇസ്ലാമിൻെറ സമ്പൂർണ്ണതയുടേയും പൊതുനൻമയുടേയും നിദർശന തെളിവ് ഇതാണ് താനും.

ഇസ്ലാമിനേയും മുസ്ലികളേയും ശത്രുക്കളിൽ നിന്നു കാത്തു രക്ഷിക്കാനും ദൈവത്തിൻേറയും അവരുടേയും ശത്രുക്കളെ ഭയപ്പടുത്തി അകറ്റി നിർത്താനും സാധ്യമായത്ര തയ്യാറെടുപ്പുകളും കോപ്പുകളും ഒരുക്കാൻ അല്ലാഹു നിർദ്ദേ

1. രോഗിയുടെ സ്വന്തം ഇഷ്ടപ്രകാരമോ കുടുംബത്തിൻെറ സമ്മതപ്രകാരമോ അയാളുടെ ശരീരം രക്ഷപ്പടുത്താനാണല്ലോ കേടായശരീരാവയവം നീക്കം ചെയ്യുന്നത് നല്ലതെന്നു മനസ്സിലാക്കുന്നത്.

ശിച്ചിരിക്കുന്നു. അമുസ്ലിംകളുമായി വേണ്ടിവന്നാൽ സന്ധിയിലേർപ്പെടുന്നതിന്നു ഇസ്ലാമിക ശരീഅത്തു അനുമതി നൽകുന്നു. അത്തരംകരാർ ശത്രുക്കൾ ലംഘിക്കാനൊരുങ്ങാത്തിടത്തോളവും അല്ലെങ്കിൽ ലംഘനത്തിന്നു നിർബന്ധിപ്പിക്കുന്ന അവസ്ഥ അവർ സംജാതമാക്കാത്തിടത്തോളവും അവരുമായി ഏർപ്പെട്ടിരിക്കുന്ന കരാർ ലംഘിക്കുന്നത് നിഷിദ്ധമാണെന്നും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു.

അമുസ്ലിംകളോട് യുദ്ധ പ്രഖ്യാപനം നടത്തും മുമ്പ് അവരെ ആദ്യമായി ഇസ്ലാമിലേക്ക് ക്ഷണിക്കണം. വിസമ്മതിച്ചാൽ അവരോട് ജിസ്യ നൽകി ദൈവനിയമങ്ങൾക്കും മുസ്ലിംകൾക്കും കീഴ്പെട്ട് നിലകൊള്ളാൻ ആവശ്യപ്പെടണം.അതിന്നും വിസമ്മതിച്ചാൽ മാത്രമേ യുദ്ധ പ്രഖ്യാപനം അല്ലാഹു അനുവദിക്കുന്നുള്ളൂ. മതം ദൈവത്തിന്നായിത്തീരുവോളവും കുഴപ്പം എന്നന്നേക്കുമായി അവസാനിക്കുവോളവും അപ്പോൾ അവരോട് യുദ്ധം ചെയ്യണം.

യുദ്ധരംഗത്തും കനത്ത മര്യാദകൾ പാലിക്കാൻ അല്ലാഹു കൽപിക്കുന്നു. കുഞ്ഞുങ്ങളേയും സ്ത്രീകളേയും വൃദ്ധൻമാരേയും ആരാധനാലയങ്ങളിലെ പണ്ഡിതൻമാരേയും അവർ വാക്കാലോ പ്രവൃത്തികളാലോ യുദ്ധത്തിൽ പങ്കാളികളാകുന്നില്ലെങ്കിൽ ഒരിക്കലും വകവരുത്താൻ പാടില്ല. യുദ്ധത്തിൽ ബന്ധനസ്ഥരാക്കപ്പെടുന്നവരോട് മാന്യതയും മര്യാദയും നന്മയും കാണിക്കണം. ഇതുകൊണ്ടാണ് യുദ്ധം കൊണ്ട് ഇസ്ലാം ലക്ഷ്യമാക്കുന്നത് അടിച്ചമർത്തലും സ്വേഛാധിപത്യവുമല്ല എന്നു നാം മനസ്സിലാക്കുന്നത്. സത്യപ്രചരണവും, സമസൃഷ്ടികാരുണ്യവും, ദൈവേതരർക്കുള്ള ആരാധനയിൽ നിന്ന് ദൈവത്തിന്നുള്ള ആരാധനയിലേക്കു മനുഷ്യരെ അണിചേർക്കലും മാത്രമാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്.

## 8. ഇസ്ലാമിലെ സ്വാതന്ത്ര്യം

**A. വിശ്വാസ സ്വാതന്ത്ര്യം:** ഇസ്ലാമിക വ്യവസ്ഥിതിക്ക് കീഴടങ്ങിയ അമുസ്ലിംകൾക്ക് ഇസ്ലാമിനെക്കുറിച്ച് വ്യക്തമായി വിവരിച്ചു കൊടുക്കുകയും ഇസ്ലാമിലേക്കവരെ സ്വാഗതം ചെയ്യുകയും ചെയ്തശേഷം പൂർണ്ണമായ വിശ്വാസ സ്വാതന്ത്ര്യം ഇസ്ലാം അവർക്കു നൽകിയിരിക്കുന്നു. ഇസ്ലാമിനെ അവർ തിരഞ്ഞെടുത്താൽ അവർക്കത് മോചനവും സൗഭാഗ്യവുമാണ്. അതല്ല അവരുടെ മതത്തിൽ തന്നെ നിലകൊള്ളുന്നപക്ഷം തൻെറ ആത്മാവിനായി അവർ സത്യം നിഷേധം തെരഞ്ഞെടുത്തിരിക്കുന്നു. അതവർക്ക് ദൗർഭാഗ്യത്തിന്നും നരകത്തിന്നും കാരണമായിത്തീരും. ഇതോടെ അവരുടെ മേൽ തെളിവ് സ്ഥാപിക്കപ്പെട്ടു. അല്ലാഹുവിൻെറ മുമ്പിലവർക്കു ഒഴികഴിവില്ലാതായി. അതിനാൽ മുസ്ലിംകൾ അവരുടെ വിശ്വാസത്തിലേക്കു തന്നെ അവരെ വിട്ടേക്കുന്നു.- പക്ഷെ അവർ (സംരക്ഷണച്ചുമതല എന്ന നിലക്ക്) മുസ്ലിം നിയമങ്ങൾ മാനിക്കുകയും നികുതി (ജിസ്യ) അടക്കുകയും

ചെയ്യണം. മുസ്ലിംകളുടെ മുമ്പിൽ പ്രത്യക്ഷമായി ഇസ്ലാമിന്നു വിരുദ്ധമായ യാതൊരടയാളവും അവർക്ക് സ്വീകരിക്കാവതല്ല.(അവർക്ക് അവരുടെ മതം - ഇവർക്ക് ഇവരുടെ മതം).

എന്നാൽ ഒരു മുസ്ലീം ഇസ്ലാം ഉപേക്ഷിച്ച് മതപരിത്യാഗി(മുർത്തദ്) ആയാൽ അതിന്നുള്ള ശിക്ഷ ഗളഛേദമാകുന്നു. കാരണം പരമസത്യം മനസ്സിലാക്കി അതിൻെറ വക്താവായ ശേഷം അത് പരിത്യജിച്ചിരിക്കയാണം. അത് കടുത്ത ധിക്കാരവും അക്രമവുമാണ്. എന്നാലവൻ പശ്ചാത്തപിക്കുകയും ഇസ്ലാമിലേക്കുതിരിച്ചു വരികയും ചെയ്താൽ അവന്നത് നല്ലതും ശിക്ഷ പിൻവലിക്കുന്നതുമാണ്. ഇസ്ലാമിക വിശ്വാസം ദുർബ്ബലപ്പെടുത്തുന്ന വല്ലതിലും അവൻ ഏർപ്പെട്ടതാണെങ്കിലും അവൻ പശ്ചാത്തപിക്കുകയും തെറ്റ് ആവർത്തിക്കാതിരിക്കുകയും ചെയ്താൽ അവന്നു മോചനമുണ്ട്.

## ഇസ്ലാം ദുർബലപ്പെടുന്ന കാര്യങ്ങൾ

ഇസ്ലാമിക വിശ്വാസം തകർത്തു കളയുന്ന കാര്യങ്ങൾ നിരവധിയാണ്. അവയിൽ പ്രധാനമായവ:

**1.** അല്ലാഹുവിൽ പങ്കുചേർക്കുക. അതായത്, മറ്റാരാധ്യൻമാരെ അല്ലാഹുവോടൊപ്പം സങ്കൽപിക്കുക. അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതിന്നും അവങ്കലേക്കടുക്കുന്നതിന്നും മധ്യസ്ഥൻമാരേയും ഇടയാളൻമാരേയും സ്വീകരിക്കുക. ആരാധ്യനായും ദൈവമായും അല്ലാഹു അല്ലാത്തവരെ സാക്ഷാൽ ആരാധ്യൻ തന്നെ എന്ന നിലക്ക് പ്രതിഷ്ഠിക്കലാണിത്. പ്രവാചക നിയോഗത്തിന്നു മുമ്പുള്ള (ജാഹിലീകാലം) ബഹുദൈവ വിശ്വാസികളെപ്പോലെ അവർ മൺമറഞ്ഞുപോയ മഹാൻമാരുടെ വിഗ്രഹത്തെ അല്ലാഹുവിലേക്കുള്ള ശുപാർശകരായി സങ്കൽപിച്ചു അവയ്ക്ക് ആരാധനകൾ അർപ്പിച്ചിരുന്നുവല്ലൊ. ആരാധനയുടെ പല അംശങ്ങളും അല്ലാഹു അല്ലാത്തവർക്ക് അർപ്പിക്കുന്ന മറ്റൊരു വിഭാഗവുമുണ്ട്. ഇവർ അല്ലാഹുവിനോടൊപ്പം മറ്റു ദൈവങ്ങളൊന്നുമില്ല; ആരാധന അല്ലാഹുവിന്നു തന്നെ എന്നു സങ്കൽപിക്കുന്നു. യഥാർത്ഥത്തിൽ ഇസ്ലാമിൻെറ നാമധേയത്തിൽ ശിർക്കു ചെയ്യുന്നവരാണിവർ. തൗഹീദിലേക്കിവരെ ക്ഷണിക്കുന്നവരോട് ഇവർ പറയും. ശിർക്കെന്നാൽ ബിംബങ്ങൾക്കർപ്പിക്കുന്ന പൂജയാണ്. അല്ലെങ്കിൽ ഇതാണെൻെറ ദൈവം എന്ന് അല്ലാഹു അല്ലാത്തവരെക്കുറിച്ച് പറയലുമാണ് ആരാധന എന്ന്. ഇക്കൂട്ടർ സത്യത്തിൽ കള്ള്എന്ന പേരുമാറ്റി മദ്യം സേവിക്കുന്നവനെപ്പോലെയാണ്. ഇത് മുമ്പ് വിവരിച്ചിട്ടുണ്ട്.[1]

---

1. 36, 39 പേജുകളിൽ ഇത് വ്യക്തമായ നിഷേധവും (കുഫ്ർ) ശിർക്കും (ബഹുദൈവത്വം) ആണെന്നു തെളിവുദ്ധരിച്ച് അവിടെ സമർത്ഥിച്ചിട്ടുണ്ട്.

അല്ലാഹു പറയുന്നു. فَٱعۡبُدِ ٱللَّهَ مُخۡلِصٗا لَّهُ ٱلدِّينَ ۝٢

أَلَا لِلَّهِ ٱلدِّينُ ٱلۡخَالِصُۚ وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوۡلِيَآءَ
مَا نَعۡبُدُهُمۡ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلۡفَىٰٓ إِنَّ ٱللَّهَ يَحۡكُمُ بَيۡنَهُمۡ
فِي مَا هُمۡ فِيهِ يَخۡتَلِفُونَۗ إِنَّ ٱللَّهَ لَا يَهۡدِي مَنۡ هُوَ كَٰذِبٞ كَفَّارٞ ۝٣

"അതിനാൽ, വിധേയത്വം അല്ലാഹുവിന്നു നിഷ്കളങ്കമാക്കി അവനെ നീ ആരാധിക്കുക. അറിയുക. നിഷ്കളങ്ക കീഴ്വണക്കം അല്ലാഹുവിന്നു മാത്രമാണർപ്പിക്കേണ്ടത്. അവന്നു പുറമേ രക്ഷാധികാരികളെപ്പിടിച്ചവർ (പറയുന്നു)അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഭിന്നിച്ച കാര്യമേതോ അതിൽ അല്ലാഹു വിധികൽപിക്കുക തന്നെ ചെയ്യും. തീർച്ചയായും നുണയനും നന്ദികെട്ടവനുമായിട്ടുള്ളവരാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല. (39:2,3).

يُولِجُ ٱلَّيۡلَ فِي ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِي ٱلَّيۡلِ وَسَخَّرَ ٱلشَّمۡسَ وَٱلۡقَمَرَ كُلّٞ يَجۡرِي
لِأَجَلٖ مُّسَمّٗىۚ ذَٰلِكُمُ ٱللَّهُ رَبُّكُمۡ لَهُ ٱلۡمُلۡكُۚ وَٱلَّذِينَ
تَدۡعُونَ مِن دُونِهِۦ مَا يَمۡلِكُونَ مِن قِطۡمِيرٍ ۝١٣ إِن
تَدۡعُوهُمۡ لَا يَسۡمَعُواْ دُعَآءَكُمۡ وَلَوۡ سَمِعُواْ مَا ٱسۡتَجَابُواْ لَكُمۡۖ
وَيَوۡمَ ٱلۡقِيَٰمَةِ يَكۡفُرُونَ بِشِرۡكِكُمۡۚ وَلَا يُنَبِّئُكَ مِثۡلُ خَبِيرٖ ۝١٤

"അല്ലാഹുവാകുന്നു നിങ്ങളുടെ നാഥൻ. അവന്നാകുന്നു ആധിപത്യം. അവനുപുറമേ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവരാരും ഒരു ഈത്തപ്പഴക്കുരുവിൻെറ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർത്ഥിച്ചാൽ അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കില്ല. എനി അവർ കേട്ടാലും നിങ്ങൾക്ക് അവർ ഉത്തരം നൽകുന്നില്ല. പുനരുത്ഥാനനാളിൽ നിങ്ങളവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കും. സൂക്ഷ്മ ജ്ഞാനമുള്ള അല്ലാഹുവെപ്പോലെ നിനക്ക് വൃത്താന്തമേകാൻ ആരുമില്ല."(35:13,14)

2. ജൂത, ക്രൈസ്തവ, നിരീശ്വര, പ്രകൃതി പൂജകർ, ത്വാഗൂത്തു - ദൈവവിധിയിൽ തൃപ്തിപ്പെടാതെ അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കാത്ത ദൈവേതര ശക്തികൾ എന്നിവരെപ്പോലെയുള്ള സത്യനിഷേധികളിലെ ബഹുദൈവ വിശ്വാസികൾ, സത്യനിഷേധികൾ തന്നെയാണെന്ന് വിശ്വസിക്കാതിരിക്കൽ ഒരാളുടെ ഇസ്ലാമിനെ ദുർബലപ്പെടുത്തുന്ന കാര്യത്തിൽ

പെട്ടതാണ്. അവർ ദൈവനിഷേധികളാണെന്ന കാര്യം മനസ്സിലാക്കിയിട്ടും അവർ കഫിറുകളാണെന്നു ധരിക്കാതിരിക്കുക എന്നു സാരം.

3. വൻപാപമായ ശിർക്കുമായി കെട്ടുപിണഞ്ഞ സിഹ്ർ (മാരണം) ചെയ്യുക. ആരെങ്കിലും അത് കുഫ്ർ (സത്യനിഷേധം) ആണെന്നു മനസ്സിലാക്കിയിട്ടും അതുചെയ്യുകയോ അതിൽ തൃപ്തിപ്പെടുകയോ ചെയ്താൽ.

4. ഇസ്ലാമിക ശരീഅത്തിനേക്കാൾ ഏറ്റവും നല്ലത് ഇസ്ലാമല്ലത്ത വ്യവസ്ഥകളും ശരീഅത്തുമാണെന്നു വിശ്വസിക്കുക. അല്ലെങ്കിൽ നബി(സ.അ)യുടെ വിധികളേക്കാൾ ഉത്തമമായ വിധികളുണ്ടെന്നു വിശ്വസിക്കുക.

5. പ്രവാചകനായ മുഹമ്മദ് (സ.അ) യോടോ അദ്ദേഹത്തിൻെറ വിധികളാണെന്നു മനസ്സിലായ ഏതെങ്കിലും വിധികളോടോ കഠിനമായ കോപം വെച്ചു പുലർത്തുക.

6. ഇസ്ലാം മതത്തിലെ ഏതെങ്കിലും കാര്യം മനപൂർവ്വം പരിഹസിക്കുക.

7. ഇസ്ലാമിന്നു സഹായകമായിത്തീരുന്നതോ, നശിച്ചാൽ ഇസ്ലാമിന്നത് ഗുണകരമായിത്തീരുന്നതോ ആയ കാര്യത്തോട് വെറുപ്പ് പുലർത്തുക.

8. സത്യനിഷേധികളെ അവർ അവരുടെ രക്ഷാധികാരികളാണ് സ്നേഹത്തോടെയും സഹവർത്തിത്വത്തോടെയും, അറിഞ്ഞുകൊണ്ട് രക്ഷാധികാരികളാക്കുക.

9. മുഹമ്മദ് നബി (സ.അ) യുടെ ശരീഅത്തിലെ കൽപനകളിൽ ഏതെങ്കിലുംമൊന്നിൽനിന്ന് പുറത്തുപോകൽ ആർക്കും അനുവദനീയമല്ല എന്ന അറിവോടെ അതിൽ നിന്ന് പുറത്തുകടക്കൽ അനുവദനീയമാണെന്നു വിശ്വസിക്കൽ.

10. അല്ലാഹുവിൻെറ ദീനിൽ നിന്നു തിരിഞ്ഞുകളയൽ. വ്യക്തമാക്കപ്പെട്ട ശേഷം അതു പഠിക്കുകയോ അതനുസരിച്ച് പ്രവൃത്തിക്കുകയോ ചെയ്യാതെ ഇസ്ലാമിൽ നിന്ന് ഒരാൾ തിരിഞ്ഞുകളഞ്ഞാൽ അവൻ അവിശ്വാസിയാണ്.

11. അജ്ഞാതമല്ലാത്ത ഇസ്ലാമിൻെറ പൊതുനിയമങ്ങളിൽ നിന്ന് ഏതെങ്കിലുമൊരുനിയമം നിഷേധിക്കുക.

ഇപ്രകാരം ഖുർആനിലും നബി വചനങ്ങളിലും ഇസ്ലാം ദുർബലപ്പെടുന്ന ഇക്കാര്യങ്ങളെക്കുറിച്ച് നിരവധി തെളിവുകൾ ഉദ്ധരിച്ചിട്ടുണ്ട്.

B. ഇസ്ലാമിക പഠനങ്ങളോട് ഒരിക്കലും വൈരുദ്ധ്യം പുലർത്താത്ത വിധം നിബന്ധനയോടെ ഇസ്ലാമിക വിഷയങ്ങളിൽ അഭിപ്രായ സ്വാതന്ത്ര്യം

ഇസ്ലാം അനുവദിച്ചിരിക്കുന്നു. ആരുടേയും മുഖം നോക്കാതെ, ആക്ഷേപം വിലവെക്കാതെ ഏതൊരുവന്നും സത്യം വെട്ടിത്തുറന്നുപറയാൻ ഒരു മുസ്ലിം കൽപിക്കപ്പെട്ടിരിക്കുന്നു. ഇത് ഏറ്റവും വലിയ ജിഹാദ് (ത്യാഗം) ആയാണ് ഇസ്ലാം കാണുന്നത്. മുസ്ലിം ഭരണാധികാരികളെ ഗുണദോഷിക്കുവാൻ ഇസ്ലാം കൽപിക്കുന്നതൊടൊപ്പം അവരെ എതിർക്കുന്നത് നിരോധിച്ചിരിക്കുന്നു. അസത്യം വിലക്കുകയും അതിലേക്ക് ക്ഷണിക്കുന്നവരെ ഖണ്ഡിക്കുവാനും ആജ്ഞാപിക്കുന്നു. മനുഷ്യരുടെ അഭിപ്രായസ്വാതന്ത്ര്യം കാത്തു രക്ഷിക്കാൻ ഏറ്റവും ഉൽകൃഷ്ടവും സുന്ദരവുമായ വ്യവസ്ഥയാണിത്. എന്നാൽ ഇസ്ലാമിക ശരീഅത്തിന്നു വിരുദ്ധമായ അഭിപ്രായപ്രകടനം നടത്തുന്നത് വകവെച്ചു കൊടുക്കാനോ അതിൻെറ പ്രചരണത്തിന്നു സഹായിക്കാനോ പാടില്ല. കാരണം അത് സത്യം തകർക്കലും അതിനെവെല്ലുവിളിക്കലും കുഴപ്പം സൃഷ്ടിക്കലുമായിത്തീരുമല്ലോ.

C. ഇസ്ലാമിക ശരീഅത്ത് വ്യക്തിസ്വാതന്ത്ര്യം വകവെച്ചു കൊടുത്തിരിക്കുന്നു. സ്ത്രീക്കാകട്ടെ പുരുഷന്നാകട്ടെ മറ്റുള്ള വിനിമയ ഇടപാടുകളിൽ പൂർണ്ണസ്വാതന്ത്ര്യംഇസ്ലാം അനുവദിക്കുന്നു. കച്ചവടം, കൊള്ളക്കൊടുക്കകൾ, സംഭാവന, സ്വത്തുദാനം, മാപ്പുചെയ്യൽ എന്നിങ്ങനെയുള്ള എല്ലാറ്റിലും ഇതു ബാധകമാണ്. സ്ത്രീക്കും പുരുഷനും തങ്ങൾക്കിഷ്ടമുള്ളവരെ ഇണയായി സ്വീകരിക്കാം. അതൃപ്തിയുണ്ടെങ്കിൽ ആർക്കും അവരെ നിർബന്ധിക്കാൻ അവകാശമില്ല. എന്നാൽ മതത്തിൽ തനിക്ക് തുല്യനല്ലാത്ത ഒരാളെ ഒരു സ്ത്രീ തിരഞ്ഞെടുക്കുകയാണെങ്കിൽ ഇസ്ലാം അത് അംഗീകരിക്കുന്നില്ല. കാരണം അവളുടെ വിശ്വാസവും മാന്യതയും കാത്തു രക്ഷിക്കാൻ അതവൾക്ക് സഹായകമാവുകയില്ല. അവളുടേയും അവളുടെ കുടുംബത്തിൻേറയും പൊതുനന്മക്ക് അത് തടസ്സമാകും. സ്ത്രീയുടെ രക്ഷാധികാരി (അവളോട് ഏറ്റവുമടുത്തകുടുംബ ബന്ധുവായ പുരുഷനോ, അവർ ഏൽപിച്ച വ്യക്തികളോ) യിലാണ് അവളെ വിവാഹം ചെയ്തു കൊടുക്കാനുള്ള അവകാശം ഇസ്ലാം ചുമത്തിയിരിക്കുന്നത്.വ്യഭിചാരത്തോട് സദൃശ്യമുള്ളതിനാൽ സ്ത്രീ സ്വന്തമായി വിവാഹം ചെയ്യാൻ പാടില്ല. അതിനാൽ പെണ്ണിൻെറ രക്ഷാധികാരി ഭർത്താവിനോട് ഇന്നസ്ത്രീയെ ഞാൻ വിവാഹം ചെയ്തു തന്നിരിക്കുന്നുവെന്നു പറയുക. ഞാനവളെ ഭാര്യയായി സ്വീകരിച്ചുവെന്നു അപ്പോൾ ഭർത്താവും പറയുക. ഇതിന്നു രണ്ടു മാന്യരായ സാക്ഷികൾ ഉണ്ടായിരിക്കണം. ഇതാണ് ഇസ്ലാമിലെ വിവാഹച്ചടങ്ങ്.

അല്ലാഹുവാണ് എല്ലാറ്റിൻേറയും പൂർണ്ണ ഉടമസ്ഥൻ എന്നതിനാൽ അല്ലാഹു നിയമമാക്കിവെച്ചിട്ടുള്ള ശറഇൻെറ നിയമങ്ങളൊന്നും മറികടക്കാൻ ഒരൊറ്റ മുസ്ലിമിനേയും ഇസ്ലാം അനുവദിക്കുന്നില്ല. തൻെറ അടിമകളോടുള്ള അല്ലാഹുവിൻെറ കരുണയാൽ അവൻ വ്യവസ്ഥ ചെയ്തിട്ടുള്ള നിയമങ്ങളുടെ പരിധിയിൽ നിന്നുകൊണ്ടുള്ള വിനിമയങ്ങൾ സ്വീകരിക്കാൻ നിർബന്ധിതനാണ് ഓരോ മുസ്ലിമും. ആർ അതു മുറുകെപ്പിടിച്ചോ അവൻ സൻമാർഗ്ഗപാതയിലെത്തിയ വിജയംനേടി. അത് ലംഘിക്കുന്നവൻ

ദൗർഭാഗ്യവാനുംഎല്ലാം നഷ്ടപ്പെട്ടവനുമായി.അതുകൊണ്ടാണ് അല്ലാഹു വ്യഭിചാരവും സ്വവർഗ്ഗരതിയും കഠിനമായി നിഷിദ്ധമാക്കയത്. ആത്മഹത്യയും ദൈവസൃഷ്ടികളുടെ പ്രകൃതി അലങ്കോലപ്പെടുത്തലും ഒരു മുസ്ലിമിന്ന് നിഷിദ്ധമാണ്.

മീശവെട്ടുക, നഖം മുറിക്കുക, ഗുഹ്യരോമം നീക്കംചെയ്യുക, കക്ഷം വൃത്തിയാക്കുക,ചേലാ കർമ്മം നടത്തുക മുതലായവയും ദൈവനിർദ്ദേശങ്ങളാണ്. മുസ്ലിംകളുടെമാത്രം പ്രത്യേകതകളായ കാര്യങ്ങളിൽ ശത്രുക്കളോട് താദാത്മ്യം പ്രാപിക്കൽ നിഷിദ്ധമാണ്. കാരണം, അത്തരം പ്രത്യക്ഷ സാംസ്കാരിക ചിഹ്നങ്ങളിൽ അവരെ അനുധാവനം ചെയ്യൽ അവരോടുള്ള മാനസികൈക്യ പ്രഖ്യാപനമായിരിക്കുമല്ലോ. കുറ്റമറ്റ ഇസ്ലാമിക ചിന്തയുടെ ഉറവിടമായിരിക്കണം ഓരോ മുസ്ലിമും എന്നാണ്അല്ലാഹു ഉദ്ദേശിക്കുന്നത്. മനുഷ്യനിർമ്മിത ചിന്തകളും അഭിപ്രായങ്ങളും ഇറക്കുമതിചെയ്യേണ്ടതില്ല അവന്ന്. അവൻ ഏറ്റവും നല്ലൊരു മാതൃകായോഗ്യനാകാനാണ് അല്ലാഹു ലക്ഷ്യമാക്കുന്നത്. അന്ധമായ അനുകരണ വാക്താവാകാനല്ല.

അതുപോലെ നിർമ്മാണ, ശാസ്ത്ര, സാങ്കേതിക, വൈജ്ഞാനിക രംഗങ്ങളിലെ എല്ലാ വിജ്ഞാനങ്ങളും പഠിക്കുവാനും അവ കരഗതമാക്കുവാനും ഇസ്ലാം നിർദ്ദേശിക്കുന്നുണ്ട്. അമുസ്ലിംകൾ ഇത്തരം കാര്യങ്ങളിൽ എത്ര മുന്നിട്ടു നിന്നാലും മനുഷ്യന്റെ യഥാർത്ഥ ഗുരുനാഥൻ അല്ലാഹുവാണെന്നതിനാൽ അത് കരസ്ഥമാക്കാൻ മുസ്ലിംകളും മുന്നോട്ടു വരേണ്ടതാണല്ലോ. അല്ലാഹു പറയുന്നു.

"മനുഷ്യന്ന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു." (96:5)

സ്വാതന്ത്ര്യത്തിന്റെ മേൻമകളിൽ മനുഷ്യന്നു ഏറ്റവും നൻമ നൽകുന്നതും അവന്റെ മാന്യതയെ കാത്തുരക്ഷിക്കുന്നതും അവന്റെ സ്വന്തം ആത്മാവിന്റേയും ഇതരരുടേയും ഉപദ്രവങ്ങളിൽ നിന്ന് സംരക്ഷണമേകുന്നതുമായ ഉപദേശത്തിന്റേയും പൊതുനൻമയുടേയും ഉൽകൃഷ്ട ഭാവങ്ങളാണ് മേൽവിവരിച്ചതിൽ നിന്ന് നമുക്ക് ഗ്രഹിക്കാനാകുന്നത്.

D–ഒരു മുസ്ലിമിന്നു അവനിഷ്ടപ്പെട്ടിടത്തു താമസിക്കാനുള്ള അവകാശം അല്ലാഹു നൽകുന്നുണ്ട്. അതിനാൽ ഒരാളുടെ അനുമതികൂടാതെ അയാളുടെ താമസസ്ഥലത്ത് ആർക്കും പ്രവേശിക്കാൻ പാടില്ല. അവന്റെ സമ്മതമില്ലാതെ അവിടേക്ക് പാളിനോക്കുവാൻ പോലും ഇസ്ലാം അനുവദിക്കുന്നില്ല.

E–നിയമവിധേയ മാർഗ്ഗേണ സമ്പാദിക്കാനും ചിലവഴിക്കാനുമുള്ള സ്വാതന്ത്ര്യം മനുഷ്യന്നു അല്ലാഹു നൽകിയിരിക്കുന്നു. തന്നെയും തന്റെ കുടുംബത്തേയും പോറ്റുവാൻ ആവശ്യമായ വരുമാനത്തിന്നായി അദ്ധ്വാ

നിക്കാനും നൻമയുടേയും പുണ്യത്തിൻേറയും വഴികളിൽ ചിലവഴിക്കാനും അവനോട് അജ്ഞാപിക്കുന്നു. അതോടൊപ്പം നിഷിദ്ധവഴിയിലുളള മുഴു സമ്പാദ്യങ്ങളും ചിലവഴിക്കലുകളും കർശനമായി നിരോധിച്ചിരിക്കുന്നു.പലിശ,ചൂത്,കൈക്കൂലി,കളവ്,മാരണം, ജോൽസ്യം,വ്യഭിചാരം, സ്വവർഗ്ഗരതി മുതലായവയിലൂടെയുള്ള സമ്പാദ്യങ്ങളെല്ലാം നിഷിദ്ധമാണ്. നിഷിദ്ധ വസ്തുക്കളുടെ വിൽപനയിലൂടെ ലഭിക്കുന്ന സമ്പാദ്യവും നിഷിദ്ധമാണ്. ജീവികളുടെ ചിത്രങ്ങൾ, ലഹരി പദാർത്ഥങ്ങൾ, പന്നി, വാദ്യോപകരണങ്ങൾ, ഗാനം, നൃത്തം എന്നിവയുടെ ഉറവിടം തന്നെ ഹറാമായതിനാൽ അവ മുഖേന ലഭിക്കുന്ന മുഴുസമ്പാദ്യങ്ങളും നിഷിദ്ധം തന്നെയാണ്. അവയ്ക്കുവേണ്ടി ചിലവഴിക്കലും നിഷിദ്ധമാണ്. നിയമവിധേയമാർഗ്ഗത്തിലല്ലാതെ ഒരു മുസ്ലീം ഒന്നും ചിലവഴിക്കാൻ പാടില്ല. സമ്പാദ്യവും ചിലവഴിക്കലും മനുഷ്യനൻമക്കും സൻമാർഗ്ഗവഴി പ്രാപിക്കുന്നതിന്നും ഉതകുന്നതായതിനാൽ ഹലാലായ വഴിയിലൂടെ മാത്രം സമ്പാദിച്ച് സൗഭാഗ്യവാനും ധന്യനുമായി ജീവിക്കുന്നതിനുളള ഉന്നത ഉപദേശമാണിതെന്നു ഗ്രഹിക്കാം.

# 9 - ഇസ്ലാമിലെ കുടുംബം

സൗഭാഗ്യത്തിൻെറ മുഴുവൻ വശങ്ങളും സാക്ഷാൽകരിക്കത്തക്ക സമ്പൂർണ്ണ വ്യവസ്ഥയാണ് ഇസ്ലാമിക ശരീഅത്തിലെ കുടുംബസംവിധാനം. വിവാഹമാണതിൻെറ അടിത്തറ. ഖുർആനും പ്രവാചകചര്യയും അതിൻെറ താത്വിക വശങ്ങൾ വിശദമാക്കിയിരിക്കുന്നു. പരിശുദ്ധി കൈവരിക്കുക, പാതിവ്രത്യം കാത്തു രക്ഷിക്കുക, നിഷിദ്ധ ദൃഷ്ടിയിൽ നിന്നും രക്ഷ ഏർപ്പെടുത്തുക എന്നീ സുരക്ഷിത വ്യവസ്ഥയായി വിവാഹത്തെ ഇസ്ലാം സംവിധാനിച്ചിരിക്കുന്നു. ഇണകൾ തമ്മിൽ സംതൃപ്തിയിലും ശാന്തതയിലും കഴിയേണ്ടതുണ്ട്. അപ്പോൾ അവരിൽ അല്ലാഹു കാരുണ്യവും അനുകമ്പയും സംജാതമാക്കും. എണ്ണസംഖ്യയിൽ ഗണനീയത കൈവരുത്താനും വിവാഹം ഒരുപാധിയാണ്. അതിൽ പരിശുദ്ധിയും പൊതുനന്മയുമുണ്ട്. പരസ്പരം സേവകരാണ് ഭാര്യാഭർത്താക്കൻമാർ. അവരിൽ ഓരോരുത്തരുടേയും പ്രകൃതിക്കനുഗുണമായ ഉത്തരവാദിത്വങ്ങളാണ് ഇസ്ലാം ചുമത്തിയിരിക്കുന്നത്. തൻേറയും ഭാര്യാസന്തതികളുടേയും ഉപജീവനത്തിന്നായി പുരുഷൻ വീട്ടിന്നുവെളിയിൽ അദ്ധ്വാനിക്കുകയും സമ്പാദിക്കുകയും ചെയ്യണം. സന്തതികളെ ഗർഭം ചുമന്നും മുലയൂട്ടിയും വളർത്തി സംരക്ഷിച്ചും അദ്ധ്വാനിക്കൽ ഭാര്യയുടേയും ഉദ്യോഗമാണ്. ഭക്ഷണവും കിടപ്പറയും ഒരുക്കിവെച്ച്, ക്ഷീണിതനായി കയറിവരുന്ന ഭർത്താവിനെ മധുരമായി സ്വീകരിക്കുമ്പോൾ അദ്ദേഹത്തിൻെറ എല്ലാ ഭാരങ്ങളും വിഷമങ്ങളും ലഘൂകരിക്കപ്പെടുന്നു. ഭാര്യയും കുട്ടികളുമായി സല്ലപിച്ചു നേരം പോക്കുമ്പോൾ അവരെല്ലാം ഒന്നിച്ച് ആനന്ദിക്കുകയും ജീവിത സമാധാനം കണ്ടെത്തുകയും ചെയ്യുന്നു.

തൻേറയും ഭർത്താവിൻേറയും സമ്പാദ്യസഹായികളാകത്തക്കവിധം തനിക്കിണങ്ങുന്ന തൃപ്തമായ മറ്റു ജോലികൾ ഭാര്യയും കണ്ടത്തുന്നതിന് ഇസ്ലാമിൽ യാതൊരു വിലക്കുമില്ല. താഴെ വിവരിക്കുന്ന ചില നിബന്ധനകൾക്കു വിധേയമാണെന്നുമാത്രം.

അന്യപുരുഷൻമാരുമായി ഇടകലരാത്തവിധമുള്ള വേദികളിലെ ഉദ്യോഗങ്ങളോ ജോലികളോ ആയിരിക്കുക - തൻേറയോ ഭർത്താവിൻേറയോകുടുംബത്തിൻേറയോ ഉടമസ്ഥതയിലുള്ള കൃഷിയിടങ്ങളോ വീടോ പോലുള്ള -- എന്നാൽ ഫാക്ടറികളിലും വ്യാപാരകേന്ദ്രങ്ങളിലും ഓഫീസുകളിലും മറ്റും അന്യപുരുഷൻമാരുടെ ഇടപഴകലുകളുള്ളിടത്തൊന്നും അവർക്കത് അനുവദനീയമല്ല.അവർ അതു സ്വയം ഇഷ്ടപ്പെട്ടാലും ശരി. അവളുടെ ഭർത്താവോ മക്കളോ കുടുംബമോ അതിന്നനുമതി നൽകാനും പാടില്ല. എന്തെന്നാൽ അവളുടെ ഇടപെടൽ സാമൂഹ്യ അരാജകത്വത്തിനു വഴിതെളിയിക്കും. സ്ത്രീ എപ്പോഴും സുരക്ഷിതയായിരിക്കാൻ ഇസ്ലാം ആഗ്രഹിക്കുന്നു. അന്യരുമായുള്ള ഇടപഴകൽ അവളുടെ വീടല്ലാത്തിടങ്ങളിൽ ഒരിക്കലും ഭദ്രമല്ലതന്നെ. ഏത് നിമിഷവും വഞ്ചകൻമാരുടെയും സാമൂഹ്യദ്രോഹികളുടെയും കഴുക കണ്ണുകളിൽ നിന്ന് സ്ത്രീകൾ സുരക്ഷിതരല്ല എന്നത് ഒരു യാഥാർത്ഥ്യമാണല്ലോ. അവരുടേതല്ലാത്ത മേഖലകളിൽ സർവ്വസ്വതന്ത്രരായി അവർ അഴിഞ്ഞാടുമ്പോൾ ചെന്നായ്ക്കൾക്കിടയിൽപ്പെട്ട ആട്ടിൻകുട്ടിയെ പോലെയായിത്തീരുമവൾ. ഒരുസ്ത്രീയുടെ മാനം ഭംഗപ്പെടാനും അവളുടെ പരിശുദ്ധികളങ്കപ്പെടാനും ഏതാനും നിമിഷങ്ങൾ മതിയല്ലോ എന്നത് ഓർക്കുക.

ഒരു ഭാര്യമാത്രം മതിയാകാത്ത പരിതസ്ഥിതികളിൽ ചിലനിബന്ധനകൾക്കുവിധേയമായി ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാൻ അല്ലാഹു അനുവധിച്ചിരിക്കുന്നു. നാലിൽ അത് പരിമിതപ്പെടുത്തിയും, കർഷനമായി അവർക്കിടയിൽ നീതിപുർത്താൻകഴിയണമെന്ന് നിബന്ധന വെക്കുകയും ചെയ്തുകൊണ്ടാണ് ഈ അനുമതി. ഭക്ഷണം, അവർക്കിടയിലെ അയാളുടെ താമസം, മറ്റുസംരക്ഷണച്ചിലവുകളിലെല്ലാം പൂർണ്ണനീതിപുലർത്തണം. എന്നാൽ സ്നേഹത്തിൽ മാനസികനീതി പുലർത്താൻ കഴിയാതെവരുമെന്നത് ഉപാധിയല്ല. അത് ഒരു മനുഷ്യൻെറ സ്വന്തത്തിൽ നിയന്ത്രണമല്ലല്ലോ. അതിൽ അവർ ആക്ഷേപാർഹരല്ല. തൻെറ കഴിവിന്നധീതമായ ആ നീതി വിശുദ്ധഖുർആൻ ഇങ്ങനെ സൂചിപ്പിക്കുന്നു.

وَلَن تَسْتَطِيعُوٓا۟ أَن تَعْدِلُوا۟ بَيْنَ ٱلنِّسَآءِ وَلَوْ حَرَصْتُمْ

"ഭാര്യമാർക്കിടയിൽ നിങ്ങൾ എത്ര കൊതിച്ചാലും പൂർണ്ണ (മാനസിക) നീതിപുലർത്താൻ നിങ്ങൾക്ക് കഴിയുകയില്ല." (4:129)

ഇവിടെപ്പറയുന്ന ഈ നീതി സ്നേഹത്തിൻേറതാണ്. മനസ്സിൽ ഉള

വാകുന്ന ആ പ്രേമാവസ്ഥയെ തുല്യപ്പെടുത്താൻ ആർക്കും കഴിയില്ല. അത് അസാധ്യമായ നീതിവൽകരണമായതിനാൽ ബഹുഭാര്യത്വത്തിൽ അത് തടസ്സമല്ല. അല്ലാഹുവിൻെറ പ്രവാചകന്മാർക്ക് ബഹുഭാര്യത്വം അനുവദിച്ചിരുന്നു. സാധ്യമായത്ര നീതി പുലർത്താൻ കഴിവുള്ളവർക്കും അത് നിയമ വിധേയമാക്കിയിരിക്കുന്നു സ്ത്രീ പുരുഷന്മാരുടെ പൊതുനന്മ ഏറ്റവും നന്നായി അറിയുന്നവനാണല്ലാഹു.

ആരോഗ്യദൃഢഗാത്രനായ നല്ലൊരു മനുഷ്യന്ന് ശാരീരികമായും മറ്റും ഏറ്റവും കൂടിയാൽ നാലുവരെ സ്ത്രീകളെ (ഭാര്യമാരെ) അവരുടെ പാതിവ്രത്യം സംരക്ഷിക്കത്തക്കവിധം തൃപ്തിപ്പെടുത്താൻ കഴിയും എന്നത് ഒരു വസ്തുതയാണ്. എന്നാൽ ഏകപത്നിയിൽ മാത്രം കർഷനമായി പരിമിതപ്പെടുത്തിയ ക്രൈസ്തവരും[1] അതിലേക്കു ക്ഷണിക്കുന്ന ഇസ്ലാമിൻെറ ശത്രുക്കളും ഇതു മുഖേന താഴെപ്പറയുന്ന പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

**ഒന്ന്:** ദൈവഭക്തനും വിശ്വാസിയുമായ ഒരു നല്ല മനുഷ്യൻ എല്ലാ നിഷിദ്ധകാര്യങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കും. അനുവദനീയതകളിലൊതുങ്ങി ശാരീരിക, മാനസിക നിയന്ത്രണം കൈവരുത്തും. ഏകപത്നി മാത്രമുള്ള അയാൾ അവളുടെ ഗർഭകാലത്തെ അവസാന മാസങ്ങളും പ്രസവാനന്തരമുള്ള ദീർഘമായ അവസരവും, ആർത്തവവും രോഗവുമുള്ള കാലം ഇങ്ങനെ തൻെറ ഭർത്താവിനെ തൃപ്തിപ്പെടുത്താൻ സാധിക്കാത്ത നീണ്ട അവധികൾ അവൻ കാത്തിരിക്കും. ഒരു വിഭാര്യനെപ്പോലെ ജീവിതത്തിൽ കുറേക്കാലം ക്ഷമിക്കേണ്ടി വരുന്നു. അവൻ അവളിൽ വളരെ ആകൃഷ്ടനും അഗാധ സ്നേഹത്തിലും, അവൾ ഇങ്ങോട്ടും അപ്രകാരമെങ്കിൽ പ്രത്യേകിച്ച് പ്രശ്നങ്ങളുണ്ടാവുകയില്ല. എന്നാൽ അവളിൽ താൽപര്യക്കുറവുണ്ടെങ്കിൽ പ്രശ്നം ഗുരുതരമായിരിക്കുമല്ലോ.

**രണ്ട്:** ഭർത്താവ് ദൈവനിയമങ്ങൾ ലംഘിക്കുന്നവനും വഞ്ചകനും തിൻമകളിൽമുഴുകി വ്യഭിചാരം പോലെയുള്ള ദുഷ്കർമ്മം ചെയ്യുന്നവനുമാണെങ്കിൽ അവൻ ഭാര്യയെ വെടിയുന്നു. ബഹുഭാര്യത്വം സ്വീകരിക്കാത്തവർ അവിഹിതമായി നിരവധിസ്ത്രീകളെ പ്രാപിക്കുകയും വ്യഭിചാരവും വഞ്ചനയും പതിവാക്കുകയും ചെയ്യുന്നത് നാം അറിയുന്നു. ദൈവവ്യവസ്ഥിതിയിൽ ബഹുഭാര്യത്വം അനുവദനീയമാണെന്ന് അവൻ അറിഞ്ഞിരിക്കെ അതിന്നെതിരിൽ പടപൊരുതുകയും അത് മോശമാണെന്നു ജൽപിക്കുകുയം ചെയ്യുന്നതിനാൽ അവൻ അവിശ്വാസികൂടി ആയിത്തീരുന്നതാണെന്നത് അതിഗുരുതരമാണല്ലോ.

---

1. പ്രവാചകനായ യേശു (അ) ഒരിക്കലും ബഹുഭാര്യത്വം നിഷിദ്ധമാക്കിയിട്ടില്ല. സ്വാർത്ഥരായ ക്രൈസ്തവ പുരോഹിതരാണ് ഇതിന്നുവിലക്കേർപ്പെടുത്തിയത്.

**മൂന്ന്:** ബഹുഭാര്യത്യം തടഞ്ഞാൽ നിരവധി സ്ത്രീകൾ വിവാഹവും സന്താന ഭാഗ്യവും നിഷേധിക്കപ്പെട്ടവരായി കഴിയാൻ വിധിക്കപ്പെടും. അവരിലെ സൽഗുണകളായ പരിശുദ്ധകൾ സഹിച്ചും ക്ഷമിച്ചും ജീവിതം നരകിച്ചു തള്ളിനീക്കിയേക്കും. അല്ലാത്തവർ സാമൂഹ്യദ്രോഹികളുടെ കളിപ്പാവകളായി തെമ്മാടിത്തത്തിലും വൃത്തികേടിലുമായി ജീവിക്കേണ്ടി വരുന്നു. പലകാരണങ്ങളാൽ പുരുഷൻമാരേക്കാൾ സ്ത്രീകൾ എണ്ണത്തിൽ മുന്നിട്ടു നിൽക്കുന്നുവെന്നതും ഒരു വസ്തുതയാണ്. യുദ്ധങ്ങളിലും, സാഹസിക പ്രവർത്തനങ്ങളിലും മറ്റനേകം കാരണങ്ങളിലും സ്ത്രീകളേക്കാൾ കൂടുതൽ പുരുഷൻമാർ മരണമടയുന്നുണ്ട്. അതുപോലെ സ്ത്രീകൾ എല്ലാം പ്രായം തികഞ്ഞതുമുതൽ വിവാഹത്തിന്നു സന്നദ്ധതയുള്ള പ്രകൃതിയിലാണുള്ളത്. എന്നാൽ എല്ലാ പുരുഷൻമാരും അങ്ങിനെയല്ല. അധികപക്ഷവും വിവാഹ, കുടുംബ, ചിലവുകൾക്കും മഹറിന്നും വകയില്ലാത്തതിനാൽ വിവാഹം ചെയ്യാൻ വളരെ താമസം നേരിടുന്നവരും സാധിക്കാത്തവരുമുണ്ട്. അതിനാൽ ഇസ്ലാം സ്ത്രീ സമൂഹത്തോട് കരുണയും നീതിയും കാണിച്ചരിക്കുകയാണിതിലൂടെ. നിയമവിധേയമായ ബഹുഭാര്യത്വ വിരോധികൾ സ്ത്രീ സമൂഹത്തിൻേറയും അത്യുത്തമമായ കാര്യത്തിൻേറയും പ്രവാചകൻമാരുടേയും ശത്രുക്കളാണ്. ദൈവ വ്യവസ്ഥയുടെ പരിധിയിൽ നിന്നുകൊണ്ട് സ്ത്രീകളെ ഭാര്യമാരായി ഒരുമിച്ചു കൂട്ടുകയും ബഹുഭാര്യത്വം ഒരു ചര്യയായി സ്വീകരിക്കുകയും ചെയ്തവരാണ് പ്രവാചകൻമാർ.

എന്നാൽ, ഭർത്താവ് മറ്റൊരു വിവാഹത്തിലേർപ്പെടുമ്പോൾ ഭാര്യമാർക്കുണ്ടാകാറുള്ള സ്വാർത്ഥ ബോധവും ദുഖവും സ്വാഭാവികവും പ്രാകൃത്യാ ഉണ്ടാകുന്നതുമാണ്. മതകാര്യങ്ങൾ പുലർത്തുന്നതിൽ അതിന്നൊന്നും ഒരു സ്ഥാനവുമില്ല. ഒരു സ്ത്രീ അവളുടെ നികാഹിന്നുമുമ്പ് പ്രതിശ്രുതവരനോട് "മറ്റൊരു വിവാഹം നിനക്കുപുറമെ ഞാൻ ചെയ്യുന്നതല്ല" എന്ന കരാർ വാങ്ങാവുന്നതാണ്. അയാൾ അത് അംഗീകരിച്ചിട്ടുണ്ടെങ്കിൽ വിവാഹശേഷം ആ കരാർ ലംഘിച്ചുകൊണ്ടയാൾ മറ്റൊരു വിവാഹത്തിലേർപ്പെട്ടാൽ അവൾക്ക് അയാളോടൊപ്പം ഭാര്യാപദവിയിൽ തുടരുകയോ അല്ലെങ്കിൽ അയാളെ ഫസ്ഖ് (ഭർത്താവിനെ ഭാര്യ ഉപേക്ഷിക്കുക) ചെയ്യുകയോ ചെയ്യാൻ അവൾക്കു ഇസ്ലാം അനുമതി നൽകുന്നുണ്ട്. അപ്പോളവൻഅയാൾ നൽകിയതെല്ലാം തിരിച്ചു കൊടുക്കുകയും ചെയ്യണം.

ഭാര്യാഭർത്താക്കൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയും ബന്ധം തുടരാനാകാത്തവിധം വഷളാവുകയും ചെയ്യുന്ന പ്രത്യേക സാഹചര്യങ്ങളിൽ വിവാഹമോചനം (ത്വലാഖ്) ഇസ്ലാം അനുവദിച്ചിരിക്കുനു. ഇണകളിൽ തമ്മിൽ സ്നേഹഭംഗം ഉണ്ടാവുകയും ജീവിതം അവർക്ക് ദുസ്സഹമാവുകയും യോജിച്ചു പോകാനാകാത്തവിധം ഭിന്നിപ്പുണ്ടാവുകുയും ചെയ്യുമ്പോൾ ദമ്പതികൾക്ക് അതിൽ നിന്നുള്ള മോചനം ത്വലാഖ് മുഖേന ഉണ്ടായിത്തീരുന്നു. അവർ വേർ പിരിയുകയും പിന്നീട് മനസ്സിന്നിണങ്ങിയ ഇണ

യെകണ്ടെത്തി ജീവിതത്തിലെ ശേഷിച്ച കാലം സൗഭാഗ്യജീവിതം ഇഹലോകത്തും, മരണശേഷം പരലോകത്തും [1] അവർ ഇസ്ലാമിൽ അടിയുറച്ചു നിന്നവരെങ്കിൽ - നയിക്കുന്നതിന്നുള്ള അവസരമൊരുക്കലാണ് ഇതിലൂടെ ഇസ്ലാം ഉദ്ദേശിക്കുന്നത്.

## 10. ഇസ്ലാമും ആരോഗ്യപ്രശ്നങ്ങളും.

എല്ലാ ചികിൽസകളുടേയും അടിസ്ഥാനത്തെക്കുറിച്ച് ഇസ്ലാമിക ശരീഅത്തിൽ പ്രതിപാദനങ്ങൾ വന്നിട്ടുണ്ട്. ഖുർആനിലും നബിചര്യയിലും ആത്മീയവും ശാരീരികവുമായ രോഗങ്ങളെക്കുറിച്ചും അവയ്ക്കുള്ള ഭൗതീകവും ആത്മീയവുമായ ചികിൽസകളെക്കുറിച്ചും പരാമർശങ്ങൾ കാണാം. അല്ലാഹു പറയുന്നു. :

وَنُنَزِّلُ مِنَ ٱلْقُرْءَانِ مَا هُوَ شِفَآءٌ وَرَحْمَةٌ لِّلْمُؤْمِنِينَ

'സത്യവിശ്വാസികൾക്കു ശമനവും കാരുണ്യവുമായിട്ടുള്ളത് ഖുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു." (17:82)

നബി (സ.അ) പറഞ്ഞു: 'ഔഷധം നിർണ്ണയിക്കാത്ത ഒരു രോഗവും അല്ലാഹു ഉണ്ടാക്കിയിട്ടില്ല. അതേതെന്നറിഞ്ഞവൻ അറിഞ്ഞു. അറിയാത്തവൻ അറിഞ്ഞില്ല എന്നുമാത്രം.'

'ദൈവദാസൻമാരേ, ചികിൽസിക്കുവീൻ. നിഷിദ്ധമായവകൊണ്ട് നിങ്ങളൊരിക്കലും ചികിൽസിക്കരുതേ.'

ഇബ്നുൽഖയ്യിം (റ) ൻെറ 'സാദുൽമആദ്' എന്ന ഗ്രന്ഥത്തിൽ വളരെ വിശദമായിഇക്കാര്യം വിവരിക്കുന്നുണ്ട്. ഇസ്ലാമിക ഗ്രന്ഥങ്ങളിൽ അനുപമമായ ഒരു ഗ്രന്ഥമാണിത്. ഇസ്ലാമിൻെറ എല്ലാ കാര്യങ്ങളും സമ്പൂർണ്ണമായും നബി (സ.അ) യുടെ ചരിത്രം സംക്ഷിപ്തമായും അതിൽ ഉൾക്കൊണ്ടിട്ടുണ്ട്. കൂടുതൽ ഗ്രഹിക്കാനാഗ്രഹിക്കുന്നവർ അത് ആസ്പദമാക്കേണ്ടതാണ്.

---

1. പരിശുദ്ധകളായ സത്യവിശ്വാസിനികൾ പരലോക വിചാരണശേഷം സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെട്ടാൽ സത്യവിശ്വാസികളായി സ്വർഗ്ഗത്തിലെത്തിയിട്ടുള്ള പുരുഷൻമാർക്ക് അവർക്കിഷ്ടമുള്ളവരെ തിരഞ്ഞെടുത്തു ഇണചേർത്തു കൊടുക്കുന്നതാണ്. ഒരു വിശ്വാസിനി ഒന്നിലധികം പ്രാവശ്യങ്ങളിൽ വിവാഹിതവളായിരുന്നെങ്കിൽ ഇഹലോകത്തുണ്ടായിരുന്നഭർത്താക്കളിൽ ഏറ്റവും അധികം സ്നേഹിച്ച ഭർത്താവിനെ തിരഞ്ഞെടുത്തു കൊടുക്കുന്നതാണ്. അയാൾ സ്വർഗ്ഗാവകാശിയായി വന്നിട്ടുണ്ടെങ്കിൽ.

## 11. സാമ്പത്തികം, വ്യാപാരം, വ്യവസായം, കൃഷി.

മനുഷ്യരുടെ അടിസ്ഥാന ആവശ്യങ്ങളായ ജലം, ഭക്ഷണം, പൊതുകാര്യം, നഗരഗ്രാമവികസനം, പൊതുമരാമത്ത്, ശുചീകരണം,. യാത്ര, അഴിമതി നിരോധനം മുതലായ എല്ലാ വകുപ്പുകൾക്കും സമ്പൂർണ്ണമായ അടിസ്ഥാന നിയമ വ്യവസ്ഥകളും വിശദാംശങ്ങളും ഇസ്ലാം നൽകുന്നുണ്ട്.

## 12. അഭ്യന്തര ശത്രുക്കളും പ്രതിരോധ നടപടികളും

ഇഹപരനാശത്തിലേക്ക് നയിക്കുന്ന ശത്രുക്കൾ മുസ്ലിംകൾക്കെതിരിൽ എപ്പോഴും ഉണ്ടായിരിക്കുമെന്നു പ്രവാചകന്നു വിശുദ്ധ ഖുർആനിലൂടെ വ്യക്തമായി അല്ലാഹു അറിവ് നൽകിയിരിക്കുന്നു. അവരെ കരുതലോടെ കൈകാര്യം ചെയ്യാനും അവരുടെ നീക്കങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കാനും നിർദ്ദേശിക്കുന്നതോടൊപ്പംഅവ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങളും വ്യക്തമാക്കിയിരിക്കുന്നു. ആ ശത്രുക്കൾ പ്രധാനമായും ആരൊക്കെയാണ്:

**ഒന്നാം ശത്രു:** ശപിക്കപ്പെട്ട പിശാചാണ്. മനുഷ്യർക്കെതിരിൽ മറ്റെല്ലാ ശത്രുക്കളേയും ഇളക്കിവിടുന്നത് അവനാണ്. നമ്മുടെ പിതാവായ ആദാമിനേയും മാതാവായ ഹവ്വാഇനേയും സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കിച്ചവൻ അവനാണ്. മനുഷ്യപുത്രൻമാരുടെ അന്ത്യം വരെയുള്ള കൊടിയ ശത്രുവാണവൻ. ദൈവനിഷേധത്തിൽ മനുഷ്യനെ പതിപ്പിക്കാനായി പ്രതിജ്ഞയെടുത്തു പ്രവർത്തിക്കുകയാണവൻ. അവനോടൊപ്പം നരകാഗ്നിയിൽ വെന്തെരിയാൻ ആളെ ക്കൂട്ടുകയാണവൻ -അല്ലാഹു നമ്മെ രക്ഷിക്കട്ടെ. - ദൈവനിഷേധത്തിൽ മനുഷ്യനെ വീഴ്ത്താൻ അവന്നു കഴിഞ്ഞില്ലെങ്കിൽ അവനെ പാപത്തിൽ ചാടിക്കാൻ ശ്രമിക്കും. അതുമുഖേന ദൈവകോപവും ശിക്ഷയും ആ മനുഷ്യൻ ഏറ്റുവാങ്ങേണ്ടിവരുമല്ലോ.പിശാച് മനുഷ്യരിൽ രക്ത സഞ്ചാരമുള്ളിടത്തെല്ലാം സഞ്ചരിക്കും. മനസ്സുകളിൽമന്ത്രണം നടത്തും. തിൻമകൾ അവന്നു അലംകൃതമാക്കി വ്യാഖ്യാനിച്ചു കൊടുക്കും.അവന്നു വഴങ്ങി അവനതിൽ ആപതിക്കുംവരെ പ്രവർത്തിക്കും.

ഈ പൈശാചിക ഉപദ്രവങ്ങളിൽ നിന്നെല്ലാം രക്ഷനേടാനുള്ള മാർഗ്ഗവും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. കോപാകുലനാവുകയോ പാപം ചെയ്യാൻ തോന്നുകയോ ചെയ്യുമ്പോൾ ഒരു മുസ്ലിം പറഞ്ഞു കൊള്ളട്ടെ.

"അഊദുബില്ലാഹി മിനശ്ശൈത്താനിറജീം."

(ശപിക്കപ്പെട്ട പിശാചിൻെറ ഉപദ്രവത്തിൽനിന്ന് ഞാൻ അല്ലാഹുവിൽ ശരണപ്പെടുന്നു.) ഇതോടെ അവനിലെ കോപം അപ്രത്യക്ഷമാകുകുയം പാപചിന്ത ദുർബലമായിത്തീരുകയും ചെയ്യും. സ്വന്തം മനസ്സിൽ അനുഭവഭേദ്യമാകുന്ന തിൻമകളേതും പിശാചിൽ നിന്നുള്ളതാണെന്നു വ്യക്ത

മായും മനസ്സിലാക്കുക. മനുഷ്യനെ നാശത്തിലകപ്പെടുത്തിയശേഷം ആ പിശാച് അവനിൽ നിന്ന് ഒഴിഞ്ഞു മാറുകയും ചെയ്യും. അല്ലാഹു പറയുന്നു:

إِنَّ الشَّيْطَانَ لَكُمْ عَدُوٌّ فَاتَّخِذُوهُ
عَدُوًّا إِنَّمَا يَدْعُوا حِزْبَهُ لِيَكُونُوا مِنْ أَصْحَابِ السَّعِيرِ ﴿٦﴾ الَّذِينَ

"നിശ്ചയം, പിശാച് നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ അവനെ ശത്രുവായിത്തന്നെ നിങ്ങളും ഗണിക്കുക. അവൻ തന്റെ പക്ഷക്കാരെ ക്ഷണിക്കുന്നത് അവർ നരകാവകാശികളുടെ കൂട്ടത്തിലായിരിക്കാൻ വേണ്ടിമാത്രമാകുന്നു."(35:6)

രണ്ടാം ശത്രു: മനുഷ്യന്റെ സ്വേഛയാകുന്നു. സത്യം നിരസിക്കാനുള്ള താൽപര്യം മനുഷ്യൻ പ്രകടിപ്പിക്കുന്നു. തന്റെ താൽപര്യങ്ങൾക്ക് വിഘാതമാകുന്ന ഏതും അവൻ എതിർക്കുന്നു. ദൈവവിധികൾ തന്റെ സ്വാർത്ഥതക്ക് എതിരാണെന്നു തോന്നിയാൽ അതവൻ നിരസിക്കുന്നു. നീതിക്കും സത്യത്തിന്നുമെതിരിൽ സ്വേഛ എടുത്തു ചാടുന്നു. ഇത് മനുഷ്യന്റെ കനത്ത ശത്രുവാണ്. ഈ ശത്രുവിൽ നിന്നു രക്ഷപ്പെടാനുള്ള വഴിയും അല്ലാഹുവിൽ അഭയം പ്രാപിക്കൽ തന്നെ. തന്റെ സ്വേഛ (ഹവന്നഫ്സ്) യെ പിൻപറ്റിപ്പോകുന്നതിൽ നിന്നു സ്രഷ്ടാവായ അല്ലാഹുവിനോട് രക്ഷ തേടുക. ഈ സ്വാർത്ഥതക്ക് വഴങ്ങാതെ സത്യം എത്ര കൈപ്പുറ്റതായാലും അതു സ്വീകരിക്കാൻ തയ്യാറാകലുമാണ് ഇതിനെ നേരിടാനുള്ള പ്രധാന മാർഗ്ഗം.

മൂന്നാംശത്രു: ദുഷ്പ്രവൃത്തിക്ക് ഏറെ പ്രേരിപ്പിക്കുന്ന മനസ്സ്: വ്യഭിചാരം, മദ്യപാനം, അകാരണമായി നോമ്പ് മുതലായവ ഉപേക്ഷിക്കാനുള്ള പ്രവണതപോലെ, നിഷിദ്ധ കാര്യങ്ങളോടുള്ള മനസ്സിന്റെ സമ്മർദ്ദാവസ്ഥയാണിത്. ഈ ശത്രുവിൽനിന്നു രക്ഷപ്പെടാൻ പിശാചിൽ നിന്ന് തന്റെ മനസ്സിനെ മോചിപ്പിക്കാനായി അല്ലാഹുവിനോടു അർത്ഥിക്കുകയും ഈ ദുഷ്പ്രവൃത്തികൾക്കൊരുങ്ങാതെ കടുത്ത ക്ഷമകൈക്കൊള്ളുകയുമാണ് വേണ്ടത്. ദൈവപ്രീതി കാംഷിച്ചു അന്നപാനീയങ്ങൾവെടിഞ്ഞു നിൽക്കുന്നതിൽ മനസ്സിനെ തടുത്തു നിർത്തുന്നപോലെ. നിഷിദ്ധമായ ഈ വൈകാരികാവശ്യങ്ങൾക്കു വശംവദനായാൽ പലപ്പോഴും പിന്നീട് ഖേദവുംദുഖവും തോന്നാറുണ്ട്. കാരണം ഈ ചെയ്തികൾ വെറും താൽക്കാലിക വികാരമാണെന്നതുതന്നെ.

നാലാം ശത്രു: മനുഷ്യരിലെ പിശാചുക്കൾ. പൈശാചികത്തിന്നടിമപ്പെട്ട കുറ്റവാളികളായ മനുഷ്യരാണിവർ. അവർ തിൻമകളേറെ ചെയ്യുന്നു. തന്റെ കൂട്ടാകാരിലേക്ക് ആ തിൻമകൾ ഭംഗിയായി പകർത്തികൊടുക്കുന്നു.

ഇത്തരക്കാരിൽ നിന്നകലുകയും അവരുടെ സാമീപ്യത്തെ കരുതലോടെ കാണുകയും ഒരുവിധത്തിലും അവരുമായി ബന്ധം സ്ഥാപിക്കാതിരിക്കലു മാണ് ഈ ശത്രുവിൽ നിന്നുള്ള മോചന മാർഗ്ഗം.

## 13. ഉന്നത ലക്ഷ്യവും സൗഭാഗ്യ ജീവിതവും

അല്ലാഹു മുസ്ലിം ദാസൻമാരുടെ മുന്നിൽ അവതരിപ്പിച്ചിട്ടുള്ള ഉന്നത മായ ജീവിതലക്ഷ്യം ഭൗതികവും നശ്വരവുമായ ഇഹലോക ജീവിത സൗഭാഗ്യത്തെയല്ല. പ്രത്യുത, അഭിമുഖീകരിക്കാനിരിക്കുന്ന ശാശ്വതവും യഥാർത്ഥവുമായ ഭാവിജീവിതത്തെയാണ്. മരണശേഷമുള്ള പരലോക ജീവിതമാണത്. അതിനാൽ ഒരുമുസ്ലിം ഈ ലോകത്തെ പരിഗണക്കേണ്ടത്, പരലോകത്തിലേക്കുള്ള പ്രയാണത്തിന്നിടയിലെ ഒരിടത്താവളമായും അവിടെ കൊയ്ത്തു നടത്താനുള്ള ഒരു കൃഷിയിടവുമായിട്ടാണ്. അല്ലാതെ ഇഹ ലോകം പൂർണ്ണാസ്തിത്വത്തിൻെറ ശാശ്വത വേദിയായിട്ടല്ല. ഇക്കാര്യമാണ് അല്ലാഹു വ്യക്തമാക്കുന്നത്.

وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾

"ജിന്ന്, മനുഷ്യവർഗ്ഗങ്ങളെ എന്നെ ആരാധിക്കാൻവേണ്ടിയെല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല." (വി.ഖു: 51:56)

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَلْتَنظُرْ
نَفْسٌ مَّا قَدَّمَتْ لِغَدٍ ۖ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ خَبِيرٌۢ بِمَا تَعْمَلُونَ
﴿١٨﴾ وَلَا تَكُونُوا۟ كَٱلَّذِينَ نَسُوا۟ ٱللَّهَ فَأَنسَىٰهُمْ أَنفُسَهُمْ ۚ أُو۟لَٰٓئِكَ
هُمُ ٱلْفَٰسِقُونَ ﴿١٩﴾ لَا يَسْتَوِىٓ أَصْحَٰبُ ٱلنَّارِ وَأَصْحَٰبُ
ٱلْجَنَّةِ ۚ أَصْحَٰبُ ٱلْجَنَّةِ هُمُ ٱلْفَآئِزُونَ ﴿٢٠﴾

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളേക്കുവേണ്ടി എന്ത് മുന്നൊരുക്കമാണ് ചെയ്തു വെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കു ക. നിശ്ചയം, അവൻ നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചു അഗാ തജ്ഞനാകുന്നു. അല്ലാഹുവിനെ വിസ്മരിച്ചവരെപ്പോലെ നിങ്ങളാക രുത്. തൻമൂലം അല്ലാഹു അവർക്ക് അവരെപ്പറ്റിത്തന്നെ ഓർമ്മയില്ലാ താക്കി അവർ തന്നെയാണ് ദുർമാർഗ്ഗികൾ. നരകാവകാശികളും സ്വർഗ്ഗവകാശികളും (ഒരിക്കലും) സമമാവുകയില്ലല്ലോ. സ്വർഗ്ഗാവ കാശികൾ തന്നെയാണ് വിജയം നേടിയവർ.' (വി.ഖു:59:18-20)

فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُۥ ﴿٧﴾ وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُۥ ﴿٨﴾

"അപ്പോൾ ആർ ഒരണുവോളം നന്മ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരണുവോളം തിൻമ ചെയ്തുവോ അതും അവൻ കാണും. (99:7,8)"

ഈ വചനങ്ങളും ഇതുപോലുള്ള മറ്റു വചനങ്ങളും ഒരു സത്യവിശ്വാസിയായ മുസ്ലിമിനെ എന്തൊരു ലക്ഷ്യസാക്ഷാൽക്കാരത്തിന്നാണ് അല്ലാഹു നിയോഗിച്ചിരിക്കുന്നതെന്നും അവരുടെ ഭാവി എപ്രകാരമായിരിക്കുമെന്നും വ്യക്തമാക്കുകയാണ്. അവർക്കു ലഭിക്കാനിരിക്കുന്ന യഥാർത്ഥ ജീവിതത്തെസ്വാഗതം ചെയ്യാൻ ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവൻെറ തൃപ്തി കരഗതമാക്കുക. ഈ ജീവിതത്തെ ദൈവാർപ്പണത്താൽ ധന്യമാക്കി മരണശേഷമുള്ള ശാശ്വതമായ പരലോകത്തിലെ സൗഭാഗ്യം നേടുവാൻ ഒരുങ്ങുക.ഇങ്ങിനെ ജീവിക്കാനൊരുങ്ങിയാൽ ഇഹലോകത്തും സന്തോഷകരവും സംതൃപ്തവുമായ ജീവിതം അല്ലാഹു പ്രദാനം ചെയ്തു അവനെ അനുഗ്രഹിക്കും. ദൈവസംരക്ഷണത്തിലും അവൻെറ തിരുനോട്ടത്തിലും അവൻെറ പ്രോജ്വലവഴിയിലും അവന്നു സഞ്ചരിക്കുവാൻ കഴിയുമാറാകും. അല്ലാഹു ആജ്ഞാപിച്ച ആരാധനാ കർമ്മങ്ങൾക്കവൻ നിൽക്കുമ്പോൾ തൻെറ സ്രഷ്ടാവുമായി അവൻ കൂടിക്കാഴ്ച നടത്തുന്ന ആസ്വാദ്യത അവന്നു ലഭിക്കും. ആ അല്ലാഹുവിനെ ഓർക്കുകയും അവന്നു സ്തോത്ര കീർത്തനങ്ങൾ ആലപിക്കുകയും ചെയ്യുമ്പോൾ അവൻെറ മനസ്സിന്നു ശാന്തി കൈവരും. വാക്കിലും പ്രവൃത്തിയിലും ദൈവാജ്ഞ നടപ്പിലാക്കുമ്പോൾ സഹജീവികൾക്കെല്ലാം ഇവനിൽ നിന്നു നന്മ ലഭിക്കും. അപ്പോഴവനെ അറിഞ്ഞവരും സ്നേഹിക്കുന്നവരും അവനെക്കുറിച്ചു നല്ലതു പറയുകയും അവന്നുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും. അതവൻെറ മനസ്സിനു ആനന്ദദായകമായിത്തീരും. നീചൻമാരായ അസൂയാലുക്കളിൽ നിന്നു നീചത്തരം പ്രകടമായാൽ അതിനെപ്പോലും ദൈവപ്രീതിയും പ്രതിഫലവും മോഹിച്ച് മധുരമായി പ്രതികരിക്കുവാനവന്നു കഴിയും. മതനിന്ദൻമാരും ശത്രുക്കളുമായ ദുഷ്ടൻമാരിൽ നിന്ന് പരിഹാസവും ദ്രോഹവും ഏറ്റുവാങ്ങേണ്ടി വരുമ്പോൾ അല്ലാഹുവിൻെറ പ്രവാചകൻമാരേയും അവർ മത രംഗത്തു നേരിട്ട ത്യാഗങ്ങളും അവരുടെ സ്മൃതിപഥത്തിലേക്കോടിവരും. അപ്പോൾ അവൻെറ മനസ്സിൽ ഇസ്ലാമിനോടുള്ള സ്നേഹവും, അടിയുറച്ചു നിന്നു വെല്ലുവിളികൾ നേരിടാനുള്ള സൈഥര്യവും വർദ്ധിച്ചു വരും. തൻെറ ഓഫീസിലോ, കൃഷിസ്ഥലത്തോ, വ്യാപാരകേന്ദ്രത്തിലോ, ഫാക്ടറിയിലോ എവിടേയും ഇസ്ലാമിന്നും മുസ്ലിംകൾക്കും ഗുണകരമായി മാത്രമേ അവൻ പ്രവർത്തിക്കൂ. തൻെറ സദുദ്ദേശ്യവും അല്ലാഹുവിൽ നിന്നുള്ള പ്രതിഫലേഛയും മാത്രമാണയാളുടെ ലക്ഷ്യമെന്നതിനാൽ എല്ലാറ്റിലും നന്മ വിളയിപ്പിക്കാൻ അയാൾക്കു കഴിയും.

അദ്ദേഹം ഏറ്റവും നേരായ വഴിയിലേ സമ്പാദിക്കൂ. തനിക്കും തന്റെ കുടുംബത്തിന്നും അവയിൽ നിന്നു ന്യായമായി ചിലവഴിക്കും. പുറമേ ദാന ധർമ്മങ്ങൾ ചെയ്യും. മാന്യനും സ്വയം കൃതാർത്ഥനായും ദൈവ പ്രതി ഫലംമോഹിച്ചും ധന്യമായി അവൻ ജീവിക്കും. അത്തരത്തിൽ അദ്ധ്വാ നിക്കുന്ന ശക്തവാനെയാണ് അല്ലാഹുവിന്ന് ഏറെ ഇഷ്ടം. ദൈവാർപ്പ ണത്തിന്റെ ഭാഗമെന്നോണം അവന്റെ അന്നപാനീയങ്ങളിലും ഉറക്കിലും അമിതത്വം ഉണ്ടായിരിക്കുകയില്ല. തനിക്കും തന്റെ ഇണക്കും പരിശുദ്ധി കൈവരാനും അല്ലാഹു നിരോധിച്ച നിഷിദ്ധങ്ങളിൽ നിന്നുളള മോച നത്തിനും തന്റെ ഭാര്യയുമായി മത്രമേഅവൻ ശാരീരിക്ബന്ധം നടത്തുക യുളളൂ. അതിൽ നിന്നു ജന്മം കൊളളുന്ന തന്റെ സന്തതികൾ അല്ലാഹു വിനെ മാത്രം ആരാധിക്കുന്നവരായിത്തീരാൻ അവൻ ആഗ്രഹിക്കും. ആ സന്തതികളോ, ആ പിതാവിന്നു വേണ്ടി അദ്ദേഹം ജീവിച്ചിരിക്കുമ്പോഴും മരണശേഷവും പ്രാർത്ഥിച്ചുകൊണ്ടിരിക്കും. തൻമൂലം ആ പിതാവിന്റെ സൽകർമ്മങ്ങൾ എന്നന്നേക്കും ഫലദായകമായിത്തീരും. ഇത്തരം സന്തതി കളുടെ സംഖ്യ പെരുകുകയും മുസ്ലിം എണ്ണം കൂടുകയും അതൊക്കെ ഈ പിതാവിന്നു നന്മയായിത്തീരുകയും ചെയ്യുന്നു.

അവന്നു ലഭിച്ച എണ്ണമറ്റ അനുഗ്രഹങ്ങൾക്കവൻ അല്ലാഹുവിനോടു നന്ദി പ്രകാശിപ്പിക്കുന്നു. ആ അല്ലാഹുവിനെ അനുസരിച്ചതിനാൽ മാത്ര മാണ് അവന്ന് എല്ലാ സഹായങ്ങളും വന്നു കൂടിയിട്ടുളളതെന്ന് അവൻ തിരിച്ചറിയുന്നു. അപ്പോൾ ആ നന്ദി പ്രകാശനത്തിലൂടെയും അവന് പ്രതിഫലം വർദ്ധിക്കുന്നു. വല്ലപ്പോഴും വിശപ്പോ, രോഗമോ, ഭീതിയോ, ആപത്തുകളോ വന്നു പറ്റിയാൽ ഇത് അല്ലാഹുവിന്റെ പരീക്ഷണമാണെന്ന വൻ ഉറപ്പിച്ച് തന്റെ ക്ഷമയുടേയും സഹനത്തിന്റെയും അല്ലാഹുവിന്റെ വിധിയിലുളള വിശ്വാസത്തിന്റേയും പാരമൃത അല്ലാഹുവിന്നവൻ തെളി യിച്ചു കൊടുക്കും. - അല്ലാഹുവിന്ന് അവനെക്കുറിച്ച് അറിയാമല്ലോ[1] അപ്പോഴവൻ ക്ഷമിച്ചു. തൃപ്തിയടഞ്ഞു. ഏതവസ്ഥയിലും അല്ലാഹുവിനെ സ്തുതിച്ചു. ക്ഷമാശീലർക്ക് അല്ലാഹു ഒരുക്കിവെച്ച പ്രതിഫലത്തിലവൻ പ്രതീക്ഷ അർപ്പിച്ചു. അതോടെ എല്ലാ ആപത്തുകളും അവന്നു നിസ്സാരമാ യിത്തോന്നി. ഒരു രോഗി ശമനം പ്രതീക്ഷിച്ചു കൈപ്പുറ്റ മരുന്നു സേവിക്കുന്ന പോലെ സസന്തോഷം അവനത് സ്വീകരിച്ചു. ഈ ഉന്നത ആത്മചിന്തയോ ടെ, അല്ലാഹു കൽപിച്ചപോലെ ജീവിക്കാനൊരുങ്ങിയാൽ ശാശ്വതമായ യഥാർത്ഥ ഭാവിക്കുവേണ്ടിയായി അവന്റെ പ്രയത്നം. ഇഹലോകത്തിലെ

---

1. ആരൊക്കെയാണ് അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കുന്നതെന്നും, ധിക്കരിക്കുന്നതെന്നും അവന്ന് നേരത്തെ അറിയാം. എങ്കിലും ഒരടിമ തന്റെ കടമ ചെയ്തു തീരുവോളം അവന്റെ മുമ്പിലത് വ്യക്തമാക്കപ്പെടാനാണിപ്രകാരം നിശ്ചയിച്ചിരിക്കുന്നത്. എന്റെ സ്രഷ്ടാവ് ഞാൻ ചെയ്ത കുറ്റത്തിന് എന്നോട് അനീതികാട്ടി എന്ന് ഒരു ദുഷ്ടനും പറയാതിരിക്കാനുമാണ്. അല്ലാഹു പറയുന്നു: "നിന്റെ നാഥൻ അടിമകളോട് യാതൊരു അനീതിയും കാണി ക്കുന്നവനല്ല."

യാതൊരു അങ്കലാപ്പുമില്ലാത്ത, മരണം കൊണ്ട് അവസാനിച്ചുപോകാത്ത അനശ്വരമായ സൗഭാഗ്യത്തിന്നുവേണ്ടി അവൻ അദ്ധ്വാനിച്ചു. അതോടെ ഇഹലോകത്തെ ധന്യാവസ്ഥയും മരണസേഷമുള്ള പരലോക സൗഭാഗ്യവും ഒരുപോലെ കരസ്ഥമാക്കാനവന്നു കഴിഞ്ഞു. അല്ലഹു പറയുന്നു : "

تِلْكَ ٱلدَّارُ ٱلْءَاخِرَةُ نَجْعَلُهَا لِلَّذِينَ لَا يُرِيدُونَ عُلُوًّا فِى ٱلْأَرْضِ وَلَا فَسَادًا ۚ وَٱلْعَٰقِبَةُ لِلْمُتَّقِينَ ﴿٨٣﴾

"ഭൂമിയിൽ ഔന്നിത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപ്പെടുത്തിക്കൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും."(28:83)

مَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً ۖ وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ﴿٩٧﴾

"ഏതൊരു പുരുഷനോ സ്ത്രീയോ സത്യവിശ്വാസത്തോടെ സൽകർമ്മ നിരതനായാൽ, തീർച്ചയായും നല്ലൊരു ജീവിതം ആ വ്യക്തിക്കു നാം നൽകുന്നതാണ്. അവൻ പ്രവർത്തിച്ച ഏറ്റവും ഉൽകൃഷ്ടമായവക്കനുസൃത പ്രതിഫലം. നിശ്ചയം, നാമവർക്ക് നൽകുകയും ചെയ്യുന്നതാണ്."(16:97)

ഈ വചനങ്ങളിലും ഇതുപോലുള്ള മറ്റു സൂക്തങ്ങളിലും അല്ലാഹു അറിയിക്കുന്നത്: ദൈവപ്രീതി കാംക്ഷിച്ചും അവന്റെ കൽപനകൾ മാനിച്ചും സൽപ്രവൃത്തി ചെയ്യുന്ന സ്ത്രീ പുരുഷൻമാർക്ക് ഇഹലോകത്തുതന്നെ നല്ലൊരു ജീവിതം പ്രദാനം ചെയ്യുമെന്നും നടേ നാം വിവരിച്ചപോലുള്ള സൗഭാഗ്യ സമ്പൂർണ്ണമായ പാരത്രിക ജീവിതം - ശാശ്വത സ്വർഗ്ഗം മരണശേഷം അല്ലാഹു നൽകുമെന്നുമാണ്.നബി (സ.അ) പറഞ്ഞ വചനത്തിന്റെ ആശയവും ഇതിലേക്ക് വെളിച്ചം വീശുന്നു.

"ഒരു സത്യവിശ്വാസിയുടെ എല്ലാ കാര്യങ്ങളും അൽഭുതകരം തന്നെ. അവന്ന് എന്തെങ്കിലും സന്തോഷകരമായ കാര്യം ലഭിച്ചാൽ അവൻ നന്ദി ചെയ്യുന്നു. അപ്പോൾ അതവന്നു നന്മയായി. അവന്നെന്തെങ്കിലും ആപത്തേറ്റാലോ, ക്ഷമ കൈക്കൊള്ളുകയും ചെയ്യുന്നു. അപ്പോൾ അതും അവന്നു നന്മയുള്ളതായിത്തീർന്നു."

ഏറ്റവും വിമലമായ ചിന്തയും നന്മ തിന്മകളുടെ കൃത്യമായ

തുലാസ്സും സമ്പൂർണ്ണ നീതിയിലധിഷ്ഠിതമായ കർമ്മരേഖയും ഇസ്‌ലാം മാത്രമാണ് സംഭാവന നൽകുന്നതെന്നു ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നു. എല്ലാ ചിന്താ ധാരകളും സാമൂഹ്യ കാഴ്ചപ്പാടുകളും, സാമ്പത്തിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളും, രാഷ്ട്ര മീമാംസ്സളും മനുഷ്യ നിർമ്മിത ഇസങ്ങളും പ്രസ്ഥാനങ്ങളുമെല്ലാം ഇസ്‌ലാമിന്റെ കാഴ്ചപ്പാടിലൂടെ വേണം വിലയിരുത്തി ശരിപ്പെടുത്താൻ. ഇസ്‌ലാമിൽ നിന്നാണ് അവയ്ക്കെല്ലാം പ്രമാണങ്ങൾ ആവിഷ്കരിക്കേണ്ടത്. അല്ലാത്തപക്ഷം വിമോചനം അസാദ്ധ്യമാണ്. ഇസ്‌ലാമിക വ്യവസ്ഥക്കു വിരുദ്ധമായവ സ്വീകരിക്കുന്നവരെല്ലാം ഇഹത്തിലും പരത്തിലും സർവ്വ കഷ്ട നഷ്ടങ്ങൾക്ക് ഇരയായിത്തീരുകയും അത് ദൗർഭാഗ്യത്തിന്റെ ഹേതുവായിത്തീരുകയും ചെയ്യും.

O

### അദ്ധ്യായം അഞ്ച്

# അസ്പഷ്ടതകളിലേക്കൊരു വെളിച്ചംവീശൽ

1. ഇസ്‌ലാമിനു അപമാനം വരുത്തിവെക്കുന്നവർ: ഇവർ രണ്ടു വിഭാഗമുണ്ട്.

**ഒന്ന്:** മുസ്ലിം നാമധാരികളും ഇസ്‌ലാമിന്റെ ഗുണകാംക്ഷികളെന്നവകാശപ്പെടുന്നവരും. പക്ഷേ, യഥാർത്ഥത്തിൽ അവർ വാചാ കർമ്മണാ ഇസ്ലാമിക വിരുദ്ധരായിരിക്കും. ഇസ്ലാമികപ്രവർത്തനങ്ങളിൽ ചിലത് അവർ അനുഷ്ടിക്കുമെങ്കിലും ഇസ്ലാം അതിനുത്തരവാദികളായിരിക്കയില്ല. അവർ ഇസ്ലാമിന്റെ മാതൃകകളല്ല. അവരുടെ പ്രവർത്തനം ഇസ്ലാമുമായി ഒരുവിധത്തിലും ചേർത്തുപറയുക സാധ്യവുമല്ല. അവർ:

a) വിശ്വാസത്തിൽതന്നെ വ്യതിചലനം വന്നവർ. ശവകുടീരങ്ങൾക്കു ചുറ്റിലും കറങ്ങിനടക്കുന്ന, ഖബറാളികളോട് ആവശ്യങ്ങൾ തേടുകയും ഉപകാരോപദ്രവങ്ങൾ അവരിൽനിന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്ന നാമം പേറി മുസ്‌ലിംകളാണിവർ.

b) സ്വഭാവത്തിലും മതനിഷ്ഠയിലും ഇസ്ലാമിനോട് വിടപറഞ്ഞവർ. ദൈവാജ്ഞകൾ ഉപേക്ഷിക്കുന്ന, വ്യഭിചാരം, മദ്യപാനം, മുതലായ നിഷിദ്ധങ്ങൾ പ്രവർത്തിക്കുന്ന ഇസ്ലാമിക വിരുദ്ധരെ കൂട്ടുപിടിച്ചും അവരിലേക്കുലയിച്ചും ജീവിച്ചുപോരുന്ന മുസ്‌ലിം നാമധാരികളായ മുസ്‌ലിംകൾ.

c) ഇസ്ലാമിനു അപമാനം വരുത്തിവെക്കുന്ന മുസ്‌ലിം സാമാന്യ ജനം. ഇവരുടെ വിശ്വാസം ദുർബലമായിരിക്കും. ഇസ്ലാമിക വിജ്ഞാനം ഇവരിൽ വളരെ കുറവായിരിക്കും. നിർബന്ധകർമ്മങ്ങളിൽ വീഴ്ചവരുത്തുന്നവരായിരിക്കും. പക്ഷേ, ഇസ്ലാമിക കർമ്മങ്ങൾ പറ്റെ ഉപേക്ഷിക്കുന്നവരല്ല. എങ്കിലും

നിഷിദ്ധങ്ങളിൽ ചിലതൊക്കെ പ്രവർത്തിക്കും. ശിർക്കി (ബഹുദൈവത്വം) നോളം ഗുരുതരമല്ലാത്ത, വൻപാപങ്ങളല്ലാത്ത, തിന്മകൾ, സത്യനിഷേധത്തിലെത്തിക്കാത്ത കാര്യങ്ങൾ ചെയ്യുന്നവരാണിവർ. ഇസ്‌ലാം വെറുത്തിട്ടുള്ള ഇത്തരം കാര്യങ്ങൾ അവർ പതിവാക്കിയിരിക്കും. ഇസ്‌ലാം ഇതിൽ നിന്ന് മുക്തമാണ്. വൻപാപങ്ങളോടടുത്ത തിൻമകൾ - കള്ളത്തരങ്ങൾ വഞ്ചന, കരാർലംഘനം, അസൂയ മുതലായ- ആയിരിക്കും അവയിലധികവും.

മേൽ പറഞ്ഞവരെല്ലാം ഇസ്‌ലാമിനു കനത്ത അപമാനം വരുത്തിവെക്കുന്നവരാണ്. ഇസ്‌ലാമിനെക്കുറിച്ച് വേണ്ടവിധം ഗ്രഹിച്ചിട്ടില്ലാത്ത അമുസ്‌ലിംകൾ ഇതൊക്കെ ഇസ്‌ലാം അംഗീകരിച്ചതായിരിക്കുമെന്ന് തെറ്റുദ്ധരിക്കാൻ ഇടവരുന്നതാണല്ലോ.!

**രണ്ടാം വിഭാഗം:** ഇസ്ലാമിന്നെതിരിൽ ശത്രുതയും വിദ്വേഷവും വെച്ചു പുലർത്തുന്ന ഇസ്ലാമിൻെറ പ്രത്യക്ഷശത്രുക്കൾ. ഓറിയൻറലിസ്റ്റുകളും ക്രൈസ്തവ മിഷ്യനറിമാരും ജൂതൻമാരും അവരുടെ മാർഗ്ഗം സ്വീകരിച്ചിട്ടുള്ള കടുത്ത ഇസ്ലാം വിരോധികളുമായവർ. ഇസ്ലാമിനോട് കടുത്തവിദ്വേഷമാണിവർ വെച്ചുപുലർത്തുന്നത്. ഇസ്ലാമിൻെറ സമ്പൂർണ്ണാവസ്ഥയും അതിൻെറ സരളതയും ത്സടുതിയിലുള്ള അതിൻെറ വ്യാപനവും പ്രകൃതിദത്തമായ അതിൻെറ ലാളിത്യവും.[1] കാരണം അവർ അതിനോട് അസൂയപ്പെടുകയാണ് ചെയ്യുന്നത്. മുസ്‌ലിമല്ലാത്ത ഏതൊരു മനുഷ്യനും അവരുടെ മതത്തിൽ തികച്ചും ആശയക്കുഴപ്പത്തിലും അതൃപ്തിയിലും കഴിഞ്ഞുകൂടുകയാണ്. അല്ലെങ്കിൽ അവർ സ്വയം സ്വീകരിച്ചിട്ടുള്ള പ്രകൃതിവിരുദ്ധമായ മറ്റു ഇസങ്ങളിലും ചടഞ്ഞുകൂടിയിരിക്കുകയാണ്. എന്നാൽ മുസ്ലീമായ യഥാർത്ഥ വിശ്വാസി മാത്രമാണ് തൻെറ മതത്തിൽ സമ്പൂർണ്ണ തൃപ്തി അടയുന്നവനും അല്ലാഹു മനുഷ്യനു നിശ്ചയിച്ച ശുദ്ധപ്രകൃതിയുടെ മതമായ യഥാർത്ഥമതത്തിൻെറ വക്താവും.

നടേ പറഞ്ഞ ഓറിയൻറലിസ്റ്റുകളും മിഷ്യനറിമാരുമായ വിദ്വേഷികൾ ഇസ്ലാമിന്നെതിരിൽ വ്യാജാരോപണങ്ങൾ ഇളക്കിവിടുന്നു. അന്ത്യ പ്രവാചകനായ *മുഹമ്മദ്* (സ.അ) ന്നെതിരിലും അദ്ദേഹത്തിൻെറ പ്രവാചകദൗത്യത്തിന്നെതിരിലും കള്ളാരോപണങ്ങളുന്നയിക്കലാണ് അവരുടെ പതിവ്. മറ്റു ചിലപ്പോൾ, എല്ലാ വിധ ന്യൂനതകളിൽനിന്നും പൂർണ്ണ സുരക്ഷിതനായ ആ മഹൽ വ്യക്തിത്വത്തെത്തന്നെ തേജോവധം ചെയ്യുകയാണവരുടെ വിനോദം. തന്ത്രജ്ഞനും സർവ്വജ്ഞാനിയുമായ അല്ലാഹുവിൻെറ നീതിയിലധിഷ്ഠിതമായ ശരീഅത്തിൽ നിന്ന് ജനങ്ങൾ വെറുത്തുപോകത്തക്കവിധം അതിൽ ആശയക്കുഴപ്പം സൃഷ്ടിക്കാൻ അവർ മെനക്കെടാറുണ്ട്. പക്ഷെ, പരിശുദ്ധനായ അല്ലാഹു അവരുടെ എല്ലാ ഗൂഢാലോചനകളും തന്ത്രങ്ങളും തകർക്കുന്നതാണ്. കാരണം - അവർ സത്യത്തോടാണ് പടപൊരുതുന്നത്. സത്യമാകട്ടെ എന്നും ഉയർന്ന് നിൽക്കും. അതിനെ മറ്റൊന്നും അധികകാലം

അതിജയിച്ചു നിൽക്കുകയില്ലല്ലോ.

അല്ലാഹു പറയുന്നു. .

يُرِيدُونَ لِيُطْفِـُٔوا۟ نُورَ ٱللَّهِ بِأَفْوَٰهِهِمْ وَٱللَّهُ مُتِمُّ نُورِهِۦ وَلَوْ كَرِهَ ٱلْكَٰفِرُونَ ﴿٨﴾ هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ وَلَوْ كَرِهَ ٱلْمُشْرِكُونَ ﴿٩﴾

'അവർ അവരുടെ വായ കൊണ്ട് അല്ലാഹുവിൻെറ പ്രകാശം ഊതിക്കെടുത്തുവാൻ ഉദ്ദേശിക്കുന്നു. അല്ലാഹു അവൻെറ പ്രകാശം പൂർത്തിയാക്കുകതന്നെ ചെയ്യും. സത്യനിഷേധികൾക്ക് അത് അനിഷ്ടകരമായാലും ശരി. സന്മാർഗ്ഗവും സത്യമതവുംകൊണ്ട് തൻെറ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. (എന്നിട്ടദ്ദേഹം) എല്ലാ മതങ്ങൾക്കുമുപരി അതിനെ തെളിയിച്ചുകാണിക്കുന്നതാണ്. ബഹുദൈവരാധകർക്ക് അത് അനിഷ്ടകരമായാലും ശരി.'(61:8,9)

## 2. ഇസ്‌ലാമിക വിജ്ഞാനത്തിൻെറ ഉറവിടങ്ങൾ

ഇസ്‌ലാമിൻെറ യഥാർത്ഥരൂപം അറിയണമെന്ന് ആഗ്രഹിക്കുന്ന ഏതൊരാളും ആദ്യമായി പരിശുദ്ധ ഖുർആൻ വായിക്കട്ടെ - പ്രവാചകൻ (സ.അ) യുടെ തിരുവചനങ്ങൾ വിവരിക്കുന്ന സ്വഹീഹുൽ ബുഖാരി, സ്വഹീഹുമുസ്‌ലിം, മാലിക് (റ) ൻെറ മുവത്വ, ഇമാം അഹ്‌മദ്ബിനു ഹമ്പലിൻെറ മുസ്നദ്, അബൂദാവൂദ്, നസാഈ, തിർമുദി, ഇബ്നുമാജ, ദാരിമി എന്നിവരുടെ സുനനുകൾ എന്നിവയിലെ കുറ്റമറ്റ പരമ്പരകളിലൂടെ ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഹദീസുകളും വായിക്കുക. ഇബ്നുഹിശാമിൻെറ പ്രവാചകചരിത്രവും; ഇസ്മാഈലിബ്നു കസീറിൻെറ ഖുർആൻ വ്യാഖ്യാന

---

1. നബി (സ.അ) പറയുന്നു: ഏതൊരു കുഞ്ഞും ജനിച്ചു വീഴുന്നത് ശുദ്ധപ്രകൃതിയിലാണ്. പിന്നീട് അതിൻെറ മാതാപിതാക്കളാണ് അതിനെ ജൂതനോ ക്രൈസ്തവനോ മജ്ജൂസിയോ ഒക്കെ ആക്കിതീർക്കുന്നത്. "മനുഷ്യപുത്രൻ ഭൂമിയിൽ പിറന്നു വീഴുമ്പോൾ നിർമ്മലമായ ഇസ്ലാമിക പ്രകൃതിയിലാണ്. വിവേചനസ്വാതന്ത്ര്യം നൽകി അവനെ വിട്ടയച്ചാൽ ഇസ്ലാമിനെ അവൻ പുണരും. തീർച്ച. എന്നാൽ, ജൂത, ക്രൈസ്തവ, മജൂസി, മറ്റു മതങ്ങളിലും ആശയങ്ങളിലും വളർത്തപ്പെടുന്നതിനാൽ മാത്രമാണ് ആ മതത്തിൻെറ വക്താവായി അവൻ മാറുന്നത്.

വും, അല്ലാമാ മുഹമ്മദ്ബ്നുൽ ഖയ്യിമിൻെറ സാദുൽമആദും പരിശോധിക്കട്ടെ.

തൗഹീദിൻേറയും ദഅ്വത്തിൻേറയും ഉൾക്കാഴ്ചയുള്ള പ്രബോധകനായി അറിയപ്പെടുന്ന മഹാരഥനും ഇമാമുമായ ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ (റ) പോലെയുള്ളവരുടെ കൃതികളും ഗ്രഹിക്കുക. ഇസ്ലാമതത്തിനു ആധുനിക യുഗത്തിൽ ജീവൻ നൽകിയ മഹാപരിഷ്കർത്താവായ ഇമാം മുഹമ്മദ്ബ്നു അബ്ദിൽ വഹാബിൻേറയും ഗ്രന്ഥങ്ങൾ പഠിക്കുക. ഇസ്ലാമിൻേറയും കറകളഞ്ഞ ഏകദൈവ വിശ്വാസത്തിൻേറയും നവോന്മേഷം അറേബ്യൻ ഉപദ്വീപിലും ചുറ്റുമുള്ള പ്രദേശങ്ങളിലും - ശിർക്ക് വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടശേഷം 12-ാം നൂറ്റാണ്ടുമുതൽ ഇന്നുവരെയുള്ള - പ്രചരിപ്പിച്ച മഹാനായ അമീറുൽ മുവഹ്ഹിദീൻ മുഹമ്മദ്ബ്നു സഊദിൻേറയും രചനകളും വായിച്ചു മനസ്സിലാക്കുക.

എന്നാൽ ഓറിയൻറലിസ്റ്റുകളുടേയും ഇസ്ലാമിൻെറ ലേബലിലുള്ള വിവിധ ഗ്രൂപ്പുകാരുടേയും ഗ്രന്ഥങ്ങളെല്ലാം ഇസ്ലാമിക വിരുദ്ധമായ നിരവധി വാദങ്ങളാൽ - നാം നേരത്തെ വിവരിച്ച പോലെയുള്ള - നിബിഢമാണ്. അല്ലെങ്കിൽ പ്രവാചക ശിഷ്യൻമാരെ എതിർക്കുകയോ തെറിയും അസഭ്യവും അവർക്കെതിരിൽ കോരിച്ചൊരിയുകയോ ചെയ്യുന്നവയാണ്. മറ്റു ചിലതാകട്ടെ, തൗഹീദിലേക്ക് സമുദായത്തെ തിരിച്ചു വിളിച്ച മഹാൻമാരായ ഇബ്നു തൈമിയ, ഇബ്നുൽ ഖയ്യിം, മുഹമ്മദ്ബ്നു അബ്ദിൽ വഹാബ് എന്നിവരെ തേജോവധം ചെയ്യുന്നതും അവർക്കെതിരിൽ നുണകൾ ചൊരിയുന്നതും അതു മുഖേന മനുഷ്യരെ പിഴപ്പിക്കുന്നവയുമാണ്. അത്തരം ഗ്രന്ഥങ്ങൾ വായിച്ചു വഞ്ചിതരായിപ്പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3. ഇസ്ലാമില വ്യത്യസ്ത ചിന്താധാരകൾ - മദ്ഹബുകൾ

മുഴുവൻ മുസ്ലിംകൾക്കും ഒരേ ഒരു ചിന്താധാരമാത്രമേയുള്ളൂ. അത് ഇസ്ലാം മാത്രമാണ്. അതിൻെറ ഉറവിടം ഖുർആനും നബിചര്യയുമാണ്. എന്നാൽ ഇസ്ലാമിൽ ഇന്നു വ്യത്യസ്ത ചിന്താധാരകളാ (മദ്ഹബുകൾ) യി നാലെണ്ണം അറിയപ്പെടുന്നു. ഹമ്പലീ, മാലികീ, ശാഫിഈ, ഹനഫീ എന്നിവയാണാ മദ്ഹബുകൾ. ഇവ യഥാർത്ഥത്തിൽ ഇസ്ലാമിക കർമ്മശാസ്ത്രത്തിൻെറ പാഠശാലകൾ മാത്രമായാണ് കണക്കാക്കേണ്ടത്. ആ നാല് മഹാപണ്ഡിതൻമാർ അവരുടെ ശിഷ്യഗണങ്ങൾക്ക് കർമ്മശാസ്ത്രം പഠിപ്പിച്ചു. അവരത് രേഖപ്പെടുത്തി. ഖുർആനിൽനിന്നും നബിചര്യകളിൽനിന്നും നിയമങ്ങളും, പ്രശ്നങ്ങൾക്ക് ഉത്തരവും നിർദ്ധാരണം ചെയ്തെടുത്തവയാ

ണവ. അപ്പോൾ നാം അതിൽ കണ്ടെത്തുന്ന അഭിപ്രായാന്തരങ്ങൾ തികച്ചും ശാഖാപരമായ (ചില കർമ്മങ്ങളിൽ) അപൂർവ്വം പ്രശ്നങ്ങളിൽ മാത്രമാണ്. പണ്ഡിതന്മാരായ അവരുടെ ശിഷ്യന്മാർ ആ ഗുരുനാഥന്മാരുടെ ഗവേഷണാഭിപ്രായങ്ങളിലുള്ള അവരുടെ സ്വന്തം വീക്ഷണങ്ങളും രേഖപ്പെടുത്തി. ഖുർആനിനോടോ സുന്നത്തിനോടോ വിയോജിപ്പുള്ള കാര്യങ്ങൾ മറ്റുള്ളവർ പറഞ്ഞതായാലും അവർ അതും പരിഗണിച്ചു. ഇത് പിൽകാലത്ത് ആ മഹാന്മാരിലേക്ക് ചേർത്തുപറഞ്ഞു മദ്ഹബുകൾ എന്ന പേരിൽ അറിയപ്പെട്ടു.

ഒരു മുസലീം ഇതിൽ ഏതെങ്കിലുംമൊന്ന് സ്വീകരിച്ചേ തീരൂ എന്ന യാതൊരു നിർബന്ധവുമില്ല. അവൻെറ ബാധ്യത ഖുർആനിലേക്കും പ്രവാചകചര്യയിലേക്കും തിരിച്ചു പോവുക എന്നുമാത്രമേയുള്ളു. എന്നാൽ മദഹബുകളിലേക്ക് ചേർത്ത് പറയുന്ന നിരവധി പ്രശ്നങ്ങൾ വിശ്വാസ രംഗത്തെ വ്യക്തമായ ചില വ്യതിചലനങ്ങൾക്കു കാരണമായിട്ടുണ്ട്. ഖബറിടങ്ങൾക്കു ചുറ്റും വട്ടം കറങ്ങുന്നതും ഖബറാളികളോട് സഹായം തേടുകയും ചെയ്യുന്നത് ഇതിനുദാഹരണമാണ്. അല്ലാഹുവിൻെറ വിശേഷണങ്ങളുടെ വ്യക്തമായ അതിൻെറ ആശയങ്ങളെ ദുർവ്യാഖ്യാനം ചെയ്തു കൊണ്ടിവർ വിശ്വാസ ശാസ്ത്രത്തെ 'കൈകാര്യം' ചെയ്യുന്നു. യഥാർത്ഥത്തിൽ അത് പിന്തുടരുന്ന അനുയായികൾ മദ്ഹബിൻെറ ഇമാമുകളുടെ വിശ്വാസ പ്രമാണങ്ങൾക്കെതിരായാണ് നിലകൊള്ളുന്നത്. ഈ മഹാന്മാരായ ഇമാമുകളുടെ യഥാർത്ഥ വിശ്വാസ പ്രമാണങ്ങൾ സലഫുസ്സ്വാലിഹു (ഉത്തമ നൂറ്റാണ്ടിലെ സച്ചരിതർ) കളുടെ വിശ്വാസ പ്രമാണങ്ങൾ തന്നെയായിരുന്നു. ഇക്കാര്യം നാം 'രക്ഷപ്പെട്ട വിഭാഗം' എന്ന അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

## 4. ഇസ്ലാമിൽനിന്ന് വ്യതിചലിച്ച കക്ഷികൾ

ഇസ്ലാമിൽ നിന്ന് പുറത്തുപോയ നിരവധി സംഘങ്ങൾ ലോകത്തെമ്പാടുമുണ്ട്. അവർ സ്വയം ഇസ്ലാമിലേക്ക് തങ്ങളെ ചേർത്തു പറയുന്നവരും മുസ്ലീംകളാണെന്ന് വാദിക്കുകയും ചെയ്യുന്നവരാണ്. പക്ഷേ, അവർ അമുസ്ലീംകളാണ്. കാരണം- അവരുടെ വിശ്വാസപ്രമാണങ്ങൾ ദൈവത്തെയും ദൈവ ദൃഷ്ടാന്തങ്ങളെയും അവൻെറ ഏകത്വത്തെ തന്നെയും നിഷേധിക്കുന്നവയാണ്.

### ബാത്വിനിയാകക്ഷികൾ:

ദൈവാവതാരത്തിലും'പുനർജന്മ' സിദ്ധാന്തത്തിലും (മരണാന്തരാത്മാവ് മറ്റ് ജീവികളിൽ പുനർജന്മംകൊള്ളുന്നു എന്ന സങ്കൽപം) വിശ്വസിക്കുന്ന വിഭാഗമാണിത്. മുഹമ്മദ്നബി (സ.അ) വ്യക്തമാക്കിതന്ന പ്രത്യക്ഷാശയങ്ങൾക്ക് പുറമേ മതത്തിൻെറ എല്ലാ അടിസ്ഥാന പ്രമാണങ്ങൾക്കും ആന്തരികമായ ഒരു പ്രത്യേകാശയമുണ്ടെന്നുജൽപിക്കുന്നവ

രാണിവർ. ഈ പരോക്ഷാശയവാദം അവർ സ്വേഛപ്രകാരം മെനഞ്ഞെടുത്തുണ്ടാക്കിയവയാണെന്ന കാര്യത്തിൽ അവരല്ലാത്ത ലോക മുസ്ലിംകളെല്ലാം യോജിച്ചിട്ടുണ്ട്.[1]

ഇതിന്റെ ഉൽഭവകാരണം :– ഇസ്ലാം പേർഷ്യൻ നാടുകളിൽ അജയ്യതയോടെ വ്യാപകമായപ്പോൾ ജൂതൻമാരിലെ വലിയൊരു സംഘവും മജൂസികളും ഫിലോസഫർമാരിലെ നിരീശ്വരന്മാരും ഒത്തുകൂടി മുസ്ലീംകളെ ഛിന്നഭിന്നമാക്കാനും വിശുദ്ധ ഖുർആനിനു ചുറ്റും നിരർത്ഥകമായ ചിന്തകൾ വലിച്ചിടാനും ഉദ്ദേശിച്ച് മനഃപൂർവ്വം തട്ടികൂട്ടിയ ഒരു പ്രസ്ഥാനമാണിത്. ഈ തകർപ്പൻ മദ്ഹബിലേക്ക് ജനങ്ങളെ അവർ ക്ഷണിച്ചു. അവരുടെ ദുഷ്ടലാക്കിന്നു ജനങ്ങളെക്കിട്ടാൻ പ്രവാചക കുടുംബം ഈ കക്ഷിക്കാരാണെന്ന് വാദിച്ച് അതിലേക്ക് ചേർത്ത് പറഞ്ഞു. അങ്ങിനെ അജ്ഞാനികളായ ഒരു വലിയ സംഘത്തെ അവർ പാട്ടിലാക്കി. സത്യത്തിൽ നിന്ന് നിരവധി മനുഷ്യരെ അവർ വ്യതിചലിപ്പിച്ചു.

ഇത്തരം കക്ഷികളിൽപ്പെട്ടതാണ് 'ഖാദിയാനിസം.' ഇന്ത്യയിൽ ഏറെ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിത് രംഗപ്രവേശം ചെയ്തു. പ്രവാചകത്വവാദമുന്നയിച്ച് കുപ്രസിദ്ധിനേടിയ ഗുലാം അഹ്മദ് ഖാദിയാനിയാണ് ഇതിന്റെ സ്ഥാപകൻ. ഇന്ത്യ ഭരിച്ചിരുന്നപ്പോൾ ഇംഗ്ലീഷുകരുടെ പാദസേവകനായിരുന്നു അയാളും അനുയായികളും. അവർ എല്ലാനിലയിലും ഇവർക്കു ഒത്താശ ചെയ്തുകൊടുത്തു. അജ്ഞാനികളായ നിരവധി മനുഷ്യർ ഇതിൽ അകപ്പെട്ടു. ഇസ്ലലാമിനെ തകർക്കാനും അതിന്റെ വൃത്തത്തിൽ നിന്ന് കഴിയുന്നത്ര ആളുകളെ അകറ്റാനും ഇസ്ലാമിനെതിരിൽ അണിനിരത്താൻ പറ്റാവുന്ന ഒരു ശക്തിയായി ഖാദിയാനിസത്തെ അവർ ഉപയോഗപ്പെടുത്തി. " തസ്ദീഖെ ബറാഹീൻ അഹ്മദിയ്യ" എന്ന ഒരു ഗ്രന്ഥം അയാൾ രചിച്ചു. അതിൽ താൻ പ്രവാചകനാണെന്ന് വാദിച്ചു. ഇസ്ലാമിന്റെ പല സിദ്ധാന്തങ്ങളും അയാൾ മാറ്റി മറിച്ചു. ഇസ്ലാമിലെ ജിഹാദ് ദുർബലപ്പെടുത്തിയതായി പ്രഖ്യാപിച്ചു. സർവ്വ മുസ്ലിംകളും ബ്രിട്ടീഷ് സർക്കാറിനെ അനുസരിക്കാൻ ബാധ്യസ്ഥരാണെന്ന് പ്രഖ്യപിച്ചതും ഈ ഗ്രന്ഥത്തിലൂടെയാണ്.

---

1.ബാത്വിനികൾക്ക് പല അപരനാമങ്ങളുമുണ്ട്. ഇന്ത്യ, ശാം, ഇറാൻ, ഇറാഖ്, മറ്റു നിരവധി നാടുകളിലും വ്യാപിച്ചുകിടക്കുന്ന നിരവധി കക്ഷികളിലായി ഇവർ നിലകൊള്ളുന്നു. ശഹർസ്താനിയുടെ 'അൽമിലലു വന്നിഹൽ' പോലെയുള്ള ഗ്രന്ഥങ്ങളിൽ മുൻഗാമികളായ പണ്ഡിതൻമാർ ഇതിന്റെ വിശദീകരണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. പിൻഗാമികളിലെ പുതുതായി നിലവിൽവന്ന ഖാദിയാനിസം, ബാഹായിസം മുതലായവയെക്കുറിച്ച് - മുഹമ്മദ് സഈദ് കൈലാനി 'ദയിലുൽ മിലലുവന്നിഹൽ' എന്ന ഗ്രന്ഥത്തിലും വിവരിച്ചിട്ടുണ്ട്.'മതങ്ങൾ, കക്ഷികൾ, സമകാലീനമദ്ഹബുകൾ' എന്ന ഗ്രന്ഥത്തിൽ മദീന ഇസ്ലാമിക് യൂണിവേഴ്സിറ്റി പ്രൊഫസറായ 'അശ്ശൈഖ് അബ്ദുൽഖാദിർ ശൈബത്തുൽ ഹമദ് ഈ വിഷയത്തിൽ ഏറെ സംസാരിച്ചിട്ടുണ്ട്.

ഇക്കാലത്തു തന്നെ 'തിർയാഖുൽ ഖുലൂബ്'എന്ന മറ്റൊരു കൃതിയും ഇയാൾ പ്രസിദ്ധീകരിച്ചു. നിരവധി മനുഷ്യരെ വഴിപിഴപ്പിച്ചശേഷം ഈ വ്യജ പ്രവാചകൻ 1908-ൽ തൻെറ പ്രബോധന പിൻഗാമിയും വഴികെട്ട ജനതയുടെ നേതാവുമായി 'ഹക്കീം നൂറുദ്ദീൻ' എന്ന മറ്റെറു ദുർമാർഗ്ഗിയെ 'ഖലീഫ'യായി വാഴിച്ചു കാലഗതി പ്രാപിച്ചു.

ഇസ്ലാമിക വൃത്തത്തിൽനിന്നു വ്യതിചലിച്ച ബാത്വിനിയ്യാ: കക്ഷിക ളിൽപെട്ട മറ്റൊരുവിഭാഗമാണ് 'ബഹായികൾ' എന്നറിയപ്പെടുന്നവർ. ക്രിസ്തു വർഷം 19ാം നൂറ്റാണ്ടിൻെറ തുടക്കത്തിൽ 'അലിമുഹമ്മദ്' എന്ന ഒരാൾ ഇറാനിലാണിതിനു തുടക്കമിട്ടത്. മുഹമ്മദലി ശീറാസി എന്നണായാളുടെ ശരിയായപേരെന്നും പറയപ്പെടുന്നുണ്ട്. ശിയാക്കളിലെ 'ഇസ്നാ അഷരിയ്യ' വിഭാഗത്തിൽപ്പെട്ട ആളായിരുന്നു ഇയാൾ. പ്രതീക്ഷിച്ചിരിക്കുന്ന 'മഹ്ദി' താനാണെന്ന് സ്വയം വാദിച്ചുകൊണ്ട് സ്വതന്ത്രമായ ഒരു മദ്ഹബ് ഇയാൾ നിർമ്മിച്ചു. പിന്നീടയാൾ അല്ലാഹു തന്നിൽ അവതരിച്ചിരിക്കുന്നുവെന്ന് വാദിച്ചു. അങ്ങിനെ താൻ ജനങ്ങളുടെ ആരാധ്യൻ (ഇലാഹ്) തന്നെയെന്ന് ജൽപ്പിച്ചു. (മഹോന്നതനായ അല്ലാഹു ഈ നിഷേധികളുടെയും നിരീശ്വ രരുടെയും ജൽപനങ്ങളിൽ നിന്ന് എത്രയോ പരിശുദ്ധൻ) മരണശേഷമുള്ള ഉയർത്തെഴുന്നേൽപ്പുനാളിനെയും പരലോകവിചാരണയേയും സ്വർഗ്ഗം നരകം എന്നിവയും ഇയാൾ ശക്തിയായി നിഷേധിച്ചു. ദൈവനിഷേധികളായ ബുദ്ധിസ്റ്റുകളുടെയും ബ്രാഹ്മണരുടെയും മാർഗ്ഗം ഇയാൾ അവലംബിച്ചു. ജൂതരും ക്രൈസ്തവരും മുസ്ലിംകളും എല്ലാം ഒന്നാണെന്ന് അയാൾ സിദ്ധാന്തിച്ചു. മുഹമ്മദ് (സ.അ) യുടെ അന്ത്യപ്രവാചകത്വവും ഇസ്ലാമിലെ നിരവധി നിയമങ്ങളും നിഷേധിച്ചു. ഇയാളുടെ മരണശേഷം അനന്തരവ നായി 'ബഹാഅ്' എന്ന തൻെറ മന്ത്രിയെ നിയോഗിച്ചു. അങ്ങനെ ഈ വ്യാജവാദങ്ങൾ പ്രചരിക്കുകയും കുറെ അനുയായികൾ ഇതിനും ഉണ്ടാകു കയും ചെയതു. ഇയാളിലേക്കു ചേർത്തു കൊണ്ടാണ് ഈ പുതിയ കക്ഷിയെ 'ബഹായിസം' എന്ന് വിശേഷിപ്പിക്കപ്പെടുന്നത്.

ഇസ്ലാമിക വൃത്തത്തിൽനിന്ന് വ്യതിചലിച്ച, നമസ്കാരവും നോമ്പും ഹജ്ജും എല്ലാം ചെയ്യുന്ന വളരെവലിയ എണ്ണസംഖ്യയുള്ള ഒരുകക്ഷിയാണ് 'ശിയാക്കൾ' എന്നറിയപ്പെടുന്നവർ. ജിബ്രീൽ മാലാഖ പ്രവാചകത്വ സന്ദേശ വുമായി യഥാർത്ഥത്തിൽ അലി (റ.അ) യിലേക്കാണ് അയക്കപ്പെട്ടത്. എന്നാൽ അതിൽ വഞ്ചന ചെയ്തുകൊണ്ട് മുഹമ്മദി (സ.അ)ന്നു അത് നൽ കുകയാണ് ചെയ്തത്. ഇതാണീകക്ഷിയുടെ ഏറ്റവും വലിയ ജൽപനം! ഇന്നു മുസ്ലിംകളുടെ കൈകളിലുള്ള വിശുദ്ധഖുർആനിൽ ചിലതെല്ലാം വർദ്ധിക്കകയും ചിലതൊക്കെ വിട്ടുകളയുകയും ചെയ്യപ്പെട്ടിട്ടുണ്ടത്രെ എന്ന താണ് മറ്റൊരു വ്യാജവാദം. എന്നിട്ടവർക്കു മാത്രമായിഒരു പ്രത്യേക

ഖുർആൻ അവർ മെനഞ്ഞുണ്ടാക്കി. അതിൽ കുറെ അദ്ധ്യായങ്ങളും സൂക്തങ്ങളും കൂട്ടിച്ചേർത്തു. പ്രവാചക തിരുമേനിയുടെ ശേഷമുള്ള ഏറ്റവും ഉൽകൃഷ്ടരും മഹാന്മാരുമായ അബൂബക്കർ, ഉമർ എന്നിവരെ ശക്തിയായി ഇവർ അസഭ്യം പറയുന്നു. സത്യ വിശ്വാസികളുടെ മാതാവും പ്രവാചക പത്നിയുമായ ആയിഷ (റ.അ) യേയും ഇവർ തെറിപറയുന്നു. അലി (റ.അ) നേയും അദ്ദേഹത്തിൻെറ സന്തതികളേയും അപകടഘട്ടങ്ങളിലും മറ്റും അല്ലാഹുവിന്നു പുറമേ വിളിച്ചു പ്രാർത്ഥിക്കുന്നു. ഞങ്ങൾ നബി കടുംബമാണ് എന്ന അർത്ഥത്തിൽ "ശീഅഃത്തു ആലുബൈത്ത്" എന്ന് സ്വയം പേർ സ്വീകരിച്ചിരിക്കുന്നു. യഥാർഥ്ത്തിൽ മഹനായ അലി (റ.അ) യും അദേഹത്തിൻെറ സന്തതികളും ഇതിൽ നിന്നെല്ലാം നിരപരാധികളാണുതാനും. കാരണം ഇക്കൂട്ടർ അല്ലാഹുവിനോടൊപ്പം ആരാധ്യരെ സ്വീകരിക്കുകയും അല്ലാഹുവിൻെറമേൽ കള്ളാരോപണം നടത്തുകയും അവൻെറ വചനങ്ങൾ മാറ്റിമറിക്കുകയും ചെയ്തവരാണ്-- ഈ വ്യജന്മാർ പറഞ്ഞുണ്ടാക്കിയ ജൽപനങ്ങളിൽ നിന്നെല്ലാം അല്ലാഹു മഹാപരിശുദ്ധൻ.-

ചുരുക്കത്തിൽ മേൽവിവരിച്ച ബാത്വിനയ്യഃ, റാഫിള മുതലായ സത്യ നിഷേധികളായ കക്ഷികളൊക്കെ - അതിൽ ചിലർ സ്വയം ഇസ്ലാമിക കക്ഷികളെന്നുവാദിച്ചാലും - ഇസ്ലാമിൻെറ തകർച്ചക്ക് വഴിവെക്കുന്നവർ തന്നെയാണ്. അതിനാൽ തൻേറടികളായ സർവ്വ മുസ്ലീംകളേയും ഉണർത്തട്ടെ. നിശ്ചയം, ഇസ്ലാം വെറുമൊരു വാദഗതിയിൽമാത്രം നിലകൊള്ളുന്ന പ്രസ്ഥാനമല്ല. വിശുദ്ധ ഖുർആനും സ്ഥിരപ്പെട്ട നബിവചനങ്ങളും വ്യക്തമായി മലസ്സിലാക്കി അതിനനുസൃതമായി കർമ്മരംഗത്തു ഉറച്ചുനിൽക്കുന്ന ശക്തമായ ഒരു വ്യവസ്ഥാപിത മതമാണ്. അതിനാൽ മഹത്തായ വിശുദ്ധ ഖുർആൻ അവഗാഹമായി പഠിക്കുക. പ്രവാചകചര്യ മുറുകെപ്പിടിക്കുക. എങ്കിൽ മാത്രമേ സർവ്വ ലോകരക്ഷിതവായ അല്ലാഹുവിൻെറ അത്യനുഗ്രഹമായ സ്വർഗ്ഗത്തിലും യഥാർത്ഥ മോചന വഴിയിലും എത്തിച്ചേരുകയുള്ളൂ. അതാണ് സൽപാന്ഥാവും പ്രകാശവും സന്മാർഗ്ഗവുമെല്ലാം എന്നും മനസ്സിലാക്കുക.

# വിമോചനത്തിലേക്കൊരു ക്ഷണം

ഇതുവരെ ഇസ്ലാമിലേക്ക് കടന്നുവന്നിട്ടില്ലാത്ത, സ്ത്രീ പുരുഷന്മാരിലെ ബുദ്ധിയുള്ള മനുഷ്യരെ, മോചനത്തിലേക്കും സൗഭാഗ്യത്തിലേക്കും നിങ്ങളെ ക്ഷണിച്ചുകൊണ്ട് ഞാൻ പറയട്ടെ. മരണാനന്തരം ഖബറിൽ വെച്ചു തുടങ്ങുന്ന ദൈവത്തിൻെറ ശിക്ഷയിൽ നിന്ന് നിന്നെ നീ തന്നെ രക്ഷിക്കുക. പിന്നീട് അഗ്നി കുണ്ഡത്തിലെ ശിക്ഷയിൽനിന്നും നിന്നെ കാത്തുകൊള്ളുക. അല്ലാഹുവിനെ രക്ഷിതാവായും മുഹമ്മദി (സ.അ) നെ പ്രവാചകനായും ഇസ്ലാമിനെ മതമായും വിശ്വസിച്ച്കൊണ്ട് നിന്നെത്തന്നെ രക്ഷിക്കാനൊരുങ്ങുക.

സത്യമായും നീ പ്രഖ്യാപിക്കു! ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല. മുഹമ്മദ് (സ.അ) അല്ലാഹുവിൻെറ ദൂതനാണെന്നും, അഞ്ചു പ്രാവശ്യത്തെ നമസ്കാരം കൃത്യമായി നീ അനുഷ്ടിക്കുക. മാർഗ്ഗങ്ങളെല്ലാം ഒത്തിണങ്ങിയാൽ ദൈവ ഭവനത്തിങ്കൽ ചെന്ന് ഹജ്ജ് കർമ്മം നിർവ്വഹിക്കുക.

അല്ലാഹുവിനു നിന്നെ അർപ്പിക്കുന്ന (മുസ്ലിമാകുന്ന) തായി പ്രഖ്യാപിക്കുക. കാരണം - അതല്ലാതെ മോചനത്തിനോ സൗഭാഗ്യത്തിനോ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. മഹാനായ, ആരാധനക്കർഹൻ അവനല്ലാതെ മറ്റാരുമില്ലാത്ത അല്ലാഹുവിൽ സത്യം ചെയ്തുപറയട്ടെ, ഇസ്ലാം മാത്രമാണ് സത്യമതം. മറ്റൊരുമതവും ആരിൽ നിന്നും അല്ലാഹു സ്വീകരിക്കുന്നതല്ല. ഞാനിതാ അല്ലാഹുവിനേയും അവൻെറ മാലാഖമാരെയും സർവ്വത്ര മനുഷ്യരെയും സാക്ഷിനിർത്തി പറയുന്നു. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല. മുഹമ്മദ് (സ.അ.) അല്ലാഹുവിൻെറ ദൂതനാകുന്നു. ഇസ്ലാം മാത്രമാകുന്നു യഥാർത്ഥമതം. ഞാൻ നിശ്ചയമായും ഒരു മുസ്ലിമാകുന്നു.

എന്നെയും എൻെറ സന്തതികളേയും മറ്റു മുസ്ലീം സഹോദരങ്ങളേയും യഥാർത്ഥ മുസ്ലിംകളായി മരിപ്പിക്കണമേ എന്നു ഞാൻ മഹാനും അനുഗ്രഹ ദാതാവുമായ അല്ലാഹുവിനോട് കെഞ്ചുന്നു. എല്ലാ പ്രവാചകന്മാരേക്കാളും ശ്രേഷ്ടവാനും സത്യസന്ധനുമായ നമ്മുടെ പ്രവാചകൻ മുഹമ്മദ് (സ.അ) യോടൊപ്പം അത്യനുഗ്രഹീതമായ സ്വർഗ്ഗപൂങ്കാവനത്തിൽ നമ്മെ എല്ലാവരെയും അല്ലാഹു ഒരുമിച്ച് കൂട്ടട്ടെ എന്നും പ്രാർത്ഥിക്കുന്നു. ഈ കൃതി വായിക്കുന്നവർക്കും കേൾക്കുന്നവർക്കും ഇത് വമ്പിച്ചൊരു ഉപകാരമായി തീരട്ടെ എന്നും ഞാൻ അപേക്ഷിക്കുന്നു.

ഞാൻ എൻെറ ഈ ദൗത്യം നിർവ്വഹിച്ചില്ലയോ? അല്ലാഹുവേ.നീ സാക്ഷിയാണ്.

അന്ത്യ പ്രവാചകനിലും അവിടുത്തെ അനുചരിലും അല്ലാഹുവിൻെറ കരുണാകടാക്ഷങ്ങൾ വർഷിക്കുമാറാകട്ടെ. അല്ലാഹുവാണേറ്റവും അറിയുന്നവൻ. സർവ്വസ്തുതികളും ലോകരക്ഷിതാവിന്.

ⓒ المكتب التعاوني للدعوة والإرشاد بالبديعة ، ١٤١٥هـ

فهرسة مكتبة الملك فهد الوطنية

آل عمر ، عبد الرحمن بن حماد

الدين الحق / ترجمة كوياكوتي فاروقي

١١٢ ص ؛ ١٤ × ٢٠ سم

ردمك ٨ ـ ١٥ ـ ٧٩٩ ـ ٩٩٦٠

( النص باللغة المليبارية

١ ـ الإسلام        ٢ ـ الدعوة الإسلامية        أ ـ فاروقي

كوياكوتي ( مترجم )        ب ـ العنوان

ديوي ٢١٠        ١٥/٠٧٢٨

رقم الإيداع : ١٥/٠٧٢٨

ردمك ٨ ـ ١٥ ـ ٧٩٩ ـ ٩٩٦٠

# الدين الحق

## تأليف فضيلة الشيخ
## عبدالرحمن بن حماد آل عمر

## ترجمه للمليبارية
## تهونام فيتل كوياكوتي الفاروقي

حقوق الطبع ميسره لكل مسلم يريد توزيعه لوجه الله
اما من اراد بيعه فعليه الإتصال بالمكتب هاتف
٤٣٣٠٤٧٠ - ٤٣٣٠٨٨٨

# الدين الحق

تأليف فضيلة الشيخ

عبدالرحمن بن حماد آل عمر

ترجمه للمليبارية

تهونام فيتل كوياكوتي الفاروقي

ردمك ٨ ـ ١٥ ـ ٧٩٩ ـ ٩٩٦٠

المملكة العربية السعودية ــ المكتب التعاوني للدعوة والإرشاد بالبديعة

قسم الجاليات ــ تحت إشراف وزارة الشئون الإسلامية والأوقاف والدعوة والإرشاد

ص.ب ٢٤٩٣٢ الرياض ١١٤٥٦ ــ ت ٤٣٣٠٨٨٨/٤٣٣٠٤٧٠ ــ فاكس ٤٣٠١١٢٢ المملكة العربية السعودية